വിശ്വ വിഖ്യാത തെറി
NSS
KSU

16:54
ഉത്തമൻ
last seen 16.54
ഡാ, പൊലയാടിയെ....
കഴുവേറി....
കെളവാ... നീ കേൾക്ക് ണ്ടോ?.. നിന്നെയാ വിളിച്ചേ...
ഡാ ഒമ്പതെ ആണുങ്ങളോട് മിണ്ടുലെ?
ഇത്രേം തെറി വിളിച്ചിട്ട് നീയെന്താടാ റിട്ടൺ വിളിക്കാത്തെ?
ഇതൊന്നും തെറിയല്ലടാ കുട്ടാ....
ഞ്ഞ് വിശ്വ വിഖ്യാത തെറി വായിച്ചിട്ടില്ല ലെ?
ഇല്ല...
അതാണ്, ന്ന പിടി... വായിക്കെടാ......ന്നിട്ട് തീരുമാനിക്ക്
പുതിയ വല്ല തെറിയുമായിട്ട് വാഡാ ഉത്തമാ...
ഞാൻ ഈടെത്തന്നെണ്ട്...
Type a message

നഷ്ടപ്പെടുകയാണ് അവസാനിക്കുകയാണ്
എന്റെ കലാലയ ജീവിതം...
ഈ കുന്നിൻ പുറത്തെ ഓർമ്മകളെ
മറന്നിടുക എന്നത് അനിവാര്യമാണ്.
നഷ്ടബോധത്തിന്റെ വേട്ടയാടൽ,
അതെനിക്കു ഭയമാണ്.
ഓർമ്മയുടെ കാൽപ്പാടുകൾ മായ്ച്ചുകൊണ്ടിരിക്കുന്ന
കടൽ തിരകളെ ആവശ്യമുണ്ട്.
കണ്ടു കിട്ടിയാൽ അറിയിക്കുക.

ഞാൻ ദിവസവും തിന്നാറുണ്ടായിരുന്നു...
കുളിക്കാറുണ്ടായിരുന്നു...
മനസ്സമാധാനത്തോടെ ഉറങ്ങാറുണ്ടായിരുന്നു...
കുറച്ച് കാലമായി ഇതൊന്നും നേരാവണ്ണം നടക്കുന്നില്ല...
ഈ പണ്ടാരപ്പഹയൻ മാഗസിൻ കാരണം.
ഞങ്ങളുടെ ചെറിയ ചിന്തയിൽ രൂപം
പ്രാപിച്ച വലിയ തോന്നിവാസങ്ങളൊക്കെ
ഇവിടെ കുറിച്ച് വെച്ചിട്ടുണ്ട്.

ഡിഗ്രിയും കുളമാക്കി
ഏറെ പറയിപ്പിച്ച് ഇന്നാ പിടിച്ചോ...
ഞങ്ങളുടെ മാഗസിൻ...
വേണ്ടവർക്ക് വായിച്ചു നോക്കാം...
വിലയിരുതലുകളാകാം,
വിമർശനങ്ങളാകാം,
തിരുത്തലുകളുമാകാം.....

ഇനി ചരിത്രത്തിന്റെ ചവറ്റു കൊട്ടയിലേക്ക് ഒരു ഒളിച്ചോട്ടം

SSC Graduate Level

Bank PO/Clerk

LDC

Regular & Sunday Batches
Hostel Facility Available

Direction
Obsessed with the target

- School for PSC Examination
- School for Bank Examination
- School for SSC Examination

Kozhikode, Kerala
8907777456
0495 4040792, 94, 96, 97

ട്ർണ്ണണ്ണണ്ണീീീീീീീoooooooo.........

അടുത്തൊരു ബെല്ലോടു കൂടി 2014-15 വർഷത്തെ മാഗസിൻ ആരംഭിക്കുന്നതാണ്...
എല്ലാവരും വായിച്ചു കഴിയുന്നതുവരെ നിശബ്ദത പാലിക്കുക..!

ട്ർണ്ണണ്ണണ്ണീീീീീീീoooooooo.........

"പരമ്പരാഗതമായി
വാമൊഴിയായി
പകർന്നുകിട്ടിയ
അമരവാക്കുകളെ...
നിങ്ങൾക്ക് പ്രണാമം...."

ഞങ്ങളവതരിപ്പിക്കുന്നു,

വിശ്വവിഖ്യാതതെറി

രംഗത്ത്...

	Page No
ചെറ്റ	07
പുലയാടി	17
കഴുവേറി	22
തോട്ടി	28
കന്യക	48
കുണ്ടൻ	53
കൂത്തച്ചി	62
കിളവൻ	97
കാടൻ	105



അഴകുള്ള പദങ്ങളെ
ചേലിൽ വിളക്കി
താളത്തിൽ കവിത കൊട്ടുകയായിരുന്നു
അപ്പോൾ എവിടെ നിന്നോ, ഒരു വാക്കു കയറി വന്നു.
ചെമ്പൻ മുടി പാറിച്ച്
മുക്കീരൊലിപ്പിച്ച്
ബട്ടൺ തെറ്റിയിട്ട വലിയ ഷർട്ടിനുള്ളിൽ വിറയ്ക്കുന്ന
ഒരു നാടോടിയെന്നു തോന്നിച്ചു.
ആരോ ഓടിച്ചു വിട്ട ചീത്ത വാക്കാണെന്നു പറഞ്ഞു.
ആരും വീട്ടിൽ കയറ്റാത്ത
ഒരെഴുത്തിലും പ്രവേശിപ്പിക്കാത്ത.
ആരും കാണാതെ എടുത്ത് ഓമനിക്കാൻ തോന്നിയ
തെറിച്ച വാക്കേ ....
എത്ര കലഹങ്ങളിൽ നീ ഞങ്ങളിൽ വന്നു തിളച്ചു.
നീ നാവിൽ വന്നു വിളയാടിയപ്പോൾ
കൊല്ലാൻ കരുതിയ കഠാര
വെറുതെ നഖം മുറിക്കാനുള്ളതായി
ഓങ്ങിയ കൈ കെട്ടി പിടിച്ചു
രഹസ്യങ്ങൾക്ക് മറ്റേതു മാതൃഭാഷ?
ആത്മാവിനെ നീ ഉടുപ്പഴിച്ചു കിടത്തി
കാമത്തിനു തീ കൊടുത്തു
ആയിരം നാവിനാൽ തള്ളി പറയുമ്പോഴും
ഉള്ളിൽ വന്നു വിളയാടണേ എന്ന് പ്രാർഥിച്ചു പോയിട്ടുണ്ട്
'മതി...മതി...' കുതറിയിറങ്ങിക്കൊണ്ടതു പറഞ്ഞു:
'ഇങ്ങനെ പറഞ്ഞു സുഖിപ്പിക്കുന്നതല്ലാതെ
ഇത്ര കാലവും കവിതയിൽ
നിങ്ങളും എനിക്കൊരിടം തന്നില്ലല്ലോ!
അലങ്കാരങ്ങൾ കൊണ്ട്
നിങ്ങൾ പടനിലങ്ങളിൽ പടുത്ത
ഗോപുരങ്ങളെല്ലാം കടലെടുത്തുപോകും
ഒളിവിടങ്ങളിൽ എൻറെ മടകൾ അപ്പോഴും
ബാക്കിയുണ്ടാവും......'
എന്ന് ഉച്ചത്തിൽ മുഴങ്ങി
ഏതോ പ്രാചീന മൃഗത്തിൻറെ കാൽവെപ്പുകളിൽ
ഭാഷയുടെ കാട്ടിലേക്ക്
അത് ഇറങ്ങിപോകുന്നത്
നോക്കി നിന്നു.

അണിയറയിൽ

Dr. P. C. Rethi Thampatty
(Chief Editor)

Dr. Anil Varma
(Staff Editor)

സംവിധാനം

Sreeshamim
(Student Editor)

സഹ സംവിധാനം

Aswin

Rishidas

സംവിധാന സഹായികൾ

Bibin Dev

Nidhin

Athul Raj

Vipin



Nimmi

Sarath

Adarsh

നിർമ്മാണ സഹായികൾ

Fazal

Raoof

Akhiljith

Danish

എഴുത്ത്
(Type Setting)

Kr Gokul

പടം പിടുത്തം
(Photography)

Muhammed Yashif

ചായം പൂശൽ
(Cover Design and Layout)

Rahul Kr

പ്രതിജ്ഞ

കോളേജിന്റെ അന്തസ്സിനും തറവാട്ടുമഹിമയ്ക്കും കളങ്കം വരുത്തുന്ന
യാതൊരു പ്രവർത്തിയും ചെയ്യുകയില്ലെന്നും, വിദ്യാർത്ഥി രാഷ്ട്രീയം പ്രകൃതി
സൗന്ദര്യം ആസ്വദിക്കുക സർഗ്ഗാത്മകമായ എഴുത്തും വായനയും
എന്നിവയിലേക്ക് തിരിയുകയില്ലെന്നും, ബി-സോൺ ഫൈൻ ആർട്സ് ഫെസ്റ്റ്
തുടങ്ങി അനാവശ്യമായ ഒന്നിനും തലവച്ച് തദ്വാര അറ്റെൻഡൻസ് ഷോർട്ടേജ്
വരുത്തില്ലെന്നും, ഞങ്ങൾക്കവകാശപ്പെട്ട ലൈബ്രറി പുസ്തകങ്ങൾ
ചിതലരിച്ചാലും, കുടിവെള്ളത്തിൽ പിത്താണു കലർന്നാലും
പ്രതികരിക്കില്ലെന്നും, ഗാസയിലോ പാലസ്തീനിലോ ക്ലാസ്സിനും തൊട്ടപ്പു
റത്തോ കോളേജിനു പുറത്തോ മറ്റെവിടെങ്കിലോ കൊള്ളയോ
കൊലപാതകമോ മനുഷ്യാവകാശ ധ്വംശനങ്ങളോ അനീതിയോ നടന്നാലും
ചുമ്മാ വരച്ചും പാടീം പ്രതിഷേധിക്കില്ലെന്നും കോളേജിലെ മരങ്ങൾ
മാവുണ്ണിമാർ കട്ടാൽ നിശബ്ദരാവുമെന്നും,
മറ്റു വിദ്യാർത്ഥികളുടെ യാതൊരു കാര്യത്തിലും ഇടപെടില്ലെന്നും
കോളേജിൻറെ രാജാക്കന്മാരായ മാനേജ്മെന്റ്നും പ്രിൻസിപ്പൽക്കും
എച് ഓ ഡി മാർക്കും വിപരീതമായി ഒരക്ഷരം ഉരിയാടില്ലെന്നും
തദ്വാര ഇന്റേർണൽ കളയില്ലെന്നും
ഇതിനാൽ ഇങ്ങളു പറഞ്ഞ കൊറേ സ്വർണം ധരിച്ചു പൂനൂലിട്ടു രാജാവായി
നിൽക്കുന്ന വെളുത്ത ദൈവത്തിന്റെ പേരിൽ പ്രതിജ്ഞ ചെയ്യുന്നു.

പ്രതിജ്ഞ... പ്രതിജ്ഞ... പ്രതിജ്ഞ...

അറുപതുകളിലെയും എഴുപതുകളിലെയും അസംതൃപ്തയുവത്വവും തൊന്നൂറുകളോടെ അരാഷ്ട്രീയവത്ക്കരിക്കപ്പെട്ട മദ്ധ്യവർഗ്ഗ നാഗരിക യുവത്വവും കേരളത്തിലെ കാമ്പസ്സുകളുടെ സാമൂഹിക ചരിത്ര ഭൂമികയുടെ രണ്ടറ്റങ്ങളെ രേഖപ്പെടുത്തുന്നു. ഒന്ന് മാറ്റത്തിലേക്ക് വിരൽ ചൂണ്ടുന്ന, പുത്തനറിവുകളുടെ ചക്രവാളത്തിലേക്ക് ഉറ്റുനോക്കുന്ന നിഷേധമാണെങ്കിൽ മറ്റേത് അറിവിന്റെ വെളിച്ചം പകരാത്ത അടിമത്തമാണ്.

ഇന്ന് ഇരുണ്ട കലാലയ ഇടനാഴികളിൽ നിരാശയുടെയും അവിശ്വാസത്തിന്റെയും പകയുടെയും ഗന്ധം തളം കെട്ടി നില്ക്കുന്നു. തൊന്നൂറുകളിൽ ചരിത്രമവസാനിച്ചെന്ന് ആഹ്ലാദിച്ചവരും സ്വർണ്ണ കിലുക്കമുള്ള സ്വപ്നങ്ങളെ താലോലിച്ചവരും തുറന്നിട്ട വർണ്ണശബളമായ ലോകത്തിലെ പിന്നാമ്പുറത്ത് തഴച്ചുവളരുന്ന കൊടിയ അന്ധകാരനിബിഡമായ ഇരുണ്ട ലോകത്തെ നാം മനപ്പൂർവ്വം അവഗണിച്ചു. മർദ്ദിതന്റെ ശബ്ദമായ മതവും ചൂഷിതരായവരുടെ സ്വപ്നമായ വിമോചനവും വർണ്ണാഭമായ തൊന്നൂറുകളിൽ തകർന്നടിഞ്ഞു. വസന്തത്തിന്റെ ഇടി മുഴക്കം അസ്തമിച്ചു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം അന്തച്ഛിദ്രങ്ങളും ആഭ്യന്തര കലഹങ്ങളും ഉണ്ടാക്കി. ദാരിദ്രത്തിൽ നിന്നും വിമോചനമാവശ്യപ്പെട്ടവർ അപഹാസ്യരായി.

'ഭിത്തികൾ കെട്ടി തുണ്ടു തുണ്ടായ് പകുക്കാത്ത ലോകം' സ്വപ്നം കണ്ടവർക്ക് മുന്നിൽ അതിരുകളുടെ മഹത്വം അവതരിപ്പിക്കപ്പെട്ടു. ഭൂമിയിൽ വരച്ചവ മാത്രമല്ല സംരക്ഷിക്കപ്പെടേണ്ട അതിരുകൾ എന്ന് ഈ സുവിശേഷകർ വാചാലരാകുന്നു. ജാതി, മതം , ഭാഷ , വർണ്ണം , വർഗ്ഗം , ലിംഗം തുടങ്ങിയ അതിരുകൾ നമുക്കിടയിൽ മതിലുകൾ ഉയർത്തിയിരിക്കുന്നു. ശബ്ദങ്ങൾ കൊണ്ടും മരകമ്പ് കൊണ്ടും (ബഷീറിന്റെ മതിലുകൾ) നാം അവയെ മറികടക്കാനുള്ള ശ്രമത്തിലാണ്. അതു മാത്രം പോര. നമുക്കവയെ ഇല്ലാതാക്കണം. ഒന്നിച്ചു നിന്നാൽ നാം അജയ്യരാണെന്ന് മനുഷ്യത്വത്തെ അതിരുകൾക്കുള്ളിൽ തളച്ചിടുന്നവരെ പഠിപ്പിക്കണം. ഇതു വരെ അടിച്ചതിന് പുറത്ത് നിർത്തിയ ഒരു കൂട്ടം ചീത്ത വാക്കുകളുടെ ചരിത്രവും കൂടി വായിക്കപ്പെടട്ടെ എന്ന് ചിന്തിക്കുന്നത് നിരാലംബരായ ആ നിഷേധികൾക്ക് വരേണ്യ പദവി കനിഞ്ഞ് നല്കാനല്ല. അവയുണ്ടായി വന്ന സാമൂഹിക തലം മനസ്സിലാക്കാൻ, പഠിക്കാൻ , തിരിച്ചറിയാൻ .

പ്രശസ്ത സ്പാനിഷ് ഗാനം 'എൽ പോബ്ലോ, യൂണീ തോ, ജാമാസാരാ ബൻസീ തോ .... ' എന്നു പാടുന്നു. People United Can never be defeated എന്നാണതിന്റെ അർത്ഥം. അതെ ... അത് തന്നെയാണ് നമ്മുടെയും ലക്ഷ്യം... അതിർവരമ്പുകൾ ഇല്ലാതാവണം. ഈ സർഗ്ഗാത്മകത അതിനുള്ള ആദ്യപടിയാവട്ടെ..

അനിൽ വർമ്മ
സ്റ്റാഫ് എഡിറ്റർ

ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് വേരോട്ടമുണ്ടാക്കാൻ ലാഭേച്ഛ യില്ലാതെ പ്രവർത്തിച്ചവരുടെ, പുരോഗമനപരമായി ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്നവരുടെ കുടുംബത്തിലാണ് എന്റെ ജനനം. ചങ്ങാത്തവും ഈ സ്വഭാവക്കാരോട് തന്നെയായിരുന്നു. ഈ ഒരു അന്തരീക്ഷത്തിൽ നിന്നാണ് ഞാൻ സമൂഹത്തെ നോക്കികണ്ടത്. അതുകൊണ്ട് തന്നെ എന്നെ എന്റെ വ്യക്തിപാഠങ്ങളേക്കാൾ വേദ നിപ്പിച്ചതും ചിന്തിപ്പിച്ചതും സമൂഹപാഠങ്ങളായിരുന്നു. വരും വരാ യ്കകളെ കുറിച്ച് ചിന്തിക്കുന്നതിനു മുന്നേ എന്റെ തലയിൽ വീണ ചുമതലയായിരുന്നു എഡിറ്റർ പദവി. അപ്രതീക്ഷിതമായി ആ പദവി വന്നണഞ്ഞപ്പോൾ അന്നത്തെ ചോരത്തിളപ്പിൽ എന്തെല്ലാമോ ചെയ് തുകൂട്ടണമെന്നുള്ള ആഗ്രഹമായിരുന്നു, വാശിയായിരുന്നു.
പിന്നീട് ഒരുപാടു യാത്രകളും അന്വേഷണങ്ങളും. കൂടെയുണ്ടാകുമെന്നു കരുതിയ പലരേയും കൂടെ കണ്ടില്ല. ചിലർ അപ്രതീക്ഷിതമായി കൈത്താങ്ങേകി. ഇത് നിന്റെ മാത്രം കർത്തവ്യമാണെന്ന് ചിലർ പറഞ്ഞു ബോധ്യപ്പെടുത്തിത്തന്നു. പിന്നീടെപ്പോഴോ ചോരത്തിളപ്പിന്റെ ഊക്ക് കുറഞ്ഞുവന്നു. ഒറ്റക്കായവന്റെ മനസ്ഥിതിയോട് പൊരുത്തപ്പെടുന്നതി നിടയിലാണ് മാഗസിൻ ഇറക്കിയില്ലേൽ T. C കിട്ടില്ലെന്ന ശ്രുതി കേട്ടത്. പിന്നീടങ്ങോട്ട് ഏകാന്തതയെ കൂട്ടുപിടിച്ച് നെട്ടോട്ടമായിരുന്നു. അതി നിടയിൽ പലതും മറന്നു. എല്ലാ എഡിറ്റർമാർക്കും പറ്റുന്ന മണ്ടത്തരങ്ങൾ ഞാൻ ഒട്ടും കുറവ് വരുത്തിയിട്ടില്ല. ചിലതൊക്കെ ഇനിയും പറയാ നുണ്ടെന്നതൊഴിച്ച് മറ്റു നഷ്ടബോധങ്ങൾ എന്നെ പിന്തുടരുന്നില്ല.

ഈ പുസ്തകം ഗുരുവായുരപ്പൻ കോളേജെന്ന മാന്ത്രിക കലാല യത്തിന്റെ ഓർമ്മക്കുറിപ്പുകളാണ്.
ഞങ്ങളുടെ ചിന്തകളും കണ്ടെത്തലുകളും ചർച്ചകളുമാണ്.
പലതിനോടുമുള്ള ചോദ്യങ്ങളാണ്, പ്രതിഷേധങ്ങളാണ്, പ്രണയമാണ്....

ശ്രീഷമിം
സ്റ്റുഡന്റ് എഡിറ്റർ

മണ്ണിന്റെ മക്കൾ

ചേറു കൊണ്ടൊരു പുരയുണ്ടാക്കി

അതിനെ

ആരൊക്കെയോ

ചെറ്റക്കുടിലുകൾ

എന്നു വിളിച്ചു.

ഇന്നു

മലയാളിയുടെ

ഏറ്റവും ലളിതമായ

തെറി...ചെറ്റ ത്ഫൂ....

അധിനിവേശത്തിന്റെ കാണാപ്പുറങ്ങൾ

ലിജിത്ത് പി ദാസ്

സമൂഹത്തിൽ അധിനിവേശത്തിന്റെ പലതരത്തിലുള്ള വകഭേദങ്ങൾ നാം കണ്ടതാണ്. രാജ്യങ്ങൾക്കുമേലുള്ള അധിനിവേശങ്ങൾ വർത്തമാന കാല പരിസ്ഥിതിയിൽ വളരെയധികം ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ്. നേരിട്ടുതന്നെ അല്ലെങ്കിൽ അതിർത്തികൾ മുഖേന തന്നെ നമുക്ക് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്ന അധിനിവേശങ്ങളാണിവ. കേരളീയ പരിസ്ഥിതിയിൽ നടന്നിട്ടുള്ള സാംസ്കാരികപരവും ഭാഷാപരവുമായി അധിനിവേശം ഇന്ത്യൻ സാഹചര്യത്തിൽനിന്നു തന്നെ നമുക്ക് വിലയിരുത്താനുള്ള ശ്രമമാണ് ഈ ലേഖനം.

സമൂഹത്തിലെ അധികാര ശക്തി നിലനിർത്തുന്നതിൽ സവർണത നടത്തിയ അധിനിവേശമാണ് ഭാഷയുടെ മേലുള്ള ഉച്ചനീചത്വ സങ്കൽപ്പം. അത് കേവലമായി സൃഷ്ടിച്ചതല്ല, നിരന്തരമായ ഇടപെടലിലൂടെ സമൂഹത്തിൽ അവർക്കനുകൂലമായി പ്രത്യയശാസ്ത്രം ഉണ്ടാക്കുകയാണ് ചെയ്തത്. മോശപ്പെട്ട ആളെ അല്ലെങ്കിൽ അനീതി ചെയ്ത ആളെ സമൂഹം ചെറ്റ എന്ന് വിളിക്കാറുണ്ട്. അവൻ ചെറ്റയാണ്, വിശ്വസിക്കാൻ കൊള്ളില്ല തുടങ്ങിയ അഭിപ്രായപ്രകടനങ്ങൾ നമുക്കിടയിൽ ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്. ആ പദത്തിന്റെ ഉത്ഭവം ദളിത് പരിസ്ഥിതിയുമായി ബന്ധപ്പെട്ട കിടിക്കുന്നതാണ്. ദളിതന്റെ സ്വപ്നങ്ങളും വേദനകളും ഇടർച്ചകളും ലൈംഗികതയും എല്ലാം ഉൾപ്പെടുന്ന അവന്റെ വീടാണ് യഥാർഥത്തിൽ ചെറ്റക്കുടിൽ. ചെറ്റ അവന്റെ അസ്തിത്വത്തിന്റെ ഇടമാണ്. അവൻ താമസിച്ചിരുന്ന ഇടത്തിന്റെ പേരിനെയാണ് വർത്തമാനകാല സമൂഹം പൊരുളറിയാതെ അവഹേളിക്കുന്ന വാക്കായ ചെറ്റ എന്ന പദം ഉപയോഗിക്കുന്നത്.

“ചെറ്റ”

ഫ്യൂഡൽ വ്യവസ്ഥിതിയിൽനിന്നും ജനാധിപത്യ വ്യവസ്ഥിതിയിലേക്കുള്ള നമ്മുടെ സമൂഹത്തിന്റെ പരിണാമം അതുകൊണ്ടാണ് അപൂർണ്ണമായി നിൽക്കുന്നത്. ഫ്യൂഡൽ വ്യവസ്ഥിതിയിൽ അധികാരം കൈയ്യാളിയിരുന്ന സവർണ്ണ വിഭാഗം ജനാധിപത്യ വ്യവസ്ഥിതിയിലേക്ക് കടന്നപ്പോൾ അവരുടെ മേധാവിത്വം നിലനിൽക്കുന്നതിനുവേണ്ടി ആദ്യം നടത്തിയ അധിനിവേശങ്ങളിൽ ഒന്ന് ഭാഷയിലായിരുന്നു. ദളിതർ അവരുടെ കുടുംബവുമൊത്ത് സ്നേഹവും ദു:ഖവും പങ്കുവെച്ചതും കുഞ്ഞിനെ നാടൻ ശീലിന്റെ താളത്തിനൊപ്പം ഉറക്കിയതും ആ ചെറ്റക്കുടിലിലായിരുന്നു. അവന്റെ ഭവനത്തെയാണ് നമ്മൾ മോശപ്പെട്ട പദമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇല്ലം വീട് തുടങ്ങിയ താമസസ്ഥലങ്ങളെ സംബോധന ചെയ്യുമ്പോൾ അതിന് സാംസ്കാരികപരമായ ഒരിടവും നൽകുന്നു. ഇല്ലങ്ങളിലെ കലവറ നിറക്കാനൻ വേണ്ടിയാണ് ദളിതർ അവരുടെ ജീവിതം ഹോമിച്ചത്. അവരുടെ ശരീരത്തിൽ നിന്ന് ഒഴുകിയത് വിയർപ്പ് മാത്രമല്ലായിരുന്നു തലമുറകളിലൂടെ ഒഴുകിയ വേദനയുടേയും

അടിച്ചമർത്തലിന്റേയും രക്തപുഴകളായിരുന്നു. ഇല്ലങ്ങൾ കെട്ടിയുയർത്തുന്നതിനുവേണ്ടി അവർ പോരാടിയ ജീവിതത്തിന്റെ സ്മാരകമാണ് ചെറ്റക്കുടിൽ . അത് അവഹേളിക്കുവാൻ വേണ്ടിയുള്ള പദമല്ല. കഴിഞ്ഞുപോയ കാലഘട്ടത്തിന്റെ വേദനകളെ ഓർമ്മിപ്പിക്കുന്ന ഒരു മുറിപ്പാടാണ്. ദളിതന്റെ പേരിൽപ്പോലും ഈ തരത്തിലുള്ള ഉച്ചനീചത്വ സങ്കൽപ്പം നമുക്ക് സമൂഹത്തിൽ കാണാൻ സാധിക്കും. ചാത്തൻ, കോരൻ, ചിരുത....തുടങ്ങിയവയൊക്കെ ദളിതനെ അടയാളപ്പെടുത്തുന്ന പേരുകളാണ്. ചാത്തനെന്ന പേര് കേൾക്കുമ്പോൾ നമ്മളെന്തുകൊണ്ടാണ് പുച്ഛത്തോടെ ചിരിച്ചുപോകുന്നത്. അത് സമൂഹത്തിൽ ഉണ്ടാക്കിയ ബോധമാണ്. നാം അറിയാതെ ആ ബോധത്തിന്റെ ഭാഗമായി മാറുന്നു.

"കോരൻ"

വാസുദേവ നമ്പൂതിരി എന്ന പേരിലുള്ള സ്ഥാനം എന്തുകൊണ്ടാണ് കോരൻ എന്ന പേരിന് ലഭിക്കാതെ പോയത്. ചിരുത എന്ന പേരിന് സാവിത്രി എന്നതിനേക്കാൾ സാംസ്കാരിക ഇടം ലഭിക്കാതെപോയത് എന്തുകൊണ്ടാണ്.

ഫ്യൂഡൽ വ്യവസ്ഥിതിയെ അട്ടിമറിച്ചെങ്കിലും അതിനെ അധികാര ചിഹ്നങ്ങളുടെ വിഴുപ്പുകളുമായാണ് നമ്മൾ ജനാധിപത്യത്തിലേക്ക് കടന്നത്. അത് കേവലം ഒന്നോ രണ്ടോ വ്യക്തികൾ സൃഷ്ടിച്ചെടുത്ത അധികാരപ്രക്രിയയല്ല. നിരന്തരമായ സവർണ്ണവൽക്കരണത്തിലൂടെ ഉണ്ടായ തെറ്റായ ബോധമാണിത്. ഈ തെറ്റായ ബോധത്തെ പിഴുതെറിയുവാനാണ് സഖാവ് ഇ.എം.എസ്സും കമ്മ്യൂണിസ്റ്റ് പാർട്ടിയും ശ്രമിച്ചത്. പക്ഷേ സവർണ്ണത സാംസ്കാരികപരമായ അധിനിവേശവും ഈ ഘട്ടത്തിൽതന്നെ നടത്തി. ദൈവ സങ്കൽപ്പത്തിൽ, പൂജാസങ്കൽപ്പത്തിൽ സവർണ്ണതയുടെ വിശ്വസപ്രമാണമാണ് ശരിയെന്ന ബോധത്തിലേക്ക് നമ്മുടെ സമൂഹം വ്യതിചലിച്ചു. ദളിതന്റെ ദൈവരൂപങ്ങൽ തിരസ്ക്കരിക്കപ്പെടുകയും, അവയെ അപരിഷ്കൃതമെന്നും അനാഗരികമെന്നും പറഞ്ഞും തഴഞ്ഞും സവർണ്ണ ദൈവസങ്കൽപ്പം അവരിലേക്കും അടിച്ചേൽപ്പിച്ചു.

അവന്റെ കുലവുമായും മണ്ണുമായും നിലനിന്നിരുന്ന ദൈവങ്ങളെ സവർണ്ണർ ഇകഴത്തുകയും, സവർണ്ണ ദൈവ സങ്കൽപം ഹൈന്ദവ മത ത്തിലെ കേന്ദ്രീകൃ ദൈവസ്ഥാനത്തേക്ക് ഉയരുകയും ചെയ്തു. കലകളിലുള്ള ക്ലാസിക്ക് സങ്കൽപം നോക്കുമ്പോഴും ഈ ഉച്ച നീചത്വം നമുക്ക് ദർശിക്കാനാവും.

"ചിരുത"

സാംസ്കാരികവും ഭാഷാപരവുമായ സവർണ്ണതയുടെ ഈ അധിനിവേശം ദളിതന്റെ സ്വത്വത്തെ തന്നെ സമൂഹത്തിന്റെ മുന്നിൽ ചോദ്യം ചെയ്യപ്പെട്ടു. സമൂഹത്തിലെ മാതൃകാ സങ്കൽപങ്ങൾ സവർണ്ണന്റെ സങ്കൽപ്പങ്ങളായി മാറി. ദളിതന്റെ ഭാഷാപ്രയോഗവും, വിശ്വാസപ്രമാണങ്ങളും അപരിഷ്കൃതമായി മാറ്റപ്പെട്ടു. സാംസ്കാരികമായ മൂലധനം ഉപയോഗിച്ച് സവർണ്ണത ജനാധിപത്യ വ്യവസ്ഥിതിയേയും കീഴടക്കി. ഇന്ത്യയിലാകമാനം നടക്കുന്ന ദളിത് പീഢനങ്ങൾ ഈ രീതിയിൽ നോക്കികാണേണ്ടതാണ്.

പുലയാണുപോലും പുലയാണുപോലും
പുലയാടി മക്കൾക്ക് പുലയാണുപോലും
പറയനും പുലയനും പുലയായതെങ്ങനെ

എന്ന വരികളിലൂടെ കടന്നുപോകുമ്പോൾ പുലയാടിമോൻ എന്ന തെറിവാക്കിന്റെ ഉത്ഭവം നമുക്ക് ബോധ്യപ്പെടുന്നതാണ്. പുലയാടിമോൻ എന്ന വാക്ക് ഒരു അധമനെ സൂചിപ്പിക്കാൻവേണ്ടി ഇന്നു നാം ഉപയോഗിക്കുമ്പോൾ അതിന്റെ പിന്നിൽ സങ്കീർണ്ണമായി കിടക്കുന്ന ജാതിവ്യവസ്ഥയുടെ അടിത്തറയുണ്ട്. പുലയന്റെ മകൻ ഒരു തെറിവാക്കാവുകയും, സവർണ്ണതയുമായി ബന്ധപ്പെട്ട പദങ്ങൾക്ക് സമൂഹത്തിൽ വിശേഷ സ്ഥാനം നൽകുന്ന നമ്മുടെ സാംസ്കാരിക ബോധത്തെ അപനിർമ്മിക്കേണ്ട കാല അതിക്രമിച്ചിരിക്കുന്നു. ദളിതന്റെ സ്വത്വത്തിനും സമൂഹത്തിൽ മാന്യമായ ഒരിടം നാം നൽകേണ്ടതുണ്ട്. അവനാണ് ഈ മണ്ണിനെ പൊന്നണിയിച്ച ശിൽപ്പികൾ.

ദളിത് പീഢനങ്ങളെ ഈ പരിസ്ഥിതിയിൽനിന്നുവേണം നാം നോക്കി കാണാൻ (ശമേഹശര ളീേ)

18, മാർച്ച്, 1999.

“പുലയാടിമോൻ”



ചെറ്റത്തരം കാണിക്കാനുള്ള ഏറ്റവും ചെറിയ അവസരം പോലും ഒരു ചെറ്റ പാഴാക്കുകയില്ല.

പേടിക്കേണ്ട ഈ സഹപ്രവർത്തകനോടുതോന്നിയ ദേഷ്യത്തെ ഡയറിയിൽ ഇന്നലെയൊരു വാചകമാക്കി മാറ്റിയതാണ് ഇത്. പിന്നെത്തോന്നി, തച്ചനക്കരെ എന്നിൽ അവശേഷിപ്പിച്ച ഗുരുതരമായ ഒരു മാനസിക വൈകൃതം ഈ വാചകത്തിനുപിന്നിൽ പ്രവൃത്തിച്ചിട്ടുണ്ടോ. മനോനിലകൊണ്ട് അധമനായ ഒരാളെ ചെറ്റ എന്ന് വിശേഷിപ്പിക്കുമ്പോൾ പകിട്ടും പത്രാസും കുറഞ്ഞ വസ്തുക്കളെ ചാത്തൻ എന്നികഴ്ത്തുമ്പോൾ, ആരൊക്കയോ ചുറ്റും

നിശബ്ദമായി വേദനിക്കാറുണ്ട്. മുമ്പൊരിക്കൽ അതിലൊരുവാക്ക് അവന്റെ പ്രിയപ്പെട്ട വീടായിരുന്നു. മറ്റൊരുവാക്ക് അവന്റെ സ്നേഹനിധിയായ അച്ഛനായിരുന്നു.

ഇല്ല ഡയറിയിൽ ഈ വാചകം എഴുതിയ ദിവസം ഞാൻ ജീവിച്ചിരുന്നിട്ടില്ല.

ജിതേന്ദ്രൻ ആൻമേരിക്കയച്ച കത്തുകളിലൊന്ന്



പ്രതിഷേധത്തിന്റെ ആഘോഷവുമായി അവർ ചരിത്രത്തിലേക്ക്

നിധിൻ വി എൻ
എം എ മലയാളം

സവർണ്ണാധിപത്യ മുദ്രകൾ പേറുന്ന ഒരു സമൂഹമാണ് നമുക്ക് മുന്നിലുള്ളത്. ആ സമൂഹത്തിന്റെ അഴുകിയ പാഠശാലയിലാണ് നാം പഠിച്ചുവളരുന്നത്, അവർക്കുവേണ്ടി സംസാരിക്കാൻ സാധിക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. ഇന്നിന്റെ ഇന്ത്യൻ രാഷ്ട്രീയം ഏറെ ചർച്ചചെയ്യപ്പെട്ട ഒരു വിഷയമാണ് ഗോമാംസ നിരോധനം. എന്തുകൊണ്ടാണ് ഗോമാംസം മാത്രം നിരോധിക്കുന്നു. ഇതൊരു സവർണ്ണ ഫാസിസ്റ്റ് അജൻഡയയാണ്. എരുമകളാണ് ഇന്ത്യയിൽ ഏറ്റവും അധികം പാൽനൽകുന്നത്. എന്നിട്ടുപോലും ഹിന്ദുത്വ ശക്തികൾ വാദിക്കുന്നത് പശു സംരക്ഷണം ഒരു വിശ്വാസത്തിന്റേയും വൈകാരികതയുടേയും പ്രശ്നമാണ് എന്നാണ്. അയോധ്യയിലാണ് രാമന്റെ ജനനം എന്നു പറയുന്നപോലെ, എന്തുകൊണ്ട് പശുവല്ലാതെ എരുമ ഒരു ഹിന്ദു ആത്മീയ മൃഗമായി മാറിയില്ല?. കാരണം വളരെ നിസാരം. എരുമ കറുത്ത മൃഗമാണ്. കറുത്ത മനുഷ്യർ എന്ന നിലയിൽ ദ്രാവിഡർക്ക് ഒരിക്കലും ഒരു ആത്മീയ പദവി നൽകിയിരുന്നില്ല. എന്നതുപോലെ കറുത്ത മൃഗമായിരുന്നതിനാൽ എരുമക്ക് അതു പോലൊരു സ്ഥാനവും ലഭിച്ചില്ല.

ദ്രാവിഡ ആത്മീയതയെ അംഗീകരിക്കാത്തതിന്റെ വലിയൊരുദാഹരണമാണ് കൊടുങ്ങല്ലൂർ ക്ഷേത്രം.

ദ്രാവിഡ ആത്മീയതയെ അംഗീകരിക്കാത്തതിന്റെ വലിയൊരുദാഹരണമാണ് കൊടുങ്ങല്ലൂർ ക്ഷേത്രം. കൊടുങ്ങല്ലൂർ അടിസ്ഥാനാമാക്കി കേരളം ഭരിച്ചിരുന്ന ചേരൻ ചെങ്കുട്ടവനാണ് കണ്ണകിയെ പ്രതിഷ്ഠിച്ച് ക്ഷേത്ര നിർമ്മാണം നടത്തിയത്. അനേകം രാജാക്കൻമാരെ തോൽപ്പിച്ച് ഹിമാലയത്തിൽനിന്ന് കൊണ്ടുവന്നതാണ് കണ്ണകിയുടെ വിഗ്രഹം കൊത്തിയെടുക്കുന്നതിനുള്ള കല്ല്(സംഘകാല സാഹിത്യങ്ങളിൽ വർണ്ണനകളുണ്ട്). കണ്ണകിയുടെ പ്രതിഷ്ഠാ ചടങ്ങുകളിൽ അനേകം രാജാക്കൻമാർ പങ്കെടുത്തിരുന്നു. സിലോണിലെ ഗജബാഹു അവരിൽ ഒരാളായിരുന്നു.

മഹായാമൻ പാലിഭാഷയിൽ രചിച്ച മഹാ വംശത്തിൽ എ.ഡി രണ്ടാം നൂറ്റാണ്ടിൽ ഗജബാഹു സിലോണിൽ വാണിരുന്നതായും വഞ്ചിയിൽനിന്ന് പത്തിനീദേവി(കണ്ണകി) പ്രതിഷ്ഠാഘോഷത്തിൽ പങ്കെടുത്തതായും പറഞ്ഞുകാണുകയാൽ 1800 വർഷങ്ങൾക്കുമുമ്പ് കൊടുങ്ങല്ലൂരിൽ കണ്ണകി പ്രതിഷ്ഠ നടന്നതായി കണക്കാക്കാം. ചേരൻ ചെങ്കുട്ടവൻ പ്രതിഷ്ഠിച്ച് വിഗ്രഹം ഒറ്റമുലയുള്ള കണ്ണകിയുടേതായിരുന്നു എന്നതാണ് സാഹിത്യ പരാമർശം. എന്നാൽ ഇന്ന് വസൂരിമാലയ്ക്ക് മാത്രമേ ഇതുമായി ആകാരസാമ്യമുള്ളു. ചേരരാജാക്കൻമാർ ബുദ്ധമതം സ്വീകരിച്ചതോടെ കാവും ബുദ്ധവിഹാരമായെന്നും അങ്ങനെ കുറുംബ ഭഗവതി ക്ഷേത്രം മുമ്പ് ബുദ്ധ ക്ഷേത്രമായിരുന്നെന്നും പല ചരിത്രകാൻമാരും പറയുന്നു. ശൈവ മതത്തിന്റെ പ്രചാരത്തോടെ ഇത് അവരുടെ ഭഗവതി ക്ഷേത്രമായി മാറി. കണ്ണകി പാർവ്വതിയായും കാളിയായും രൂപാന്തരപ്പെട്ടതും അങ്ങിനെയാണ്. അതോടെ പഴയ ഉടമസ്ഥർ അയിത്തക്കാരും അസ്പർശ്യരുമായി പുറംതള്ളപ്പെട്ടു.

എങ്കിലും പൊതു സമൂഹത്തിൽ നിലനിന്നിരുന്ന പാരസ്പര്യം നിറഞ്ഞ സാമ്പത്തിക ഉൽപാദന ബന്ധങ്ങളുടേയും സഹിഷ്ണുതകളുടേയും ഫലമായി ആണ്ടിലൊരിക്കൽ കാവ് സന്ദർശിക്കാനുള്ള അവസരം നൽകിയെന്ന് വിശ്വസിക്കുന്നതിനേക്കാൾ ദേവികോപം ഭയന്ന് കാവ് സന്ദർശിക്കാൻ ഉടമസ്ഥർക്ക് (ദ്രാവിഡർക്ക്) ഒരവസരം നൽകി എന്ന കരുതാനാണ് എനിക്കിഷ്ടം. പണ്ട് ക്ഷേത്രാവകാശം ഉണ്ടായിരുന്ന താഴ്ത്തന്ന ജാതിയിൽപ്പെട്ടവരുടെ കൂടിച്ചേരലാണ് കൊടുങ്ങല്ലൂർ ഭരണി.

തങ്ങളുടെ ദൈവത്തെ കവർന്നെടുത്തവരോടുള്ള പ്രതിഷേധമാണ് ഭരണിപ്പാട്ട്.

ഇവർ മലയോരത്തുനിന്നും കടലോരത്തുനിന്നും വന്നവർ.
വയലിൽനിന്നും നദിയിൽനിന്നും പുറപ്പെട്ടവർ,
ചരലിൽനിന്നും മണലിൽനിന്നും ഉയർത്തവർ,
കേരളത്തിന്റെ ഭൂമിശാസ്ത്രത്തെ ചരിത്രമാക്കിയവർ,
തങ്ങളുടെ അമ്മയെ കാണാൻ തലമുറ തലമുറയായി എത്തിക്കൊണ്ടിരിക്കുന്നുവർ

-(കലി ദ ഫ്ളെയ്വിംഗ് ഫേസസ് - ഡോക്യുമെന്ററി - എം.എസ് ബനേഷ്) .

തലമുറകളായുള്ള തങ്ങളുടെ പ്രതിഷേധത്തെ ആഘോഷമാക്കുകയാണവർ. ചരിത്ര നിഷേധത്തിന്റെ, സവർണ്ണാധിപത്യത്തിന്റെ മുദ്രകളോടുള്ള പ്രതിഷേധത്തിന്റെ ഉത്സവം.

തീക്ഷ്ണത

ഒ.കെ.അഞ്ജന
ബി എസ് സി കെമിസ്ട്രി

സാമ്രാജ്യത്വം സഖാവിൻറെ
ആശയങ്ങളെ ശിഥിലമാക്കുന്നുവെന്ന്! ഞാൻ
പറഞ്ഞപ്പോൾ
ഇന്ക്വിലാബിൻറെ തീക്ഷ്ണതയിൽ
നീ പറഞ്ഞത് ഞാൻ ഓർക്കുന്നു
'ത്യാഗമായും പോരാട്ടമായും
സത്യമായും പ്രതിഷേധമായും ശുഭ്രപതാകയും
സഖാവെന്ന ചിന്തയുമുള്ളപ്പോൾ
ആരെയും നീ ഭയക്കേണ്ടതില്ല
ഞാനുണ്ട് കൂടെ'
കലുഷിതമായ കാലത്തിൻറെ മായലുകളിൽ
സ്നേഹസാക്ഷ്യങ്ങൾ വിപ്ലവമായു
ണർന്നപ്പോൾ
രക്തനക്ഷത്രം കാട്ടിത്തന്നത്
എന്നിലെ സഖാവിനെയായിരുന്നു
അർത്ഥ തീക്കനലെരിയുന്ന നിൻറെ
നോട്ടങ്ങളും വാക്കുകളുമെന്നിൽ
മുദ്രവാക്യങ്ങളായി പതിയുമ്പോൾ
ആളികത്തുന്ന നിൻറെ ഹൃദയത്തെ
തൊട്ടറിഞ്ഞ പ്രതീതിയായിരുന്നു എനിക്ക്.
അനീതിക്കെതിരെ,
സമരക്കടലിലെക്കാണ് ഇറങ്ങിയതെങ്കിലും
വിശ്വാസമായിരുന്നു
നിൻറെ മാത്രം സഖാവായി
നീ കൂടെ ഉണ്ട് എന്നതിൽ
പക്ഷേ
എന്നെ, ഞാനായി നീ തിരിച്ചറിഞ്ഞില്ല
കാരണം,
നിൻറെ ആശയങ്ങളിൽ അങ്ങനെ ഒരു
നിയമമില്ല ,
വിപ്ലവത്തിൻറെ കുത്തൊഴുക്കിൽ
പ്രണയം നിയമത്തിനധീതമെങ്കിൽ
ഞാൻ നിയമലംഘനം നടത്തി

നിയമലംഘനം നടത്തിയാൽ ശിക്ഷയുണ്ട്
പുറത്ത് പോവണം
'കമ്മ്യൂണിസത്തിൽ നിന്നുമല്ല
വിശ്വാസത്തിൻറെ അതിരിൽ നിന്നും'
ഞാൻ പോകും
പൂർണ മനസ്സോടെ തന്നെ
അപ്പോഴും
ആശയവും അവകാശവും
നീതിയും ആത്മധൈര്യവും
നീ കുത്തിനിറച്ച ഹൃദയം നുറുങ്ങി
ചൂടുമാറി തണുത്തൊഴുകുന്ന
ചുവന്ന ദ്രാവകത്തെയെങ്കിലും നീ അറിയണം
അത് തളം കെട്ടി കൊതുക് മുട്ടയിട്ടാലും
നിന്നെ ഉപദ്രവിക്കില്ല,
ചീഞ്ഞുനാറിയ എൻറെ ശവത്തിനു മുന്നിൽ
ബധിരനായി നിശബ്ദനായി നിൽക്കുക,
അവിടെയെങ്കിലും നിനക്ക് നേരിൽ കാണാം
അഗ്നി വരിച്ച് ചുംബിച്ച ആ ശരീരം
ആളികത്തുമ്പോൾ ഉയരുന്ന
പ്രണയം
അഗാധമായ പ്രണയം.....
മരണത്തിൻറെ മറപിടിച്ച് ആരോ എന്നെ
നിരീക്ഷിക്കുന്നുണ്ട്
അയാളെ എനിക്ക് പേടിയാണ്
ഞാൻ ആഗ്രഹിച്ച ജീവിതത്തിന്
ഒരു ദിവസമെങ്കിലും ആയുസ്സുണ്ടാവും വരെ
എന്നെ വിട്ടുകൊടുക്കരുതേ
എന്റെ അപേക്ഷയാണ്..



പുലയാടിയെന്നാൽ കർഷകൻ, മണ്ണിന്റെ മക്കൾ.



പുലയനും, പുലയന്റെ മകനും

എന്ന് മുതലാടാ നിനക്ക് ചീത്തയായെ?

തെറിയായേ?

ഇതൊക്കെ രാഷ്ട്രീയമാണ്..

സവർണ്ണന്റെ

രാഷ്ട്രീയം...

From Shadow to Stars

നിൻറെ ജനനമായിരുന്നോ ......നിൻറെ തെറ്റ്......
അതോ ഈ ജാതിതീണ്ടിയ വർഗ്ഗീയ സമൂഹമോ...?

ഇക്കാലത്തെ സാഹിത്യം
പുരോഗമിച്ചിരിക്കുന്നു
കഥയും കവിതയും
ശാസ്ത്രകൃതികളും കടന്ന്,
ആത്മഹത്യാ കുറിപ്പുകളിലെത്തിയിരിക്കുന്നു.
അതെ..... കലികാലം.....

സുപ്രഭാതം

നിങ്ങൾ ഈ കത്ത് വായിക്കുമ്പോഴേക്കും ഞാൻ ജീവിച്ചിരിപ്പുണ്ടാകില്ല. ദേഷ്യപ്പെടരുത്. നിങ്ങളിൽ പലരും സ്നേഹത്തോടെയും കരുതലോടെയുമാണ് എന്നോട് പെരുമാറിയിട്ടുള്ളത്. എനിക്ക് ആരോടും പരാതിയില്ല. പ്രശ്നം എന്റേതുമാത്രമാണ്. എന്റെ ആത്മാവും ശരീരവും തമ്മിലുള്ള അകലം കൂടി വരികയാണെന്ന് തോന്നുന്നു. കാൾ സാഗനെപോലെ ശാസ്ത്രത്തെക്കുറിച്ച് എഴുതാനായിരുന്നു ഞാൻ സ്വപ്നം കണ്ടിരുന്നത്. എന്നാൽ ഈ കത്ത് മാത്രമാണ് എനിക്ക് എഴുതാനായത്.

ശാസ്ത്രത്തെയും നക്ഷത്രങ്ങളെയും പ്രകൃതിയേയും സ്നേഹിക്കുന്നു. അതിനൊപ്പം പ്രകൃതിയിൽ നിന്നും വളരെ മുമ്പ് അകന്നുപോയ മനുഷ്യരേയും എനിക്കിഷ്ടമാണ്. നമ്മുടെ ചിന്തകളും വികാരങ്ങളും പഴകിയിരിക്കുന്നു. നമുക്കിടയിലെ സ്നേഹത്തിൽ കൃത്രിമം കലരുന്നു. വിശ്വാസങ്ങൾ പൊലിപ്പിച്ചുകാണിക്കപ്പെടുകയാണ്. നോവില്ലാത്ത സ്നേഹം അപൂർവ്വമായി മാറിയിരിക്കുന്നു.

ഓരോ മനുഷ്യരുടേയും വില അവനെക്കൊണ്ട് എന്ത് ഉപയോഗമുണ്ട് എന്നതിൽ മാത്രമായി ചുരുങ്ങുന്നു. ഉള്ളിലെ മഹത്വം കൊണ്ട് ആരെയും വിലയിരുത്തുന്നില്ല. പഠനത്തിലും തെരുവിലും രാഷ്ട്രീയത്തിലും മരണത്തിലും ജീവിതത്തിലുമെല്ലാം ഈയൊരു രീതി പരന്നുകിടക്കുകയാണ്.

ഞാൻ ആദ്യമായാണ് ഇത്തരത്തിൽ ഒരു കത്തെഴുതുന്നത്. ആദ്യത്തെ ഈ കത്ത് തന്നെ അവസാനത്തേതും. ഞാൻ പറയുന്നത് നിങ്ങൾക്ക് മനസിലാക്കാനാകുന്നില്ലെങ്കിൽ ക്ഷമിക്കുക.

ലോകത്തെ മനസിലാക്കുന്നതിൽ ഞാനൊരുതികഞ്ഞ പരാജയമായിരുന്നിരിക്കാം. സ്നേഹം, വേദന, ജീവിതം, മരണം

എല്ലാം തെറ്റായി മനസിലാക്കിയതാകാം. ഒരാവശ്യവുമില്ലാത്ത തിടുക്കം ജീവിതത്തിൽ എനിക്കൊപ്പമുണ്ടായിരുന്നു. ജീവിതം ആരംഭിക്കാനുള്ളതായിരുന്നു ആ തിടുക്കം. മനുഷ്യരിൽ ചിലർക്ക് ജീവിതം തന്നെയാണ് ശാപം. എന്റെ ജനനം തന്നെ കൊടും തെറ്റായിരുന്നു. ബാല്യത്തിൽ അനുഭവിച്ച ഏകാന്തതയിൽ നിന്നും ഒരിക്കലും എനിക്ക് മോചനം ലഭിച്ചില്ല. പ്രോത്സാഹനം കിട്ടാക്കനിയായിരുന്ന ഒരു ബാല്യം എപ്പോഴും എനിക്കൊപ്പമുണ്ടായിരുന്നു.

ഞാൻ ഇപ്പോൾ വേദനിക്കുന്നില്ല, വിഷമമില്ല. എങ്കിലും ഒരു ശൂന്യത എന്നെ മൂടുന്നു. എന്നെക്കുറിച്ച് യാതൊരു ആകുലതകളുമില്ല. സ്വയംബോധ്യമില്ലാത്തത് പരിതാപകരമാണെന്ന് എനിക്കറിയാം. അതുകൊണ്ടു തന്നെയാണ് ഞാൻ ഈ തീരുമാനമെടുത്തതും.
മറ്റുള്ളവർ എന്നെ വിഡ്ഢിയെന്ന് വിളിക്കുമായിരിക്കും. മരണശേഷം സ്വാർഥനെന്നും മണ്ടനെന്നുമുള്ള വിളികൾ ഉയർന്നേക്കാം. എന്നാൽ അതിനെക്കുറിച്ച് ഇപ്പോൾ ഞാൻ ചിന്തിക്കുന്നുപോലുമില്ല. മരണാനന്തരജീവിതത്തിൽ എനിക്ക് വിശ്വാസമില്ല. പ്രേതങ്ങളും ആത്മാക്കളും കെട്ടുകഥയാണെന്ന് കരുതുന്നു. ഇനി അങ്ങനെ എന്തെങ്കിലും സാധ്യതയുണ്ടെങ്കിൽ മരണാനന്തരം നക്ഷത്രങ്ങളിലേക്കും മറ്റു ലോകങ്ങളിലേക്കും ഞാൻ സഞ്ചരിക്കും.
ഈ കത്ത് വായിക്കുന്നവർ സാധിക്കുമെങ്കിൽ എനിക്ക് ഒരു സഹായം ചെയ്യണം. സർവ്വകലാശാലയിൽ നിന്നും ഏഴ് മാസത്തെ ഗവേഷണ ഫെല്ലോഷിപ്പ് എനിക്ക് ലഭിക്കാനുണ്ട്. ഒരു ലക്ഷത്തി എഴുപത്തിഅയ്യായിരം രൂപയോളം വരുമിത്. എന്റെ കുടുംബത്തിന് ഈ തുക നൽകണം. പിന്നെ രാംജിക്ക് നാൽപ്പതിനായിരം രൂപ കൊടുക്കാനുണ്ട്. അദ്ദേഹം ഒരിക്കലും ആ പണം തിരികെ ചോദിച്ചിട്ടില്ല. പക്ഷെ എനിക്കുവേണ്ടി നിങ്ങൾ ആ കടം വീട്ടണം.
വളരെ ശാന്തമായ അന്തരീക്ഷത്തിലായിരിക്കണം എന്റെ ശവസംസ്കാരം നടത്തേണ്ടത്. ഞാൻ ഇവിടെ വന്ന് പോയതുപോലെ മാത്രമേ നിങ്ങൾ പെരുമാറാവൂ. എനിക്കുവേണ്ടി ആരും കണ്ണീരൊഴുക്കരുത്. ജീവിക്കുന്നതിനേക്കാൾ സന്തോഷമാണ് എനിക്ക് മരിക്കാനെന്ന് നിങ്ങൾ മനസിലാക്കുക.
നിഴലുകളിൽ നിന്ന് നക്ഷത്രങ്ങളിലേക്ക്
ഉമ അണ്ണാ, ഇങ്ങനെയൊരു കാര്യത്തിന് നിങ്ങളുടെ മുറി ഉപയോഗിച്ചതിന് ക്ഷമിക്കുക.
നിരാശപ്പെടുത്തിയതിന് എഎസ്എയിലെ സുഹൃത്തുക്കൾ ക്ഷമിക്കുമല്ലോ. നിങ്ങൾ എന്നെ ഒരുപാട് സ്നേഹിച്ചിരുന്നു. നിങ്ങളോരോരുത്തർക്കും നല്ലതുമാത്രം ആശംസിക്കുന്നു.
അവസാനമായി ഒരിക്കൽകൂടി
ജയ് ഭീം
അതിനിടെ ആത്മഹത്യാകുറിപ്പിലെ പതിവുകളെല്ലാം ഞാൻ മറന്നുപോയി, എന്റെ ആത്മഹത്യയിൽ ആർക്കും ഉത്തരവാദിത്വമില്ല. ആരും വാക്കുകൾ കൊണ്ടോ പ്രവൃത്തികൊണ്ടോ എന്നെ ഈ കൃത്യത്തിന് പ്രേരിപ്പിച്ചിട്ടില്ല. ഇത് എന്റെ മാത്രം തീരുമാനമാണ്. എനിക്ക് മാത്രമാണ് ഈ പ്രവൃത്തിയുടെ ഉത്തരവാദിത്വം. എന്റെ സുഹൃത്തുക്കളേയോ ശത്രുക്കളേയോ ഇതിന്റെപേരിൽ കഷ്ടപ്പെടുത്തരുത്.

ചാതുർവർണ്ണ്യം നിലനിർത്തണമെങ്കിൽ ചണ്ഡാളനായ ഏകലവ്യനെ തകർക്കണം. അതുകൊണ്ടാണല്ലോ ദ്രോണാചാര്യർ ശിഷ്യന്റെ വിരുതാർന്ന പെരുവിരൽ ദക്ഷിണയായി ചോദിച്ചു വാങ്ങിയത്.... അങ്ങനെയുള്ള ദ്രോണാചാര്യൻമാർ ഇപ്പോഴും നമ്മുടെ സർവകലാശാലയിൽ വാണരുളുന്നു.

അരക്കില്ലം

നവമി സുരേഷ് യു കെ
ബി എ ഇംഗ്ലീഷ്

രജപുത്ര...!

അന്നെന്റെ ജനലഴികളിൽ , മരണവും
പേറി നീ വന്നു നിന്നൂ...

ആ രാത്രി നിദ്രയിൽ കുഞ്ഞുമകളുടെ
ചുണ്ടുകൾ പുഞ്ചിരി തൂകി നിൽക്കെ...
കൈകാലുറയ്ക്കാത്ത പ്രായത്തിലിന്നവൾ
ദൈവത്തിനേറ്റം അടുത്തുനിൽപ്പു...
ആ ചിരി കണ്ടു മനം നിറഞ്ഞു..
തന്റെ ഓമന പൈതൽ തൻ നെറ്റിയിൽ
ചുംബിച്ച് പതിയെ മിഴികളടച്ചോരമ്മ...

പിറ്റേന്ന്...
വെന്തമാംസത്തിന്റെ മണം വിട്ടുമാറാത്തോ
റൊറ്റ ജനലുള്ള കൂരയ്ക്കകത്തവൾ
പാതിയിൽ മീതെയും വെന്തമർന്നാസന്ന
മൃത്യുവേ കാത്തു നിന്നു...

ജീവൻ പൊളിഞ്ഞു പോവുമെന്റെ
മകളും മരണത്തിൻ മണിയൊച്ച
കേട്ടിരിക്കാം...
എത്രയുച്ചത്തിൽ കരഞ്ഞു വിളിച്ചിട്ടു
മാരുമെത്തീല്ലയാ തീയണയ്ക്കാൻ...

രജപുത്രാ...!
നീയെന്റെ മകളെ ചുട്ടുകൊന്നോ..??
ഈ ദളിതന്റെ മകളെ കത്തിച്ചു
വറ്റിച്ചു നീരൂറ്റി നിണമൂറ്റി നീ
നൃത്തമാടി...
നിനക്കാഘോഷം...!
ഇന്ന് ദസറ..!
ജന്മംകൊടുത്തുപോയ് ഞാനി
വർക്കിങ്ങനെ വെന്തുമരിക്കുവാൻ
മാത്രമായി...
വാരിപ്പുണർന്നെന്റെ മാറോടു ചേർക്കു
മ്പോൾ, തീക്കനല്ക്കട്ടകളായിക്കഴിഞ്ഞിരുന്നു..
പിന്നെയെൻ വിറയാർന്ന കൈകളിൽ
ഞാൻ നോക്കിനിൽക്കെ ...
അടർന്നു നിലംപൊത്തി നാലഞ്ചു മാംസ
പിണ്ഡങ്ങൾ!
രജപുത്രാ..!
ചൊൽക നീയെന്തു നേടി?

കഴുവേറി മഹാനായ ഭഗത് സിംഗിനും
കഴുവേറി മഹതിയായ ജൊവാൻ ഓഫ് ആർക്കിനും
പിന്നെ കഴുവേറി ചരിത്രത്തിലേക്ക് കൂപ്പുകുത്തിയ അസംഖ്യം മനുഷ്യജന്മങ്ങൾക്കും സമർപ്പിക്കുന്നു

കഴുവേറി : സവർണന്റെ പെണ്ണിനെ മോഹിച്ച കീഴ്ജാതിക്കാരനുള്ള ശിക്ഷയായിരുന്നു കഴുമരം, നിറയെ ആണി തറച്ച മരം. അതിൽ കെട്ടിയിടുകയും കീഴ്ഞ്ഞു ഇറപ്പിക്കലുമായിരുന്നു ശിക്ഷാരീതി. ഇത് കഴുമരത്തിന്റെ ചരിത്രം. പിന്നീട്, വധശിക്ഷയുടെ മരമായി. കഴുമരത്തിലെത്തിയവരെല്ലാം കഴുവേറികളാകുമ്പോൾ, പല മഹാന്മാരെയും നമ്മൾ മറന്നു പോകുന്നു. അവരെല്ലാം കഴുവേറികളാകുന്നു

ആരാച്ചാർ വായിച്ചിട്ടില്ലേ നീ
"മാലിക്ക് നെടുവീർപ്പിട്ടു :
എന്റെ പിതാമഹന്മാരും പ്രപിതാക്കന്മാരും
ലക്ഷക്കണക്കിനാളുകളെ കഴുവിലേറ്റിയിട്ടുണ്ട്.
ഞാൻ ആലോചിക്കുന്നത്, പക്ഷെ ഇന്നു നീയും ഒരാരാച്ചാരാകാൻ പോകുന്നു.
കൊലപാതകവും തൂക്കിക്കൊലയും ആവർത്തിക്കപ്പെടുന്നു.
അപ്പോൾ കൊലപാതകത്തിന്റെ
ശിക്ഷ തൂക്കിക്കൊല്ലലല്ല. മറ്റെന്തോ ആണ്.
അതു നമ്മൾ ഇനിയും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു."
– കെ ആർ മീര (ആരാച്ചാർ)

വധം ശിക്ഷയല്ല; പ്രതികാരം.....

അരുൺ കെ ജി
എം എ മലയാളം.

രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും ഉയർന്നു കഴിഞ്ഞു. സാമുഹ്യ സാംസ്കാരിക രാഷ്ട്രീയ നിയമ രംഗത്തെ പ്രമുഖർ വരെ വധശിക്ഷക്കെതിരെ രംഗത്തെത്തി എന്നത് പ്രതീക്ഷജനകമാണ്. നാനാതുറകളിൽ നിന്നും വധശിക്ഷ പാടില്ലെന്ന് മുറവിളി ഉയർന്നു കൊണ്ടിരിക്കെ, ചരിത്രതിലാദ്യമെന്നോണം നമ്മുടെ പരമോന്നത നീതിപീഠം പുലർച്ചെ മൂന്നു മണി വരെ ഉറക്കമളച്ചിരുന്ന് എഴുതി തീർത്ത മരണപത്രം ലോകത്തിനു മുൻപിൽ ഇന്ത്യൻ നീതിന്യായ വ്യവസ്ഥയ്ക്ക് തീരാകളങ്കമായി നിലനിൽക്കുകയാണ്. 'ആയിരം അപരാധികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത്' എന്ന തത്വത്തിനെവിടെയോ മങ്ങലേറ്റതുപോലെ. 21 വർഷം കാരാഗ്രഹവാസമനുഭവിക്കുന്ന ഒരു മനുഷ്യനെ, അയാളുടെ ജന്മദിനത്തിൽ തന്നെ വധശിക്ഷയ്ക്ക് വിധേയനാക്കാൻ കാണിച്ച വ്യഗ്രത ഒരിക്കലും ആശാവഹമല്ല. ഒരു ജീവനെ രക്ഷിക്കാനായിരുന്നു ഇതെങ്കിൽ ലോകത്തിനു മുൻപിൽ ഇന്ത്യൻ നീതിന്യായവ്യവസ്ഥയ്ക്ക് ഒരു പൊൻതൂവലായേനെ.

രാജ്യത്തെ സാധാരണക്കാരായ 257 പേരുടെ കൊലയ്ക്കു കാരണക്കാരായവരെ മാതൃകാപരമായി ശിക്ഷിക്കണമെന്നത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല.എന്നാൽ മാതൃകാപരമായ ശിക്ഷയാണോ വധശിക്ഷ എന്നതാണ് പരിശോധിക്കപ്പെടേണ്ടത്. ലോകത്ത് എഴുപത് ശതമാനത്തോളം രാജ്യങ്ങൾ (ഏതാണ്ട് 140 രാജ്യങ്ങൾ) വധശിക്ഷ നിയമപരമായി ഒഴിവാക്കി. പല രാജ്യങ്ങളും അത് ഫലത്തിൽ വരുന്നത് നിർത്തലാക്കിയിട്ടുണ്ട്. യുറോപ്പിൽ ഒഴിച്ച് എല്ലാ രാജ്യങ്ങളിലും അമേരിക്കയിലെ 16 സംസ്ഥാനങ്ങളിലും വധശിക്ഷ നിർത്തലാക്കി കഴിഞ്ഞു. ഏഷ്യയിൽ നേപ്പാളും ഭൂട്ടാനും വധശിക്ഷ നിരോധിച്ചു; ശ്രിലങ്കയും മാലിയും അത് പ്രയോഗിക്കുന്നില്ല. എന്നാൽ ഇന്ത്യ, അഫ്ഗാനിസ്ഥാൻ, പാകിസ്താൻ, ബംഗ്ലാദേശ്, ച്ചിനെ, കൊറിയ, സൗദി അറേബ്യേ എന്നി രാജ്യങ്ങൾ വധശിക്ഷ തുടർന്നു കൊണ്ടിരിക്കുന്നു. ശിക്ഷയുടെ പ്രയോഗം വൈകാരികമാവുക കൂടി ചെയ്യുന്നതോടെ വധശിക്ഷയുടെ രാഷ്ട്രീയം ചർച്ച ചെയ്യപ്പെടണം.

Why do we
who
Kill People
to show
that killing is wrong?



എന്തുകൊണ്ടാണ് വധശിക്ഷ വേണ്ടെന്നു പറയുന്നത്? ഭീകരവാദികൾക്ക് കടുത്ത ശിക്ഷ കൊടുക്കേണ്ടേ? കൊലപാതകികളെ കൊല്ലാണ്ട് പിന്നെ എന്ത് ചെയ്യാനാ? പിന്നെയിവരെയൊക്കെ നമ്മുടെ നികുതിപ്പണം കൊണ്ട് തീറ്റിപ്പോറ്റാണോ? ഇത്തരത്തിൽ വൈകാരികവും അമിത ദേശീയ ബോധത്തിലൂന്നിയതുമായ ചോദ്യങ്ങൾ ഉയർന്നു കേൾക്കാം. അപ്പോഴും പറയാൻ സാധിക്കണം വധശിക്ഷ എന്നത് നിയമാ പരിരക്ഷയോടുള്ള കൊലപാതകമാണ്. ഭരണകൂടം അതിന്റെ സർവവിധ സന്നഹങ്ങലോടുകൂടി ആസൂത്രണം ചെയ്ത നടപ്പിലാക്കുന്ന ജുഡീഷ്യൽ വധം. ജീവിക്കാനുള്ള അവകാശം മൗലീകമാനെന്നും അത് ആർക്കും നിഷേധിക്കപെടരുതെന്നുമുള്ള മനുഷ്യസ്നേഹപരമായ നിലപാടാണ് അടിസ്ഥാനമായി വധശിക്ഷയെ എതിർക്കുന്നതെങ്ങിലും അതിന്റെ രാഷ്ട്രീയവും സൂക്ഷ്മമായി പരിശോധിക്കേണ്ടതുണ്ട്.

നിയമ പരിരക്ഷയോറെ ഭരണകൂടം ആസൂത്രിതമായി നടത്തുന്ന പ്രതികാരമാണ് വധശിക്ഷയെന്നു സമർഥിക്കാൻ പ്രധാനമായും രണ്ടു കാരണങ്ങളാണ്. 'കണ്ണിനു കണ്ണ് , മൂക്കിനു മൂക്ക്' എന്നാ പ്രാകൃത പ്രതികാര സങ്ങല്പ്പമാണ് വധശിക്ഷയെന്ന രീതിയുടെ പിന്നിലെ അടിസ്ഥാന ചേതോവികാരം. വംശീയമായി അഥവാ രാഷ്ട്രീയ താൽപര്യങ്ങൾക്കനുസ്യൃതമായി ശിക്ഷയെ പ്രതികാരമായി കണക്കാക്കുന്ന ഭരണകൂട നിലപാടുകളാണ് മറ്റൊന്ന്.

മനുഷ്യചരിത്രത്തിലെ ആദിമ ഘട്ടത്തിൽ ശിക്ഷയുടെ ഏക ധർമം പ്രതികാരമായിരുന്നു.പ്രാകൃത ജന സമൂഹങ്ങൾ അക്രമത്തിനു വിധേയനായ വ്യക്തിയുടെ വ്യക്തിപരമായ അവകാശങ്ങൾ നേടിക്കൊടുക്കുവാനാണ് ശ്രമിച്ചത്. ഇതിനെയാണ് പ്രതികരപരമായ ശിക്ഷ സമ്പ്രദായം (Reterib-ute theory of punishment) എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. നിയമത്തിന്റെ പിന്നീടുള്ള വളർച്ചയിലാണ് സമൂഹത്തിന്റെ മൊത്തത്തിലുള്ള താല്പര്യങ്ങൾ സംരക്ഷിക്കുവാൻ ശിക്ഷ നൽകി കുറ്റങ്ങളെ അമർച്ച ചെയ്യുകയെന്ന ആശയം ഉറവെടുക്കുന്നത് എന്നാൽ സമൂഹത്തിന്റെ വൈകാരിക മണ്ഡലത്തെ ഉണർത്തി വധശിക്ഷ അനിവാര്യമാണെന്ന പൊതുബോധം ആരോക്കെയാലോ സൃഷ്ടിക്കപ്പെടുന്നു. ദേശവിരുദ്ധ കുറ്റങ്ങൾ ചെയ്തു എന്ന് ആരോപണം നേരിടുന്ന വ്യക്തിക്ക് വധശിക്ഷ നല്കണമെന്നൊരു പൊതുബോധം സൃഷ്ടിക്കപെടുകയാണ്. അതിനെ അമിത ദേശീയബോധത്തിൽ ചാലിച്ച് പ്രതികാരമാവുകയാണ്. അതേപോലെ കൊലപാതക കേസിലെ പ്രതികൾക്ക് വധശിക്ഷ ലഭിച്ചാലേ ഇരയ്ക്ക് നീതി കിട്ടൂ എന്നാ ബോധവും ശക്തമാക്കി ഇരയുടെ കുടുംബത്തെയും വൈകാരികതയിലെത്തിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത് . ശിക്ഷയെ പ്രതികാരത്തിലൂന്നി കാണുന്ന പ്രാകൃത സമൂഹത്തിന്റെ ചിന്തകളിൽ നിന്നും നാം മോചിതരായിട്ടില്ല എന്ന് തന്നെയാണ് തെളിയിക്കപ്പെടുന്നത്.

ജാതിമത രാഷ്ട്രീയ സ്വാധീനങ്ങൾ വിധികളെ വരെ അദൃശ്യമായി സ്വാധിനിക്കുന്നു. അതുവഴി ഇരട്ടനീതി ഉടലെടുക്കുകയാണ്. 2002 ഫെബ്രുവരി രണ്ടിന് നരോദപാട്യയിൽ 97 മുസ്ലിങ്ങൾ കൊല്ലപ്പെട്ടു; കുട്ടികളും ഗർഭി ണികളും ഉൾപ്പെടുന്നു. ഇത് 'അപൂർവത്തിൽ അപൂർവമായിരുന്നില്ല, അത്യപൂർവത്തിൽ അത്യപൂർവ്വമാണ്.' എന്നിട്ടും ഇതിലെ പ്രധാന പ്രതികളായ മായബെൻകോഡ്നാനിക്കും ബാബുബജ്രംഗിക്കും ജഡ്ജി ജ്യോത്സ്ന യാജ്തിക്ക് വധശിക്ഷ വിധിച്ചില്ല. ഇത് വധശിക്ഷ വിധിക്കുന്നതല്ല വൈയക്തികമായ വ്യത്യാസങ്ങളെയാണ് വെളിപ്പെടുത്തുന്നത്.

രാഷ്ട്രീയ പരിഗണനകൾ വെച്ചുള്ള വധശിക്ഷ നടപ്പാക്കുന്ന സംപ്രദായവും സമീപകാലത്തായി ഏറുകയാണ്. അതാണ് അഫ്സൽ ഗുരുവിലും യാക്കൂബ് മേമനിലും കണ്ടത്. ' രാഷ്ട്രീയത്തിന്റെ സമൂഹമനസ്സാക്ഷിയെ തൃ പ്തിപ്പെടുത്തന്നാണ് അഫ്സൽ ഗുരുവിനെ തൂക്കിലേറ്റുന്നത് എന്ന് സുപ്രീം കോടതി തന്നെ പറഞ്ഞു ക ഴിഞ്ഞു. രാഷ്ട്രപതി തള്ളിയ അഫ്സൽ ഗുരുവിന്റെ ദയാഹർജിയിൻ മേൽ നിയമം അനുവദിക്കുന്ന റിവ്യൂ ഹർജി വരെ നിഷേധിക്കുകയായിരുന്നു. മേമനെ തൂക്കിലേറ്റാൻ പാതിരാ വരെ ഉറക്കമിളച്ചിരുന്നു ജുഡിഷ്യറി. എ ന്നാൽ ഈ തിടുക്കം രാജീവ് ഗാന്ധി വധക്കേസിൽ വധശിക്ഷയ്ക് വിധിക്കപ്പെട്ട ശാന്തൻ, മുരുകൻ, പേരറിവാളൻ എന്നിവരുടെ കാര്യത്തിൽ ഉണ്ടായില്ല. ഇവരുടെ ദയാഹർജി 2011 ആഗസ്റ്റ് മാസത്തിൽ അന്നത്തെ രാഷ്ട്രപതി പ്ര തിഭ പാട്ടീൽ തള്ളിയിരുന്നു. അത് തന്നെയാണ് പഞ്ചാബ് മുഖ്യമന്ത്രിയായിരുന്ന ബിയാന്ത് സിംഗ് വധക്കേസിൽ സൽവന്ത് സിംഗ് രജോനയുടെയും ജഗർ സിംഗ് ഹവാരെയുറെയും കാര്യത്തിൽ ഉണ്ടായത്. 2012 മാര്ച്ച് 27ന് ചന്ടികാട് സെഷൻസ് കോടതി വധശിക്ഷ നടപ്പാക്കാൻ തയ്യാറെടുക്കുകയാണ് ശിരോമണി ഗുരു പ്രബന്ധക് കമ്മറ്റിയുടെ ദയാ ഹർജി മാനിച്ചു വധശിക്ഷ മാറ്റിവെയ്ക്കപ്പെട്ടത്.



ഡൽഹി യിലെ ലോ യൂനിവേർസിറ്റി പ്രോഫസ്സറും വധശിക്ഷ പ്രോജക്റ്റിന്റെ തലവനുമായ അനൂപ് സുരേന്ദ്രനാഥ് പറയുന്നു ‘ മരണശിക്ഷ കാത്തു കിടക്കുന്നവരിൽ ഭൂരിഭാഗവും പിന്നോക്ക ദളിത്, ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ളവരാണ് . അതിലേറെയും ആദ്യമായി കുറ്റം ചെയ്തവരാണ്. പരക്കെ കരുതുന്ന പോലെ പതിവായി കുറ്റം ചെയ്യുന്നവരല്ല . പോലീസ് സ്റ്റേഷനിൽ കുറ്റം സമ്മതിച്ചു അതിന്റെ അടിസ്ഥാനത്തിൽ കുറ്റവാളികളായവരാണ്.‘ അവരും കുറ്റവാളികളല്ലേ അവരും ശിക്ഷിക്കപ്പെടെണ്ടേ എന്ന ലളിതയുക്തി അവിടെയും ഉയർന്നു വരാം. എന്നാൽ കുറ്റവാളി എന്നാ ആരോപണം എത്ര നിഷ്കളങ്കരുടെ മേലും വന്നു പതിക്കവുന്നതാണ്. സാഹചര്യത്തെളിവുകലുടെ അടിസ്ഥാനത്തിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട പേരറിവാളൻ ചെയ്ത കുറ്റം രാജീവ് ഗാന്ധിയെ വധിക്കാനുള്ള ബോംബിനു ഉപയോഗിക്കാനാണ് എന്നറിയാതെ ആർക്കോ ബാറ്ററി വാങ്ങിക്കൊടുത്തതാണ്. അഫ്സൽ ഗുരു ചെയ്ത കുറ്റം അക്രമികൾക്ക് വാഹനം വാങ്ങിക്കൊടുത്തു എന്നുള്ളതും. ബോംബെ സ്ഫോടനക്കേസിലെ മാപ്പുസാക്ഷിയായി അന്വേഷണത്തോട് പൂർണ്ണമായി സഹകരിച്ചെന്നു ഇന്റലിജൻസ് മേധാവി ബി രാമൻ തന്നെ സാക്ഷ്യപ്പെടുത്തിയ യാക്കൂബ് മേമൻ ചെയ്ത തെറ്റ് സ്ഫോടനത്തിന്റെ മുഖ്യ ആസൂത്രികൻ ടൈഗർ മേമന്റെ സഹോദരനായി എന്നുള്ളതാണ്.

ഡൽഹി നിയമ സർവകലാശാലയുടെ വധശിക്ഷ പഠന വിഭാഗം നടത്തിയ ഗവേഷണത്തിൽ കണ്ടത് കഴിഞ്ഞ വർഷം വിചാരണ കോടതിയിൽ 1800 പേർക്ക് വധശിക്ഷ വിധിച്ചു എന്നാണ്. പ്രതിമാസം ശരാശരി 10 എന്നാ തോതിൽ കഴിഞ്ഞ പതിനഞ്ചു വർഷമായി അവർ വധശിക്ഷ വിധിച്ചുകൊണ്ടിരിക്കുന്നു. അവയിൽ സുപ്രീം കോടതി ശരിവെച്ചത് അഞ്ചു ശതമാനത്തിൽ താഴെ മാത്രം. മൂന്നിലൊന്നു കേസുകൾ പ്രതികളെ വെറുതെ വിട്ടു ഇത്ര അലക്ഷ്യമായി കീഴ്ക്കോടതികൾ സ്വീകരിക്കുന്ന വിധികൾ എത്ര നിരപരാധികളുടെ ജീവനാണ് നഷ്ടപ്പെടുന്നത്. ആയിരം അപരാധികൾ രക്ഷപ്പെട്ടാലും ഒരു നിരപാരാധി പോലും ശിക്ഷിക്കപെടരുതെന്ന മഹത്തായ തത്വം പരസ്യമായി തകരുകയല്ലേ .ഉന്നത നീതി പീഠം വരെ പോകാൻ ശേഷിയില്ലാത്ത ദരിദ്രരുടെ നീതി എങ്ങനെ നടപ്പിലാവും അതുകൊണ്ട് തന്നെയാണ് പറയുന്നത് തെറ്റെന്ന് ബോധ്യമായാൽ തിരുത്താനാവുന്നതാവനം ശിക്ഷ.

"IT'S HIS FIRST OFFENSE."

വധശിക്ഷയുടെ കാര്യത്തിൽ ഇന്ത്യയിൽ സമീപകാലത്ത് നിരവധി തെറ്റുപറ്റിയിട്ടുണ്ടെന്നു ഉന്നത നീതിപീഠങ്ങളിലെ ന്യായാധിപന്മാർ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. 13 പ്രതികളെ അബദ്ധത്തിൽ വധശിക്ഷയ്ക്ക് വിധിച്ചുപോയെന്നും ശിക്ഷ രാഷ്ട്രപതിയുടെ ദയാഹർജി പരിഗണിച്ചു ജീവപര്യന്തമാക്കി ഇളവു ചെയ്യണമെന്നും 14 മുതിർന്ന ജഡ്ജിമാർ എഴുതി ഒപ്പിട്ട രാഷ്ട്രപതി പ്രണബ് മുഖർജിക്ക് കൊടുത്ത നിവേദനത്തിൽ പറയുന്നു.

സുപ്രീം കോടതി 2003 മുതൽ 2009 വരെ അബധത്തിൽ വധശിക്ഷക്ക് വിധിച്ചവരുറെ പട്ടിക 2012 സെപ്തംബർ എഴിൻറെ ഫ്രണ്ട് ലൈൻ മാസിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ദയാനിധി ബിനോയ് (ഒഡിഷ), മോഹൻ അണ്ണ ചവാൻ, അന്കുഷ്, അമ്പദാസ്, ബാപ്പു അപ്പ ഷിൻഡേ, സൂര്യ ശിവജി (മഹാരാഷ്ട്ര) , സത്തൻ, ഉപേന്ദ്ര (ഉത്തരപ്രദേശ്) , കർണ്ണാടകയിലെ സെബണ്ണ എന്നിവരായിരുന്നു അവർ. ഈയൊരു തുരന്നു പറച്ചിൽ അപൂർവ്വങ്ങളിൽ അപൂർവ്വമാണ്. എത്രയോ നിരപരാധികൾ ഇത്തരത്തിൽ വധശിക്ഷ കാത്തു ഇരുളറകളിൽ കഴിയുന്നു.

രാജ്യത്ത് വധശിക്ഷ നിർത്തലാക്കണം എന്ന ചർച്ച ഇത്ര സജ്ജീവമായത്തിന്റെ ക്ഷിപ്രകാരണം യാക്കൂബ് മേമന്റെ വധശിക്ഷയായിരുന്നു. ഇനിയൊരു വധശിക്ഷ കൂടി നടപ്പിലാകുന്നതിനു മുന്നേ അത് തീരുമാനമാവേണ്ടതുണ്ട്. വധശിക്ഷയുടെ രാഷ്ട്രീയവും പ്രയോഗത്തിലെ അസന്തുലിതാവസ്ഥയും ചർച്ച ചെയ്യപ്പെടേണ്ടത് തന്നെ. അത് നിലനിൽക്കെ തന്നെ മരണം പിന്നോട്ടെടുക്കാനാവാത്ത യാഥാർത്യമാണെന്ന ബോധ്യത്തിൽ നിന്നും വധശിക്ഷ നിർത്തലാക്കണം. തെറ്റൊന്നു ബോധ്യമായാൽ തിരുത്തനാവുന്നതായിരിക്കണം ശിക്ഷ . കുട്ടത്തെയാണ് നേരിടേണ്ടത്. കുറ്റവാളിയെ അല്ല. കുറ്റവാളിയെ സൃഷ്ടിക്കുന്നത് പ്രധാനമായും സാമൂഹ്യ സാഹചര്യങ്ങളാണ് എന്നാ മനുഷ്യത്തപരമായ മാർക്സിയൻ സങ്കൽപ്പത്തെ ഉൾക്കൊണ്ടുകൊണ്ട് വധശിക്ഷയുടെ പ്രയോഗത്തിൽ നിന്നു പിന്മാറാൻ ഇന്ത്യയും തയ്യാറാവണം.


അധഃസ്ഥിതരിൽ അധഃസ്ഥിതരായ
തോട്ടികൾക്കും സ്വപ്നങ്ങളും
ദാഹമോഹങ്ങളുമുണ്ട്.
തോട്ടിയുടെ മകൻ തോട്ടിയായിത്തന്നെ
ജീവിക്കണമെന്നുണ്ടോ?
അതൊരു ചോദ്യമാണ്!
തോട്ടിയുടെ മകൻ

SHIT...!

Bibin Dev
B A History

പ! പുല്ലേ....! ഷിറ്റ് എന്നു സിനിമയിൽ ജനസേവനത്തിന്റെ മിന്നുന്ന കാക്കിയിട്ട് നായകൻ നെടുനീള ഡയലോഗ് കാർക്കിച്ച് തുപ്പിയപ്പോൾ കോൾമയിർകൊണ്ട് അങ്ങനെ ഇരുപ്പിൽനിന്നെഴുന്നേറ്റ് വിസിലടിച്ച തലമുറയിൽപ്പെട്ട മാന്യവ്യക്തിത്വങ്ങളാണ് നാമെല്ലാം.

സിനിമയ്ക്ക് മുമ്പും ശേഷവും ഷിറ്റും അതിന്റെ മലയാളീകരണമായ തീട്ടവുമൊക്കെ കുലീനർക്ക് പൊതുമധ്യത്തിൽ പറയാൻ അറയ്ക്കുന്നവും ആഭാസർക്ക് നീട്ടിവിളിച്ച് രസിക്കാനുള്ള തെറിപ്പദമായും നമ്മുടെ ഇടയിൽ പ്രചരിക്കുന്നുണ്ട്.

നായകന് വില്ലനുനേരെ പ്രയോഗിക്കുന്ന, നാം അധികാമൊന്നും പറയാൻ ഇഷ്ടപ്പെടാത്ത തീട്ടമെന്ന പദത്തിന് എന്താണിത്ര പ്രശ്നമെന്ന് നാം ചിന്തിക്കാറുണ്ടോ....

ഭക്ഷണം സാംസ്കാരിക കുലീനതയുടെ അടയാളമായും അതിന്റെ ജൈവികമായ പരിണാമവ്യവസ്ഥയെ അഥാവ മലത്തെ അങ്ങെയറ്റം അറപ്പോടെയും കാണുന്ന കുലീനബോധത്തിനുടമകളാണ് നാം. തീട്ടക്കഥയും തീട്ടക്കേസുമൊക്കെ അടക്കം എത്ര പദങ്ങളെയാണ് നാം നമ്മുടെ എല്ലാവരുടേയും ഉള്ളിലുള്ള പദാർഥത്തിന്റെ പേരുവെച്ച് അശ്ലീല പദങ്ങളാക്കിമാറ്റിയത്.....തീട്ടക്കേസും തീട്ടക്കഥയുമൊക്കെയുള്ള സ്ഥിതിക്ക് അപ്പോൾപിന്നെ തീട്ടജാതിയും ഉണ്ടാവണമല്ലോ. തീർച്ചയായും ഉണ്ട്. സ്വാഭാവികമായും അത് തീട്ടംകോരുന്നവരാണ് തീട്ടജാതികളായി അവജ്ഞതയോടെ നാം മുഖംതിരിക്കുന്ന തോട്ടികൾ. തീട്ടമെന്നത് എത്രമേൽ നമ്മുടെ ശുദ്ധമനസ്സിന് അറപ്പുളവാക്കുന്നോ, അതേ അറപ്പും അവഗണനയും തോട്ടിപ്പണിയെടുക്കുന്ന മനുഷ്യജാതികളോടും നാം പ്രകടിപ്പിക്കുന്നു.

ഈ തീട്ടമെന്ന പദത്തിന് എന്താണിത്ര പ്രശ്നമെന്ന് നാം ചിന്തിക്കാറുണ്ടോ....?

തെരുവിലും കക്കൂസുകളിലും അടിഞ്ഞുകൂടന്ന മനുഷ്യവിസർജ്ജ്യം അസഹനീയമാകുമ്പോൾ തോട്ടികൾ നമുക്ക് അത്യാവശ്യമാണ് എന്നാൽ മാന്യമായി തൊഴിലെടുക്കുന്നുവെങ്കിൽപോലും തോട്ടികൾ തികഞ്ഞ അവഗണനയുടെ തുരുത്തിൽ ദുരിതജീവിതം തള്ളി നീക്കുന്നവരാണ്.

തന്റെ ജീവിതകാലം മുഴുവൻ തെരുവിലെ മലത്തോടൊപ്പം കിടന്ന് നരകിക്കുന്ന തോട്ടികൾക്ക് താരതമ്യേന ഉയർന്ന സമൂഹ്യ ജീവിതാവസ്ഥ ഇന്നുമൊരു സ്വപ്നം മാത്രമാണ്. അവരുടെ ജീവിത ദുരിതങ്ങളെപ്പറ്റി, സാമൂഹിക ബന്ധങ്ങളെപ്പറ്റി കുലീന മധ്യവർഗ്ഗമായ നമ്മുടെ സമൂഹം ചിന്തിക്കാറില്ല എന്നതാണ് വാസ്തവം.

വർഷങ്ങളോളം മലത്തോടൊപ്പമുള്ള ജോലി സമ്മാനിക്കുന്നത് കോളറയും ക്യാൻസറും അടക്കമുള്ള നിരവധി രോഗങ്ങളും അതിലുപരി വേദനാജനകം നമ്മുടെ സമൂഹം തോട്ടികളോട് കാണിക്കുന്ന അവജ്ഞതയാണ്.

ആർക്കും തോട്ടികളാവാൻ ഇഷ്ടമില്ല മലത്തോടൊപ്പം കിടന്ന് നരകിക്കാൻ ഒരു മനുഷ്യ ജീവിയും ആഗ്രഹിക്കുന്നില്ല. പിന്നെ എങ്ങിനെ തോട്ടികൾ സൃഷ്ടിക്കപ്പെടുന്നു?.

മനുഷ്യവിസർജ്ജ്യത്തേക്കാളേറെ മലീമസമായ , അകറ്റിനിർത്തേണ്ട ഒന്നുണ്ട് നമ്മുടെ സമൂഹത്തിൽ. അത് തീർച്ചയായും ഇന്ത്യയിലെ അപരിഷ്കൃത ജാതിവ്യവസ്ഥയാണ്. വർണാടിസ്ഥാനത്തിൽ മനുഷ്യരെ മേൽജാതിക്കാരായും കീഴ്ജാതിക്കാരായും വർഗ്ഗീകരിക്കുന്ന നീചമായ ഈ ഹൈന്ദവ സാമ്പ്രദായിക ജാതിവ്യവസ്ഥയുടെ വേരുകളിൽതന്നെയാണ് തോട്ടികളുടെ ജനനം. വ്യത്യസ്ത ജാതികൾക്കായി സംവരണം ചെയ്യപ്പെട്ട കുലകർമ്മം എന്നതിന്റെ അടിസ്ഥാനത്തിൽ തോട്ടിപ്പണി കുലത്തൊഴിലായി മാറ്റപ്പെട്ടവരാണ്. ഇന്ത്യയിലെ തോട്ടിത്തൊഴിലാളികൾ.

മനുഷ്യവിസർജ്ജ്യത്തേക്കാളേറെ മലീമസമായ, അകറ്റിനിർത്തേണ്ട ഒന്നുണ്ട് നമ്മുടെ സമൂഹത്തിൽ. അത് തീർച്ചയായും ഇന്ത്യയിലെ അപരിഷ്കൃത ജാതിവ്യവസ്ഥയാണ്.

പുരോഗമന, രാഷ്ട്രീയ ചിന്തകൾക്കപ്പുറം ശക്തമായി വേരുറപ്പിച്ച ജാതിവ്യവസ്ഥകൊണ്ടുമാത്രം തലമുറകളായി മോചനമില്ലാതെ, മറ്റൊരു തൊഴിലിന് അർഹരല്ലാതെ, മോശപ്പെട്ട ജീവിത സാഹചര്യത്തിൽ നരകിച്ച് ജീവിക്കാന് വിധിക്കപ്പെട്ടവരാണ്. കറപിടിച്ച ജാതിബോധം കൊണ്ടുനടക്കുന്ന സമൂഹത്തിന് തോട്ടികളും അവരുടെ തലമുറകളും മറ്റൊരു ജോലിയെടുക്കുന്നതും അന്തസായി ജീവിക്കുന്നതും അസഹനീയമാണ്. അദൃശ്യമായ അടിമത്തം തന്നെയാണ് തോട്ടികളുടേതെന്ന് പറയാൻ വയ്യ.

“അന്നുരാത്രി ചുടലമുത്തുവിന് ഉറക്കംവന്നില്ല. അവനും ഒരു തോട്ടിയാവാൻ പോവുകയാണ്. ആ ദിവസം ഉദിക്കുന്നതാണ്. ഒടുവിൽ ഒരു തോട്ടിയാകുമെന്ന് അവന് നേരത്തെ അറിയാമായിരുന്നു. ഇനിയും ജീവിതകാലമത്രയും അവൻ പാട്ടയും മമ്മട്ടിയുംകൊണ്ട് കഴിയണം”

-തോട്ടിയുടെ മകൻ-

ഇന്ത്യയിലെ തോട്ടിത്തൊഴിലാളികളിൽ 90 ശതമാനവും ദളിത് വിഭാഗത്തിൽപ്പെട്ടവരാണ്. ജാതി ശ്രേണിയിൽ ഏറ്റവും താഴെ നിലകൊള്ളുന്ന ഭംഗി, മെഹർ, ചുഹ്റ, ധനിക് തുടങ്ങിയ ജാതി വിഭാഗങ്ങളിൽപ്പെട്ടവരാണ് ഇന്ത്യയിൽ പരമ്പരാഗതമായി തോട്ടിപ്പണി എടുത്തുപോരുന്നത്. കൈയുറകൾ പോലുമില്ലാതെ മറ്റ് ക്രമീകരണങ്ങളൊന്നുമില്ലാത മലംകോരുന്ന, തെരുവുകൾ വൃത്തിയാക്കുന്ന തോട്ടികൾക്ക് നാമമാത്ര കൂലിമാത്രമാണ് ലഭിക്കുന്നത്. തൊഴിൽപരമായ എല്ലാ അവകാശങ്ങളും തോട്ടികൾക്ക് നിഷേധിക്കപ്പെട്ടവയാണ്.

അന്നുരാത്രി ചുടലമുത്തുവിന് ഉറക്കം വന്നില്ല. അവനും ഒരു തോട്ടിയാവാൻ പോവുകയാണ്.

ഏറെ പുരോഗമനമെന്ന് അഭിപ്രായപ്പെടാവുന്ന ഇന്ത്യൻ ഭരണഘടന മനുഷ്യൻ മനുഷ്യന്റെ മലം വാരുന്ന നീചമായ തൊഴിലിനെ നിയമംമൂലം നിരോധിച്ചിട്ടുണ്ട് എന്നാൽ ഭരണഘടനയുടെ അകത്തളങ്ങളിൽ ഒതുങ്ങിയല്ലാതെ പ്രയോജനമേതുമുണ്ടായില്ല. കക്ഷിരാഷ്ട്രീയങ്ങളുടെ വൈരുദ്ധ്യങ്ങൾക്കപ്പുറം സുസ്ഥാപിതമായി നിലകൊള്ളുന്ന ഇന്ത്യൻ ബ്രാഹ്മണ്യ ഭരണകൂടം തോട്ടിപ്പണി അവസാനിപ്പിക്കുന്നതിൽ വിട്ടുവീഴ്ച്ച ചെയ്തില്ല. ഭരണഘടന നിരോധിച്ച മലംവാരൽ ഭരണകുലം ഒരു തൊഴിലായി നിലനിർത്തുന്നു. ഇപ്പോഴും വികസനത്തിന്റെ തിളക്കമേറിയെന്നൂറ്റംകൊള്ളുന്ന നമ്മുടെ തെരുവോരങ്ങളെ മലംകോരി ശുചിയാക്കി തോട്ടികൾ അവരുടെ ഇരുണ്ട ജീവിത യാഥാർഥ്യങ്ങളിലേക്കിറങ്ങുന്നു.

തോട്ടിപ്പണിയെ പരസ്യമായി ന്യായീകരിച്ച വിദ്വാനാണ് ഇപ്പോൾ നമ്മെ ഭരിക്കുന്ന പ്രധാനമന്ത്രിയെന്ന് എത്രപേർക്കറിയാം?. നീചമായ ജാതിവ്യവസ്ഥയുടെ ഭാഗമായ തോട്ടിപ്പണിയെ കുലധർമ്മമായി കാണമെന്നുപറഞ്ഞ അദ്ദേഹം, പൂജാരി അമ്പലം ശുദ്ധീകരിക്കുന്നതുപോലെയാണ് തോട്ടി, മലം കോരുന്നതെന്നും അതവരുടെ ധർമ്മമാണെന്ന് ന്യായീകരിക്കുകയുണ്ടായി. ദൈവദത്തമായ തോട്ടിപ്പണി നൂറ്റാണ്ടുകളായി തുടരണമെന്ന് ആഹ്വാനം ചെയ്ത ആളാണ് അദ്ദേഹം. ഇന്ത്യയിലെ ജാതി ധർമ്മ സിദ്ധാന്തത്തിന്റെ അടിയുറച്ച ബോധമാണ് ഭരണസാരഥികളോപ്പോലും നയിക്കുന്നതെന്ന് വ്യക്തം. ആ വിദ്വാനാണ് സ്വച്ഛഭാരതംകൊണ്ട് ശുചീകരിക്കാൻ ഇറങ്ങുന്നത്, ഡിജിറ്റൽ ഇന്ത്യയിലൂടെ ഇന്ത്യയെ സാങ്കേതിക വികസനത്തിന്റെ തലപ്പത്ത് കയറ്റാൻ നടക്കുന്നത്. ഏകമത രാഷ്ട്രവും കോർപ്പറേറ്റുകളുടെ ഇന്ത്യയും ഫോക്കസ് ചെയ്യുന്ന അദ്ദേഹത്തിന്റെ സെൽഫികളിലൊന്നിലും തോട്ടികളടക്കമുള്ള അടിമതുല്ല്യരായി ജീവിക്കുന്ന യഥാർഥ ഇന്ത്യയുടെ പൗരജീവിതങ്ങൾ ഇടം പിടിക്കുന്നില്ല.

തിരസ്കൃത വിഭാഗമായ തോട്ടികളെയടക്കം അപമാനിക്കുന്നതാണ് പുതുതായി കൊണ്ടുവന്ന സ്വച്ഛഭാരത പദ്ധതി. ഒരു ഭാഗത്ത് ശുചീകരണം തോട്ടികളുടെ മാത്രം പണിയാണെന്നും അത് ജനിച്ച ജാതിയുടെ കുലധർമ്മമാണെന്നും കൊട്ടി ഘോഷിക്കുന്നവർ മറുഭാഗത്ത് ഇന്ത്യയുടെ തെരുവോരങ്ങളെ ശുചീകരിക്കാൻ പട്ടുകുപ്പായങ്ങളുമിട്ടിറങ്ങുന്നു.

ഭരണഘടന നിരോധിച്ച മലംവാരൽ ഭരണകുലം ഒരു തൊഴിലായി നിലനിർത്തുന്നു.

അത് വാർത്തയാക്കുന്നു. ഇന്ത്യയെ ശുചീകരിക്കാൻ കച്ചക്കെട്ടിയിറങ്ങുന്നവർ പുതിയ വികസന നായകർ, നാറുന്ന ഇന്ത്യൻ ജാതി മാലിന്യത്തെ അപമാനമേതുമില്ലാതെ ശിരസ്സിലേറ്റുന്നവരാണ്. അനുദിനം മോടി കൂട്ടുന്ന ഇന്ത്യൻ കോർപ്പറേറ്റുകളുടെ താൽപര്യം മാത്രമാണ് സ്വച്ഛഭാരത മിഷ നടക്കമുള്ളതെന്ന് നാം തിരിച്ചറിയണം.

എല്ലാ കാലത്തും ഇരകളെ നിരാകരിക്കാൻ പരിശ്രമിച്ച നമ്മുടെ കലയും സാഹിത്യവും തോട്ടികളുടെ ജീവതപ്രശ്നങ്ങളിലേക്കും വേണ്ടത്ര കണ്ണുകൊടുത്തിട്ടില്ല. മലയാള സാഹിത്യ കാരൻ തകഴിയുടെ തോട്ടിയുടെ മകൻ , മുൽക് രാജ് ആനന്ദിന്റെ *Untouchable* , അമുദന്റെ ഷിറ്റ് തുടങ്ങിയ പ്രയത്നങ്ങൾമാത്രമേ തോട്ടികളുടെ ജീവിതം സമൂഹത്തിനുമുന്നിൽ തുറന്നു കാണിച്ചിട്ടുള്ളു. തോട്ടികളുടെ അവകാശബോധമുണർത്തിയ പറഞ്ഞ ശക്തമായ സാമൂഹ്യ ഇട പെടലാണ് തകഴിയുടെ തോട്ടിയുടെ മകൻ . മോചനമില്ലാതെ ജാതിയമായ നിർബന്ധിത ജോലിയായി തോട്ടിപ്പണി മാറുന്നതെങ്ങനെയെന്നും തോട്ടികളുടെ ജീവിതാവ സ്ഥകളുടെ ഉയർച്ചപോലും അസഹനീയമായി കാണുന്ന സമൂഹത്തിന്റെ സവർണ്ണബോധവും തകഴി വരച്ചു കാട്ടുന്നു.

ഇന്ത്യയുടെ കെട്ടുകാഴ്ച്ചകളോടുള്ള അറപ്പുതന്നെയാണ് തോട്ടിപണിക്കാരുടെ ജീവിതം അഭ്രപാളികളിൽ എത്തിച്ച ഷിറ്റ് എന്ന ഡോക്യുമെന്ററിയോട് തോന്നയിട്ടുള്ളത്. തീട്ടം കോരുന്ന നിസഹായരായ മനുഷ്യരെകണ്ട് കണ്ണ് നിറയ്ക്കുകയല്ല, കോരുന്നതീട്ടംകണ്ട് മുഖം തിരിക്കുക യാണ് ബഹുഭൂരിപക്ഷം പ്രേക്ഷക സമൂഹം ചെയ്തിട്ടുള്ളത്. എങ്കിലും തോട്ടികളെന്ന വിഭാഗ ത്തിന്റെ നരക ജീവിതത്തെ നേർക്കാഴ്ച്ചയായി അവതരിപ്പിച്ച് ചർച്ചകളുടെ ഭാഗമാക്കാൻ അമൂ ദന് കഴിഞ്ഞു.

അദ്ദേഹത്തിന്റെ സെൽഫികളിലൊന്നിലും തോട്ടികളടക്കമുള്ള അടിമതുല്ല്യരായി ജീവിക്കുന്ന യഥാർഥ ഇന്ത്യയുടെ പൗരജീവിതങ്ങൾ ഇടം പിടിക്കുന്നില്ല.

നിനക്കായ്

ആര്യ പി
ബി എസ് സി മാത്തമാറ്റിക്സ്

നിന്നെ തിരഞ്ഞുഞാൻ
ഈ പഴയ കുന്നിൻചരുവിൽ
എന്റെ ക്യാമ്പസിന്റെ ഇടനാഴികളിൽ
ഒരിക്കലും മറക്കാത്ത
ക്ലാസ് മുറികളിൽ
ധ്യാനനിരതനാം എൻ
ബുദ്ധനുപിറകിൽ
എൻ കണ്ണിൽ പൂത്ത ഓരോ
സ്വപ്നവും നമുക്കായ്
വിടർന്ന നാൾ
ഓരോ മഴക്കാലവും എനിക്കായ്
നിനച്ചുഞാൻ
മിഴിനീരായി പൂക്കുന്ന
ഓരോ തുള്ളിയും നിനക്കായ്
കാത്തുനിന്നു ഞാൻ
നീറുന്നരോർമയായി
നിലാവുപോൽ നിന്മുഖം
മായാത്തൊരോർമയായി
എൻ ഹൃദയതാളമായി
പിന്നിട്ട വഴിയിൽ നീ
കൈവിട്ടുപോയോരെൻ
കൈകൾ ഞാൻ തിരയുന്നു
ഏകയായ് മൂകയായ്
ഞാനെന്ന രാഗം.

ഒരിക്കൽ...

ദിവ്യ ബി. കോം

ഒരിക്കൽ,
നീയെൻറെ പ്രണയമായിരുന്നു
ഈ കുന്നിൻ ചെരിവിൽ വച്ച്
എനിക്കു നഷ്ടമായൊരു
ചുവന്ന റോസാപൂവും...

നിൻറെ പ്രണയം നിഷേധിച്ചവേളയിൽ,
ഞാൻ സ്വയം നഷ്ടപ്പെട്ടതവിടെവച്ചായിരുന്നു.
ഒരിക്കലും സ്വന്തമാകില്ലെന്നറിഞ്ഞിട്ടും
നാം പങ്കിട്ട ഓരോ നിമിഷവും
അത്രമേൽ മധുരമുള്ളതും...

ഓർക്കുന്നുവോ
നീയന്നു കണ്ട സ്വപ്നങ്ങൾ
മഴയായ് പൊഴിഞ്ഞതും,
നനഞ്ഞോരെൻ
അരികിൽ വന്നതും
ഒരുമിച്ചിരുന്നതും
ഋതുക്കളോരോന്നും
നിമിഷങ്ങളായതും;
കരിമഷി പടർന്നതും
കണ്ണാടിച്ചില്ലയിൽ
കാണാതെ കണ്ടതും
പേടിച്ചരണ്ടതും
നിൻറെ മറയത്തൊളിച്ചതും
നീയും ഞാനും
മധുരമുള്ളോരു ചിത്രമായതും
എന്നുമൊരു നോവായ്
ഉള്ളിലൊളിപ്പിച്ചതും
തേങ്ങിക്കരഞ്ഞതും.

ഇനിയും ജന്മാന്തരങ്ങൾ
പറയാനുള്ളത് ബാക്കിവെച്ച്
നീ മറ്റൊരാളായതും.....

മുറിവേറ്റു വീണിട്ടും
വിധിയെന്നുറക്കെ
കരയാനായില്ലെനിക്കെങ്കിലും
പറയാതെ വയ്യ; നീ
എനിക്കത്രമേൽ
പ്രിയപ്പെട്ടതായിരുന്നു...

വ്യഥാ
നിനക്കേറ്റ മുറിപ്പാടുകളിൽ
എന്നും നിഴലായ് തെളിഞ്ഞതു
ഞാനായിരുന്നെങ്കിലും
അതിൽ പുരട്ടാനോരിത്തിരി
സ്നേഹം ബാക്കിയില്ലയെൻ
ഹൃദയത്തിലത്രമേൽ
നിന്നെ ഞാൻ
പ്രണയിച്ചിരുന്നു.

മറക്കുകില്ല മരിക്കുവോളം
മറക്കുകില്ല എൻ പാതിഹൃദയവും
പറിച്ചെടുത്തോരെൻ
കരളും...
പറയാൻ ബാക്കിവെച്ച
സ്വപ്നങ്ങളും...
അത്രമേൽ നിന്നെ ഞാൻ
പ്രണയിച്ചിരുന്നു...

മറക്കു നീ എന്നെയും
ഓർക്കാതിരിക്കു നാം കണ്ട
ഇന്നലെകളും...
അരുതു നീയൊരിക്കലും
തിരിഞ്ഞു നോക്കുവാൻ
ചിതൽ പിടിച്ചരോർമകൾക്കപ്പുറം
ചിരിച്ചു തള്ളുവാൻ
കഴിയണമത്രയും...
നേരാം
നമുക്കൊരുമിച്ചിനിയൊരിറ്റു
കണ്ണുനീരും; ശാന്തിമന്ത്രവും
പിന്നെയൊരു
ചുവന്ന റോസാപൂവും..

ഇലപൊഴിയും കാലവും കാത്ത്...

ഹരിപ്രസാദ് ഇ കെ
ബി എ ഇംഗ്ലീഷ്

ഇത് ഓർമകളുടെ ഭൂമികയാണ്. കാലത്തിനപ്പുറം ഈ പച്ചക്കുന്നിനെ പ്രണയിച്ചവരുടെ ഭൂമി. നാമറിയാതെ നമ്മിലലിഞ്ഞു ചേരുന്ന ഗുരുവായൂരപ്പൻ കോളേജ്. തെല്ലൊരു അമ്പരപ്പും അപരിചിതത്വവുമായി ആദ്യമായി കുന്നുകയറിയെത്തുന്നവരെ തന്നിലേക്കലിയിച്ചു ചേർക്കുന്ന എന്തോ ഒന്ന്! ഈ അനുഗ്രഹീത ഭൂവിലുണ്ട്. നനുത്ത മഞ്ഞു പൊഴിയുന്നതുപോലെ നമ്മുടെ ഹൃദയതന്ത്രികളെ തരളിതമാക്കുന്ന ഒരു മാസ്മരിക ശക്തി. അതൊരുപക്ഷേ വർണാഭമായ പട്ടുടുത്ത് സുന്ദരിയായ പ്രകൃതിയാവാം . ചാരുതയൊത്ത ശില്പങ്ങളാവാം, നമുക്ക് മുന്നേ നടന്നുപോയവർ ബാക്കിവച്ചു പോയ സ്വപ്നങ്ങളാവാം ..



ഓരോ പുലരിയിലും വായുവിൽ ഉറഞ്ഞുകിട്ടിയ തണുത്ത ജലകണങ്ങളെ തൊട്ടറിഞ്ഞ് പതിയെ നടന്നുകയറാൻ ഞാൻ ഏറെ ഇഷ്ടപ്പെട്ടിരുന്നു. ഗേറ്റ് കടന്ന് മുന്നിൽ നീണ്ടു കിടക്കുന്ന പാതയരുകിൽ ഏതോ അഗാധമായ സ്വപ്നത്തിലെന്ന പോലെ അവളിരിക്കുന്നു. സ്വർണ്ണ നിറമുള്ള വിളക്കിനു കീഴെ തുറന്നുവെച്ച പുസ്തകത്താളുകളെ പാതിയടഞ്ഞ മിഴികളാൽ നോക്കി, ചുണ്ടുകളിൽ ഗൂഢസ്മിതം നിറച്ച സുഹറ. ഇക്കാലമത്രയും എണ്ണമറ്റ പ്രണയാഭ്യർത്ഥനകൾ നിരസിചിട്ടുണ്ടാവണം അവൾ. ചിന്തകൾ ഖനീഭവിച്ച് ശിലയായെന്നപോലെ നമ്മെ വിസ്മയിപ്പിച്ച് അവളിന്നും പുസ്തകത്താളുകൾക്കപ്പുറം മറ്റെങ്ങോ മനസ്സുറപ്പിച്ച് ഇരിക്കുകയാണ്. ടാർ റോഡിനെ ഉപേക്ഷിച് കരിയിലകളും പചപ്പുല്ലുകളുമുള്ള കുന്നിന്റെ വഴിയെ നടക്കവേ മുകളിൽ നമ്മെ കൈവീശി സ്വാഗതമേകുന്ന അഭിവാദന ശിൽപം! കാലത്തിന്റെ പ്രഹരമേറ്റ് അടർന്നു തുടങ്ങിയ കൈവിരലുകൾക്കുമപ്പുറം കാലത്തിനും തൊടാനാവാത്ത പ്രസരിപ്പ് ആ കണ്ണുകളിൽ കാണാം......

അവസാനത്തെ ഗേറ്റും കടന്നെത്തുന്നത് കലാലയത്തിന്റെ ഹൃദയത്തിലേക്ക്. നനുത്ത മഴ പെയ്തുതോർന്ന പ്രഭാതത്തിൽ ബുദ്ധനു മുന്നിലൊന്നു നിൽക്കാം. ഇളം പുഞ്ചിരിയുമായി കണ്ണുകളടച്ച് നിതാന്ത ധ്യാനത്തിലമർന്നിരിക്കുന്ന ബുദ്ധൻ. ബോധിയെന്ന് ഞങ്ങൾ പേരിട്ടുവിളിക്കുന്ന മരത്തിന്റെ ഇലകളെ ഏറെ സ്നേഹത്തോടെ കാറ്റു വന്നു തൊടുമ്പോൾ ആ വിടവിലൂടെ അരിച്ചിറങ്ങുന്ന സൂര്യപ്രകാശം... രാവിലെ പെയ്ത മഴയുടെ ബാക്കിപത്രമെന്നപോലെ ഇലകളിൽ നിന്നുതിരുന്ന ജലകണങ്ങൾ ബുദ്ധന് ചുവട്ടിൽ വീണു ചിതറിപ്പോകുന്നത്, അവ പ്രകാശത്തിൽ വെട്ടിത്തിളങ്ങുന്നത് ! ബോധിമരച്ചുവട് പകർന്നു നൽകുന്നത് ബുദ്ധനെത്തന്നെയാണ്. എല്ലാമുണ്ടായിട്ടും ഒന്നും വേണ്ടാതെ , മുഴുവൻ ലോകത്തിന്റെയും സുഖം കാംക്ഷിച്ച് കൊട്ടാരം വിട്ടിറങ്ങിയ സിദ്ധാർത്ഥ രാജകുമാരന് ഗയയിലെ ബോധിമരച്ചുവട് നൽകിയ ദർശനവും പേറി , ഹൃദയം കൊണ്ടു ബുദ്ധൻ നമ്മോടു സംവദിക്കുന്നു.

നിറപ്പകിട്ടാർന്ന ഭൂമിയുടെ ഭാവഭേദങ്ങൾ ഒപ്പിയെടുത്ത കൈലാസത്തിലെ പുൽനാമ്പുകളെ തഴുകി ഇടയ്ക്കിടെ കുളിർക്കാറ്റ് വീശുന്നു. അപൂർവ്വം ചിലപ്പോൾ അസ്തമയാകാശം വരദാനമായി നൽകുന്ന ഒരു കാഴ്ചയുണ്ട്. പടിഞ്ഞാറെ ചക്രവാളസീമയിൽ സൂര്യബിംബം പതിയെ ചാഞ്ഞു തുടങ്ങവേ, ഉജ്ജ്വലമായ കുങ്കുമ വർണമേറ്റ് വെള്ളപ്പുൽ നാമ്പുകൾ അഗ്നിയെന്ന കണക്കെ ജ്വലിതമായ് നിൽകുന്ന കാഴ്ച ! ശിശിര സായന്തനങ്ങളിൽ ദൂരെ രജതരേഖ പോലെ പടിഞ്ഞാറൻ കടൽ. ഒറ്റയ്കും കൂട്ടമായും നീങ്ങുന്ന തോണികൾ... പച്ചപ്പുൽചെരിവുകളിൽ നിന്നും ഗാംഭീര്യത്തോടെ എത്തിനോക്കുന്ന കരിമ്പാറ കൂട്ടങ്ങളും ഒരു ചരുവിൽ നിത്യവസന്തമെന്ന കണക്കെ പൂത്തുനിൽക്കുന്ന മഞ്ഞപ്പൂമരം.. ജീവൻ നാമ്പിടാത്ത പാറയിൽ വേരുറപ്പിച്ചൊരു ആൽമരം അതിജീവനത്തിനായി പൊരുതുകയാണ്. ഇലകളത്രയും ഉണങ്ങിയില്ലെങ്കിലും താഴെ തുടുത്ത , ചുവന്ന തളിരിലകൾ , മാമ്പിടുന്ന ജീവന്റെ പ്രതീക്ഷയുടെ കാല്പനികമായൊരു കാഴ്ച സമ്മാനിക്കുന്നു ഈ കുന്നിൻ പുറം. ഇലകളത്രയും മഹാശാന്തിയുടെ ധവളിമയാർന്ന്! , അസ്തമയ സൂര്യന്റെ നിറമുള്ള ഒരു കുഞ്ഞുപൂവിനേയും വഹിച്ചൊരു ചെടിക്കൊട്ടമങ്ങനെ നിൽക്കുന്നു. ഇത്തിരിമാറി തലയെടുപ്പോടെയും ഏറെ വൈകാരികതയോടെയും കൈലാസത്തിന്റെ വധുവായ ഒറ്റമരം നിൽക്കുന്നു! ആ തണലിൽ ഒന്നു തലചായ്ച്ച് കിടക്കുവാൻ അങ്ങകലെയാ താഴ്വരയിൽ പൂത്തുനിൽകുന്ന ഗുൽമോഹറിന്റെ രക്തവർണ്ണം കാണുവാൻ എണ്ണമറ്റ സന്ദർശകർ ദിവസേന വന്നിരിക്കുന്നു! കുന്നിൻ പുറത്ത് കനിവിന്റെയും നിനവിന്റെയും മൂന്ന് വർഷങ്ങൾ ജീവിച്ചു തീർത്ത് വിങ്ങുന്ന ഹൃദയത്തോടെ ഒന്നിച്ചു കൂടിയതിവിടെ . ആ ചില്ലകളിൽ അവർ തൂക്കിയിട്ട പുസ്തകസഞ്ചികൾ വേർപാടിന്റെ സാന്ദ്ര മൗനം നിറഞ്ഞവയായിരുന്നു. എന്നിട്ടും അവൾ ഒറ്റമരമാണ്. ഏകാന്തതയെന്ന നിത്യസത്യം വിശ്രമം കൊള്ളുന്ന സ്മാരകം പോലെ ...

മുകളിലെ ആകാശം എന്നും വിസ്മയങ്ങൾ ഒളിപ്പിച്ചുവച്ചാവും കുന്നിനെ നോക്കി പുഞ്ചിരി പൊഴിക്കുന്നത്. വർണ്ണനാതീതമായ ആകാരങ്ങൾ പൂണ്ട് ഒഴുകി നീങ്ങുന്ന മേഘങ്ങളിൽ ഒരല്പം ഭാവന ചേർത്താൽ സുന്ദരചിത്രങ്ങൾ നെയ്തെടുക്കാം.

സമൃദ്ധമായ വെള്ളപ്പുൽപ്പടർപ്പ് തന്നെയാണ് വൈകുണ്ഡത്തെ അക്ഷരാർഥത്തിൽ പാൽക്കടലാക്കുന്നത്. ഒരു ചെറുകാറ്റ് തന്നെ മതി തിരമാല കണക്കെ അവ ഇളകിയാടാൻ . മേഘ ശകലങ്ങൾ ആകാശത്തെ കുങ്കുമപ്പൊട്ടിന്റെ മുന്നിലൂടെ നിഴൽ പോലെ കടന്നുപോകുന്ന അസുലഭ കാഴ്ചകൾ പലതും വൈകുണ്ഡം നമുക്ക് സമ്മാനിക്കും



കഥ പറയുന്ന ചുമരുകളുണ്ട് നമ്മുടെ ക ല ാ ല യ ത്ത ി ന്റെ സ്വകാര്യനിധിയെന്ന പോലെ സൗഹൃങ്ങലുടെയും പ്രണയത്തിന്റെയും കഥകൾ മാത്രമല്ല, സമരപതകളിലെ വിപ്ലവത്തിന്റെയും , ദേശീയതയുടെ വീറുറ്റ രണഭൂമികളുടെ ആഹ്വാനങ്ങളും പേറി അവ നിൽക്കുന്നു . കാലം പ്രണയത്തിന്റെയും വിരഹത്തിന്റെയും കാവ്യങ്ങൾ അടയാളപ്പെടുത്തിയ അനേകമനേകം തൂണുകളുണ്ട് ഫിസിക്സ് ബ്ലോക്കിന്റെ ഇടനാഴിയിൽ . ഏകാന്തമായ സായന്തനങ്ങളിൽ അതിലൂടെ നടന്നുനീങ്ങിയാൽ സ്വന്തം കാൽപ്പെരുമാറ്റത്തിന്റെ സംഗീതം കേൾക്കാം.

ഉച്ചതിരിഞ്ഞ വേളയിൽ കൈലാസത്തിലെ കുളിർക്കാറ്റിനെ നമുക്ക് ആസ്വദിക്കാനാവുന്ന മാത്സ് ഇക്കണോമിക്സ് ബ്ലോക്കിലെ വലിയ ക്ലാസ് മുറികൾ . കൈലാസത്തിലെ ദൂരക്കാഴ്ചകൾ സമ്മാനിക്കുന്ന പി ജി ബ്ലോക്കിലെ ഒരിക്കലും നിശബ്ദമാവാത്ത ക്ലാസ് മുറികൾ. തൊട്ടുരുമ്മി നിൽക്കുന്ന കോളേജ് കെട്ടിടങ്ങളോട് പരിഭവിച് തെല്ലകലെഒറ്റയ്ക്ക് ഇംഗ്ലിഷ് ഡിപ്പാർട്ട്മെന്റ് പക്ഷെ, കോളേജിന്റെ ജീവധാരയോടു ഒരിക്കലും പരിഭവം കാണിച്ചില്ല. ക്യാമ്പസ്സിലെ കലാപ്രതിഭകൾക്കും രാഷ്ട്രീയ വ്യക്തികൾക്കും എന്നും ഇടം നൽകിയ ചുവപ്പിൽ മനോഹരമായ ചിത്രങ്ങൾ ആലേഖനം ചെയ്ത ചിത്രം ഓപ്പൺ സ്റ്റേജ്

സൗഹൃദങ്ങൾ... ആകാശത്തിലെ പറവകൾപോലെ എങ്ങുനിന്നൊക്കെയോ പാറിവന്ന് ഈ വന്മരത്തിന്റെ ചില്ലകളിൽ കുറച്ച്കാലം ഒന്നിച്ചിരുന്ന് വീണ്ടുമേതൊക്കെയോ ലക്ഷ്യങ്ങളെ തേടി യാത്ര ചെയ്യേണ്ടവർ. മനസ്സ് പങ്കുവെച്ച് ഹൃദയം പങ്കുവെച്ച് സ്നേഹത്തിന്റെ പവിത്രമായ നൂലിഴകളാൽ നെയ്യപ്പെടുന്ന പട്ടുത്തുണിപോലെ യഥാർത്ഥ സൗഹൃദങ്ങൾ ഇവിലെ പിറവിയെടുക്കുന്നു. കാലത്തിന്റെ കയ്യൊപ്പ്
പോലെ എല്ലാത്തിനും ഗുരുവായൂരപ്പൻ കോളേജിന്റേതു മാത്രമായ സവിശേഷത യുണ്ട്

ബോധിമരച്ചുവട്ടിൽ ചുവന്ന ഇലകൾ കൊഴിയാൻ തുടങ്ങുന്ന ഒരു ശരത്കാലത്ത് ഒരു ജന്മത്തിന് മുഴുവനുമുള്ള സ്മരണകൾ ഇടനെഞ്ചോട് ചേർത്ത് പിടിച്ച് ഈ കലാലയത്തോട് യാത്ര പറഞ്ഞിറങ്ങാൻ വിധിക്കപ്പെട്ടവരാണ് നാം... അതിനുമുന്നെ എനിക്കിനിയും ആഴ്ന്നിറങ്ങണം.. ഏറെ പ്രിയമുള്ളയീ കോളേജിന്റെ ഓരോ തരി മണ്ണിലേക്കും...

സുബൈറ്

സുമേഷ് കാരാട്

സുബൈറ് നമ്മുടെ നാട്ടുകാരനാണ്.. തെക്കുംതലേലെ ഉത്സവത്തിന്റെ അന്ന് നല്ല ചെണ്ടമേളം കേട്ടുകൊണ്ടാണ് സുബൈറിനെ പെറ്റതെന്നാണ് അവന്റെ ഉമ്മ അവന്റെ ജനനത്തെക്കുറിച്ച് പറയുക. കാലമാറ്റത്തിൽ തെക്കുംതലേലെ ഉത്സവങ്ങൾക്ക് കൊടിയേറുന്നതുമുതൽ ചെണ്ടമേളമവസാനിക്കുന്നതുവരെ ആരൊക്കെയോ വീണ്ടും വീണ്ടും സുബൈറിനെ പിറന്നദിവസത്തെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കും. തെക്കുംതലേലെ ഉത്സവം കേളികേട്ടതാണ്. മൂന്നുദിവസംനീളുന്ന ഉത്സവത്തിന് നാട്ടിൽനിന്നും പുറംനാടുകളിൽ നിന്നും കൊട്ടുകാരെത്തും. തിറയാട്ടത്തോടൊപ്പം മേളത്തിന്റെ പാരമ്യം തീർക്കുന്ന ചെണ്ടമേളം കേൾക്കാൻ നാടോടിക്കൂടും.

ജൻമദിനവും ഉത്സവവും അടയാളം പറച്ചിലുമെല്ലാം സുബൈറിന്റെ വളർച്ചയിൽ തുടർച്ചക്കാരനായി. ജനനം ഒതുക്കിവക്കുന്ന രഹസ്യംപ്പോലെ അവന്റെ കാതുകളിലൂടെ കയറിയിറങ്ങിയിട്ടുള്ള ശബ്ദങ്ങളിൽ കാതുകളെ കൂടുതൽ കൂർപ്പിച്ചത് ചെണ്ടമേളങ്ങളായിരുന്നു. പ്രദേശത്തെ ഉത്സവപറമ്പുകളിൽനിന്നുയരുന്ന മേളങ്ങൾക്കായി സുബൈറ് ചെവിയോർക്കും. പത്രതാളുകൾക്കുള്ളിൽ പരതി ചെണ്ടമേളങ്ങളുടെ ചിത്രങ്ങൾ അവൻ ചികഞ്ഞെടുക്കും. ഫുട്ബോളു കളിക്കാരും ക്രിക്കറ്റ് കളിക്കാരും സിനിമാ താരങ്ങളും കൂട്ടുകാരുടെ ശേഖരത്തിൽ പ്രിയപ്പെട്ടവരായപ്പോൾ സുബൈറിന്റെ ചുവന്ന ചട്ടയുള്ള ശേഖരണ പുസ്തകത്തിൽ ചെണ്ടമേളകൾ നിറഞ്ഞു.

താളം പിടിക്കുന്ന രീതിയിൽ കൈകൾ നിലത്ത് തട്ടിക്കളിച്ചതിനുശേഷമാണ് സുബൈറ് കമിഴ്ന്ന് വീഴാൻ പോലും പഠിച്ചതെന്നാണ് സുബൈറിന്റെ മറ്റൊരു ജന്മരഹസ്യം. കാൽപാദങ്ങളേക്കാൾ സുബൈറിന്റെ കൈവെള്ളകൾക്കാണ് ആദ്യം ഉറപ്പുലഭിച്ചത്. വളർച്ചയുടെ ഓരോ ഘട്ടത്തിലും നടക്കുന്നതിനേക്കാൾ അവന് പ്രിയം കിട്ടുന്നിടത്തെല്ലാം കൈവെള്ളകൊണ്ടും വിരലുകൊണ്ടും ഉറക്കെ കൊട്ടിന് സമാനമായി അടിച്ചുപഠിക്കുക എന്നതായിരുന്നു. ഈ അത്ഭുതങ്ങളിൽ പലതും നാട്ടുകാരുൾപ്പെടെയുള്ളവർ കുറേ കാലങ്ങൾക്കുശേഷം ആലോചിച്ച് ചികഞ്ഞെടുത്ത് ചർച്ചചെയ്തവയാണ്.

രണ്ടുവയസ്സിൽ ഉമ്മയുടെ നെഞ്ചിൽ തലവച്ച് കിടക്കുമ്പോൾ കേട്ട നെഞ്ചിടിപ്പിന്റെ താളം ശ്രദ്ധിച്ച് ഉമ്മയുടെ നെഞ്ചിൽ സുബൈറും കൊട്ടിയിട്ടുണ്ട്. കിട്ടുന്ന സമയങ്ങളിലെല്ലാം സുബൈറ് വാതിലിലും പുസ്തകത്തിലും പാത്രങ്ങളിലുമെല്ലാം കൊട്ടിത്തുടങ്ങി. ഉറക്കെ കരയുന്ന സുബൈറിന് കരച്ചിൽ നിർത്താൻ കൊണ്ട് താളം കൊട്ടുന്നത് ഉമ്മയടക്കമുള്ളവരുടെ പതിവുശൈലിയായി. സുബൈറതുകണ്ട് ചിരിക്കും.

. ചെണ്ടമേളങ്ങൾ കേൾക്കുന്ന രാത്രികളിൽ സുബൈറ് ഉറങ്ങില്ല. കേൾക്കുന്ന താളത്തിനനുസരിച്ചവൻ വളരെ പതിയെ കട്ടിലിന്റെ തടിയിൽ കൊട്ടിനോക്കും. പതിഞ്ഞ താളത്തിൽ, ഉച്ചത്തിൽ, ചടുലതാളത്തിൽ അങ്ങിനെ അങ്ങിനെ. ഭക്ഷണം കഴിക്കുമ്പോൾ പാത്രത്തിൽ , ചായകുടിക്കുമ്പോൾ ഗ്ലാസിൽ നിലത്തിരിക്കുമ്പോൾ തറയിൽ പുസ്തകം വായിക്കുമ്പോൾ താളുകളിൽ.

സ്കൂളിലെ ഒഴിവുസമയങ്ങളിലെല്ലാം

സുബൈർ കൊട്ടും. അവന്റെ താളംകേൾക്കാൻ ആസ്വാദകരായവരെല്ലാം വട്ടംകൂടും. ഉണ്ടകണ്ണുകളുണ്ടായിരുന്ന അഞ്ജലിയാണ് സുബൈറിന്റെ വലിയ ആരാധിക. ജ്ജി ങ്ങനെ ങ്ങനെ കൊട്ടണെ സുബൈറെന്ന് അഞ്ജലി ചോദിക്കുമ്പോൾ ഈ മേശയ്ക്കൊരു ബൽബുണ്ടെന്നും അതിൽ തൊടുമ്പോൾ മാന്ത്രിക ശബ്ദംവരുമെന്നും അവൻ അഞ്ജലിയുടെ ചെവിലോതി. ക്ലാസ് സമയത്തുപോലും അവൻ മേശയുടേയും ബെഞ്ചിന്റെയും ആത്മാവിൽ പതിയെ സ്പർശിക്കും.

മൂന്നാംക്ലാസിൽ പഠിക്കുമ്പോഴാണ് സുബൈറിന് ദീർഘനേരം ചെണ്ടമേളം കാണാനുള്ള ഭാഗ്യമുണ്ടായത്. ഉത്സവം കാണണംന്ന് വാശിപ്പിടിച്ച് സുബൈറിനെ അയൽവാസിയോടും അവരുടെ മകൻ മിഥുവിനോടുമൊപ്പം പറഞ്ഞയച്ചു. മിഥുൻ മധുരപലഹാരങ്ങളും കളിപ്പാട്ടങ്ങളിലേക്കും ജിജ്ഞാസയോടെ നോക്കിനടന്നു. സുബൈറ് ചെണ്ടമേളക്കാരുടെ അടുത്തുനിന്ന് അനങ്ങിയില്ല. അവരുടെ താളവും മെയ്യനക്കവും അവയവങ്ങളുടെ വേഗതയും വേഷവും എല്ലാം നോക്കി ഇമവെട്ടാതെ അത്ഭുതത്തോടെ സുബൈറ് നോക്കിനിന്നു. ചെറിയ ശബ്ദമുണ്ടാക്കുന്നത് വളരെ വേഗത്തിൽ കൊട്ടുന്നത് ശബ്ദത്തിൽ കൊട്ടുന്നത് എല്ലാം സ്ലോമോഷൻ സിനിമപോലെ സുബൈറിന്റെ മനസ്സിലൂടെ നിരവധിതവണ കടന്നുപോയി...

നിനക്കെന്താ വേണ്ടത് ജിലേബി മതിയോ സുബൈറെ എന്ന അയൽവാസിയുടെ ചോദ്യത്തിന് അവൻ ചെണ്ടയിലേക്കാണ് ചൂണ്ടിക്കാട്ടിയത്...

കാര്യമറിയാതെ ഇനി മേളംകണ്ട് നിന്നാൽ വൈകും നിന്റെ ബാപ്പ ചീത്തപറയുമെന്നും പറഞ്ഞ് സുബൈറിന്റെ കൈപിടിച്ചവർ പാടവരമ്പിലൂടെ വീട്ടിലേക്ക് നടന്നു. സുബൈറിന്റെ മനസ്സ് ചെണ്ടയിൽ വരിയുന്ന കയറുപോലെ ഉത്സവപറമ്പിൽ വരിഞ്ഞുമുറുക്കപ്പെട്ടിരുന്നു. രാത്രി സുബൈറ് ചെണ്ടമേളക്കാരെപോലെ കുനിഞ്ഞു നിവർന്നും ചരിഞ്ഞുമെല്ലാം പതിയെ കട്ടിലിലിൽ കൊട്ടുന്നത് നിഴൽപാവക്കൂത്തുപോലെ രാത്രിയും ചുമരുകളും ജനൽവാതിലിലൂടെ നക്ഷത്രങ്ങളും നോക്കിയിരുന്നു.

സ്കൂളില്ലാത്ത ദിവസം പതിവിലും നേരത്തെ അയൽവക്കത്ത് കളിക്കാൻ പോയ സുബൈറിന്റെ കൈയ്യിൽ ചെറിയ മഴവില്ലാകൃതിയിലുള്ള രണ്ട് പേരക്കമരത്തിന്റെ കോലുകളുണ്ടായിരുന്നു. അലക്കുകല്ലിനരികിൽ വെറുതെ വച്ചിരുന്ന കരിങ്കല്ല് ആയാസപ്പെട്ട് ഉരുട്ടി എറയിൽകൊണ്ടെത്തിച്ചു. പിന്നെ ഹൃദയശസ്ത്രക്രിയചെയ്യുന്ന ഡോക്ടറുടെ കൂർമ്മതയോടെ അവൻ കല്ലിനോട് ചെവിചേർത്ത് വടി പതിയെ സ്പർശിച്ചു. രാവിലെ സുബ്ഹിന് ശേഷം സുബൈർ കൊട്ടുതുടങ്ങും. സ്കൂളിൽനിന്ന് മറ്റുള്ളവരേക്കാൾ വേഗത്തിൽ സുബൈർ വീട്ടിലെത്തും. ഓനെ ചെണ്ട പഠിപ്പിച്ചൂടെ..ഓൻ നല്ലോണം കോട്ടണുണ്ടല്ലോ ഇത്താ...

മലപ്പുറത്തുള്ള ചെറിയ ആങ്ങളയാണ് സുബൈറിന്റുമ്മയോട് ചോദിച്ചത്. കുറേക്കാലം നാടകവും സാമൂഹ്യപ്രവർത്തനവുമൊക്കെയായി സജീവമായിരുന്ന ആളാണ് സുബൈറിന്റെ മാമൻ. പിന്നീട് നാടുചുറ്റിയ കഥയൊക്കെ സുബൈറിന് ഉമ്മ പറഞ്ഞുനൽകിയിട്ടുണ്ട്.

ഓന് രാവിലേം വൈകുന്നേരോം ഇതെന്ന്യാപണി...എങ്ങെന്യാ ഇല്ല്യാണ്ടക്കാ തെക്കേപ്പാട്ടെ ഉത്സവത്തിന്റെന്നല്ലെ ഓനെ ഞാൻ പെറ്റത്....

അണക്ക് ചെണ്ട പഠിക്കണോ സുബൈറെ. അവന്റെ തോളിൽ സ്പർശിച്ചുകൊണ്ട് മാമൻ ചോദിച്ചു. കോലുകൾ രണ്ടുദിശയിൽവെച്ച് പല്ലിളിച്ച് അവൻ സന്തോഷം പ്രകടിപ്പിച്ചു.

ഉം മാമാ...

ന്നാ യ്യി ചാത്തനാശാന്റെ അടുത്തുപൊയ്ക്കോ. നീ സ്കൂളുവട്ടുവരണ

വഴിയില്ലെ പൊട്ടക്കെണെറിന്റെ അടുത്ത് കുറേ സീമക്കൊന്നയുള്ള വീട്...യ്യി ന്റെ പെങ്ങടെ മോനാന്ന് പറഞ്ഞാമതി...മൂപ്പര്ക്ക് മനസ്സിലാകും...

ചെണ്ടയുടെ തുകലിൽ കാലങ്ങളോളം കോലുരക്കുമ്പോൾ ഉണ്ടാവുന്ന വെള്ളനിറത്തിലുള്ള പഴമയുടെ തഴമ്പുപോലെ സുബൈറിന്റെ മുഖം പ്രകാശിച്ചു.

പെട്ടെന്ന് എല്ലാം പഠിച്ചെടുക്കുന്നുണ്ടെങ്കിലും ചിട്ടയോടെതന്നെയാണ് ആശാൻ സുബൈറിനെ കൊട്ടിച്ചത്. പേരക്കയുടെ കൊമ്പുകൊണ്ട് അവൻ കല്ലിൽ സ്പർശിച്ചപ്പോൾ മേളത്തിന്റെ ശിൽപങ്ങൾ ആശാന്റെ വീടുകളിലൂടെ പുറത്തേക്ക് ചിതറി.

തക തക തരിക

തത്ത തരിക......

ആദ്യമായി ചെണ്ടകൊട്ടിയ ദിവസം നവവധു വരനെ സ്പർശിക്കുന്നതുപോലെ ആദ്യം ചെണ്ടയുടെ തുകലിൽ സ്പർശിച്ചു. കൈകൊണ്ട് പതിയെ തലോടി. പിന്നെ കോലുകൊണ്ടുള്ള ഓരോ സ്പർശനത്തിൽനിന്നും ഉയരുന്ന ശബ്ദത്തിന്റെ കുമിളകളെ അപ്പൂപ്പനൻതാടികളെപ്പോലെ വായുവിലൂടെ ഉതി ഒഴുക്കി.

അടുത്തുള്ള ഉത്സവപറമ്പിലേക്കെല്ലാം ആശാൻ അവനെ കൊണ്ടുപോകും. ആശാനും കൊട്ടുകാർക്കും വേണ്ട സഹായമെല്ലാം ചെയ്തുകൊടുക്കലാണ് പ്രധാന ജോലി. ചെണ്ട എടുത്തുവയ്ക്കുക കയറ് മുറുക്കുക തുടങ്ങിയവ. പൊന്നുരുക്കുന്ന കൊല്ലന്റെ സൂക്ഷമതയോടെ ആശാൻ അവൻ ഓരോ ജോലിയും തീർക്കും. ആശാൻ മറ്റുകുട്ടികളെയൊന്നും പഠിപ്പിക്കുന്നത്

സുബൈർ കണ്ടിട്ടില്ല. സുബൈർ കാണുന്ന സമയത്തെല്ലാം ആശാൻ ചെണ്ടയ്ക്കരികിലുണ്ടാകും. ചിലപ്പോൾ ചെണ്ടയോട് സംസാരിക്കുകയാണോ എന്നുപോലും ആശാന് സുബൈറിന് തോന്നിയിട്ടുണ്ട്. തേക്കേപ്പാട്ടെ ഉത്സവത്തിന് കൊടിയേറി. ഉത്സവത്തിന്റെ ഒന്നാമത്തെ ദിവസം വെളുപ്പിന് ആശാന്റെ വീട്ടിലേക്ക് പോകുമ്പോഴാണ്. ഉപ്പ വീട്ടിൽ വരുമ്പോഴെല്ലാം വരാറുള്ള നല്ല അത്തറിന്റെ മണം പൂശിയ വെളുത്ത ഉടുപ്പിടുന്ന താടിക്കാരനൻ കാക്ക സുബൈറിന് എതിരെ വന്നത്.

യ്യി സൈതവീടെ മോനല്ലെ

ഉം...

ജ്ജിങ്ങെട്ടാ രാവിലെ

ആശാന്റെടുത്ത്...കിതച്ചുകൊണ്ട് സുബൈറ് മറുപടി നൽകി..

എതാശാന്റെടുത്ത്.....
ചാത്തനാശാന്റെടുത്ത് ചെണ്ട പഠിക്കാൻ.........
അതും പറഞ്ഞ് സുബൈറ് വേഗം നടന്നു....

അന്ന് വൈകുന്നേരം വീട്ടിലെത്തിയപ്പോൾ അടുക്കളയിൽ എന്തോ ജോലി ചെയ്തുകൊണ്ടിരുന്ന ഉമ്മ കോലായ്‌ലേക്ക് വന്ന് സുബൈറിനോട് പറഞ്ഞു

ബാപ്പ വിളിച്ചിരുന്നു.

എന്തേ....അന്നോട് വല്ല്യാപ്പേടെ വീട്ടിൽ പോയി നിന്ന് പഠിക്കാനാ ഉപ്പ പറഞ്ഞെ...

അതെന്തിനാ ഉമ്മ...

നിക്കറിയില്ല...ഉപ്പ വിളിക്കുമ്പോ ചോദിക്ക്....

ഞാൻ പോവൂല.....

അവൻ മുറിയിലേക്കുപോയി. പേരയ്ക്കാ കോലുകളെടുത്ത് കട്ടിലിൽ കൊട്ടിക്കൊണ്ടിരുന്നു.

ഉറക്കത്തിൽ അന്നവനൊരു സ്വപ്നം കണ്ടു. ബാപ്പ നക്ഷത്രങ്ങളിൽനിന്നിറങ്ങിവരുന്നു. മേഘങ്ങൾക്കുള്ളിൽനിന്ന് തിളങ്ങുന്ന ഒരു വലിയ ചെണ്ട ബാപ്പയുടെ കൈയ്യിലുണ്ട്.....ബാഗിൽനിന്ന് രണ്ട് സ്വർണ്ണ വടികളെടുത്ത് ബാപ്പ അതിൽ പരിചയ സമ്പന്നനായ മേളക്കാരനെപ്പോലെ കൊട്ടുന്നു.....പിന്നെ സുബൈറിനെ വിളിച്ച് കൈയ്യിൽ കോലുകൊടുത്ത് കൈ ചേർത്ത്പ്പിടിച്ച് കൊട്ടിപ്പിക്കുന്നു.

കിക്കം തക തരകം
തരികിട തക തരകം
തകതരക തക്കതരികിട
നഗഡ് തരികിടതക തരക.....

ബാപ്പയങ്ങനെ കൊട്ടി കൊട്ടി സുബൈറിനെയുറക്കി.

രാവിലെ ആശാന്റെ വീട്ടിലേക്ക്പോകുമ്പോൾ തലേ ദിവസം കണ്ട ബാപ്പയുടെ കൂട്ടുകാരൻ വീണ്ടും അവനെ കണ്ടു. അയാൾ പരുക്കൻ കൈകകൾകൊണ്ട് സുബൈറിനെ പിടിച്ചുവെച്ച്. നിക്ക് ചെണ്ട പഠിക്കാൻ പോണംന്നും പറഞ്ഞ് സുബൈർ കൈയിൽനിന്ന് കുതറി ഓടി.

അന്ന് ഉത്സവത്തിന്റെ രണ്ടാംദിനമായിരുന്നു. ആശാനും കൂട്ടരും കൊട്ടിത്തിമിർക്കുകയാണ്. തൊട്ടപിന്നിൽതന്നെനിന്ന് ആശാന്റെയും കൂട്ടരുടേയും പെരുക്കൽ ആസ്വദിക്കുകയാണ് സുബൈറ്. ആശാൻ കൊട്ടുന്ന മേളത്തിനനുസരിച്ചാണ് അവിടെ ആളുകൾ നടക്കുന്നതും സംസാരിക്കുന്നതും ഇലകൾ അനങ്ങുന്നതുമെല്ലാമെന്ന് സുബൈറ് കണ്ടെത്തി. ആദ്യ തിറകഴിഞ്ഞപ്പോ ആശാൻ സുബൈറിനെ അടുത്തുവിളിച്ചു.

ഇനി യ്യി കുറച്ചുനേരം കൊട്ട്.

ആശാൻ ചെണ്ട സുബൈറിന്റെ തോളിലേക്ക് വ

ഒട്ടും അമാന്തിക്കാതെ സുബൈറ് കോലുവാങ്ങി ഒരു ഗർഭിണിയെ അനുസ്മരിപ്പിക്കുംപപേലെ ചെണ്ടയെ നെഞ്ചിന് താഴെ താങ്ങി കൊട്ടി. കുനിഞ്ഞ ം നിവർന്നും ചരിഞ്ഞുമവൻ കൊട്ടി. കൊട്ടിനിടയിൽ ആശാൻ അവനെ നോക്കി ചിരിച്ചു....

അന്ന മടക്കയാത്രയിൽ ആശാൻ അവന് രൂപ കൊടുത്തു കൈയ്യിൽവെച്ചോ നാളെയും വാ...നീ നല്ലോണം കൊട്ടി...

നിക്ക് പൈസവേണ്ടാശാനെ കോട്ട്യാമതി

നീ വെച്ചോ. നിനക്കൊരു ചെണ്ട വാങ്ങേണ്ടെ. നീ വല്ല്യ മേളക്കാരനാവും അക്കാര്യത്തിൽ നിക്ക് സംശയല്ല്യ. അതും പറഞ ആശാൻ പൈസ അവന്റെ കീശയിൽ തിരുകി. അവൻ സന്തോഷത്തോടെ മുന്നോട്ടുനടന്നു. പി അവൻ നടക്കുകയായിരുന്നില്ല ആശാന്റെ വാക്കുകൾ അവനെ ആകാശത്തിലൂടെ അപ്പൂപ്പൻതാടിയെപ്പോലെ പറത്തുകയായിരുന്നു. ഉത്സവ പറമ്പിന്റെ താഴെവെച്ച് രണ്ടുപേർ സുബൈറിനെ മുന്നിൽ വന്നു നിന്ന് ചിരിച്ചു...

നീയല്ലേ ഇന്ന് കൊട്ടിയത്.....

അതെ....

ഉ ം നല്ല കൊട്ടാണല്ലോ നീ കൊട്ടുന്നത്.......നിന്റെ പേരെന്താ...

സുബൈറ്...പി.പി സുബൈറ്..

സുബൈറോ...

ബാപ്പാന്റെ പേരോ...

സൈതലവി.....

ഇതുപറഞ്ഞവൻ ചിരിച്ച് ഇടവഴിയിൽ തൂങ്ങിനിൽക്കുന്ന ചെടികളിൽ സ്പർശിച്ച് കൈകൊണ്ട് തട്ടി മുന്നോട്ടോക്കോടി. അവന്റെ കൈകൾ ചെണ്ടക്കോലുകളായി വഴിയരികിലെ ചെടികൾക്ക് വസന്തം നൽകികൊണ്ടിരുന്നു.

അന്ന് വീട്ടിലെത്തിയപ്പോൾ രാവിലെ കൈക്ക് കയറിപിടിച്ചയാളും കൂടെ മറ്റ് നാലുപേരുമുണ്ടായിരുന്നു. പലപ്പോഴും പള്ളിയിലും മറ്റും കണ്ടിട്ടുള്ളവർ.

സുബൈറെ ഇജ്ജി എവിടെന്നാണ്ടാ വരണെ.. കൂട്ടത്തിൽ പ്രായം ചെന്നയാൾ ചോദിച്ചു...

ഉത്സവം കഴിഞ്ഞ്... ഞാനിന്ന് ചെണ്ടകൊട്ടി അവൻ അഭിമാനത്തോടെ പറഞ്ഞു.

ചെണ്ടകൊട്ടുകയോ..ഉത്സവമോ....സുബൈറെ ഇതൊന്നും നമ്മൾക്ക് പറ്റില്ല. ഇന്നത്തോടെ



നിർത്ത്യേക്ക്. നിന്റെ ബാപ്പാനെ ഞമ്മള് വിളിച്ചിട്ടുണ്ട്.

ഇവരെന്തിനാണ് ചെണ്ട പഠിക്കേണ്ടെന്ന് പറയുന്നതെന്ന് സുബൈറിന് മനസ്സിലായില്ല...ഒരുപാട് ഇരുന്നൂറുരൂപകൾ ചേർന്നതും തന്റെ കുഞ്ചിയിൽ സൂക്ഷിച്ച പൈസയും ചേർത്ത് ഒരു ചെണ്ട വാങ്ങുന്നതിനെക്കുറിച്ച് ഓർക്കുന്നതിനിടയിൽ സുബൈറ് അവരുടെ വാക്കുകൾ ശ്രദ്ധിച്ചില്ല.

നീ ദഫ് പഠിച്ചോ, കോൽക്കളി പഠിച്ചോ അതൊക്കെ നമ്മുടെ ദീനിന് ചേർന്നതാ.

ഡാ...

നിക്ക് ചെണ്ട പഠിച്ചാമതി......അതൊന്നും പഠിക്കേണ്ട...

യ്യി പറയണെ കേട്ടോ.....അണക്കും അന്റെ കുടുംബത്തിനും ഈ സമുദായത്തിൽ ജീവിക്കാനുള്ളതാണ്. യ്യി കാഫിറാവണ്ട.

അവരുപോയ ഉടനെ ഉപ്പ വിളിച്ച് സുബൈറിനെ ചീത്ത വിളിച്ചു. പിന്നെ ഉമ്മയോടും ഉമ്മ സംസാരിച്ചു. ഒടുവിൽ ഉമ്മ കരയുന്നത് സുബൈറ് കണ്ടു.

ഇതിനുമാത്രം എന്താണ് സംഭവിച്ചതെന്ന് എത്ര ആലോചിച്ചിട്ടും സുബൈറിന് മനസ്സിലായില്ല. ോ

ഇതൊന്നും നമ്മുടെ സമുദായത്തിന് പറ്റൂല സുബൈറെ. ഇതൊക്കെ വേറെ സമുദായക്കാരുടെ കാര്യങ്ങളാ. ഇതൊക്കെ ചെയ്താൽ പടച്ചോൻ കോപിക്കും. ഇയ്യ് ഇനി ചെണ്ട പഠിക്കാനൊന്നും പോണ്ട. അവര് നിന്നെ സമ്മതിക്കൂല. ബാപ്പാക്കും നമ്മുടെ കുടുംബത്തിനുമാണ് അതിന്റെ കേട്.

പിറ്റേന്ന് രാവിലെ സുബൈറിനെ ആശാന്റെടുത്തേക്ക് ഉമ്മ വിട്ടില്ല. സ്കൂൾ വിട്ട് വരുന്ന വഴി അവൻ ആശാനെ തിരഞ്ഞ് ഉത്സവ പറമ്പിലെത്തി.

മേളക്കാരുടെ അടുത്തേക്ക് കടക്കുന്നതിന് മുമ്പ് രണ്ടാളുകൾ സുബൈറിനെ തടഞ്ഞു.

നിൽക്കവിടെ...ഇവിടെ കടക്കരുത്....ഇറങ്ങിപ്പോടാ.

അവർ സുബൈറിന് മുന്നിൽ നിന്നു. അവരുടെ കൈകൾക്കിടയിലൂടെ ആശാൻ പെരുക്കുന്ന കാഴ്ച്ച കണ്ട സുബൈറ് കൈകകൾക്കിടയിലൂടെ അപ്പുറത്ത് കടക്കാൻ ശ്രമിച്ചു.

നിനക്കെന്താടാ പറഞ്ഞാ മനസ്സിലാവില്ലെ....

കൂട്ടത്തിലൊരാൾ സുബൈറിന്റെ കൈ പിടിച്ചുവച്ചു.

സുബൈറ് അയാളുടെ കൈകളിൽ കിടന്ന് കരയിലകപ്പെട്ട മത്സ്യത്തെപ്പോലെ ചിറകടിച്ച് പിടഞ്ഞു..

നായിന്റെ മോനെ ഇനി ഇങ്ങട്ട് വരരുത്.



ചെണ്ടയൊന്നും
നിന്നെപ്പോലെയുള്ളവർക്കുള്ളതല്ല.
നീയൊക്കെയന്ന ചെണ്ടക്കുള്ളിൽ ബോംബുമായി
കയറിവരുന്നതെന്നറിയില്ല. ആശാന്റെ
അടുത്തേക്കെത്താൻ കഴിയാഞ്ഞതിൽ സുബൈറിന്
സുബൈറിന് കരച്ചിലുവന്നു. തിരിച്ചുപോകുമ്പോൾ
അവര് തടഞ്ഞതെന്തിനാണെന്നൊന്നും
സുബൈറിന് മനസ്സിലായില്ല. വീട്ടിൽ വന്നവരും
ഇവരും ഒരു കാര്യം തന്നെയാണ്
പറഞ്ഞതെന്നുമാത്രമാണ് അവന് മനസ്സിലായത്.
എത്താന്ന് പറഞ്ഞിട്ട് എത്താഞ്ഞതിനാൽ ആശാൻ
വിഷമിക്കുമെന്ന് അവന്റെ മനസ്സ്
പറഞ്ഞുകൊണ്ടിരുന്നു.

വീട്ടിലെത്തിയപ്പോൾ തലേദിവസം വന്ന
ആളുകൾ അവിടെയുണ്ടായിരുന്നു. ഇയ്യി ഇന്നും
അവിടെ പ്പോയെ ഹമ്മ്ക്കെ. കൂട്ടത്തിലൊരാൾ
സുബൈറിനെ പിടിച്ച് ചുഴറ്റി. ഉമ്മ ഓടിവന്ന്
സുബൈറിനെ അയാളുടെ കൈയ്യിൽനിന്ന് വാങ്ങി
നെഞ്ചോട് ചേർത്തു.

ങ്ങള് പൊയ്ക്കോളി...ഓന് ഇനി കൊട്ടാൻ
പോവൂല. ഞാൻ പറയ ഓനോട്...അനിയത്തി
പേടിച്ച് തൂണിന് പിറകിൽ മാറിനിന്ന് ഉറക്കെ
കരഞ്ഞു. എല്ലാവരെയും തുറിച്ചുനോക്കികൊണ്ട്
പിറുപിറുത്തുകൊണ്ട് അവർ ഇറങ്ങിപ്പോയി.

മുറിയിലെത്തിയപ്പോൾ അവന്റെ
കോലുകളും കൊട്ടുകല്ലും അപ്രത്യക്ഷമായിരുന്നു.
രാത്രി ഉറങ്ങുമ്പോൾ കൊട്ടാനായി വെമ്പി വിറച്ച
അവന്റെ വിരലുകൾ പുതപ്പിനുള്ളിൽ
അമർത്തിപ്പിടിച്ചിരുന്നു.

സ്കൂളിലേക്ക് പോവുന്ന വഴികളിലെല്ലാം
ആറിയുന്നവരും അറിയാത്തവരുമെല്ലാം
തന്നെയാണ് നോക്കുന്നതെന്ന് സുബൈറിന്
മനസ്സിലായി. അതിലാരുടെയും മുഖത്ത് ചിരിയില്ല.
സുബൈറെ ജ്ജിന്താ കൊട്ടാത്തെ.
കൊട്ട് സുബൈറെ...
ബാക്കി കുട്ടികളും പിന്നാലെക്കൂടി...
സുബൈറിന്റെ വിരലുകൾ വിറച്ചു...സ്കൂൾ
വിട്ടപ്പോൾ സുബൈറ് വീട്ടിലേക്കോടി...

അന്ന് രാത്രി സുബൈറ് കല്ലിൽ കൊട്ടി.
നക്ഷത്രങ്ങളും ആകാശവുമെല്ലാം താഴോട്ടിറങ്ങി
സുബൈറിന് ചുറ്റുംകൂടിയിരുന്ന് ആസ്വദിച്ചു. ഒരു
നക്ഷത്രത്തിന്റെ ഒററ്റം അടർന്ന്വീണ്
സുബൈറിനെ മലക്കിനെപോലെ പ്രകാശിപ്പിച്ചു.
എത്ര അടച്ചുവച്ചിട്ടും ആരുടെയൊക്കയോ
ചെവിയേയും തുളച്ച് ചെണ്ടമേളം യാത്ര
തുടർന്നുകൊണ്ടിരുന്നു.

അതേയ്... നീ കന്യകയാണൊ?

നീ കന്യകനാണൊ?

കന്യകനൊ?

അയ്യേ

അങ്ങനെയൊന്നില്ലല്ലൊ?

നാ

'ഇങ്ങനെ'യൊന്നും

വേണ്ടാട്ടോ...

CHASITY

Amrutha P
BA English



Heavenly purest drop of tear,
fell from the eye of so-called “slut”.
Her fortune of dream was fear.
Path of fate, not her fault.

Why the world?
Why the inhumane named her prostitute?
Her fate was curled,
to make a decision, life in destitute.

Chastity of a prostitute’s dream
sea of tears of joyful pain.

Her heart a divine temple,
even the devil failed to make foot-step
Why her thoughts so humble?
No chance for a menial hope.

Born to be a woman,
exploited by many a demon.
The only truth is death,
you may take a deep breath.

ഇനി നമുക്കുയുർത്താം
പുതിയൊരാകാശം
പുതിയൊരു ഭൂമി

നിധിൻ വി എൻ
എം എ മലയാളം

ലിംഗ സമത്വത്തെക്കുറിച്ച് കേരളത്തിലെ ക്യാമ്പസ്സുകൾ ഏറ്റവുമധികം സംസാരിച്ച വർഷമായിരുന്നു ഇത്. ആൺ-പെൺ സൗഹൃദങ്ങളെ ലൈംഗിക പരിവേഷത്തോടെ മാത്രം കാണുന്ന ഒരു സമൂഹത്തോടുള്ള എതിർപ്പിന്റെ / പ്രതിഷേധത്തിന്റെ ഭാഷയായി ചുംബനസമരം മാറിയ അന്നുമുതൽ മതവർഗ്ഗീയ വാദികൾക്ക് ഇരിക്കപ്പൊറുതി ഇല്ലാതായി. സ്ത്രീ പുരുഷന്റെ സ്വതന്ത്ര സ്വത്തായി കാണുന്ന ഒരു സമൂഹം മതത്തിന്റെ കൂട്ടുപിടിച്ച് കരിച്ചുകളയാൻ ശ്രമിച്ചത് നാളെയുടെ പുതുനാമ്പുകളെയായിരുന്നു. രശ്മിയുടേയും പശുപാലന്റേയും പേരുകളിൽ ക്വിസ് ഓഫ് പ്രവർത്തകരെ മൊത്തം വേട്ടയാടാൻ തുടങ്ങിയതും സമൂഹ കാഴ്ച്ചയുടെ ദൗർബല്ല്യമല്ലാതെന്തായിരുന്നു?

നിങ്ങളെന്തിനാണ് ആൺപെൺ സൗഹൃദങ്ങളെ ഭയക്കുന്നത്?.

നിങ്ങളെന്തിനാണ് ആൺപെൺ സൗഹൃദങ്ങള ഭയക്കുന്നത്?. സ്ത്രീ ശാക്തീകരണം പുരുഷാധിപത്യ ലോകത്തിനേറ്റ മുറിവാകുന്നതെങ്ങനെയാണ്?. പകലുകളും രാത്രികളും ഭൂമിയും ആകാശവും എല്ലാം എല്ലാവരുടേതുമാണ്. ഭൂമിയുടെ അവകാശികൾ എല്ലാവരുമാവുമ്പോൾ എന്തുകൊണ്ടാണ് രാത്രി സമയങ്ങളിൽ പൊതുയിടങ്ങളിൽനിന്ന് സ്ത്രീയെ മാത്രമായി വിലക്കുന്നത്?. കഴിഞ്ഞ നൂറ്റാണ്ട് മൊത്തം നാം കണ്ടത് കേട്ടത് സംസാരിച്ചത് പഠിച്ചത് എല്ലാമെല്ലാം പുരുഷാധിപത്യസമൂഹത്തിന്റെ ഭാഷയിലൂടെയാണ്. ഇനിയെങ്കിലും അതിനൊരു അയവ് വരുത്തിയാലെന്താ?ആവശ്യത്തിനും അനാവശ്യത്തിനും മതധർമ്മങ്ങൾ പറയുന്നവർ ഒന്നോർക്കം, ശിവൻ തന്റെ പാതിതന്നെയാണ് പാർവ്വതിക്ക് നൽകിയത്. ഇന്നിന്റെ ഭാഷയിൽ പറഞ്ഞാല് ലിംഗ സമത്വത്തിന്റെ ആദ്യമാതൃക. കാലത്തിനനുസരിച്ച് ഏത് മാതൃകയും പൊളിച്ചെഴുത്തിന് വിധേയമാക്കേണ്ടതാണ്. അതൊരിക്കലും സമത്വത്തിന്റെ കാര്യത്തിലാവരുത്. മറ്റൊരാളുടെ അവകാശങ്ങളിൽ കൈ കടത്താൻ നമ്മുടെ ഭരണഘടനപോലും അനുവദിക്കാതിരുന്നിട്ടും മതത്തിന്റെ പേരുപറഞ്ഞ് നാം നിരന്തരം അന്യരിലേക്ക് പ്രവേശിക്കുന്നു.

അവിടെ തടവിന് വിധിക്കപ്പെടുന്നതാവട്ടെ ദളിതരും കുട്ടികളും വൃദ്ധരും സ്ത്രീകളുമാണ് ഇതെന്തുകൊണ്ടാണ്?. പുരുഷാധിപത്യ ലോകം ഭയത്തിലേക്കാണ് പിറന്നുവീഴുന്നത്. തന്റെ അധികാരം നഷ്ടമാവുമോ എന്ന ഭയത്തിൽ നിന്നാണ് അവന്റെ എതിർപ്പുകൾ ആരംഭിക്കുന്നത്. അവൻ പോരാടുന്നത് അവനോടുതന്നെയാവുന്നു. നഷ്ടങ്ങളുടെ കുരുക്ഷേത്ര ഭൂമിയാണ് അവസാനം ലഭിക്കുന്നത്. നമുക്ക് എന്തുകൊണ്ട് ചേർന്നുനിന്നുകൂടാ? അധികാരങ്ങൾ തുല്ല്യമായി വീതിച്ചുകൂടാ?. ഇവിടെ വിലങ്ങുതടിയാവുന്നത് ഞാനെന്ന ഭാവമാണ് അത് ഉപേക്ഷിക്കുക. അത് ഉപേക്ഷിക്കാത്ത സമൂഹത്തോട് ഞങ്ങൾക്ക് നിരന്തരം കലഹിക്കേണ്ടിവരും. ആ മൂഖങ്ങളെ ക്വിസ് ഓഫ് ലൗ എന്നോ ദിനു എന്നോ നിങ്ങൾക്ക് വിളിക്കാം. നിങ്ങൾക്ക് മതമൗലികവാദിയുടെ, ആദർശ ധീരതയുടെ, അസന്മാർഗിക വസ്ത്രമണിഞ്ഞ് ഞങ്ങളെ തുരത്താം നന്മയുടെ പക്ഷത്താവും വിജയമെന്നതുകൊണ്ട് ഞങ്ങൾ വിജയിക്കുകതന്നെ ചെയ്യും.

GENDER INEQUALITY

ഇനിയുള്ള കാലവും നമ്മള് പാടാതിരുന്നാൽ നാടിന്റെ നട്ടെല്ല് പൊട്ടി നമ്മള് ചാവും എന്ന നാടൻ പാട്ട് നമ്മളോർക്കുന്നത് നല്ലതായിരിക്കുമെന്ന് ഈയവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. രാത്രിയുടെ മറവിൽ ഹോസ്റ്റലിലേക്ക് പോകുന്ന പെൺകുട്ടികളുടെ കൈയ്യിൽ കയറി പിടിക്കാനും സ്വയംഭോഗം ചെയ്ത് പ്രദർശിപ്പിക്കാനുമെല്ലാം കഴിയുന്നത് ചിലരെല്ലാം അവരെ സപ്പോർട്ട് ചെയ്യാനുണ്ടെന്ന ബോധ്യത്തിൽനിന്നാണ്. പരാതി കെട്ടിച്ചമച്ചതാണെന്നും (ഫാറൂഖ് കോളേജിൽ ഉയർന്ന അതേ വാദം) എന്നും ആരോപിച്ച് എം.എസ്.എഫ് പ്രമേയം അംഗീകരിച്ച സെനറ്റ് എല്ലാ നിയമങ്ങളേയും ലംഘിച്ച് പരാതി നൽകിയ പെൺക്കുട്ടികളുടെ പേരുവിരങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. ഇതിനെതിരെ നാം പ്രതികരിക്കേണ്ടതാണ്.

GSCASH (ജെൻഡർ സെൻസിറ്റൈസേഷൻ കമ്മറ്റി എഗൈൻസ്റ്റ് സെക്ഷ്വൽ ഹറാസ്മെന്റ്) 1999-ൽ ജെ.എൻ.യു വിൽ നിലവിൽവന്നു. ഇന്ന് ഇന്ത്യയിലെ കൊള്ളാവുന്ന എല്ലാ സർവ്വകലാശാലയിലും GSCASH ഉണ്ട്. ശാരീരികമായി പീഡനം മാത്രമല്ല അശ്ലീലചുവയുള്ള വാക്കോ നോട്ടമോ പോലും ചോദ്യം ചെയ്യാൻ കഴിയുന്ന, സ്വയം നിർണ്ണയാവകാശമുള്ള ഒരു കമ്മറ്റിയാണിത്. നിർഭാഗ്യവശാൽ കേരളത്തിലെ ഒരു സർവ്വകലാശാലയിലും ഇത്തരമൊരു കമ്മറ്റിയില്ല. അതെന്തുകൊണ്ടാണ്?. അധ്യാപകരിൽനിന്നും വിദ്യാർഥികളിൽനിന്നും അനുഭവിക്കേണ്ടിവരുന്നത് അരോടാണ് പറയേണ്ടത്?. പരാതിക്കാരെ പരസ്യപ്പെടുത്തി കുറ്റവാളികളെ സംരക്ഷിക്കുന്ന സ്ത്രീവിരുദ്ധ സെനറ്റംഗങ്ങളുടെ പക്ഷം ഏതാണെന്ന് മനസ്സിലായില്ലേ?. ഈ സംഭവങ്ങളുമായി വായിച്ചുനോക്കുമ്പോൾ നമ്മുടെ സമൂഹത്തിന്റെ യാത്ര എവിടേക്കാണെന്ന് നമുക്ക് മനസ്സിലാവും. ഈ ഭൂമി എല്ലാവരുടേതുമാണ് നമ്മളെല്ലാം അതിന്റെ അവകാശികളുമാണ്. അത്തരമൊരു അവകാശവും ഭൂമിയുമാണ് നമുക്കാവശ്യം. ലിംഗ സമത്വത്തെക്കുറിച്ച് സംസാരിക്കേണ്ടത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നാവണം. ഇന്നിന്റെ കറകൾ പകർത്തിവെയ്ക്കാം നാളേകൾ നമുക്കാവശ്യമില്ല. അതുകൊണ്ടാണ് ദിനു(ഫാറുഖ് കോളേജ്), യൂണിവേഴ്സിറ്റി ഗേൾസും എല്ലാം നമുക്കിടയിൽ ചർച്ചയായതും. ഞാൻ സ്വപ്നം കാണുന്നുണ്ട്. ലിംഗ സമത്വത്തിന്റെ പുതിയൊരാകാശവും പുതിയൊരു ഭൂമിയും.



ഇനി നിങ്ങൾ അന്യരല്ല.

നിങ്ങൾക്കും ഇനി ഈ ലോകത്ത്

നിങ്ങളുടെതായ ഇടം...

നിങ്ങളിനി മൂന്നാം ലിംഗക്കാർ...



അല്ല മാഷേ,

അപ്പോ ഈ ഒന്നാം

ലിംഗക്കാരരാരാ? രണ്ടാം ലിംഗമോ?

ലിംഗത്തിനും റാങ്കുണ്ടല്ലേ?

നിങ്ങൾക്കറിയുമോ ലീല ആൽകോണിനെ....?

വിഷ്ണു നാരായണൻ
എം എ ഇംഗ്ലീഷ്

I have decided I've had enough. I'm never going to transition successfully, even when I move out. I'm never going to be happy with the way I look or sound. I'm never going to have enough friends to satisfy me. I'm never going to have enough love to satisfy me. I'm never going to nd a man who loves me. I'm never going to be happy. Either I live the rest of my life as a lonely man who wishes he were a woman or I live my life as a lonelier woman who hates herself. There's no winning. There's no way out. I'm sad enough already, I don't need my life to get any worse. People say "it gets better" but that isn't true in my case. It gets worse. Each day I get worse.

That's the gist of it, that's why I feel like killing myself. Sorry if that's not a good enough reason for you, it's good enough for me. As for my will, I want 100% of the things that I legally own to be sold and the money (plus my money in the bank) to be given to trans civil rights movements and support groups, I don't give a shit which one. The only way I will rest in peace is if one day transgender people aren't treated the way I was, they're treated like humans, with valid feelings and human rights. Gender needs to be taught about in schools, the earlier the better. My death needs to mean something. My death needs to be counted in the number of transgender people who commit suicide this year. I want someone to look at that number and say "that's fucked up" and x it. Fix society. Please.

Goodbye,
(Leelah) Josh Alcorn

എന്താണീ തേർഡ് ജെൻടെർ? ട്രാൻസ്ജെൻടെർസ് തേർഡ് ജെൻടറിലാണ് ഉൾപ്പെടുന്നതെങ്കിൽ ആരാണീ ഫസ്റ്റ് ജെൻടർ?

2014 ഡിസംബർ 27ന് ലീല ആൽകോൺ എന്ന ട്രാൻസ്ജെന്റർ തൻറെ ബ്ലോഗിൽ ആത്മഹത്യാ കുറിപ്പ് പ്രസീദ്ധികരിച്ച ശേഷം ജീവനൊടുക്കി. അമേരിക്കയിൽ വൻതോതിലുള്ള ഓൺലൈൻ പ്രക്ഷോഭങ്ങൾക്ക് തന്നെ വഴിയൊരുക്കിയ സംഭവമാണ് ഈ ആത്മഹത്യയും ആത്മഹത്യാകുറിപ്പും'



ഇപ്പോഴും മൂന്നാം ലിംഗത്തിൽ ജനിക്കുന്നവർ നമുക്ക് വെറും തെറിപ്പദങ്ങളായി ജീവിച്ചു മരിക്കുകയാണ്'ആണും പെണ്ണും കെട്ടവൻ, ചാന്തുപൊട്ട്, ഹിജഡ എന്നിങ്ങനെ ഇവർക്ക് വേണ്ടിമാത്രം നമ്മുടെ ആണധികാരബോധം നിർമിച്ച ചില പദങ്ങൾ തന്നെ ഉണ്ട് നമ്മുടെ നിഘണ്ടുകളിൽ.

'എന്താണീ തേർഡ് ജെൻടെർ? ട്രാൻസ്ജെൻടെർസ് തേർഡ് ജെൻടറിലാണ് ഉൾപ്പെടുന്നതെങ്കിൽ ആരാണീ ഫസ്റ്റ് ജെൻടർ? പുരുഷന്മാരെ ഫസ്റ്റ് ജെൻടെർ ആയാണോ കണക്കാക്കുന്നത്? ആരാണ് ഈ സ്ഥാനങ്ങൾ നിർണയിക്കുന്നത്?
ജീവിതത്തിൽ ഹെട്രോ സെക്ഷ്വൽ അഥവാ സ്ത്രീയും പുരുഷനും മാത്രം തമ്മിലുള്ള ലൈഗിക ബന്ധം മാത്രം കണ്ട് വളർന്ന, ശീലിച്ച പൊതുസമൂഹത്തിന്റെ എല്ലാ ഹിംസകളും, മൗലികഅവകാശലംഘനങ്ങളും, എല്ലാ ജനാധിപത്യ വിരുദ്ധതയും ഏറ്റുവാങ്ങുന്ന ഒരു വിഭാഗത്തിന്റെ വേദനകളെ പറ്റിയും, അവകാശങ്ങളെ പറ്റിയും നാമെത്ര ബോധവാന്മാരാണ്/ബോധവതികളാണ്.

അർദ്ധനാരീശ്വരനായ ശിവന്റെ മുന്നിൽ കുമ്പിടുകയും സ്വന്തം ലിംഗം സ്വന്തം ഇഷ്ടപ്രകാരം തിരഞ്ഞെടുക്കുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ആട്ടിയോടിച്ച്, ശരീരത്തിന്റെ തടവറയിൽ ജീവിക്കുന്നവരെ അവിടെ തന്നെ കെട്ടിയിട്ട് ആസ്വദിക്കുന്ന സാഡിസ്റ്റ് മനോഭാവമാണ് പൊതു സമൂഹം വെച്ചു പുലർത്തുന്നത്. നമ്മുടെ കുടുംബത്തിനുള്ളിൽ തന്നെ ഇത്തരത്തിൽ ഇതര ലൈഗികതയുമായി ജീവിക്കുന്നവരോട് നമ്മൾ എങ്ങനെയാണ് പെരുമാറുന്നത് എന്ന് ചിന്തിക്കുന്നത്, ആത്മ പരിശോധന നടത്തുന്നത് നന്നായിരിക്കും.

ഇവിടെ ലീല എന്ന ട്രാൻസ് ജെൻടെർ തൻറെ ആത്മഹത്യകുറിപ്പിലുടെ ഒട്ടും തന്നെ ലിംഗബോധത്തിന് സൗഹാർദാന്തരീക്ഷമില്ലാത്ത , അവരെ അകറ്റി നിർത്തുന്ന കുടുംബ ബന്ധങ്ങളെയും മതബോധത്തെയും തുറന്നുകാട്ടുന്നു. ഒരു ലിംഗസ്വത്വത്തിൽ ജീവിക്കുന്നവരെ നിർബന്ധിച്ചു മറ്റൊരു ലിംഗസ്വത്വത്തിലേക്ക് പരിവർത്തിപ്പിക്കുന്നത് എത്രമാത്രം ക്രൂരതയാണ് എന്ന് ലീലയുടെ ആത്മഹത്യക്കുറിപ്പ് വെളിപ്പെടുത്തുന്നു. നമ്മുടെ മനസാക്ഷിയെ മൂന്നാംലിംഗക്കാരുടെ നീറുന്ന പ്രശ്നങ്ങളിലേക്ക് കൂട്ടിക്കൊണ്ടു പോവുകയാണ് ലീല ചെയ്തത്.

'ഒരു ആൺകുട്ടിയുടെ ശരീരത്തിൽ സ്പർശിക്കുമ്പോൾ എനിക്ക് ഞാനൊരു പെൺകുട്ടിയാണെന്ന് തോന്നുമായിരുന്നു. എനിക്ക് നാല് വയസ്സുള്ളപ്പോൾ മുതൽ എനിക്ക് ഞാനൊരു പെൺകുട്ടിയാണെന്ന് തോന്നിത്തുടങ്ങിയിരുന്നു. ആ തോന്നൽ വാക്കുകൾ കൊണ്ട് വിവരിക്കാവുന്നതല്ല, അത് വിവരിക്കാൻ വാക്കുകളില്ല'

23 വയസുകാരി സ്വപ്നക്ക് പരീക്ഷ എഴുതുവാനുള്ള അനുമതിയെന്ന വലിയ നേട്ടം ലഭിച്ചിരിക്കുകയാണ്.സ്വപ്ന ജീവിക്കുന്നത് ആണിനും പെണ്ണിനും ഇടയിലാണ്. കുറച്ചുകൂടെ വ്യക്തമാക്കിയാൽ ലൈംഗിക ന്യൂനപക്ഷ വിഭാഗത്തിൽ.

പ്രൊവിൻഷ്യൽ തമിഴ്നാട് സിവിൽ സർവീസ് പരീക്ഷയ്ക്ക് ലിംഗ നിർണയ കോളത്തിൽ തൻറെ ഇഷ്ടത്തിന് പൂരിപ്പിക്കാൻ കഴിഞ്ഞതിൻറെ സന്തോഷത്തിലാണ് സ്വപ്ന, സ്വപ്നയെ പോലെ പലരും.

അവസാനിക്കാത്ത വിവേചനങ്ങൾക്ക് വിധേയരായിരുന്നവർ നേടിയെടുത്ത വിജയമാണിത്. അതിലുപരി തങ്ങളുടെ ഇഷ്ടത്തിന് ലിംഗ കോളം പൂരിപ്പിക്കാമെന്ന ആനുകൂല്യം നൽകിയ ആദ്യ സംസ്ഥാനമാവുകയാണ് തമിഴ്നാട്.

യൗവ്വനത്തിൽ തന്നെ വീടുകളിൽ നിന്ന് പുറത്താക്കപ്പെട്ടവർ, അതിജീവനത്തിനായി ഭിക്ഷാടനമോ ലൈംഗിക വൃത്തിയോ ചെയ്യേണ്ടിവന്നവർ. സമൂഹം ഭ്രഷ്ട് കൽപ്പിച്ച് വീടിനു പുറത്ത് നിർത്തിയവർ ഇവരുടെ പോരാട്ടത്തിന്റെയും സഹനത്തിന്റെയും കൂടി ഫലമായിരുന്നു അവർ നേടിയെടുത്ത ഈ വിധി.

ജനസംഖ്യയിൽ ട്രാൻസ്ജെൻഡെർമാരുടെ അളവെത്രയെന്നത് സംബന്ധിക്കുന്ന യാതൊരു വ്യക്തമായ ഡാറ്റയും നിലവിലില്ല. ശാരീരികമായ ലക്ഷണങ്ങളാൽ വീടുകളിൽ പുറത്താക്കപ്പെട്ടവരാണിവർ. സമൂഹത്തിൻറെ മുഖ്യധാര ഇവരെ ഒരിക്കലും അംഗീകരിക്കുന്നില്ല. സിറ്റിയിൽ ഒരു വീടുപോലും ഇവർക്ക് നിഷിദ്ധമാണ്, ചേരികളിൽ മാത്രമേ ഇവർ സ്വീകരിക്കപ്പെടുന്നുള്ളു. ഈ ഒരു കാര്യം കൊണ്ടാകാം ഭൂരിഭാഗം ട്രാൻസ്ജെൻഡെർസും ലൈംഗിക ചൂഷണത്തിന് വിധേയരാകുന്നതും ക്രമേണ വേശ്യാവൃത്തിയിലേക്ക് തള്ളപ്പെടുന്നതും. ഇവർ നേരിടുന്ന പ്രശ്നങ്ങളിൽ മൂന്നു ശതമാനം പോലും നീതിയോ പരിഗണനയോ ലഭിക്കുന്നില്ലെന്നതാണ് വാസ്തവം.

ഭൂരിപക്ഷ ലിംഗക്കാരുടെ മനസിലെ പ്രശ്നങ്ങളാണ് ആദ്യം പരിഹരിക്കപ്പെടേണ്ടത്. അതെ സ്ത്രീകൾ, പുരുഷന്മാർ എന്നീ ഭൂരിപക്ഷലിംഗക്കാർക്കാണ് ഈ ന്യൂനപക്ഷങ്ങളെ അംഗീകരിക്കാൻ മടി. ഒരു മനുഷ്യനായി പോലും ഇത്തരം ട്രാൻസ്ജെൻഡെർ വിഭാഗക്കാരെ കാണാൻ മടിക്കുന്ന സമൂഹം ആദ്യം മാറിയാൽ തന്നെ ന്യൂനപക്ഷ ലിംഗക്കാർക്കും സാധാരണ പൗരന്മാരെപോലെ സർക്കാർ ഉദ്യോഗവും മികച്ച വിദ്യാഭ്യാസമുൾപ്പെടെയുള്ള സമൂഹത്തിൻറെ പരിഗണനകൾക്കും അർഹരാകാം.

ഇന്ത്യൻ ശിക്ഷാനിയമത്തിൽ തന്നെയുള്ള ട്രാൻസ്ജെൻഡെർ വിരുദ്ധവകുപ്പായ 377 തന്നെ മാറ്റാനുള്ള ശ്രമങ്ങൾ പരമോന്നത നീതിപീഠം തന്നെ അട്ടിമറിച്ചപ്പോൾ ഇന്ത്യൻ പൊതുസമൂഹം ആർത്തു ചിരിക്കുകയായിരുന്നു.

തമിഴിൽ ട്രാൻസ്‌വുമണിനെ സൂചിപ്പിക്കാൻ തിരുനങ്കൈ എന്നും ട്രാൻസ്മെന്നിനെ സൂചിപ്പിക്കാൻ തിരുനമ്പി എന്നും അവർ ഉപയോഗിച്ചുവരുന്നു. അതേ സമയം സ്ത്രീപുരുഷനായി മാറിയ ട്രാൻസ്മെന്നിനും പുരുഷൻ സ്ത്രീയായി മാറിയ ടാൻസ്‌വുമണിനും പകരം വെക്കാൻ മലയാളത്തിനൊരു വാക്കുപോലും ഇല്ല. ഞങ്ങൾ മൂന്നാംലിംഗക്കരെങ്കിൽ ഏതാണ് ഒന്നാംലിംഗം?

(ഒൻപത്, ആണും പെണ്ണും കെട്ടവർ.)

പ്രണയം മനുഷ്യാവകാശ പ്രശ്നം തന്നെയാണ്

നിധിൻ വി എൻ
എം എ മലയാളം

ലൈംഗിക അഭിലാഷം, പ്രണയം എന്നിവ ഒരു വ്യക്തി മനസ്സിൽ നടക്കുന്ന കാര്യങ്ങളാണല്ലോ. അതിനാൽതന്നെ സ്വവർഗ്ഗാനുരാഗിയുടെ മനസ്സിനുള്ളിൽന ടക്കുന്ന കാര്യങ്ങളെപ്പറ്റി (അവരുടെ പ്ര ണയത്തെപ്പറ്റിയും അഭിലാഷത്തെപ്പറ്റിയും) ആധികാരികതയോടെ പറയാൻ സാധി ക്കുന്ന ഒരു സ്വവർഗ്ഗാനുരാഗിക്ക് തന്നെയാ ണ്. ഞാൻ ഒരു സ്വവർഗ്ഗാനുരാഗി അല്ലാ ത്തതിനാൽ, അവരുടെ ഭാഷയിൽ അവർ പറയേണ്ട കാര്യങ്ങളെ അപ്പാടെ പറയാൻ ആകില്ലെങ്കിലും ചിലതെല്ലാം പറയാൻ ശ്രമി ക്കുന്നതിന്റെ തുടക്കമായി വേണം ഈ ലേഖനത്തെ കാണാൻ. സ്വവർഗ്ഗപ്രണയ ത്തെക്കുറിച്ച് മലയാളത്തിലുള്ള ഏത് ചർച്ച യിലും സഭ്യമായ, കൃത്യമായ സാങ്കേതി പ ദങ്ങളുടെ അഭാവം ഒരു പ്രശ്നംതന്നെയാ ണ്. സ്വവർഗ്ഗ ലൈംഗികത (Homo sexuality) യെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ജനസംഖ്യ യുടെ ഭൂരിപക്ഷത്തിൽ കാണുന്ന ആണും പെണ്ണും പങ്കാളികളായ ലൈംഗികതയെ പ്പറ്റി പരാമർശിക്കാതെ വയ്യ. Hetro sexuality എന്ന് ഇംഗ്ലീഷിൽ പറയുന്ന ഇതിനെ എതിർവർഗ്ഗ ലൈംഗികത എന്ന് മലയാളീ കരിക്കാം. ആണിനോടും പെണ്ണിനോടും ആകർഷണം തോന്നുന്ന മാനസികാവസ്ഥ യായ ആശലൈ്ഊമഹശ്യേ യെ ഉപയലൈം ഗികത എന്നും പറയാം. നിലവിലുള്ള പദങ്ങളായ സ്വവർഗ്ഗ പ്രണയിനി(Gay), സ്വവർഗ്ഗപ്രണയിനി (Lesbian), ലൈംഗിക ന്യൂനപക്ഷം (sexual minority), തന്മ(Identity) എന്നിവർക്ക് പുറമെ അപരലിംഗർ(Trans gender), മധ്യലിംഗർ(Inter sex), നിർലൈം ഗികത (Asexuality), സ്വവർഗ്ഗവൈര്യം (Homophobia) പുറത്തുവരൽ (Coming out) തുടങ്ങിയ പദങ്ങൾ ലേഖനത്തിലുട നീളം ഉപയോഗിക്കുന്നുണ്ട്.

സ്വവർഗ്ഗാനുരാഗം പ്രകൃതിവിരുദ്ധം?

സ്വവർഗ്ഗാനുരാഗത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ചിലരെല്ലാം നെറ്റിചുളിക്കുന്നു. ചിലരിൽ അന്ധാളിപ്പും വെറുപ്പും ആശങ്കയും ഉണരുന്നു.സ്വവർഗപ്രണയിനികളെ അവരുടെ ഹൃദയവിശാലതയോടെ മനസ്സിലാക്കാനും അംഗീകരിക്കാനും കഴിവുള്ള എതിർവർഗ പ്രണയിനികളായ ഇന്ത്യക്കാർ ഏറെയുണ്ടെങ്കിലും പലർക്കും അവരുടെ കാഴ്ച്ചപ്പാടുകൾ തുറന്നുപറയാൻ സാധിക്കുന്നില്ല. അതിന് പ്രധാന കാരണം സമൂഹം സഭ്യമെന്നു പറയുന്ന ജീവിത പരിസരങ്ങളെ അതുപോലെ വരിച്ചിടുകയല്ല സ്വവർഗ പ്രണയിനികൾ ചെയ്യുന്നത് എന്നതുതന്നെയാണ്.

എന്നാൽ സ്വവർഗപ്രണയിനികളോടുള്ള വെറുപ്പ്, വിദ്വേഷം, ഭയം, അകൽച്ച എന്നിവ വച്ചുപുലർത്തുന്നവരാണ് ഏറിയകൂറും. എതിർവർഗപ്രണയിനികളിൽ ഏറിയും കുറഞ്ഞും കാണപ്പെടുന്ന ഈ മാനസികാവസ്ഥയ്ക്ക് സ്വവർഗ്ഗവൈരം എന്നു പറയുന്നു.

ലൈംഗികതയെ പ്രകൃതിവിരുദ്ധമെന്ന് പറയുന്നവരാണ് ഇവിടെ അധികവും അതെന്തുകൊണ്ടാണ്? എങ്ങിനെയാണ് എതിർവർഗ്ഗ ലൈംഗികത പ്രകൃതിജന്യമാകുന്നത്? എതിർവർഗലൈംഗികത സന്താനോൽപാദനത്തിൽ കലാശിച്ചേക്കാം എന്ന ഒറ്റ കാരണംകൊണ്ട് അതിനെ പ്രകൃതി ജന്യമായി കണക്കാക്കാമെങ്കിൽ ആൺപെൺ ദമ്പതിമാർ ജീവിതത്തിൽ ഒന്നോ രണ്ടോ തവണമാത്രമേ ലൈംഗിക വേഴ്ച്ചകളിൽ ഏർപ്പെടാൻ പാടുള്ളുവെന്ന് ഞാൻ വാദിക്കും.

എതിർവർഗലൈംഗികത ഒരു വ്യക്തിയിൽ ഉടലെടുക്കുന്നതു പോലെയാണ് സ്വവർഗലൈംഗികതയും ഉടലെടുക്കുന്നത്. അതായത് മിക്ക മനുഷ്യരിലും കാണപ്പെടുന്നപോലെ ബാല്യദശയുടെ രണ്ടാംപകുതി യിലോ കൗമാരത്തിലോ തന്നെയാണ് ഈ തിരിച്ചറിവുണ്ടാകുന്നതെന്ന് സാരം. അല്ലാതെ പരിതാസ്ഥിതികളാൽ ഉടലെടുക്കുന്ന ഒന്നല്ല സ്വവർഗ്ഗ ലൈംഗികത. അങ്ങിനെയാണെങ്കിൽ സാമൂഹിക ഇടങ്ങളിൽ ശക്തമായ ആൺപെൺ വേർതിരിവുകൾ നിലനിൽക്കുന്ന ഇന്ത്യയിലേതുപോലെ യുള്ള സമൂഹങ്ങളിൽ സ്വവർഗലൈംഗികത ക്രമാതീതമായി അധികം കണ്ടുവരേണ്ടതല്ലേ?. ലൈംഗികാകർഷണം എന്നത് മനുഷ്യമനസ്സിൽ ഇച്ഛാതീതമായി സംഭവിക്കുന്ന പ്രക്രിയയാണ്. ലളിതമായി പറയുകയാ ണെങ്കിൽ ഭൂരിപക്ഷവും വലംകൈയ്യന്മാരായി ജനിക്കുമ്പോൾ ഒരു ന്യൂന പക്ഷം ഇടംകൈയ്യൻമാരായി ജനിക്കുന്നതുപോലെയുള്ള ഒരു മാനസിക വൈവിധ്യം തന്നെയയാണ് സ്വവർഗാനുരാഗം.

ഭൂരിപക്ഷവും വലംകൈയ്യന്മാരായി ജനിക്കുമ്പോൾ ഒരു ന്യൂനപക്ഷം ഇടംകൈയ്യൻമാരായി ജനിക്കുന്നതുപോലെയുള്ള ഒരു മാനസികവൈവിധ്യം തന്നെയയാണ് സ്വവർഗാനുരാഗം.

അധികാരം നഷ്ടമാവുമോ എന്ന ഭയം

ആൺമേൽക്കോയ്മ അതിശക്തമായി ഇന്നും നിലനിൽക്കുന്ന ഇന്ത്യയിലേതുപോലെയുള്ള ഇടങ്ങളിൽ പ്രണയത്തിലെ സ്വവർഗതയെ അംഗീകരിക്കാൻ സാധ്യമല്ല എന്നതാണ് സത്യം അതിനുകാരണം പുരുഷാധികാര വ്യവസ്ഥയെ ചോദ്യം ചെയ്യുന്ന ഒന്നായി അത് മാറുമോ എന്ന ഭയംതന്നെയാണ്. സ്ത്രീ പുരുഷ സമത്വം കടലാസിൽ മാത്രമായ ഒരിടമാണിത്. അതിനാൽതന്നെ ലൈംഗിക വികാരപ്രകടനം എന്നത് (എതിർവർഗ ലൈംഗികത ഉള്ള) പുരുഷന്റെ കുത്തകയാവുകയും പുരുഷന് തന്റെമാത്രം സംതൃപ്തിക്കായി സ്ത്രീയോട് ചെയ്യുന്ന ഒന്നായി പൊതുവെ വീക്ഷിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ സ്ത്രീക്ക് പുരുഷനോട് തോന്നുമെന്നും ആരോഗ്യകരമായ ലൈംഗികതയിൽ സ്ത്രീയ്ക്കും പുരുഷനും തുല്ല്യ പങ്കാളിത്തവും സംതൃപ്തിയും ഉണ്ടെന്നതാണ് സത്യം. ഇന്ത്യയിലെ സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ പാർശ്വവൽക്കരണത്തിന്റെ പ്രധാന കാരണം ലൈംഗിക ബലതന്ത്രത്തിലുള്ള പുരുഷന്റെ ഈ മേൽക്കോയ്മയാണ്. ഒരു പുരുഷൻ തന്റെ പ്രണയംതിരിച്ചറിഞ്ഞ് അത് സ്വവർഗലൈംഗിക പ്രണയം തന്നെയാണെന്ന് തിരിച്ചറിഞ്ഞ് സ്വയം അംഗീകരിച്ചാൽപോലും പുരുഷനെ പ്രണയിക്കുന്നുവെന്ന് പുറത്തുപറഞ്ഞാൽ തന്റെ സ്ഥാനം സമൂഹത്തിൽ സ്ത്രീയുടേതിന് തുല്ല്യമാകുമെന്ന് അവൻ ഭയക്കുന്നു. ഒരു സ്ത്രീ തന്റെ പ്രണയം സ്വവർഗലൈംഗിക പ്രണയംതന്നെയാണെന്ന് തിരിച്ചറിഞ്ഞ് സ്വയം അംഗീകരിച്ചാൽ പോലും പുരുഷനെ പ്രണയിക്കുന്നില്ല എന്ന് പുറത്തുപറഞ്ഞാൽ ആൺമേൽക്കോയ്മയോടുള്ള ധിക്കാരമായി പുരുഷാധിപത്യ സമൂഹം വിവക്ഷിക്കും. അതിനാൽതന്നെ സ്വവർഗപ്രണയിനികളുടെ വിമോചനം സമൂഹത്തിലെ സ്ത്രീപുരുഷ സമത്വവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു.ഈ യാഥാർഥ്യത്തെ മറച്ചുപിടിക്കാൻ തന്നെയാണ് സ്വവർഗാനുരാഗത്തെ, സ്വവർഗലൈംഗികതയെ പ്രകൃതിവിരുദ്ധം എന്നു പറയുന്നത്.

കൂത്തച്ചി : നൃത്തക്കാരി, ശബ്ദങ്ങളിൽ താളവ്യത്യാസം വരുത്തി ഇവ ഉരിയാടുമ്പോൾ അവ വൃത്തികേടുകളാകുന്നു. എങ്ങനെയെന്നു ഇന്നും ഞങ്ങൾക്ക് വ്യക്തമല്ല. തികച്ചും സ്ത്രീ വിരുദ്ധവും, ജനാധിപത്യ വിരുദ്ധവുമാണിവ. വൃത്തികേടുകളെന്നു മനസ്സിൽ ആരോ പതിച്ചു വെച്ചിരിക്കുന്നു. അത് മായിച്ചെടുക്കുവാൻ സമയമായി.

ലോകം എന്ന ആൺവാക്കിനെ പെണ്ണ് കാണുമ്പോൾ

ഡോ. സുനീത. ടി. വി.

ഈ ലോകം തന്നെ ആണിന്റെ വാക്കാണ് എന്ന് സ്ത്രീവാദികൾ നിരീക്ഷിക്കുന്നു. പഴഞ്ചൊല്ലുകളും ശൈലികളും സാഹിത്യവും ശാസ്ത്രവും തത്വചിന്തയുമൊക്കെ പലമട്ടിൽ ഇത് വ്യക്തമാക്കുന്നു. ലോകം തന്റേതുകൂടിയാക്കാനുള്ള ആദ്യ പ്രവൃത്തി അതിൽ സ്വന്തം സ്ഥാനം തിരിച്ചറിയുകയാണ്. അതിന് സംസ്കാരത്തിന്റെ അപഗ്രഥിക്കേണ്ടതുണ്ട്.അപ്പോൾ നാം നമ്മെ ഇരകളെന്ന നിലയിൽ സ്വയം സൃഷ്ടിക്കാൻ പ്രേരിപ്പിക്കുന്ന സംസ്കാരികവ്യവഹാരങ്ങളിലെ അധികാരസാന്നിധ്യം കണ്ടെത്തും. അനുസരിക്കുന്ന കർമ്മങ്ങളായി, നിരീക്ഷണ വിഷയങ്ങളായി പുരുഷാധിപത്യത്താൽ കളങ്കിതമായ ഭാഷയും സംസ്കാരവും സ്ത്രീയെ നിർവചിക്കുന്നത് കണ്ടെത്തും. മലയാളത്തിലെ ചില പഴഞ്ചൊല്ലുകളെ അടിസ്ഥാനമാക്കി അവ എങ്ങനെയാണ് ലിംഗാധിഷ്ഠിതമായ അധികാരബന്ധങ്ങളെ സൃഷ്ടിക്കുന്നത് എന്ന അന്വേഷണം ഇതിനൊരു ഉദാഹരണമാണ്.

പ്രോവേർബിയം എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് പ്രോവേർബ് എന്ന ഇംഗ്ലീഷ് പദത്തിന്റെ ഉൽപത്തി. പ്രോവേർബിയം എന്നാൽ പൊതുവായി പറയുന്നത് എന്നർത്ഥം. അതിനുസമാനമായി മലയാളത്തിൽ പഴഞ്ചൊല്ല്, പഴമൊഴി എന്നീ പടങ്ങൾ ഉപയോഗിക്കുന്നു. പരമ്പരാഗതമായ അറിവിന്റെയും മനോഭാവങ്ങളുടെയും കൈമാറ്റമാണ് പഴമൊഴികളുടെ കർത്തവ്യം.

പുരുഷാധിപത്യവ്യവസ്ഥിതി അതിന്റെ നിലനിൽപ്പിന് അനുയോജ്യമായ മൂല്യങ്ങളെയും ആശയങ്ങളെയും പ്രോത്സാഹിപ്പിച്ചുകൊണ്ടും അവ സ്വാഭാവികവും അനിവാര്യവുമാണെന്ന തോന്നൽ സൃഷ്ടിച്ചുകൊണ്ടും പഴഞ്ചൊല്ലുകളിലൂടെ പ്രവർത്തിക്കുന്നതെങ്ങനെ എന്നാ അന്വേഷണമാണിവിടെ.

മലയാളത്തിലെ പഴഞ്ചൊല്ലുകൾ

ഫോക്ക്ലോർ പഠനത്തിന്റെ തുടക്കത്തിൽ വാമൊഴിസാഹിത്യം ശേഖരിക്കാനുള്ള ശ്രമത്തിനായിരുന്നു മുൻതൂക്കം. അതിന്റെ ഭാഗമായി മലയാളത്തിലും അത്തരം ശ്രമങ്ങൾ ഉണ്ടായി. ഇക്കൂട്ടത്തിൽപ്പെടുന്ന പഴമൊഴികൾ ആദ്യകാലത്ത് ശേഖരിക്കാൻ ശ്രമിച്ച പൌളിനോസ് പാതിരിയായിരുന്നു. (മലയാളത്തിലെ പഴഞ്ചൊല്ലുകൾ, 1791) തുടർന്ന് ഹെർമൻ ഗുണ്ടർട്ട് (പഴഞ്ചൊൽ മാല, 1845), പൈലോ പോൾ (മലയാളപഴഞ്ചൊല്ലുകൾ 1927) റവ.കെ.ടി യാക്കുണ്ണി (2001 പഴഞ്ചൊല്ലുകൾ),പി.സി.കർത്താ (പഴഞ്ചൊൽ പ്രപഞ്ചം) എന്നിങ്ങനെ പോവുന്നു അവ. ഇവയിൽ പഴഞ്ചൊൽ പ്രപഞ്ചത്തിൽ നിന്നും ലഭിച്ച ഏതാനും പഴമൊഴികളെയാണ് ഇവിടെ അപഗ്രന്ഥനതിൻ ഉപയോഗിക്കുന്നത്.

പഴഞ്ചൊല്ലുകളും ലിംഗപദവിയും

പഴഞ്ചൊല്ലുകളിൽ പ്രകടമാവുന്ന പുരുഷപക്ഷപാതം അത് പിറന്ന കാലത്തിന്റെ നിലപാടുകളാണ് പ്രകടിപ്പിക്കുന്നത്... പഴഞ്ചൊല്ല് സ്വന്തം കാലത്ത് നിലനിന്ന മനുഷ്യബന്ധങ്ങളുടെ അവസ്ഥ അവതരിപ്പിയ്ക്കുന്നു എന്ന് നിരീക്ഷിച്ചുകൊണ്ട് സമകാലത്ത് ഇത്തരം അന്വേഷണങ്ങളുടെയും ചെറുത്തുനിൽപ്പുകളുടെയും പ്രസക്തിയെപ്പറ്റി വിശദീകരിയ്ക്കുന്നു. കെ. ഇ. എന്നും കെ.എം. അനിലും(പഴഞ്ചൊല്ലിൽ പതിരുണ്ട്) 'പുരുഷമേധാവിത്തകാഴ്ച്ചപ്പാട് ഭരണവർഗ്ഗത്തിന് അനുകൂലമായ ഒരു രാഷ്ട്രീയനിലപാടാണ്. വർഗ്ഗചൂഷണവും പുരുഷമേധാവിത്തവും വേർപിരിയാത്ത ഇരട്ടകളാണ്. സ്ത്രീപക്ഷത്തു നിന്നുള്ള തിരിച്ചറിവും ചെറുത്തുനിൽപ്പും ഇല്ലാത്തയിടങ്ങളിലൊക്കെയും പുരുഷമേധാവിത്വം സ്വാഭാവികനീതിയായി സ്വയം സ്ഥാപിക്കും' അവർ നിരീക്ഷിക്കുന്നു.നിരന്തരം തുടരേണ്ട 'തിരിച്ചറിവും ചെറുത്തുനിൽപ്പും' എന്ന രാഷ്ട്രീയപ്രവർത്തനം തന്നെയാണ് നമ്മുടെ അനിവാര്യമായ ദൗത്യം. പാഠങ്ങളിൽ നിലീനമായിരിക്കുന്ന ചരിത്രമാണ് രാഷ്ട്രീയബോധം (ഫ്രെഡറിക്ക് ജെയിംസൺ) അതു കണ്ടെത്താനുള്ള ശ്രമമാണ് കാലവും ആവശ്യപ്പെടുന്നത്.

സ്ത്രീ എന്നാൽ ശരീരമാണ് എന്നും സ്ത്രീയുടെ ബുദ്ധി പിൻബുദ്ധിയാണ് എന്നും സ്ത്രീ ഭരിച്ചാൽ നാടുമുടിയുമെന്നും, പെണ്ണിനെ നിയന്ത്രിച്ചുനിർത്തേണ്ടത് ആണാണെന്നും, പെണ്ണുങ്ങൾ തമ്മിലുള്ള ഐക്യം അസാധ്യമാണെന്നും, ആണിനൊതുങ്ങാത്ത പെണ്ണില്ലെന്നും ഒക്കെ ഇവ നമ്മെ പഠിപ്പിക്കുന്നു. ഇത്തരം ധാരണകൾ തലമുറതലമുറയായി ആന്തരികവൽക്കരിച്ചുകൊണ്ടാണ്സമൂഹത്തിലെ പുരുഷാധിപത്യവ്യവസ്ഥ മാറ്റമില്ലാതെ തുടരുന്നത്.

പിൻബുദ്ധിയുടെ കെടുതികൾ

പെൺബുദ്ധി പിൻബുദ്ധിയാണെന്നും അതു കേട്ടാലുണ്ടാവുന്ന കെടുതികൾ ധാരാളമാണെന്നും സൂചിപ്പിക്കുന്ന ചൊല്ലുകൾ ധാരാളമുണ്ട്. ചിലത് താഴെക്കൊടുക്കുന്നു.

'പെൺബുദ്ധി പിൻബുദ്ധി'
'പെൺചൊല്ലുകേൾക്കുന്നവന് പെരുവഴി'
'ആണുള്ളപ്പോൾ പെണ്ണുഭരിച്ചാൽ
തൂണുള്ളപ്പോൾ പുര താഴെ'
'നാരി നടിച്ചിടം നാരകം നട്ടിടം നശിക്കും'
'വടക്കിനി പൊന്തിയാൽ തെക്കിനി താഴും'
'പെണ്ണുപെണ്ണുതന്നെ പൊന്നല്ല'
'പെണ്ണുനിൽക്കുന്നിടത്ത് പിഴ വരും'
'പെണ്ണായാൽ മണ്ണാത്തിക്കല്ലിൽ'

മണ്ണാകുന്ന പെണ്ണ്!

പെണ്ണിനേയും മണ്ണിനെയും തുല്യപ്പെടുത്തുന്ന ധാരാളം ചൊല്ലുകളുണ്ട്. സ്ത്രീയ്ക്ക് ജീവൻ വളരേണ്ടുന്ന ഗർഭ പാത്രം' ഉള്ളതുകൊണ്ടുമാത്രമാണ് ഈ പരികല്പന. രണ്ടും തിരഞ്ഞെടുക്കേണ്ടതും നന്നാക്കി അധീനതയിൽ സംരക്ഷിക്കേണ്ടതും അവയിൽ വിത്തിറക്കേണ്ടതും ആണാണ് എന്ന തികച്ചും സ്ത്രീവിരുദ്ധമായ സങ്കൽപ്പമാണിതിനു പിന്നിൽ ഇത്തരം ചിലതു നോക്കുക

'പെണ്ണും മണ്ണും നന്നക്കിയിടത്തോളം നന്നാവും'
മണ്ണും പെണ്ണും കണ്ടേ കൊള്ളാവു'
'പെണ്ണാവുന്നതിൽ ഭേദം മണ്ണാവുന്നതാണ്'
'പെണ്ണുമുറിച്ചാൽ മണ്ണുമുറിയുമോ'
പെൺപട ഒരു പടയല്ല
മൺചിറ ഒരു ചിറയല്ല'
'പെണ്ണുമൂലവും മണ്ണുമൂലവും നാശം'

ആണിനൊതുങ്ങുന്നവൾ പെണ്ണ്!

പെണ്ണത്തത്തിന്റെ ഏറ്റവും വലിയ ഗുണം അടക്കവും ഒതുക്കവുമാണ് (*ആലായാൽ തറ വേണം... പൂമകൾമാനിനിമാരായാലടക്കം വേണം'*..) അടക്കം എന്നാൽ അച്ചടക്കം പുരുഷാധിപത്യത്തിന്റെ വരുതിക്കകത്ത് നിൽക്ക മാത്രമല്ല, ആണിന് ശാരീരികവും മാനസികവുമായ കീഴ്പെടൽ കൂടിയാണ്

'വെറ്റിലയ്ക്കൊതുങ്ങാത്ത പാക്കുമില്ല
ആണിനൊതുങ്ങാത്ത പെണ്ണുമില്ല'
തുടങ്ങിയ ചൊല്ലുകൾ ഇതാണ് സൂചിപ്പിക്കുന്നത്.
അങ്ങനെ ഒതുങ്ങാത്ത പെണ്ണോ? അവൾ അപകടങ്ങൾ വരുത്തിവയ്ക്കും.
'പെണ്ണുനിൽക്കുന്നിടത്ത് പിഴ വരും'
'പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മനും തടുക്കില്ല'
അതുകൊണ്ട് അവളെ നിയന്ത്രിച്ച് ശിക്ഷിച്ച് വളർത്തണം.
'അടികൊണ്ടുവളർന്ന പെണ്ണും അടച്ചുവേവിച്ച കഷായവും' ഏറെ നന്ന്.

അടിച്ചുവളർത്തി അവളെ എത്രയുംപെട്ടെന്നു തന്നെ ആണിനെ ഏൽപ്പിക്കണം, അല്ലെങ്കിൽ കുഴപ്പമാവും.
'പെണ്ണും കടവും നിർത്തിത്താമസിപ്പിക്കരുത്'.
ഇനി അനുസരണക്കേട് കാണിക്കുന്ന വാദിക്കുന്ന പെണ്ണോ? അവൾ ഒട്ടും അഭിമതയല്ല.
'സ്ത്രീയുടെ നാവാണ് അവളുടെ അവയവങ്ങളിൽ വെച്ചേറ്റവും ഒടുവിൽ മരിക്കുന്നത്'
ഇഞ്ചയും പെണ്ണും ചതയ്ക്കുന്നിടത്തോളം പതയും
പെണ്ണു ഭരിച്ചാലത്തെ കാര്യം പറയുകയും വേണ്ട.
പെൺനാട്ടിൽ പെൺപട തിന്നുചത്തു ആൺപട അലന്നു ചത്തു'

തിരിച്ചറിവും ചെറുത്തുനിൽപ്പും ആവശ്യപ്പെടുന്ന വർത്തമാനം.

സ്ത്രീവിമോചന പ്രസ്ഥാനങ്ങളും സ്ത്രീപക്ഷനിലപാടുകളും ശക്തിപ്പെട്ടപ്പോൾ സമൂഹത്തിൽ അതിനോടുള്ള പ്രതികരണമെന്നോണം സ്ത്രീവിരുദ്ധതയും വർദ്ധിച്ചുവരുകയാണ്. ഈ ഘട്ടത്തിൽ മറ്റു മനുഷ്യാവകാശപ്രസ്ഥാനങ്ങളോടൊപ്പം സ്ത്രീമോചനപ്രസ്ഥാനങ്ങളും അണിചേർന്ന് എല്ലാവിധ ആധിപത്യങ്ങളോടും ഉള്ള ചെറുത്തുനിൽപ്പ് ശക്തമാക്കുകയാണ് വേണ്ടത്. സ്ത്രീപക്ഷത്തുനിന്ന് പ്രതിഷേധിക്കുന്ന, സംസാരിക്കുന്ന, പ്രവർത്തിക്കുന്ന സ്ത്രീ പുരുഷാധിപത്യസമൂഹത്തിന് അനഭിമതയായിരിക്കും. സ്ത്രീകളുടെ ഐക്യം അസാധ്യമാണെന്ന് ഉറപ്പിക്കുന്ന '*നാലുതല ചേരും, നാലുമുല ചേരില്ല*' തുടങ്ങിയ ചൊല്ലുകളുടെ തീവ്രമായ സ്ത്രീവിരുദ്ധത നാം തിരിച്ചറിയേണ്ടതുണ്ട്. അങ്ങനെയുള്ള തിരിച്ചറിവും പെൺപോരിമയുമുള്ള സ്ത്രീകൾ എതിർപ്പുകളെ അവഗണിച്ച് സമൂഹത്തിലെ വിവിധതരം ആധിപത്യങ്ങളോട് നിരന്തരം പോരാടാൻ തയ്യാറാവുന്നതാവട്ടെ ഇന്നിന്റെ ശുഭദൃശ്യങ്ങൾ അതിലേക്കുള്ള ഒരു ചൂണ്ടുപലക മാത്രമാണ് ഈ ലേഖനം.

ചോര ചിന്തുന്ന പോരാട്ടം



ദുർഗ്ഗ വേണുഗോപാൽ
ബി എസ് സി സുവോളജി

ഈ പോർക്കളത്തിൽ പോരാളികളില്ല, ശത്രുക്കളില്ല
രാജാവില്ല, സ്ത്രീ മാത്രമാണുള്ളത്...
അവൾ തനിച്ചു.. അതെ ഈ പോരാട്ടത്തിൽ
അതെ അവളൊറ്റയ്ക്കാണ്.

ഇറ്റിറ്റു വീഴുന്ന ചോരത്തുളികളെ തുടയ്ക്കിടയിലെ
ഒരു തുണിയിൽ ഒളുപ്പിച്ചു കൊണ്ട്
അവൾ പോരാടുകയാണ്

നാഭിയിലെ നുറുങ്ങുന്ന വേദനയ്ക്കിടയിലെ
നിറഞ്ഞ കണ്ണുകളോടെ,
പല്ലിറുമ്മി'ക്കൊണ്ട് അവൾ പോരാടുകയാണ്...

പുതിയ ജീവൻ വളരാനുള്ള കുഞ്ഞു തൊട്ടിൽ,
ഉണ്ടാക്കുന്നതിനു മുമ്പുള്ള
ശുദ്ധി കലശ മാണവിടെ

പ്രായ പൂർത്തിയാകുന്നതോടെ പോരാട്ടം തുടങ്ങുകയായി
ചോരകൊണ്ട്... വേദനകൊണ്ട്... കണ്ണുനീർകൊണ്ട്...
ഈ ഒറ്റയാൾ പോരാട്ടം അവൾ തുടരുകയാണ്...
അന്നും... ഇന്നും..

കലിഗുള: ആനന്ദത്തിന്റെ നിഗൂഢതകൾ

റിഷി
ബി എ ഇംഗ്ലീഷ്

അരങ്ങിൽ ചുവന്ന രശ്മികൾ മാത്രം നിഴലിക്കുന്ന കലിഗുളയുടെ അർദ്ധനഗ്നമായ ശരീരമാണ് നാടകത്തിന്റെ ആരംഭം. കലിഗുള എന്ന സ്വേച്ഛാധിപതി ജീവിതത്തിന്റെ മധ്യപാതമാണ് ,അനുഭവങ്ങ ളും അധികാരവങ്ങ്മയവും ജീവിതവും രതിയും ജന്മവാസനയും പിന്നെ അടങ്ങാത്ത ആനന്ദതിത്തിനായുള്ള അധിനിവേശവും പ്രതിഫലിപിക്കുന്ന കലിഗുള എന്ന ചക്രവർത്തിയുടെ കഥയിൽ ആദ്യരംഗം ഒരു തരം സമീകരണമാണ് .സ്നേഹം ലഭിക്കാനായി കലുഷിദമായ ഒരു മനസ്സ്, തന്റെ സഹോദരിയുടെ മൃതദേഹത്തെ ചേർത്ത് പിടിച്ച് അനുഭവിക്കുന്ന വിഹ്വലതയാണ്, കലിഗുള യിൽ ഏറ്റവുമാദ്യം പ്രകടമാകുന്നത് . കലിഗുള ചക്രവർത്തി ഏറ്റ വും കൂടുതൽ ആഗ്രഹിക്കുന്ന തന്റെ സഹോദരിയുടെ സാമി പ്യം , അവളുടെ സ്നേഹം അവളുടെ മരണത്തിലൂടെ തനിക്ക് നഷ്ടപെടുമ്പോൾ , ആ വ്യക്തിതത്തെ ലഭികതകുമ്പോൾ, ആ യാഥാർത്ഥ്യത്തോട് പോരുത്തപെടാത്ത കലിഗുളയുടെ അധികാരം അനുഭവിച്ചറിഞ്ഞ മനസ്സ്, ഓരോ നിമിഷവും ആന ന്ദത്തിനായി മാത്രം കൊതിച്ച മനസ്സ് , സ്വയം ആ വ്യക്തിതത്തെ തന്നിൽ ഉൾകൊണ്ട് , തന്നെത്തന്നെ ആ വ്യക്തിത്വമാക്കിമാറ്റി , ആ ജടത്തിൽ നിന്ന് തന്റെ സഹോദരിയുടെ വസ്ത്രം അഴിച്ചുമാറ്റി തന്നോട് ചേർക്കുന്നു . നഷ്ടപെട്ടുപോയ തന്റെ സഹോദരിയുടെ സാന്നിധ്യം അയാൾ തന്നിൽ ആസ്വദിക്കുന്നു . ഒരു പക്ഷേ ഈ രംഗം കലിഗുള എന്ന ചക്രവർത്തിയെ , ചരിത്രത്തെ, കഥാ പാത്രത്തെ , മറ്റൊരു കണ്ണിലൂടെ നോക്കികണ്ടതിന്റെ വിജയവുമാ ണ് . സ്വന്തം സഹോദരിയെ പോലും അടങ്ങാത്ത കാമത്തിന്റെ നെരിപ്പോടിലേക്ക് എടുത്തെറിഞ്ഞ ഒരു നിക്രിഷ്ടനായും കലിഗുള നിറഞ്ഞു നിന്ന അരങ്ങുകൾ ഉണ്ടായിട്ടുണ്ട് .

ഉരുകിയ മെഴുകിന് തുല്യമാണ് ഒരു നല്ല കലാ സൃഷ്ടി . അതിനെ വീണ്ടും അരങ്ങിലെ ത്തിക്കുമ്പോൾ , സത്ത ചോർന്നുപോകാതെ , ഏതു വീക്ഷണകോണിൽ നിന്ന് വേണമെങ്കിലും അവത രിപ്പിക്കാം . ഒരു അർത്ഥത്തിൽ അതൊരു സ്വാത ന്ത്യം എടുക്കലാണ് .ഇന്റർസോൺ നാടകവേദിയിൽ ഒരു വിധികർത്താവ് എന്ന നിലയിൽ ഞാൻ കണ്ട കലി ഗുള തീർത്തും വിത്യസ്തമായ ഒരനുഭവമായി മാറി' സഹോദരിയുടെ വസ്ത്രങ്ങൾ കാമത്തോടെ എടുത്തെ റിയുന്ന കലിഗുളക്കു പകരം നഷ്ടമായ പ്രണയത്തിന്റെ വിങ്ങലോടെയാണ് അവളുടെ വസ്ത്രങ്ങൾ സ്വന്തം ശരീരത്തിൽ ധരിച്ച്, അവളെ സ്വന്തം ശരീരത്തോടെ ചേർത്ത് ,കലിഗുള ഒരു സമീകരണത്തിന് ഒരുങ്ങുന്നത്. കണ്ണീർ വറ്റിയ ക്രൂരനിൽ നിന്നും , ആർദ്രഹൃദയനായ ഒരു കലിഗുള. ശരിയായിരിക്കാം... ഒരു പക്ഷെ ഈ രംഗം കലിഗുള എന്നാ സീസറിനെ, ചരിത്രത്തെ , കഥാപാത്രത്തെ , മറ്റൊരു കണ്ണിലൂടെ നോക്കികണ്ടതിന്റെ വിജയ വുമാണ്. സ്വന്തം സഹോദരിയെ പോലും അടങ്ങാത്ത കാമത്തിന്റെ നേരിപോടിലേക്ക് എടുതെ രിഞ്ഞ ഒരു നൃകൃഷ്ടനായും കലിഗുള നിറഞ്ഞുനിന്ന അരന്ഗുകൾ ഉണ്ടായിട്ടുണ്ട്. ചരിത്രവും ഭാവനയും ഇഴപിരിക്കാനാവാത് വിധം വെയ്തെടുതതാണല്ലോ കഥകൾ. എനിക്ക് തോന്നുന്നു, ഒരു സംവിധായകൻ എന്ന നിലയിൽ ഇവിടെ **ചേതൻ** പ്രശംസയർഹിക്കുന്നു.

ഇന്റർസോൺ വിധികർത്താവായ മധു മാഷിന്റെ അഭിപ്രായമാണിത്...



ആൽബേർ കാമ്യു എന്ന എഴുത്തുകാരൻ വരച്ചുകാട്ടുന്ന കലിഗുള, ഒരർത്ഥത്തിൽ ഓരോ മനുഷ്യനിലും ഉറങ്ങിക്കിടക്കുന്ന ഒരു തരം ജന്മവാസനയുടെ മൂർത്തിമദ് രൂപമാണ്. ഇതൊരു മനുഷ്യനിലും ആദ്യമായി രൂപം കൊള്ളുന്ന മനസ്സിന്റെ ഭാഗമാണ് ജന്മവാസന. ഒരു തരത്തിൽ ഗാഢമായ അബോധാവസ്ഥ തന്നെയാണിത്. അങ്ങേയറ്റം പ്രാകൃതമായ ആഗ്രഹങ്ങളുടെ ഉറവിടവുമാണ് ജന്മവാസനകൾ. എല്ലാ മനുഷ്യരുടെ ഉള്ളിലും ഒരു കലിഗുളയുണ്ടെന്നു ഞാൻ ഭംഗിവാക്ക് പറഞ്ഞതല്ല. ഞാനും നിങ്ങളും ആഗ്രഹിക്കുന്നത്, ജീവിതത്തിലെ ഓരോ നിമിഷവും ആനന്ദം നുകരാനാണ്. ഓരോ നിമിഷത്തിലും സന്തോഷവാനായിരിക്കാൻ നാംആഗ്രഹിക്കുന്നു. ഇവിടെ , കലിഗുള എന്ന ചക്രവർത്തിയും ഇത് തന്നെ ആഗ്രഹിക്കുന്നു. രതിയായും പ്രണയമായും അധികാരമായും അഹന്തയായും തിങ്ങിവിങ്ങി നിൽക്കുന്ന വികാരങ്ങൾക്ക് ശമനം നൽകി. ആഗ്രഹസാഫല്യത്തിലൂടെ അയാൾ പരമാനന്ദം കണ്ടെത്തുന്നു. അഥവാ, കണ്ടെത്താൻ ശ്രമിക്കുന്നു. ഇത് ഒരുതരം ആനന്ദതത്വമാണ്.. ജനിച്ചുവീഴുന്ന കുഞ്ഞുങ്ങൾ മുതൽ, നിങ്ങൾ കൗമാരക്കാർ വരെ, നോക്കൂ, നിങ്ങളും. പ്രണയമാവട്ടെ രതിയവട്ടെ കാമമാകട്ടെ സൗഹൃദമാകട്ടെ പലവിധ വികാരങ്ങൾക്ക് അടിമപ്പെടാറുണ്ട്. ആ നിമിഷങ്ങളിലെ നിങ്ങളുടെ മാനസ്സികവസ്ഥയെ പറ്റി ഒന്നാലോചിച്ചു നോക്കൂ. ഇവിടെ ഒരു മനുഷ്യൻ, അവന്റെ മനസ്സിൽ എന്ത് തോന്നിയാലും, അത് അടുത്ത നിമിഷം ചെയ്യുന്നു. ചെസോണിയ എന്ന വെപ്പാട്ടിയെ, തന്റെ അധികാരത്തിന്റെ ചങ്ങലയിൽ കൊരുത്താണ്, ഒരു വളർത്തു മൃഗത്തെ പോലെ കൊണ്ടുനടക്കുന്നത്. അവളെ ഒരേ സമയം ആസ്വദിക്കുകയും വെറുക്കുകയും ഒരു തരം ക്രൂരത നിറഞ്ഞ കാമം പ്രകടിപ്പിക്കുകയും ചെയ്യുന്നു; കലിഗുള.



എന്നാൽ ഇവിടെ മറ്റു മനുഷ്യരിൽനിന്നു കലിഗുളയെ വ്യത്യസ്തനാക്കിയത് മറ്റൊരു ഘടകമാണ്. ഒരു മനുഷ്യൻ പിറന്നു വീണത് മുതൽ, അത്യന്താപേക്ഷിതമായാത് മാത്രം അവന്റെ ബാല്യത്തിൽ നല്കപ്പെടുന്നതും, സമൂഹജീവിയായി, സമൂഹത്തിന്റെ കൂടി ഇഷ്ടനിഷ്ടങ്ങൾക്കൊത്ത്, അലിഖിതമായ സാമൂഹിക നിയമങ്ങൾക്കൊത്ത് ജീവിക്കുന്നതും വഴിയാണ്, അച്ചടക്കം കൈവരുന്നത്: വികാരപ്രകടനങ്ങളിലെ അച്ചടക്കം. ശമനം കിട്ടാത്തത് വികാരങ്ങൾ പോലും, ഈ സാമൂഹിക പ്രക്രിയയിൽ ശമിപ്പിക്കാൻ നാം ബാധ്യസ്തരാവുന്നു. എന്റെ സന്തോഷം പോലും, മറ്റുള്ളവർക്ക് ദുഃഖം നൽകുമെങ്കിൽ, അത് വേണ്ടെന്നു വെയ്ക്കാൻ മനുഷ്യർ തയ്യാറാകുന്നു. മനുഷ്യജീവിതത്തിലെ ഏറ്റവും അടിസ്ഥാനമായ മാറ്റവുമാണ് ഈ പ്രക്രിയ. എന്നാൽ കലിഗുളയെ സംബന്ധിച്ച് , അയാൾ ആകാശഗോളമായ ചന്ദ്രനുവേണ്ടി പോലും ആഗ്രഹിക്കുന്നു. തന്റെ വിശ്വസ്തനായ ഭൃത്യൻമാർ പോലും സംശയത്തിന്റെ പേരിൽ വധിക്കപെടുന്നു. കാരണമെന്തന്നറിയാതെ ഒരു ഉത്കൺഠ അയാളുടെ മനസ്സിനെ മഥിക്കുന്നു. ചിലപ്പോൾ ആത്മരതിയിലും ചിലപ്പോൾ സ്വവർഗ്ഗരതിയിലും അയാൾ ആനന്ദം കണ്ടെത്തുന്നു. ഒരു തരാം 'ബി പോളാർ ഡിസീസിന്റെ' അടിമയായ കലിഗുള, ഒരേ സമയം ആനന്ദത്തിൽ മതിമറന്നു നൃത്തം ചെയ്യുന്നതും,തൊട്ടടുത്ത നിമിഷം അയാൾ വിഷാദത്തിന്റെയും ഒരു തരം അഹന്ത കലർന്ന ഭയത്തിന്റെയും മൂർധന്യത്തിൽ എത്തുന്നത് കാണാം. വിപരീതവികാരങ്ങളുടെ മൂര്ധന്യത്തിലെക്ക് നിമിഷനേരം കൊണ്ട് ഓടിക്കളിക്കുന്ന മനസ്സ്. വളരെ ചെറുപ്പത്തിൽ തന്നെ കൈവന്ന അധികാരം എന്നാ ലഹരി, കളിഗുളയെ ഒരു സമൂഹ ജീവിയല്ലതാക്കുന്നു. വാശിപ്പിടിക്കുന്നതെന്തും അയാളുടെ മുന്നിലെത്തുന്നു. റോമാസാമ്രാജ്യത്തിന്റെ തലവനായ കലിഗുള എന്താവശ്യപ്പെട്ടാലും അത് മുന്നിലെത്തിക്കാൻ ആളുകളുണ്ടായി. ഓരോ കാലഘട്ടത്തിനനുസൃതമായി അത്യന്താപേക്ഷിതമായത് മാത്രം നല്കപ്പെടുന്നതുവഴി ബാല്യത്തിൽ നേടേണ്ട അച്ചടക്കം, കലിഗുളയിൽ കാണാനാകില്ല.

ബാഹ്യലോകവുമായി യാതൊരു ബന്ധവും സൃഷ്ടിക്കാത്ത കലിഗുളയുടെ ചക്രവർത്തിപദം അശേഷം പോലും സാമൂഹികപ്രതിബദ്ധതയില്ലത്തവനാക്കി മാറ്റി. അയാളിൽ സംസ്കാരം സിദ്ധിക്കുന്നില്ല. വികാര നിയന്ത്രണങ്ങളില്ല. എന്ത് വില നൽകിയും ആഗ്രഹങ്ങൾ മുഴുവനും സാധിച്ച് വികാരശമനം നടത്തുന്നു. അതുമാത്രമാണ്, കലിഗുളയുടെ ലക്ഷ്യം. മഹത്തായ് ഇത്തരമൊരു കലാസൃഷ്ടി അരങ്ങിലെത്തിക്കുമ്പോൾ, അതിൻറെ സത്ത ചോർന്നു പോകാതെ മാസ്മരികമായ കൗതുകം നിലനിർത്തികൊണ്ട് ചെയ്യാൻ സാധിക്കുക എന്നതാണ് വെല്ലുവിളി. മലയാളികളുടെ കേരളത്തിന്റെ പരിച്ഛേദമായ ഒരു സദസ്സിലേക്ക് അവതരിക്കപെടുമ്പോൾ ശ്രദ്ധിക്കേണ്ട ഒരുപാട് ഘടകങ്ങളുണ്ട്. ലൈംഗീകത അതിന്റെ എല്ലാ വരമ്പുകളും ഭേദിക്കുന്ന വിഷ്വലുകളാണ് കലിഗുളയിൽ കാണാനാകുക. അതിനെ പ്രതീകങ്ങൾ ഉപയോഗിച്ച് വളരെ മനോഹരമായി നാടകത്തിൽ ചേർത്തിരിക്കുന്നു. ഒരു പക്ഷെ, കലിഗുള ഒരു ചർച്ചയിൽ ഇരുത്തിയിരിക്കുന്നത് ലൈംഗീകതയോടുള്ള നമ്മടെ സമീപനത്തെ തന്നെയാണ്. സഹോദരിയുമായി അദ്ദേഹം പുലർത്തുന്ന ലൈംഗീകബന്ധം, സ്നേഹവാൽസല്യങ്ങളുടെ മൂർത്തീമദ് രൂപമായി വായിച്ചെടുക്കാം. ലൈംഗീകത എന്ന പദം അതിന്റെ തെറ്റായ ഭാവത്തിലെടുക്കാനാണ് ഇവിടെ എല്ലാവർക്കും താല്പര്യം. (ഈഡിപ്പസ്)

നാടകത്തിന്റെ അന്ത്യപാദങ്ങൾ അത്യന്തികം ഉദ്വേകജനകമാണ്. താൻ സംസാരിക്കുന്ന ഓരോ വാക്കിലും, പ്രതിഷേധവും എന്നാൽ കലിഗുളയോട് തന്റെ ഭയവും വിധേയത്വവും കാണിക്കുന്ന വെപ്പാട്ടിയായ ചെസോണിയ. ഒടുവിൽ തന്റെ ചെയ്തികളെ ചോദ്യം ചെയ്യുന്ന അവളെ തന്റെ ജീവിതത്തിൽ അനുജത്തിക്ക് ശേഷം സ്ഥാനമുള്ള ഏക വ്യക്തിത്വത്തെ വധിക്കുന്ന ഘട്ടം രസകരവുമാണ്. തന്റെ കൈകളിൽ പതിഞ്ഞ രക്തത്തിന്റെ പാപത്തിന്റെ കറയിൽ, ചെസോണിയയും ഉള്പ്പെടുന്നതോടെ , അവിടെ മാനസികമായ ഒരു വിഹ്വലത കലിഗുളയ്ക്ക് അനുഭവപ്പെടുന്നു ശാരീരികമായും മാനസികമായും കലിഗുള തകരുന്നു. സാധാരണക്കാരായ ജനങ്ങളുടെ ശക്തി തനിക്കെതിരെ തിരിയുന്നത്, അവർ യുദ്ധത്തിനൊരുങ്ങുന്നതും അയാളെ ഭയപ്പെടുത്തുന്നു. എന്നാൽ , ഭയത്തെ ഒരേ സമയം അംഗീകരിക്കാം നിർബന്ധിതനാവുകയും ആ ത്വരയെ പറിച്ചെറിയാൻ വ്യഗ്രതപ്പെടുകയും ചെയ്യുന്ന മാനസിക സംഘർഷത്തിൽ കലിഗുള പെടുന്നു. ഒടുവിൽ താൻ അടിമകളാക്കി നരകിക്കാൻ വിധിച്ച പെൺ ശരീരങ്ങളുടെ കൈകളാൽ അയാൾ കൊലചെയ്യപ്പെടുന്നതോടെ, നാടകത്തിനു തിരശ്ശീല വീഴുന്നു.

ഓരോ മനുഷ്യനിലും ഉറങ്ങിക്കിടക്കുന്ന സത്യാന്വേഷിയെ, അവനിലെ അധികാരവ്യഗ്രതയെ, കാമത്തെ, നിരയതാബോധത്തെ, അവനെ ഓരോ മനുഷ്യജന്മത്തിന്റെയും വികാരവിക്ഷോഭങ്ങളുടെ മൂർധന്യതയും ആകെത്തുകയാണ് കലിഗുള. ആബേൽ കാമ്യുവിൻറെ ലോകോത്തരമായ സൃഷ്ടി, ഗുരുവായുരപ്പൻ കോളേജിന്റെ അരങ്ങുകളെ അടയാളപ്പെടുത്തിയ ഒന്നായി മാറി.

ജന്മാന്തരങ്ങളുടെ , ഇളവെയിലിൽ, തുമ്പികളായി അലയുന്ന സുമനസ്സുകൾക്ക്, കലിഗുള നൽകുന്ന പാഠങ്ങൾ വളരെ വലുതാണ്.

നാടകത്തിൽ പത്തു കഥാപാത്രങ്ങളായിരുന്നെങ്കിലും അത് പത്തിൽ കവിഞ്ഞൊരു കൂട്ടായ്മയുടെ പരിശ്രമമായിരുന്നു. നാടകത്തെയും അഭിനയത്തെയും ഒരുപാട് സ്നേഹിക്കുന്ന ഒരു കൂട്ടം ചേച്ചിമാരെയും ചേട്ടന്മാരെയും സുഹൃത്തുകലെയുമാണ് ഞങ്ങൾക്ക് കിട്ടിയത്. തന്റെ പോരായ്മകളെ മറികടക്കാൻ ശ്രമിച്ചപ്പോഴൊക്കെ പരിഹാരങ്ങൾ നിർദ്ദേശിച്ചുകൊണ്ട് കൂടെ നിന്ന നല്ല സുഹൃത്തുക്കൾ. Literature സ്ടുടന്റ്സുമായുള്ള ബന്ധം ഒരുപാട് മാറ്റങ്ങൾ വരുത്തി. അവരുടെ കാഴ്ചപ്പാടുകൾ എത്രയോ വ്യത്യസ്തമായിരുന്നു. ദഏഇ യെ അടുത്തറിഞ്ഞതും ഈ നാടക സുഹൃത്ബന്ധങ്ങളിലൂടെ തന്നെയാണ്.

'കലിഗുള' എല്ലാവരും ഒരുമിച്ചു വായിച്ച് അഭിപ്രായങ്ങൾ പങ്കുവെച്ച്, ഒരുപാട് എക്സൈസിലൂടെ യാണ് ആരംഭിച്ചത്. ഇത്തരത്തിൽ മൂല്യമുള്ള ഒരു നാടകത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ ഒരുപാട് സന്തോഷം. സിനിമാസംഭാഷണങ്ങൾ, രാഷ്ട്രീയ ചർച്ചകൾ, പാട്ടുകൾ, കോളേജിലെ അനുഭവങ്ങൾ ഇളം പരിശീലന ഇടവേളകളിൽ നിറഞ്ഞുനിന്നു. അധ്യപകരടക്കമുള്ള രാത്രിയിൽ ചർച്ചകൾ ഓർമകളിൽ മായാതെയുണ്ട്. യോഗ സെന്ററിന്റെ ശാന്തതയും ഒരുപാട് പ്രേതകഥകൾ പറഞ്ഞു സൃഷ്ടിച്ചു ഭീതിയുടെ അന്തരീക്ഷവും നാടകത്തെ സ്വാധീനിച്ചു.

ഓർമയിലെ ചില ദിനങ്ങൾ :
മാർച്ച് 14 : മ്യുസിക് വെച്ച് പ്രാക്ടീസ് ചെയ്യാൻ തുടങ്ങിയ ദിവസം. സൈക്കോമ്യുസിക്ക് വെച്ച് യോഗാസെന്ററിലെ പഴയ പ്രേതകഥ പറഞ്ഞു ഭീതിയുടെ അന്തരീക്ഷം സൃഷ്ടിച്ച രാത്രി.
ഏപ്രിൽ 12 : കോളേജിലെ ഫൈനൽ ഡ്രാമ പ്രാക്ടീസ്. പ്രോപർട്ടീസ്, കോസ്ട്യൂംസ് വെസ്റ്റ് ഹിൽ എന്ജിനീറിംഗ് കോളേജ്.
സ്റ്റേജ് 3: അനുഗ്രഹിക്കാനെന്നോണം എത്തിയ മഴ കൂടെ നിന്ന ഒരുപാടുപേർ ചെസ്റ്റ് നമ്പർ 21 അങ്ങനെ ഒന്നാമത്.
മെയ് 3 : കാലിക്കറ്റ് യുനിവേർസിറ്റി കോളേജ്

ചിരി

ചിരി ഒരു വസ്ത്രമാണ്
ക്ഷണിക്കപ്പെടാത്തിടങ്ങളിൽ
കയറിച്ചെല്ലാനുള്ള
വ്യക്രുതമായ മുഖവസ്ത്രം

യോഗ്യതയുടെ അളവുകോലിൽ
സ്വയം തൂങ്ങിനിന്ന്
നീതിമാനാകുന്നവന്റെ
(ആ) ഭരണം

ശിക്ഷ

സുരക്ഷയുടെ എതുവാതിലും
തുറക്കാം,
തനിക്കിഷ്ടമുള്ളതെന്തും
എടുക്കാം,
കുറ്റപെടുത്തലുകൾ
കേട്ടാലോ,
പ്രതിഷേധങ്ങളാൽ
മനസ്സുനൊന്താലോ
കാലിടറി താഴെവീണാലോ
തന്റെ യാത്ര തുടരുന്ന
ഉറുമ്പുകളെ
അതുപോലെ
അനുകരിക്കുന്ന
ചില മനുഷ്യരെ
നാമെന്തിനാണ്
കള്ളനെന്നു വിളിക്കുന്നത്?

N V N
M A Malayalam

കല്പനകളാണ് മച്ചാനെ, മാറ്റങ്ങൾ...

ജയേഷ്
എം എ സോഷ്യോളജി

ഒരിക്കൽ സുനിത ടീച്ചർ പറഞ്ഞത് ഞാനോർക്കുന്നുണ്ട്. എടാ ജയേഷേ ഇവിടെ നിന്ന് എത്ര കുന്നിറങ്ങിയാലും പിന്നെയും പിന്നെയും തിരികെ കയറ്റുന്ന ഒരു ശക്തി കുന്നിൻപുറത്തിനുണ്ടെന്ന് വാസ്തവമാണ്. എത്രയൊക്കെ അകലയാണെങ്കിലും മുന്നേപോയവരോക്കെയും ഇവിടെ തിരികേയെതുമ്പോ ഒന്നുറപ്പാണ് ആ ശക്തി ബുദ്ധനോ സുഹറയോ സന്നിവേശിപ്പിച്ചിരിക്കുന്നതാണോ എന്ന്? ഒടുവിലീ കുന്നിൻപുറത്തെ പ്രകൃതിയുടെ നന്മയാണ് ആ ഊർജ്ജമെന്ന് തിരിച്ചറിയുമ്പോൾ ഇറങ്ങി തിരിച്ച കാലുകൾക്ക് തിരികെ കയരുവാനല്ലാതെ മസ്തിഷ്കം ഉത്തരവ് കൊടുക്കുന്നില്ലല്ലോ

വന്നിരിക്കുന്ന ശിഷ്യരോട് സ്വകാര്യം പറയുന്ന ബുദ്ധനും കാലാകാലങ്ങളായി ക്യാമ്പസിന്റെ പ്രണയം ആവോളം നുകർന്നുനിൽക്കുന്ന സുഹറയും പുസ്തകകെട്ടുകൾക്കിടയിൽ ഇനിയും കണ്ണും ചിന്തയും എത്തിയിട്ടില്ലാത്ത ലൈബ്രറിയും നീണ്ട കാൽവെപ്പുകലുമായി സൗഹൃദം പകുത്തെടുത്ത വരാന്തകളും കാണുമ്പോൾ ഈ കുന്നിൻപുറത്തിനെങ്ങനെയാണ് ചില മാറ്റങ്ങളെ ഉൾക്കൊള്ളാനാവുന്നത് എന്ന് എനിക്ക് സംശയം തോന്നുന്നുണ്ട് അംഗികരിക്കാനാവാത്ത സംഹിതകലുമായി മുന്നോട് പോവുന്ന സമയത്ത് തിരുത്തലുകൾ അനിവാര്യമാനെന്ന് തോന്നുന്നത് അതുകൊണ്ടുതന്നെ ആവാം

ക്യാമ്പസിന്റെ ചിന്തകളെയും മാറ്റങ്ങളെയും അതിന്റെ ഭാഗമായും മാറി നിന്നുമെല്ലാം കാണുന്ന സമയത്ത് ചില ഓർമപ്പെടുത്തലുകൾ അഭിപ്രായങ്ങൾ രേഖപ്പെടുതലുകളായ് നിലനിർത്തുകയാണെന്ന് മാത്രം.

അന്ന് മഴയത്ത് ചുവപ്പും വെളുപ്പും കറുപ്പും ചാലിച്ചെഴുതിയ കുറെ വാക്കുകൾ. അക്ഷരങ്ങൾ ചേർത്തുവെച്ചപ്പോ ഓഡിറ്റോറിയത്തിന്റെ മതില്കെട്ടിലും ബെഞ്ചിലുമെല്ലാം നിറഞ്ഞ സച്ചിദാനാന്ദനും നെരൂദയും ഇന്നും അവിടെ മറഞ്ഞുകിടപ്പുണ്ട് എന്ന് വിശ്വസിക്കാനാണ് എനിക്കിഷ്ടം. കറുത്ത നടവഴികളിൽ ചാലിച്ചെഴുതിയ അക്ഷരങ്ങൾ ഒരു തലമുറയുടെ സ്വപ്നങ്ങളുടെ ഭാണ്ഡം പേറിയവരായിരുന്നു ക്യാമ്പസിന്റെ ആഘോഷങ്ങളും രാഷ്ട്രീയവും കടലാസുകളിൽ നിറഞ്ഞു നിന്നത്,കാന്റീൻ ചുമരുകളിലും ഇടനാഴിനകളിലും മാറി മാറി വന്നത് ഒരു തലമുറയുടെ ശേഷിപ്പുമായിട്ടായിരുന്നു. മൂന്നാം വർഷ കെമിസ്ട്രി ക്ലാസിനു മുന്നിലെ ചുമരിൽ ആരോ,എന്തോ കോറിയിട്ട വാക്കുകൾ . ഒരു പക്ഷേ....കടന്നുപോയ തലമുറകളിൽ പലരും ഇന്നുമത് കാണുനില്ല 'മറക്കു എഴുപതുകളെ... എന്ന് തുടങ്ങുന്ന ആ അക്ഷര കൂട്ടങ്ങൾ ഇന്നു ഓര്മപെടുതുന്നത് എന്താണ് . ചുമരെഴുത്തുകൾ നിഷേധികപെടുന്ന സമയത്ത് നമുക്ക് നഷ്ടമാകുന്ന ചില അനുഭവങ്ങളുണ്ട് .ചുമരു മുഴുവൻ ചിത്രം വരക്കാനോ എഴുതാനോ ഒന്നുമല്ല... ചില അടയാളപെടുത്തലുകൾ ..ചില സന്ദർഭങ്ങളിൽ അനിവാര്യമാണ് . ഇവിടെയെത്തുംബോഴാണ് തിരിച്ചരിവുണ്ടാകുന്നത് .മാറ്റം ഘടനയിലും ചിന്തകളിലും സോപനങ്ങളിലും മാറ്റങ്ങൾ മാത്രം .

രാഷ്ട്രീയമെന്നാൽ ഗുരവായൂരപ്പൻ കോളേജിനു യുദ്ധമാണ് .അവിടെ ഓരോരുത്തരും പ്രതിനിധീകുന്ന രാഷ്ട്രീയം ,കൊടികൾ .തികഞ്ഞ രാഷ്ട്രീയ ബോധമുള്ള കാമ്പസിലെ വിദ്യാർഥികൾ അത്തരത്തിലെ ഇവിടെ പെരുമാറുകയും ചെയ്യാറുള്ള അത് ക്യാമ്പസിന്റെ സാരഥ്യം ആരെയെങ്കിലും ഏൽപ്പിക്കുന്ന കാര്യത്തിലാണെങ്കിലും.പ്രശ്നങ്ങൾ നിലനില്കുന്ന സമയത്താണ് അടിച്ചമർത്തലുകൾ നാവിനു നേരെ നീളുമ്പോഴാണ്, പ്രതികരണ ശേഷിയുള്ള ഒരു കൂട്ടം പേർ ഇവിടെ സമരം നയിക്കുന്നത്...

കുറച്ച വർഷങ്ങൾക് മുമ്പ് ഇവിടുത്തെ സമരത്തിനും രാഷ്ട്രീയത്തിനും മാറ്റമുണ്ടായിരുന്നോ എന്നൊരു തോന്നലുണ്ട്. ശരിയാണോ എന്ന് വിലയിരുത്തേണ്ടത് എനിയ്ക്ക് കൂടിയിറങ്ങേണ്ടിവരായിരിക്കാം. ദിവസങ്ങളും ആഴ്ചകളും നീളുന്ന സമരരീതിയിൽ വിപ്ലവമെന്ന ആശയത്തിനു പകരം സമരസപ്പെടൽ എന്നൊരു നീതി രൂപപ്പെടുന്നിടതോളം കാലം , സമരസപ്പെടലല്ല, അത് കാലത്തിന്റെ തിരിച്ചറിവാണ് എന്ന് ഉറക്കെ പറയുമ്പോ ആ സംശയം അവിടെ അനാവിശ്യമായിരുന്നുവെന്നു കരുതാം

ഉറങ്ങികിടന്ന ലൈബ്രറിക്ക് പുസ്തകങ്ങളും ഷെൽഫുകളും ലൈബ്രറിയനും വേണ്ടി വന്നപോ ഇവിടെ നടന്ന സമരരീതി പുതിയ കാലത്തിന്റെ സർഗാത്മകതയുടെ പ്രതീകമായിരുന്നു. പുസ്തകം വിറ്റ് സമരം ചെയ്ത സമയത്ത് അധ്യാപകരും കുട്ടികളും വേണ്ട പുസ്തകങ്ങൾ തിരഞ്ഞെടുത്തപ്പോൾ പരിഹസിച്ച് മാറി നിന്നവർ ഒടുവിൽ കണ്ണടച്ച് ഇരുട്ടാക്കേണ്ട അവസ്തയിലെത്തുകയായിരുന്നില്ലേ യഥാർത്ഥത്തിൽ?എന്നിട്ടും മറ്റുള്ളവന്റെ സമരവിജയത്തെ തന്റെതാക്കി ലാഭം പറ്റുന്ന രാഷ്ട്രീയത്തെ, അല്ല, രാഷ്ട്രീയപ്രവർത്തകരെയും ഈ ക്യാമ്പസിന്റെ ഭാഗമായി കാണേണ്ടി വന്നുവല്ലോ എന്നോർക്കുമ്പോൾ, കടന്നുപോയവരോടു... മാപ്പ്....

കൂട്ടം കൂടി മാറി നിന്നിരുന്ന തലതെറിച്ചവർ എന്ന് ഒളിഞ്ഞും തെളിഞ്ഞും പലരും പറഞ്ഞവർക്കിടയിലെ സൗഹൃദത്തിന്റെ വേരുകൾ അടിയുറച്ചു നില്കുന്നത്, ഈ മണ്ണിൽ ഒരു ജാതിയുടെയോ മതത്തിന്റെയൊ കൊടിയുടെയോ പേരിലല്ല എന്ന് പറയുമ്പോ വല്ലാത്തൊരു നിർവൃതിയുണ്ട്

ആഭാസങ്ങളും അക്ഷരത്തെറ്റുകളുമായി വഴി നടക്കാൻ കഴിയാത്ത സ്ഥിതി വരുമ്പോഴാണ് മുൻപേ പോയ ആ കൂട്ടത്തിൻറെ വേരുകൾ നല്ല ഓര്മപ്പെടുത്തലാകുന്നത്. അത്തരം രീതികൾ വരുന്ന സമയത്താണ് നിയന്ത്രണങ്ങൾ വരുന്നതും അത് അനിവാര്യമായ സമരസപ്പെടമാണെന്നു നമ്മളും തീരുമാനമെടുക്കേണ്ടതായി വരുന്നതും

എനിക്കോർമയുണ്ട് ക്യാമ്പസിനു മുന്നിൽ ബോട്ടണി ക്ലാസ്സിലേക്ക് കടക്കുന്നതിനടുത്തായി നിറഞ്ഞുനിന്നിരുന്ന കാറ്റാടി വൃക്ഷത്തെ, രാത്രിയിൽ ഇവിറെയിരുക്കുമ്പോ പലരും കേൾക്കാത്ത ഒരു പ്രണയ സല്ലാപം കാറ്റും ആ മരവും പേരിനെ അന്വർത്ഥമാക്കും വിധം കൊണ്ടുപോകുന്നത് ഞങ്ങളൊക്കെ അനുഭവിച്ചിട്ടുണ്ട്. പെട്ടന്ന് കാണാതായിരുന്നു ആ മരം ക്യാമ്പസിൽ നിന്ന് വെട്ടിയിട്ട ചില്ലയും കൈയ്യിലെടുത്ത് പ്രതിഷേധിച്ചത് ഇന്നും ഓർമ്മയിലുണ്ട്. അയ്യോ.. അതൊക്കെ വികസനത്തിനും വേണ്ടിയാണേ... ഇന്ന് മുന്നിൽ കണ്ടില്ലേ വികസനം..

കോളേജിൻറെ ഘടനയിൽ ഇത്തരത്തിൽ നിരവധി മാറ്റങ്ങൾ ക്യാമ്പസിന്റെ സൌന്ദര്യവും വികസനവും സൂചിപ്പിച്ചു വരുത്തുന്ന സമയത്ത് ചിലതൊക്കെ രേഖപ്പെടുത്തുന്നു എന്ന് മാത്രം. ക്യാമ്പസിലെ ലേഡിസ് ഹോസ്റ്റലിനപ്പുറത്തെ കുന്നിൻപുറം. അവിടെ നിന്നും മരം വെട്ടിമാറ്റി മണ്ണുമാന്തി കൊണ്ടുവന്നു നിറച്ചതാണ് ലൈബ്രറിക്ക് മുന്നിലെ വിശാലമായ ആ പാർക്കിംഗ് സൗകര്യം. ഒരു അവധി കഴിഞ്ഞ് വന്നപ്പോ ഉണ്ടായിരുന്ന മണ്ണും മരവും 'ആരോ' കൊണ്ടുപോയിരിക്കുന്നു. ലൈബ്രറിക്ക് മുന്നിലെ ചെറിയ മതില്കെട്ടും മരങ്ങളും പാർക്കിങ്ങിനായാണ് വെട്ടി നിരത്തിയത്. ഇത് പറയുമ്പോ സുഗതകുമാരി ടീച്ചറുടെ ആരോ ഓര്മപ്പെടുത്തുന്നുണ്ടോ? പറയാൻ വന്നത് തീർക്കട്ടെ ലെ ... ഞാനിതുവരെ കണ്ടിട്ടില്ലല ആ ഭാഗത്ത് ഒരു വാഹനവും പിന്നീട് 'പാർക്ക്' ചെയ്യുന്നത്. അവിടെ ജൂൺ 5 ന് സാമൂതിരി രാജാവ് മരം നട്ടത് ഈ അടുത്തായിരുന്നു എന്ന് ഞാൻ ഓര്ക്കുന്നുണ്ട്. ആണ് പിന്നെ മനോഹരമായി നിന്നിരുന്ന തണലിനെ വെട്ടിമാട്ടിയത് എന്തിനായിരുന്നു?

ശ്..ശ്.. ആരോ പുറകിൽ നിന്ന് പറയുന്നുണ്ട്..വികസനം.. ഞാൻ പറയുന്നില്ലയെ...

അന്നെന്റെ കണ്ണിനൊപ്പം തന്നെ ക്യാമ്പസിന്റെ ചുമരുകളിൽ വേറെയും ചില കണ്ണുകൾ കിടന്നു തിരയുന്നുണ്ട്. ഇത്രയേറെ ആൺകുട്ടികളും പെണ്ണ്കുട്ടികളും പഠിക്കുന്ന ഈ ക്യാമ്പസിനകത്ത് എന്തിനാണാവോ ഈ പിന്നിൽനിന്നും മുന്നിൽനിന്നും എത്തിനോക്കുന്ന കണ്ണുകൾ ? അക്രമകാരികളെ കണ്ടെത്താനായിരുന്നേൽ ആദ്യകാലങ്ങളിൽ അവരെ കണ്ടെത്താനായിരുന്നില്ലേ. ഒരു കൂട്ടാതെ വിട്ടുപോയി. ആകുട്ടിയും പെൺകുട്ടി യും ഒരുമിച്ചിരുന്നാൽ, നടന്നാൽ ഇതേ കുന്നിനോപ്പം മറ്റൊരു കണ്ണുമായി സ്ഥാനം പിടിക്കുന്നവർ. അയ്യോ ശരിയാണല്ലോ... തീപെട്ടിയും തീക്കൊള്ളിയും അരികെ നിന്ന കത്തിപോകുമല്ലോ.. ചിലർക്ക് പക്ഷെ ഇതെന്തോ ഹോർമോൺ കൈമാറ്റത്തിന്റെ വിഷയമാണത്രെ. ആണോ? ഇതിനൊക്കെ അപ്പുറത്താണ് ക്യാമ്പസിന്റെ ദൃ ശ്യവൽക്കരിക്കാൻ വേലികെട്ടി തിരിച്ചിരിക്കുന്നത്.. ഒരു സംശയം. അപ്പോ വേലിക്കപ്പുറം ഈ ക്യാമ്പസിൽ പെട്ടത ല്ലേ? അല്ല സംശയമാണേ.. ഒന്നുകുടെ ചോദികട്ടെ..ഒരുമിച്ചു നടക്കുന്ന ആൺ പെൺ കുട്ടികളെ അത് പ്രണയമാ വട്ടെ സൗഹൃദമാവട്ടെ സഹോദരി സഹോദരന്മാരവട്ടെ ഇവരിലെ സദാചാരത്തെ നിരീക്ഷിക്കാനും തടയാ നുമാണോ ഇതൊക്കെ .. ഹോ ..! കലക്കി. കൂട്ടത്തിലുള്ള ഈ സദാചാരക്കാരെ ഇറക്കും മുൻപ് സോഷ്യൽ മീഡിയ യിൽ ഒന്നു ചെല്ലുക. അവിടെ സദാചാരം പറഞ്ഞ വലിയ കണ്ണുമായി പിറകെ നടക്കുന്നവരെ തിരിച്ചൊന്നു വലിയ കണ്ണ് കാണിച്ചാൽ ഉരുകി വീഴവുന്നത്തെ ഉള്ളു ചിലരുടെ ഒക്കെ സദാചാര ബോധം. ശോ! ഞാനും ഒരു സദാ ചാര വാദിയായി പോകുന്നല്ലോ....

സാംസ്കാരികമായും ക്യാമ്പസിന്റെ ശൈലികളിൽ മാറ്റങ്ങൾ കാരുന്നത് നമ്മൾ തിരിച്ചറിയാതെ പോ കുന്നുണ്ട് എന്ന് തോന്നുന്നു. അതിൽ കൃത്യമായ രാഷ്ട്രീയം നിലനിൽക്കുന്നു എന്നതാണ് മറ്റൊരു വസ്തുത. നാലു വർഷം മുൻപ് ഗംഭീരമായി കോളേജിൽ നടന്ന അന്താ രാഷ്ട്ര ചലച്ചിത്ര മേളയിൽ , ഞാനോർക്കുന്നുണ്ട് സദാ ചാര ബോധം കൊണ്ടാണോ എന്നറിയില്ല , ചില പ്രതിഷേധകോടികൾ ഉയർന്നുവന്നത് കണ്ടിരുന്നു. കലയിലൂടെ ചിത്രീകരിക്കുന്ന മനുഷ്യന്റെ രാഷ്ട്രീയത്തെ കണ്ണിനറപ്പുള വാക്കുന്നതായി നടിക്കുന്ന ആ മാന്യ ദേഹികളോട് മറുപ ടി പറയാൻ അന്നാരും മുതിരാഞ്ഞത് എന്തുകൊണ്ടാണ് എന്ന് ഇന്നെനിക്ക് മനസ്സിലാകുന്നുണ്ട്..

പുതിയകാലത്ത് സംസാരരീതിയിലുമുണ്ട് ഭാഷയിലും പ രീക്ഷണങ്ങൾ നടന്നു കൊണ്ടേയിരിക്കുകയാണ്. 'ഹേ മച്ചാ.. സീൻ കൊണ്ട്രയടാ' എന്ന് ആരോ പുറത്തു തട്ടി പറഞ്ഞപ്പോ എന്തിനാ..അതാണിവിടെ..പുതിയതോകെ വേഗമെത്തി പഴയതായി മാറുന്ന ഇടം. സാംസ്കാരിക ബിംബത്തെ തകർത്തെറിഞ്ഞ അതെ ഇരിപ്പിടത്തിളിരുന്ന്! ഇന്നും ചില കൂട്ടങ്ങൾ പാടുന്ന വാക്കുകൾ കേൾക്കുമ്പോൾ ബുദ്ധൻ പൊട്ടിത്തെറിച്ചു പോയെങ്കിലെന്തെന്നു ഞാൻ ചിന്തിക്കരുണ്ട്...

ഇന്നിപ്പോ വർഷമെത്ര കഴിഞ്ഞു. കാന്റീനിലേക്ക് കയറുന്ന വെണ്ടയ്ക്ക ഏതായാലും രണ്ടുവഴിയെ പോകാറില്ല. ആൺ വെണ്ടയും പെൺ വെണ്ടയും. ചിലര്കൊകെ മനസിലായിക്കാണും. ഇല്ലേ? ഉറക്കം തൂങ്ങുന്നവരുടെ സ്വപ്നങ്ങൾ മാത്രം ഇന്നും ക്ലാസ്സ്മുറികളിൽ അവശേഷിക്കുന്നുണ്ട് . എങ്ങാനും സ്വപ്നം കണ്ടുരങ്ങിയാലോ ഉടൻ വരും selfie with arun in english classroom. പുതിയകാലമാണേ.. മുഴുവൻ സെല്ഫി പുള്ളകളാണ്... ബുധനോപ്പം സുഹ്രക്കൊപ്പം അധ്യാപകരോടൊപ്പം ബാബുവേട്ടനും രാധേചിക്കുമൊപ്പം... അങ്ങനെ അങ്ങനെ അങ്ങനെ....

കുന്നു കയറി തുടങ്ങിയ സമയത്ത് ഇത്തരത്തിൽ ശ്രധേയംയിരുന്നില്ല ഇവയൊന്നും. നീളൻ മുടികളും കറുത്ത കണ്ണടയും പ്രത്യേകതരം വേഷവുമെല്ലാം ഈ അടുത്ത കാലത്തായി ക്യാമ്പസ് കീഴടക്കുന്നുണ്ട്.. പക്ഷെ.. കൊല്ലത്ത്തിലോരിക്കലെത്തുന്ന ഒഅനം അന്ന് മലയാളികളായി തനിമ നിലനിർത്തികൊണ്ട് എന്നും വന്നെത്തുന്ന ഇന്ന് ക്യമാപസ്സുകളിൽ മാത്രമാണെന്ന് തോന്നുന്നു. അവിടെ ആഘോഷമാണ്.. എല്ലാം....

ഇന്ന് ക്യാമ്പസിന്റെ രാഷ്ട്രീയവും പൊതു രാഷ്ട്രീയവും ചിന്തകളും പറഞ്ഞു, ചർച്ച ചെയ്യുന്ന, പ്രതികരിക്കുന്ന നിരവധി പേരെ സോഷ്യൽ മീഡിയയിൽ കാണാം. അധ്യാപകരും കുട്ടികളുമെല്ലാം ഈ രീതിയിൽ അവരുടെ അഭിപ്രായപ്രകടനങ്ങളായി അനുഭവങ്ങളായി രൂപപ്പെടുത്തുന്നു. ഇത്തരത്തിലുള്ള ചില രേഖപ്പെടുത്തലുകലാണ് സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിക്കുന്നത് എന്ന് ചില അനുഭവങ്ങൾ നമുക്ക് മുന്നിൽ തെളിയിക്കുന്നുമുണ്ട്... ഇങ്ങനെയോക്കെയെങ്കിലും സ്നേഹം നിറഞ്ഞ ഗുരുക്കന്മാർ ഈ ക്യാമ്പസിന്റെ മാത്രം സൌന്ദര്യമായി എനിക്ക് തോന്നിയിട്ടുണ്ട്. അതൊരു ആലന്കാരികതയല്ല. മറിച്ച് അനുഭവമാണ്. എത്രയൊക്കെ ചുറ്റുപാടുകളിൽ നിലനിൽക്കുമ്പോഴും ചുറ്റും കൂടി നില്ക്കുന്ന ലോകത്തെ തിരിച്ചറിയാനും കുറെ നിൽക്കാനും ഉള്ള കഴിവ് പുതിയ തലമുറ നിലനിർത്തുന്നു എന്നത് എന്റെ ധാരണയല്ല എന്ന് എനിക്ക് തോന്നാറുണ്ട്. സൈബർ ലോകത്തിന്റെ കിലുക്കം എന്റെ ഫോണിലും ശബ്ദിക്കുന്നുണ്ട്. അതിലേക്കു തിരുയും മുൻപ് ഇറങ്ങിപ്പോയ പടവുകളിലെ ഊർജ്ജവും ചേർന്നു കിട്ടിയ അനുഭവവും മുതൽക്കൂട്ടായി നിലനിർത്തുന ഒരുപാടുപേരുണ്ട് ഇവിടെ. അവരോടൊപ്പം നിന്നുകൊണ്ട് ഞാനും തിരിച്ചു കയറട്ടെ..ഇറങ്ങിയിടത്തുനിന്നു വീണ്ടും...

പ്രിയപ്പെട്ട ക്യാമ്പസ്......

എനിയ്ക്ക് തിരിച്ച് പോവണം .....
മൗനബുദ്ധൻറെ മടിത്തട്ടിലേയ്ക്ക്. മാമോദീസ കൈക്കൊള്ളാത്തവന്റെ കുമ്പസാരങ്ങൾക്ക്
കാതോർത്ത ബോധിവൃക്ഷച്ചുവട്ടിലെ ബുദ്ധനടുത്തേയ്ക്ക്.....

ശരൽക്കൊന്നകൾ പൂത്തിറങ്ങിയ വഴികളിൽ സ്വപ്നങ്ങളും ചെയ്തിറങ്ങിയിരുന്നു.
ഓരോ ഋതുകളിലും അതിനോരോ നിറമായിരുന്നു.
അറബിക്കടലിന്റെ സീമന്തരേഖയിൽ സിന്ദൂരം തൂവിയ സാന്ധ്യച്ചക്രവാളത്തോളം
ആനന്ദവും ആഴവും പരപ്പുമുള്ളതായിരുന്നു ZGC യുടെ അങ്കണത്തിൽ പൂത്തുലഞ്ഞ
ചില സൗഹൃദങ്ങളും പ്രണയങ്ങളുമെല്ലാം....

സുഹ്റാ...
ഇനിയെങ്കിലും നീ നിൻറെ മൗനം വെടിയുക.
ദിനങ്ങളെത്രയോ കൊഴിഞ്ഞുവീണിട്ടും നമ്മൾ മാമ്പൂക്കളായി വിടർന്നില്ല, വർഷമായ് പെയ്തിറങ്ങിയില്ല ....
സുഖമുള്ള കനവുകൾ ചേർത്തുവെച്ച് വാകമരങ്ങൾ ശരൽക്കൊന്നകൾക്കായി വഴിമാറികൊടുത്തു.
പകരം വെക്കലുകളില്ലാത്ത ഉദാത്തമായ ത്യാഗം..

പക്ഷഭേദമാണ് നിനക്ക്!!

അതുകൊണ്ടാണല്ലോ നീ രാത്രികളിൽ പൊഴിച്ച ധവളനിലാമഴ ഞങ്ങൾ കാണാതെ പോയത്...
എൻറെ പ്രിയപ്പെട്ട ക്യാമ്പസ് നീ മനസിലാക്കണം..

നിന്നോടെനിയ്ക്ക് പ്രണയമാണ്...
പക്ഷെ എല്ലാം മറക്കാനും പൊറുക്കാനും ഞാൻ ക്ലാരയല്ല!
വിരഹത്തിന്റെ തീച്ചൂളയിൽ മുരളിക
മാറോടണയ്ക്കാൻ ഞാൻ രാധയല്ല.....

എങ്കിലും പറയാതെവയ്യ, നിന്നോടെനിയ്ക്ക് പ്രണയമാണ്.......
ഉറവയുടെ കണ്ണുപൊട്ടിക്കാനാവാത്ത വറ്റാത്ത പ്രണയം.
ഓർമകളിലേയ്ക്ക് ചേക്കേറാനൊരുങ്ങുകയാണ് ചകോരങ്ങൾ.
ഒടുവിലിതാ പ്രാണൻ നഷ്ടപ്പെടുകയാണ്...
ചിതറിയ സ്ഫടികച്ചില്ലുകൾ ആഴ്ന്നിറങ്ങി...
നുണഞ്ഞ പ്രണയത്തിന്റെ മത്തുപ്പിടിപ്പിച്ച ലഹരിയിൽ...
വിടരാതെ പോയ ദിനങ്ങളുടെ സാന്ധ്യചക്രവാളങ്ങളിൽ...
പറയാതെ പോയ വാക്കുകൾ വിഴുങ്ങിയ ഉമിനീരിന്റെ വരൾച്ചയിൽ....

എങ്കിലും ഞാൻ മനസിലാക്കുന്നു...
നീ തീർത്തുമെൻറെതല്ലെന്നും,
ഞാൻ തീർത്തും നിന്റെതല്ലെന്നുമുള്ള
തിരുത്താനാവാത്ത വസ്തുത...

നീതു ലക്ഷ്മി
ബി എ സോഷ്യോളജി മലയാളം

പുതിയ ലേഡീസ് ഹോസ്റ്റലിൽ താമസിക്കുന്ന പെങ്ങന്മാരോട്,
വാട്ടർടാങ്കിന് പിറകിൽ, ഒരുകെട്ട് ബീഡി ഞങ്ങൾ
ഒളിപ്പിച്ചിട്ടുണ്ട്,
കഴിഞ്ഞ ബി.സോൺ ദിനങ്ങളിലൊന്നിൽ.
കലിഗുളയെ ആദ്യമായറിഞ്ഞ് ഉറങ്ങിയത്, ആ ടെറസ്സിലാണ്,
പടികളിറങ്ങി താഴേക്ക് പോകുന്ന അടുക്കള ചുവരിൽ
വിറകുകരികോണ്ട് ഞാനവളുടെ പേര് എന്നോട് ചേർത്തെഴുതിയിട്ടുണ്ട്,
വൃത്തിയില്ലാത്ത കൈപടത്തിൽ,
ഇടനാഴികൾക്കിരുവശവും
വിളിച്ചു പഠിച്ച മുദ്രാവാക്യം ചുവപ്പിലെഴുതിയിട്ടുണ്ട്

പരിഭവം പറഞ്ഞു പിണങ്ങിനിന്നവളെ
ചേർത്തു ചുംബിച്ച ചൂട്,
രണ്ടാം നിലയിൽ, ഒരു മുറിയിൽ നിറഞ്ഞുകിടപ്പുണ്ട്
മുഴുവനും വെള്ള പൂശി നിങ്ങൾ താമസം തുടങ്ങിയതിൽ
സന്തോഷമുണ്ട്.
പക്ഷെ,
ആ ഓർമ്മകൾ പോലും മായ്ച്ചുകളഞ്ഞതിൽ ,
ചുവരുകളിലെന്നും ഞങ്ങളുടെ ചുവരെഴുത്തുകൾ
കരി പിടിച്ചുകിടക്കണമെന്ന് ആഗ്രഹിച്ച ഞങ്ങൾക്ക്
അമർഷമുണ്ട്.
ദുഃഖമുണ്ട്. ദേഷ്യമുണ്ട്.

College Union 2014 - 15

Abhinav
Chairman

Ammu Priya
Vice Chairman

Athul Babu
Gen. Secretary

Anagha
Jnt. Secretary

Sreeshamim
Student Editor

Jayesh
Fine Arts Secretary

Aravind
Gen. Captain

Rishidas
U. U. C

Fathima Sanam
U. U. C

Sajna

Thushar

Jeenu

Union Executives

Dr. Ramachandran
Staff Advisor

Dr. Leon Prasanth
Cultural Advisor

N. Rakhi

Dr. Anil Varma
Staff Editor

Election 2014



Union Inauguration 2014-15



FINEARTS

Sports Day

COLLEGE DAY



കേരളത്തിലെ No. 1 പ്രാഥമിക സഹകരണബാങ്ക്

• കോർ ബാങ്കിംഗ് • 12 മണിക്കൂർ ബാങ്കിംഗ് • പ്രത്യേക വാടക ഇല്ലാതെ ലോക്കർ സൗകര്യം
• മുതിർന്ന പൗരന്മാർക്ക് ഉയർന്ന ആനുകൂല്യങ്ങൾ • NEFT / RTGS സൗകര്യം • സഞ്ചരിക്കുന്ന ബാങ്ക് ശാഖ
• ഗോൾഡ് ലോൺ • നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ • ചിട്ടിക്ക് സമാനമായ ഗ്രൂപ്പ് ഡിപ്പോസിറ്റ് സ്കീം • ATM കാർഡ് സൗകര്യം

ബാങ്കിന്റെ അഭിമാനാർഹമായ പദ്ധതി
ലോകോത്തര നിലവാരത്തിൽ നിർമ്മാണം പുരോഗമിക്കുന്ന അത്യാധുനിക **കാൻസർ ആശുപത്രി**
care FOUNDATION

കാലിക്കറ്റ് സിറ്റി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ്
H.O. ചാലപ്പുറം, കോഴിക്കോട് -2. Ph: 2306311, 2703311
www.calicutcitybank.com

ബാങ്കിന്റെ സാമൂഹ്യ സേവന പദ്ധതി
ദിവസേന 18 നിർധന രോഗികൾക്ക് വീതം സൗജന്യ ഡയാലിസിസ് ചെയ്തുനൽകുന്ന
ഡയാലിസിസ് സെന്റർ

ശാഖകൾ: • ലിങ്ക് റോഡ്: 2306211 • തിരുവണ്ണൂർ: 2322211 • NGO ക്വാർട്ടേഴ്സ്: 2730111 • ഫ്രാൻസിസ് റോഡ്: 2306411 • പയ്യാനക്കൽ: 2326311 • പയ്യാനക്കൽ *(സ്വർണ്ണപ്പണയ കൗണ്ടർ)*: 2323011 • ചേവരമ്പലം: 2358711 • മാവൂർ റോഡ്: 2729311 • കാരപ്പറമ്പ്: 2382611 • കുറ്റിയിൽതാഴം: 2330711 • മെഡിക്കൽ കോളേജ്: 2353511 • തോപ്പയിൽ: 2369311 • ബേപ്പൂർ: 2417611 • കല്ലായ് റോഡ് : 2705311 • തണ്ണീർപന്തൽ: 2378311 • അശോകപുരം: 2771811 • കുളങ്ങരപീടിക: 2331311 • റഹ്മാൻ ബസാർ: 2422311 • ചെലവൂർ: 2732311 • സൈബർപാർക്ക്: 2353411 • പൂളാടിക്കുന്ന്: 2460311 • ഗോവിന്ദപുരം: 2743311 • സഞ്ചരിക്കുന്ന ശാഖ: 2530011

XCEL

പരിമിതികളില്ലാത്ത ബാങ്കിംഗ് ! നിങ്ങളുടെ പ്രതീക്ഷകൾ ഇനിയും ഉയരട്ടെ !!

Sports Teams

Football Team

Cricket Team

Powerlifting (Boys) Team

Volleyball Team

Handball Team

Taekwondo Team

Kabaddi Team

Chess national team Captain Arjun

Powerlifting (Girls) Team

Hockey Team

Badminton Team

അതിരുകളില്ലാത്ത ലോകം

ഹരിത
ബി എസ് സി മാത്തമാറ്റിക്സ്

നാളെ പുതിയൊരു പുലരി യാണ് ഇന്നിന്റെ വേദനകളിൽ നിന്ന വിസ്മൃതിയിലേക്കുള്ള പാത! ഇരുട്ടിൽ നിന്ന് പ്രകാശത്തിലേക്ക്.... വീണ്ടും ഇരുട്ടിലേക്ക്.... കടന്നുപോകുന്ന ഈ വഴിത്താരകൾ
നിങ്ങൾക്കുമുൻപും നിങ്ങൾക്ക് ശേഷ വും അങ്ങനെത്തന്നെയായിരിക്കും.
യുഗങ്ങൾ ഈ കൽച്ചുവരുകളിൽ കോ റിയിട്ട സംസ്കാരങ്ങൾ, ആ ചാരങ്ങൾ, വിശ്വാസങ്ങൾ എല്ലാത്തിലും തളം കെട്ടിനിന്നിരുന്ന ഭയം. വൃക്ഷത്തലപ്പുകളിൽ ഏറുമാടങ്ങൾ പ ണിത് കണ്ണിറുക്കുന്ന നക്ഷത്രങ്ങളെ വിസ്മയത്തോടെ നോക്കിനിന്ന നമ്മുടെ പൂർവികർ രാവും പകലും സൂര്യനും ചന്ദ്രനും സകല പ്രകൃതി പ്രതിഭാസങ്ങ ളും അവർക്കുമുന്നിൽ ഉത്തരം കിട്ടാത്ത സമസ്യകളായിരുന്നു. തനിക്കറിയാത്ത സകലതിനെയും ഭയപ്പെടുത്തുന്ന എന്തിനെയും അവർ ദൈവമായ് കരുതി ആരാധിച്ചു. മലകളും,പുഴകളും, കാടും, മേടും ആരാധനാലയങ്ങളായി മാറി. പലപ്പോഴും ആരാധനാരീതികൾ ജനതയുടെ സംസ്കാരത്തിനനുസൃത മായി പ്രാകൃതമായിക്കൊണ്ടേയിരുന്നു. രോഗങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, കാലാ വസ്ഥാ വ്യതിയാനങ്ങൾ, എല്ലാം ദൈവ കോപമായി കണക്കാക്കപ്പെട്ടു. മൃഗബലി മുതൽ നരബലി വരെ മുടക്കം കൂടാതെ ആചരിക്കപ്പെട്ടു. അവിടെ മതം വള രുകയായിരുന്നു.മനുഷ്യൻറെ ധിക്ഷ നാശക്തിയ്ക്ക് കടിഞ്ഞാണിട്ട് ഭാവന യ്ക്കും ശാസ്ത്രബോധത്തിനും വിരാമമിട്ട്, അധികാരി വർഗ്ഗവും പുരോ ഹിതവൃന്ദവും അവരെ ചൂഷണം ചെ യ്തു.
നിന്ദിതരും പീഡിതരും ഭാഗ്യവന്മാ രാനെന്നും ദൈവരാജ്യം അവർക്ക് വിധിക്കപ്പെട്ടതാണെന്നുമുള്ള വിശ്വാസ പ്രമാണങ്ങൾ അതിന് ആക്കം കൂട്ടി. ബൈബിൾ സ്ത്രീയുടെ 'നിത്യവിനേ യത്വമാവിഷ്കരിചു. മനുസ്മൃതി 'സ്ത്രീ സ്വാതന്ത്രമർഹിക്കുന്നില്ല എന്ന് വിധിച്ചു. ഇതിൽ നിന്നും തികച്ചും വ്യത്യസ്തമാ യിരുന്നില്ല ഇസ്ലാം മതവും. മതം സ്ത്രീയ്ക്ക് അതിർവരമ്പുകൾ പണിതു മതഗ്രന്ഥങ്ങൾ സ്ത്രീയുടെ സ്ഥാനം പുരുഷൻറെ കാൽച്ചുവട്ടിലാക്കിയപ്പോൾ ജീവിതത്തിലും അവർ ബഹുദൂരം പിന്നോട്ട് സഞ്ചരിക്കുകയായിരുന്നു. വി ദ്യാഭ്യാസം, സ്വാതന്ത്ര്യം, സമത്വം തുടങ്ങി ജീവിതത്തിൻറെ സമസ്ത മേഖലകളിൽ നിന്നും അവൾ നിഷ്കാസിതയായി.



"**മതഗ്രന്ഥങ്ങൾ** സ്ത്രീയുടെ സ്ഥാനം
പുരുഷൻറെ കാൽച്ചുവട്ടിലാക്കിയപ്പോൾ
ജീവിതത്തിലും അവർ **ബഹുദൂരം**
പിന്നോട്ട് സഞ്ചരിക്കുകയായിരുന്നു."

ഭക്തിയ്ക്ക് കണ്ണില്ല! അന്ധവിശ്വാസം!

ഭൂമി ഉരുണ്ടതാണെന്നും അത് സൂര്യനെ ചുറ്റികൊണ്ടിരിക്കുകയാണെന്നും ശാസ്ത്രം വിളിച്ചു പറഞ്ഞപ്പോൾ പുരോഹിതവൃന്ദം ശാസ്ത്രത്തെ വിഷം കൊടുത്തു കൊന്നു.

പക്ഷെ പ്രകൃതി മാറ്റങ്ങൾക്കനുസൃതമാണ് കാലത്തിൻറെ കുത്തൊഴുക്കിൽ മനുഷ്യൻറെ ശാസ്ത്രബോധം അതിൻറെ പാരമ്യത്തിലെത്തിയപ്പോൾ അവർ ചുറ്റുമുള്ളതെല്ലാം അന്വേഷിച്ചറിയാൻ തുടങ്ങി.
അനന്തമായ അറിവുകളുടെ കലവറയായ പ്രകൃതിയുടെ മടിത്തട്ടിലേക്ക് മനുഷ്യൻറെ ചിന്തകൾ വളർന്. ഭൂമി ഉരുണ്ടതാണെന്നും അത് സൂര്യനെ ചുറ്റികൊണ്ടിരിക്കുകയാണെന്നും ശാസ്ത്രം വിളിച്ചു പറഞ്ഞപ്പോൾ പുരോഹിതവൃന്ദം ശാസ്ത്രത്തെ വിഷം കൊടുത്തു കൊന്നു. അതിൻറെ കണ്ണുകൾ ചൂഴ്ന്നെടുക്കാൻ കടാരകളുമായി പാഞ്ഞടുത്തു. ശാസ്ത്രത്തിന്റെ തലയറുത്തുമാറ്റി മതത്തിൻറെ പഴകിയ യുക്തിഹീനമായ തത്വശാസ്ത്രങ്ങൾ അവിടെ പ്രതിഷ്ഠിച്ചു.
പക്ഷെ പതിയെ പതിയെ പരിധികളെ ഒന്നൊന്നായ് ലംഘിച്ച് ശാസ്ത്രം വളരുകയായിരുന്നു.ആകാശസീമകളെ മറികടന്ന്! മനുഷ്യൻ ചന്ദ്രനിൽ കുത്തിയപ്പോൾ അത് ഒരു മനുഷ്യൻറെ ചെറിയ കാൽവെപ്പായിരുന്നു എന്നാൽ മാനവരാശിയുടെ കുതിച്ച്ചാട്ടമായിരുന്നു. പരിമിതികളെ മറികടന്ന്! ചൊവ്വാദൌത്യം പ്രഥമശ്രമത്തിൽ തന്നെ വിജയിപ്പിച്ച രാജ്യമായ് ഇന്ത്യ മാറിയപ്പോൾ നൂറ്റാണ്ടുകൾക്കു മുൻപുതന്നെ ശാസ്ത്രീയമായി വികസിച്ചിരുന്ന ഇന്ത്യൻ പൈതൃകത്തോടുള്ള പ്രായശ്ചിത്തമായിരുന്നു! സൂര്യനെയും അതിനെ ചുറ്റുന്ന ആറു ആകാശഗോളങ്ങളെയും കുറിച്ചുള്ള അറിവ് അന്നേ പ്രാചീനഭാരതീയർക്കുണ്ടായിരുന്നു, ക്രമേണ മുകളിലേക്ക് മാത്രം നോക്കിനടന്ന ജ്യോതിശാസ്ത്രം താഴേക്കു നോക്കാൻ തുടങ്ങി. കളങ്ങൾ വച്ച് ആകാശ ഗോളങ്ങളെ അവർ അതിനുള്ളിലാവിഷ്കരിച്ചു. ഗോളലക്ഷങ്ങളെ അമ്മാനമാടാൻ കൊതിച്ച ജനതയെ യുഗങ്ങളോളം ഈ കളങ്ങൾക്കു ചുറ്റുമിരുത്തി വിശ്വാസം കളമെഴുത്ത് തുടർന്ന്! കൊണ്ടേയിരുന്നു.
'ഭക്തിയ്ക്ക് കണ്ണില്ല! കണ്ണടച്ചുകൊണ്ടുള്ള വിശ്വാസം അഥവാ അന്ധവിശ്വാസം!
ദൈവത്തിൻറെ പേരിൽ എത്രവേണമെങ്കിലും പണം സംഘടിത മതവിശ്വാസം മനുഷ്യന് പ്രചോദനമായി അമ്പലങ്ങളിൽ കരിമരുന്ന് പ്രയോഗങ്ങളിൽ ലക്ഷങ്ങളും കോടികളും പൊട്ടിച്ച് തീർക്കുന്നു. പള്ളിയിൽ പെരുന്നാളിന് നോട്ടുകെട്ടുകൾകൊണ്ട് തോരണങ്ങലുണ്ടാക്കുന്നു. യഥാർത്ഥത്തിൽ ഇതുകൊണ്ട് ആർക്കാണ് പ്രയോജനം?

വെടിക്കെട്ടിൻറെ ഒച്ചകേട്ടാൽ മാത്രമേ ദൈവത്തിൻ ചെവിതുറക്കൂ എന്നുണ്ടോ......?

സ്തുതിഗീതങ്ങൾ കേട്ടാലെ സംതൃപ്തി വരികയുള്ളു എന്നുണ്ടോ? കാര്യങ്ങൾ ഇതിനുമെല്ലാം അപ്പുറത്തെക്കാണ് മലയാളിയുടെ ചൊവ്വാദോഷം ഇനിയും മാറിയിട്ടില്ല. അജ്ഞതയുടെ അന്ധവിശ്വാസത്തിന്റെയും കറുത്ത കരങ്ങൾകൊണ്ട് നാളെയുടെ നേത്രങ്ങൾ അവസാനമായ് മൂടപ്പെടുന്നു.

മഹാരാഷ്ട്ര സർക്കാർ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിയമം മൂലം നിരോധിച്ചിരിക്കുന്നു എന്നാൽ സാക്ഷരകേരളത്തിൽ ഇത് എത്രത്തോളം സാധ്യമാണെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

മതമില്ലാത്ത ജീവനെ കഴുത്ത്ഞെരിച് കൊന്നവരാണ് നമ്മൾ!
മതത്തെ വെല്ലുവിളിച്ചാൽ ആരുടെ കയ്യും വെട്ടാൻ നാം തയ്യാറാണ്
മൃഗബലിയും വേണമെങ്കിൽ നരബലിയും നടത്താൻ നാമോരുക്കമാണ്, സ്വയം പീഡ ഏറ്റുകൊണ്ട് ആത്മീയതയിലേക്കുയരാൻ ശ്രമിക്കുന്ന നമ്മൾ സ്വന്തം കഴിവുകളെ തിരിച്ചറിയാൻ മറക്കുന്നു.
ഓർക്കുക 'ഇവിടെ ഒരു ഹിന്ദുവോ മുസൽമാനോ ഇല്ല, മനുഷ്യൻ മാത്രമേയുള്ളൂ' എല്ലാ ജാതിയും മതങ്ങളും, വിശ്വാസങ്ങളും അപ്രത്യക്ഷമായ് മാനവരാശി ഒന്നാകുന്ന ഒരു ദിനത്തിലേക്കാവണം നാം നയിക്കപ്പെടേണ്ടത്.
തീർച്ചയായും മാനവികതയിലൂന്നിയ മതാതീയമായ ഒരിന്ത്യയ്ക്കു മാത്രമേ അത്തരമൊരു നാളെയെ സ്വപ്നം കാണാനാവൂ.........!!

തല നരക്കുന്നതല്ലെന്റെ വാർധക്യം
തല നരക്കാത്തതല്ലെന്റെ യൗവ്വനം
കൊടിയ ദുഷ്പ്രഭുത്വത്തിനെതിരെ
തലകുനിക്കാത്തതാണെൻറെ യൗവ്വനം.

ടി എസ് തിരുമുമ്പ്

തകരുകയാണ് തമ്പുരാനെ നിന്റെ
ഭരണകൂടം തറഞ്ഞെന്റെ ജീവിതം
എം എം കല്ബുര്ഗി, ഗോവിന്ദ്
പന്സാരെ, നരേന്ദ്ര ധബോല്ക്കര്
ഇനി എത്ര പേരെ വേണം?
ഞാന് റെഡി.
-കുരീപ്പുഴ ശ്രീകുമാര്

നരേന്ദ്ര ധബോൽക്കാർ, ഗോവിന്ദ് പൻസാരെ,എം എം കൽബുർഗി ഇനിയാര്?
നിങ്ങളെന്തിനീ കിളവന്മാരെ ഭയപ്പെട്ടു?
കാലം നിങ്ങളെ ഭീരു എന്ന് മുദ്രകുത്തും മിസ്റ്റർ..

വയോധികരായ മനുഷ്യനെ കൊന്നു തള്ളാൻ പ്രേരിപ്പിച്ച
ഘടകമെന്തെന്നറിഞ്ഞാൽ കൊള്ളാം
വിഗ്രഹ ആരാധനയും അന്ധവിശ്വാസത്തെയും
എതിർത്തതാണ് കൽബുർഗി ചെയ്ത തെറ്റെന്ന് അറിയാൻ കഴിഞ്ഞു.
സ്വന്തം തൂലികയുടെ അവസാന തീനാളവും കെടുത്തി, തൻറെ ആത്മാവിനെ
ആത്മഹത്യക്കു വിധിച് ജീവിക്കുന്ന രക്തസാക്ഷിയായി.
പെരുമാൾ മുരുകനെ മറന്നിട്ടില്ല......
ഹിന്ദുവായ രജനികാന്ത് മുസ്ലിമായ ടിപ്പുവിൻറെ പേരിലുള്ള
സംരംഭത്തിൽ പങ്കാളിയാവരുതെന്നു പറയാൻ താനാരുവാ..... മിസ്റ്റർ?
ഗാന്ധിജിയുടെ മരണം ആഘോഷിക്കുന്നവരോട്
എന്തു പറയാൻ? എന്തു ചോദിക്കാൻ....
ഞങ്ങൾക്കിപ്പം പുച്ഛം മാത്രമാണ് നിങ്ങളോട്....

?

"അല്ല മച്ചാനെ നിങ്ങളിതൊന്നും അറിയുന്നില്ലേ?
എന്നെ ഇതുവരെ ആരും കൊല്ലാനും വന്നിക്കില്ല,
ഭീഷണിയും പെടുത്തിയിട്ടില്ല എന്നാണോ ഇനി?"



"ആദ്യം അവർ ജൂതന്മാർക്ക് നേരെ ചെന്നു
ഞാൻ മിണ്ടിയില്ല
കാരണം ഞാൻ ജൂതനല്ലായിരുന്നു
പിന്നെയവർ കമ്മ്യൂണിസ്റ്റുകൾക്കുനേരെ ചെന്നു
ഞാൻ മിണ്ടിയില്ല, കാരണം
ഞാൻ കമ്മ്യൂണിസ്റ്റല്ലല്ലോ.
പിന്നെയവർ തൊഴിലാളികളെ തേടി ചെന്നു
അപ്പോഴും ഞാൻ പ്രതികരിച്ചില്ല
ഞാൻ തൊഴിലാളിയല്ലല്ലോ?
ഒടുവിൽ അവർ എനിക്കുനേരെ വന്നു.
അപ്പോൾ എനിക്കുവേണ്ടി ശബ്ദിക്കുവാൻ
ആരുമുണ്ടായിരുന്നില്ല."

-പാസ്റ്റർ നിമോയിള്ളർ-

ഇല്ല എനിക്കു വിശ്വാസം ഉണ്ട്.
ഈ തലമുറ നിങ്ങളോട് ചോദ്യങ്ങൾ ചോദിച്ചു കൊണ്ടിരിക്കും.
ആ ചോദ്യങ്ങൾക്കൊണ്ട് തീർക്കുന്ന കുഴിമാടത്തിൽ

നിങ്ങൾ മൂടപ്പെടേണ്ടി വരും **മിസ്റ്റർ...**
ആ കുഴിമാടത്തിലെ മണൽ തരികൾ
തൂലികയിൽ നിറച്ച ഒരുപാട് കനീഹയ്യമാരും വളർന്നു വരുന്നുണ്ട്
അതെ..

നിങ്ങൾക്കീ വസന്തകാലത്തെ പൂക്കളെ
മാത്രമേ പറിച്ചെറിയാനാകൂ...
വരാനിരിക്കുന്ന വസന്തത്തെ
തടഞ്ഞു നിർത്താനാകില്ല...

NO Country For Old Men

അശ്വിൻ ആർ.

സ്വർഗരാജ്യം നിനക്കുള്ളതാണ് എന്ന അനുഗ്രഹം ജീവിതത്തിൽ
ഒരിക്കലെങ്കിലും സിദ്ധിക്കാത്ത ഒരു മനുഷ്യജന്മവും ഉണ്ടാവില്ല.മനുഷ്യജീവിതം എ
ശിച്ചത് നന്മയുടെ ഒരൊറ്റ കണ്ണീർത്തുള്ളിയെങ്കിലും ജീവിതത്തിൽ എപ്പോഴെങ്കിലു
ഴ്ത്തിയവരെക്കുറിച്ചവരെക്കുറിച്ചാണ് കേട്ടോ.മനുഷ്യനാണെന്നതിൻറെ ഒരു തിരു
മണ്ണിൽ ബാക്കി വച്ചവരെക്കുറിച്ചാണ് കേട്ടോ.അപ്പോൾ നന്മയുടെ ജീവിത സാം
ഈ സ്വർഗരാജ്യം,ല്ലേ?
അപ്പോൾ ഈ സ്വർഗരാജ്യം എവിടെയാണ്?
അതിവിടെയല്ലാതെ മറ്റെവിടെയാണ്?
ഇവിടെ,ഈ മണ്ണിൽ തന്നെയാണെന്ന് ദുർമന്ത്രവാദികളും പ്രഭുക്കളും പുരോഹിതന്മാരും രാജാക്കന്മാരുമല്ലാത്ത എല്ലാ ജീവിവർഗവും ഉറച്ചു വിശ്വസിക്കുന്നു.
അപ്പോൾ ഭൂമി ഒരു സ്വർഗ്ഗമാണെന്ന് വേണോ കരുതാൻ?
അങ്ങനെതന്നെ കരുതാമെന്ന് ലോകത്തെ എല്ലാ പ്രണയികളും വാനനിരീക്ഷകര
റഞ്ഞു നടക്കുന്നുണ്ട്.

അപ്പോൾ ഈ സ്വർഗരാജ്യം എവിടെയാ

അതിവിടെയല്ലാതെ മറ്റെവിടെയാണ്?

ഭൂമിയിലെ പലതരം വാതിലുകളിൽ ഒന്ന് മാത്രമാണ് സ്വർഗത്തിൻറെ വാതിൽ എന്ന് വിശ്വസിക്കുന്ന സന്യാസിമാരും നവോത്ഥാന നായകരും ലോട്ടറി വില്പനക്കാരും മറ്റും മറ്റും ഇവിടെയുണ്ട്.
പക്ഷെ സ്വർഗ്ഗരാജ്യം ഞങ്ങളുടെ തോൾസഞ്ചിയിലാണെന്നു വിശ്വസിക്കുന്ന റാഡിക്കലുകളാണ് ഭൂമിയിൽ ഏറ്റവും കൂടുതലായി കണ്ടു വരുന്ന ജീവിവർഗം.

ഭൂമി പണ്ടും ഇങ്ങനെയൊക്കെ തന്നെയാണ്. പ്രതീക്ഷകളാണ് ഇവിടുത്തെ ജീവ വായു.പ്രതീക്ഷയറ്റ ഒരു ജീവജാലത്തി
നും ഇവിടെ സ്ഥാനമില്ല.നിരാശാഭരിതനായ കാമുകനെപ്പോലെ/കാമുകിയെപ്പോലെ ആത്മഹത്യ ചെയ്യാൻ തീരുമാനിച്ച എഴുത്തുകാരനെപ്പോലെ/എഴുത്തുകാരിയെപ്പോലെ,കാഷായ വസ്ത്രം ധരിക്കുന്ന വിപ്ലവകാരിയെപ്പോലെ,ഇന്നലെ ടിപ്പർ ലോറിയുടെ മുന്നിൽ തലവച്ചു കൊടുത്ത തവളയെപ്പോലെ...ഈ ഭൂമിയിൽ നിരാശ മരണമാണ്. പക്ഷെ അവർ യഥാർത്ഥത്തിൽ സത്യം രുചിക്കുകയാണ് ചെയ്യുന്നത്.സത്യം രുചിച്ചയാൾക്ക് മാത്രമേ പ്രതീക്ഷകളെല്ലാം കൈവിട്ട് പോകൂ.

സത്യം രുചിക്കുന്ന, പ്രതീക്ഷകൾ അസ്തമിച്ചു പോകുന്ന നിമിഷത്തിൽ ഒരാൾക്കെന്താണ് സംഭവിക്കുക?ആ നിമിഷം അയാൾ ഒന്നുകിൽ മരിച്ചു പോവുകയോ അല്ലെങ്കിൽ വാർധ
ക്യത്തിലേക്ക് കടക്കുകയോ ചെയ്യുമായിരിക്കും. അതെ... ഓരോ വൃദ്ധനും സത്യം രുചിച്ചവനാണ്/രുചിച്ചവളാണ്. അത് തന്നെയാണ് അയാളെ മറ്റുള്ളവരിൽ നിന്നും മാറ്റി നിർത്തുകയും ചെയ്യുന്നത്. അയാൾക്ക് സ്വന്തമെന്നു പറയാൻ ഒന്നുമില്ല.ഒരു രാജ്യത്തും അയാളുടെ പേരുണ്ടാകില്ല. താൻ തേടിനടന്ന സ്വർഗരാജ്യം ഒരു കള്ളമാണെന്ന് തിരിച്ചറിയുന്ന നിമിഷത്തിൽ അയാൾ രാജ്യം നഷ്ടപ്പെട്ടവനായി മാറുകയാണ് സത്യത്തിൽ. അത് കൊണ്ടാണ് ചില വൃദ്ധന്മാർ പ്രതീക്ഷകൾ അസ്തമിച്ചിട്ടും വീണ്ടും വീണ്ടും സ്വർഗ്ഗരാജ്യത്തേക്കുറിച്ചുള്ള സ്വപ്നങ്ങളിൽ അഭിരമിച്ചു കൊണ്ട് പ്രാർഥനകളിൽ മുഴുകി രോഗികളായിത്തീരുന്നത്.രോഗത്തേക്കാൾ ഭീകരമാണ് രാജ്യം നഷ്ടപ്പെട്ടുപോകുന്നത് എന്നവർ കരുതുന്നുണ്ടാവാം.

അവിടെ ഞാൻ
മാത്രമേ ഉള്ളൂ..
ഞാൻ...ഞാൻ മാത്രം.

ലോകം മുഴുവൻ അന്വേഷിക്കുന്നത് സ്വർഗരാജ്യമെവിടെയാണെന്നാണ്. പക്ഷെ ഒരാൾക്കും സ്വർഗത്തെ ഈ കാലം വരെ നിർവചിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം. സത്യത്തിൽ എന്താണ് സ്വർഗം?
സ്വർഗം ഒരു സ്വാർഥതയാണ് പലപ്പോഴും.എനിക്ക് മാത്രം കൈവരേണ്ടുന്ന ഒരു സുഖാനുഭൂതിയാണ് ഇപ്പോഴും എപ്പോഴും സ്വർഗം.അവിടെ ഞാൻ മാത്രമേ ഉള്ളൂ..ഞാൻ...ഞാൻ മാത്രം.

ഒരു കമ്മ്യൂണിസ്റ്റ്കാരൻറെ സ്വർഗരാജ്യത്തിൽ അയാളും അയാളുടെ തൊഴിലാളി സുഹൃത്തുകളും മാത്രമേ ഉള്ളൂ.തൊഴിലാളിവർഗ സർവാധിപത്യമാണത്രേ അയ്യാളുടെ സ്വർഗത്തെപ്പറ്റിയുള്ള ഉദാത്തമായ പ്രത്യയശാസ്ത്ര സങ്കൽപം.
ഒരു ദേശസ്നേഹിക്ക് അയാളുടെ ദേശാതിർത്തിക്കുള്ളിലാണ് എപ്പോഴും സ്വർഗം. അതിനപ്പുറത്തേക്ക് ചിന്തിക്കുന്നവരെ അയാൾ തൊട്ടടുത്ത നിമിഷത്തിൽ രാജ്യദ്രോഹം ചുമത്തി,പുള്ളികുത്തി രാജ്യത്തിന് പുറത്തേക്കയക്കും.
ഒരു പുരോഹിതൻ അയാളെ ആരാധിക്കുന്നവരെയും പിന്തുടരുന്നവരേയും മാത്രമേ സ്വർഗത്തിലേക്ക് കടത്തി വിടൂ.അയാളോട് കലഹിക്കുന്നവരെല്ലാം സാത്താന്മാരും ജിഹാദികള്മാണ്.അവർക്ക് സ്വർഗരാജ്യം വിധിച്ചിട്ടില്ല പോലും.
സ്വർഗമുള്ള എല്ലാ ഇടനാഴികളിലും ഒരു നരകവുമുണ്ട്.പക്ഷെ സ്വർഗ്ഗ രാജ്യം വളരെ കുറച്ചു പേർക്ക് മാത്രം ഉള്ളതാണ്.രാജാവും നേതാവും ബ്രാഹ്മണനും പുരോഹിതനും ശതകോടീശ്വരനും മാത്രം വാഴുന്ന സ്ഥലം. ദളിതനും ദരിദ്രനും അടിമയും ആയ ഭൂരിപക്ഷം ജീവജനങ്ങൾക്കും നരകവാസമാണ് വിധി.

സ്വർഗം ഇതാണെന്നും ഇതല്ലെന്നും വാദിക്കുന്നവരുണ്ട്. എക്കണോമിസ്റ്റുകളും ആന്ത്രോപ്പോളജിസ്റ്റ്കളും റാഡിക്കലുകളും ഹ്യൂമനിസ്റ്റുകളും ഇൻഡിവിജ്വലിസ്റ്റുകളും ഗാന്ധിയന്മാരും ഇസ്ലാമിസ്റ്റുകളും സ്പിരിച്വലിസ്റ്റുകളും രാസ്തഫാരിയനിസ്റ്റുകളും തുടങ്ങി എണ്ണിയാലൊടുങ്ങാത്ത ജീവിവിഭാഗങ്ങൾ സ്വർഗത്തെക്കുറിച്ച് പലതരം നിർവചനങ്ങൾ അന്വേഷിച്ചു കൊണ്ടിരിക്കുന്നുണ്ട്. പക്ഷെ ഇതിൽ നിന്നും എത്രയോ വ്യത്യസ്തവും അഗാധവും ആണ് ഒരു വാർധക്യ ദശയിൽ സ്വർഗത്തെക്കുറിച്ചു നാമെത്തിച്ചേരുന്ന നിഗമനങ്ങളും,സാധുതകളും.. എല്ലാ ജീവജനവും സ്വർഗത്തിലേക്കുള്ള യാത്രാവസാനം ഒടുവിൽ എത്തിപ്പെടുന്ന അനുഭവങ്ങളുടെ ആഴക്കടൽ.

ദളിതനും ദരിദ്രനും അടിമയും ആയ ഭൂരിപക്ഷം ജീവജനങ്ങൾക്കും നരകവാസമാണ് വിധി.

ഒടുവിൽ എത്തിപ്പെടുന്ന അനുഭവങ്ങളുടെ ആഴക്കടൽ.

ഒരു വൃദ്ധനാവുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല.ജീവിതത്തിൽ നാം എത്തിചേരുന്ന ഏറ്റവും ഒടുവിലത്തെ ഒരു സത്യമുണ്ട്..ആ സത്യം തിരിച്ചറിയുന്നവരാണ് വൃദ്ധന്മാർ..ഓരോ മനുഷ്യനും ആ സത്യത്തെയും അത്വഴി വാർദ്ധക്യത്തെയും അനുഭവിക്കുക തന്നെ ചെയ്യും.പക്ഷെ വൃദ്ധന്മാർ അപ്പോഴേക്കും രാജ്യം നഷ്ടപ്പെട്ടവരായി പരിണമിച്ചു കഴിഞ്ഞിട്ടുണ്ടാകും..രാജ്യം നഷ്ടപ്പെട്ടു കഴിഞ്ഞവനെ ആരു കേൾക്കാനാണ്??അയാൾ ആരാരും കേൾക്കാത്ത ഒരു മഹാസത്യത്തെ തിരിച്ചറിഞ്ഞവരായിക്കൊണ്ട് അവിടെയും ഇവിടെയുമൊക്കെ അലഞ്ഞു തിരിഞ്ഞു നടക്കാൻ തുടങ്ങിയിട്ടുണ്ടാകും.അവരിൽ ചിലർ ആ സത്യത്തെ സ്വയം കുഴിച്ചു മൂടി മഹാമൌനത്തിലേക്ക് എടുത്തു ചാടും.ചിലർ ആ സത്യത്തെ ഭയപ്പെട്ടുകൊണ്ട് രോഗികളും അവശരും ആയി മാറും.മറ്റു ചിലർ ആ സത്യം താങ്ങാനാവാതെ സ്വയം ജീവനൊടുക്കും.

പക്ഷെ ഞാൻ കേൾക്കാൻ ശ്രമിക്കുന്നത് ഇവരെക്കുറിച്ചോന്നുമല്ല...ഇവരിലൊന്നും പെടാത്ത മറ്റു ചില ജീവിതങ്ങളെയാണ്..സ്വർഗരാജ്യത്തെകുറിച്ചുള്ള തൻറെ ജീവിതാന്വേഷണങ്ങൾക്കിടയിൽ കണ്ടെടുത്ത ആ ശരിയെ മരണത്തിൻറെ തൊട്ടു മുൻപ് വരെ വിളിച്ചു പറഞ്ഞു നമ്മുടെ മുന്നിലൂടെ നടന്നു പോയ കുറെ കിളവൻമാരെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്.സത്യം വിളിച്ചു പറഞ്ഞതിന് രാജ്യം വിടേണ്ടി വന്ന,കൊല്ലപ്പെടെണ്ടിവന്നവരേക്കുറിച്ചാണ്...

അവർ ആരാണ്?

അവരെ എന്ത് പേര് വിളിക്കാം.

അവരെ നമുക്ക് എം.എഫ് ഹുസൈൻ എന്ന് വിളിക്കാം...

അതല്ലെങ്കിൽ നമുക്കവരെ എം.എം.കല്ബുർഗി എന്ന് വിളിക്കാം....

എസ്.പി ഉദയകുമാർ എന്ന് വിളിച്ചോളൂ....

വേണമെങ്കിൽ നിങ്ങളവരെ നരേന്ദ്ര ധബോൽക്കർ എന്ന് വിളിച്ചോളൂ...

വേണമെങ്കിൽ നിങ്ങളവരെ മോഹൻ ദാസ് കരംചന്ദ് ഗാന്ധി എന്ന് വിളിച്ചോളൂ....

അതല്ലെങ്കിൽ നമുക്ക് പെരുമാൾ മുരുകൻ എന്ന് വിളിക്കാം

അയാൾ നമുക്ക് വച്ച് നീട്ടുന്നത് അയാൾ നേടിയ സ്വർഗരാജ്യമാണ്...



പേരുകൾ ഇങ്ങനെ പലവിധമാണെങ്കിലും ഇവരെല്ലാം ഒരു പ്രത്യേക ജീവിവർഗമാണ്.അവർക്ക് പക്ഷെ അറിയപ്പെടാൻ സവിശേഷമായ ഒരു പേരില്ല.വേണമെങ്കിൽ അവരെ പ്രതീകങ്ങൾ എന്ന് വിളിച്ചോളൂ..
എന്താണ് ഈ ജീവിവർഗത്തിൻറെ പ്രത്യേകത?സ്വന്തം വാർദ്ധക്യത്തെ മരണം കൊണ്ട് നിലനിർത്തി എന്നതാണ് ഇവരുടെ പ്രത്യേകത.ഒറ്റ നോട്ടത്തിൽ അതൊരു പ്രത്യേകതയായി നിങ്ങൾക്ക് തോന്നണമെന്നില്ല. ഇവരെയെല്ലാം വിലപിടിപ്പുള്ള രക്ത സാക്ഷിത്വങ്ങളായി നിങ്ങൾ പരിഗണിക്കാനും വഴിയില്ല.രക്ത സാക്ഷിത്വം എപ്പോഴും യൌവനത്തിൽ മാത്രം സംഭവിക്കേണ്ട ഒന്നാണല്ലോ,ല്ലേ?ആണ്..ആഘോഷിക്കപ്പെടുന്ന എല്ലാ രക്തസാക്ഷിത്വ സ്മരണകളും യുവാക്കളുടെതാണ്.
പക്ഷെ എവിടയാണ് ആർക്കും വേണ്ടാത്ത ഒരു കിഴവൻറെ രക്ത സാക്ഷിത്വം മഹത്തരമാകുന്നത്?അല്ലെങ്കിൽ എന്ത് കൊണ്ടാണ് ഒരു കിഴവൻ അയാളുടെ അന്ത്യനാളുകളിൽ രക്തസാക്ഷിത്വം വരിക്കേണ്ടി വരുന്നത്? ആയുസ്സിൻറെ അവസാന നാളുകളിൽ അയാളെ വെറുതെ വിട്ടുകൂടായിരുന്നില്ലേ?
ആ ചോദ്യത്തിന് നിശബ്ദത മാത്രമാണ് ഉത്തരം.ഉറപ്പായും ആ നിശബ്ദത തന്നെയാണ് ഒരു കിഴവൻറെ രക്തസാക്ഷിത്വത്തെ, ഭ്രഷ്ട്കല്പിക്കലുകളെ, നാടുകടത്തലുകളെ കൂടുതൽ ഊർജ്ജസ്വലവും കരുത്തുറ്റതും ആക്കിതീർക്കുന്നത്.
നിങ്ങൾ ആ നിശബ്ദതയെ മറികടക്കാൻ ശ്രമിച്ചു നോക്കൂ....
ആ നിമിഷം നിങ്ങളൊരു വൃദ്ധനായി പരിണമിക്കും....
കാരണം മഹാമൗനങ്ങളിൽ നിന്നും സത്യത്തെ പറിച്ചെടുക്കാൻ വാർധക്യത്തിനു മാത്രമേ കഴിയൂ....
ആ സത്യത്തെ വിളിച്ചു പറയാൻ രാജ്യം നഷ്ടപ്പെട്ട ഒരു വൃദ്ധനു മാത്രമേ കഴിയൂ.......
കാരണം അയാൾ നമുക്ക് വച്ച് നീട്ടുന്നത് അയാൾ നേടിയ സ്വർഗരാജ്യമാണ്... .സ്നേഹത്തിൽ കുതിർന്ന ഒരൊറ്റത്തുള്ളി കണ്ണീരായിരിക്കും ചിലപ്പോഴത്..........

വിശപ്പിനായല്ലാതെ
ഇവിടാരും
വേട്ടയാടാറില്ല

ഇവിടെ
വിശപ്പ്
ഭക്ഷണത്തോട്

അവിടെ
വിശപ്പിന്ന്
പെണ്ണിനോടും പണത്തോടും

പ്രകൃതിയെ
അറിയുന്ന
കാടൻ
നിയമങ്ങൾ
നിങ്ങൾക്ക ശ്ലീലമായി

ചോദ്യം
ചെയ്യപ്പെടേണ്ടത്
കാടത്തമല്ല
മനുഷ്യത്തമാണ്
നാട്ടിലെ നിയമങ്ങളും....

[illegible]

Amudan Ramali



ചലച്ചിത്ര പ്രേമികളായ ആക്ടിവിസ്ടുകൾക്കും സിനിമാസ്വാദകർക്കും ഇടയിൽ പരിചയപ്പെടുത്തൽ തീർത്തും ആവശ്യമില്ലാത്ത ഒരു വ്യക്തിയാണ് അമുദൻ എന്നറിയപ്പെടുന്ന അമുദൻ രാമലിംഗം പുഷ്പം. അടിച്ചമർത്തപ്പെട്ട വർഗ്ഗത്തിന്റെ നീതിയ്ക്കു വേണ്ടിയുള്ള പോരാട്ടത്തിൽ എന്നും അവരോടൊപ്പം തന്നെ നിലയുറപ്പിച്ചിട്ടുള്ള ആളാണ് അദ്ദേഹം. ഇന്ത്യയുടെ തീർത്തും തെറ്റായതും, ഇരകളാക്കപ്പെട്ടവർ തന്നെ വീണ്ടും വീണ്ടും ഇരകളാക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ വികസന നയത്തെ നേരിട്ടും ഡോക്യുമെൻററികളിലൂടെയും എക്കാലവും ചോദ്യം ചെയ്യുക എന്നതാണ് അമുദൻ ചെയ്തുപോന്നിട്ടുള്ളത്.

? ഇന്നത്തെ സാമൂഹിക സാമ്പത്തിക വികസന രംഗത്ത് ഏറെ ചർച്ച ചെയ്യപ്പെടുന്ന വാക്കാണ് 'വികസനം' എന്നാൽ വികസന മാതൃകകൾ ഇന്ന് പല രീതിയിൽ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. വികസനത്തെ നമുക്ക് അവഗണിക്കാനാകുമോ? വികസനത്തെ അവഗണിക്കുക എന്നാൽ അപരിഷ്കൃതത്വത്തിലേക്ക് തിരികെ പോകുക എന്നല്ലേ അർത്ഥം? യഥാർത്ഥ പ്രശ്നം എവിടെ വര വരയ്ക്കും എന്നതാണ്

ingam **P**ushpam

ഇത് ഏറെ സങ്കീർണമായ പ്രശ്നമാണെന്ന് ഞാൻ കരുതുന്നില്ല. ആരാണ് യഥാർത്ഥത്തിൽ ഇതിന്റെ ഗുണഫലം അനുഭവിക്കുന്നത് എന്നാണ് നാം ആലോചിക്കേണ്ടത്? ഇതു എല്ലാവരെയും ഉൾക്കൊള്ളുന്നതാണോ? വളരെ കുറച്ചുപേർക്കാണ് ഗുണഫലം ലഭിക്കുന്നത് യഥാർഥത്തിൽ ആധുനിക വികസനം കൊണ്ട് നാം നൽകുമെന്ന് അവകാശപെടുന്ന ജീവിത സൗകര്യങ്ങൾ തന്നെ ഇന്ന് ചോദ്യം ചെയ്യപെടണം. ആധുനിക വിത്തിന്റെ പരിണിതഫലമായി ജനങ്ങളുടെ രോഗരുകത വർധിക്കുന്നു. ഭക്ഷണം, കുടിവെള്ളം എന്നിവ വിഷമയമാകുന്നു. ഭൂമിയെ അമിതമായി വാണിജ്യ താല്പര്യങ്ങൾക്കായി ചൂഷണം ചെയ്യുന്നു . കാടു വെട്ടി നശിപ്പിക്കാനും അങ്ങനെ ചിന്തിക്കുമ്പോൾ യഥാർത്ഥത്തിൽ ഇന്നത്തെ വികസന മാതൃക ഒരു പരാജയമാണെന്ന് കാണം. ഇന്നത്തെ വികസന മാതൃകയ്ക്ക് പിറകിൽ നല്ല ഉദ്ദേശങ്ങളുണ്ടാകാം, എങ്കിലും സംശയത്തോടെ നോക്കാതെ വയ്യ . കാരണം അതിനു പിറകിൽ ബോധപൂർവ്വമായ ശ്രമങ്ങളാണ്. ജനങ്ങൾ ദുരിതബാധിതരാവുമെന്ന ഉത്തമ ബോധ്യത്തോടെയാണിത്. ഉദാഹരണത്തിന് എല്ലാ വൻകിട വ്യാവസായിക സംരംഭങ്ങളും നിർമിച്ചിരിക്കുന്നത് നദീതീരങ്ങളിലാണ്. ഇത് നദികളെ വിഷലിപ്തമാക്കുമെന്ന് അറിയാതെയല്ല. ഇത്തരത്തിലുള്ള വ്യാവസായിക വൽക്കരണം, പലരെയും ബദൽ ജീവിതരീതി തേടാൻ പ്രേരിപ്പിക്കുന്നു. ആധുനിക വികസനത്തിന്റെ ഗുണഭോക്താകളും ഈ ബദൽ ജീവിത രീതിയെ പ്രോൽസാഹിപ്പിക്കുണ്ട്. A/c ഉപയോഗിക്കുന്നവർക്ക് വനവൽക്കരണത്തിന്റെ പ്രസക്തിയെ കുറിച്ച് അറിയാഞ്ഞിട്ടല്ല.. പക്ഷെ ഒരു വലിയ ജനവിഭാഗത്തെ ചൂഷണം ചെയ്യാനുള്ള ഉപാധിയാണ് അവർക്കിത്. അത് യഥാർത്ഥത്തിൽ ആരെയും വളരാൻ അനുവദിക്കുന്നില്ല.

നോക്കൂ, നമ്മൾ ജീവിക്കുന്നത് ഒരു വലിയ നുണയുടെ മുകളിലാണ്. എന്നാൽ, സത്യത്തെ മൂടിവെയ്ക്കാൻ ആ നുണ പര്യാപ്തമല്ലെന്നാണ് മേൽപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത്. മറ്റൊരു ജീവിതരീതിയിലേക്ക് മാറേണ്ടത്തിന്റെ ആവശ്യകത നാം തിരിച്ചറിയേണ്ടതുണ്ട്. ആധുനിക വികസന രീതി ഉപയോഗിച്ച് , ഭരണകൂടത്തിന്റെയും സംവിധാനത്തിന്റെയും എല്ലാ ആയുധങ്ങളും ഉപയോഗിച്ച്കൊണ്ട് എതിരഭിപ്രായങ്ങളെ അടിച്ചർമത്തികൊണ്ട്, ഏതാനും കുറച്ചുപേർ മാത്രം ഗുണഫലമനുഭവിക്കുന്ന ഒന്നാണ് ആധുനിക വികസനം. അതുകൊണ്ട് തന്നെ ഇത്തരം വികസന രീതികൾ സത്യസന്ധമല്ല സുതാര്യമല്ല.

2. ആധുനിക വികസനമാതൃകയുടെ ഗുണഫലം അനുഭവിക്കുന്നവരും ദോഷഫലം അനുഭ വിക്കുന്നവരും ഉണ്ടല്ലോ? അങ്ങനെയെങ്കിൽ , ഏതുതരത്തിലുള്ള വികസനമാതൃകയാണ് അഭി കാമ്യം എന്നാണ് താങ്കൾ പറഞ്ഞു വരുന്നത്?

ആധുനിക വികസനം നമ്മുടെ ഭൂമിയെ എവി ടെയെത്തിച്ചു എന്നാണ് നാം പരി ശോധിക്കേണ്ടത്. അടുത്തിടെ facebook ഇൽ വരെ താല്പര്യപൂർവ്വം ഞാൻ വായിച്ച ഒരു പേ ാസ്റ്റ് ഓർമ വരുന്നു അതിങ്ങനെയാണ്. ' ഈ ഭൂമിക്ക് 46 വർഷം പ്രായം മാത്രമാണ് ഉള്ളതെ ന്ന് കരുതുക . ആധുനിക മനുഷ്യർ 4 മണിക്കൂർ മാത്രമാണ് ഇവിടെ ജീവിച്ചത് . വ്യാവസായിക വിപ്ലവം 20 സെക്കന്റ് മാത്രമാണ് സംഭവിച്ചത് , പക്ഷെ നാം ഇന്ന് പ്രകൃതി വിഭവങ്ങളുടെ വന സമ്പത്തിന്റെയും 50 % വും നമ്മൾ ഈ 20 sec ന് വേണ്ടി നാം നശിപ്പിച്ചു കഴിഞ്ഞു . നാമിന്നു മന സ്സിലാക്കേണ്ടത് , മനുഷ്യൻ ഈ പ്രപഞ്ചത്തിലെ ഒരു ചെറിയ ഭാഗം മാത്രമാണ് എന്നതാണ്. അത് മനസ്സിലാക്കാതെ വരുമ്പോഴാണ് നാം ഭൂമിയെ നശിപ്പിക്കുന്നത്.

3.ആധുനിക വികസന മാതൃക മനുഷ്യൻ ബോധപൂർവം സൃഷ്ടിച്ചതാണെന്നും അത് വിഡ്ഢിത്തമാണെന്നും താങ്കൾ പ റഞ്ഞുവല്ലോ, അതൊന്നുകൂടി വ്യക്തമാക്കാമോ?

നാം കരുതുന്നത് മനുഷ്യമസ്തിഷ്കം പരിപൂർണമാണെന്നാ ണ് , നമ്മടെ നിലനിൽപ്പിനും മെച്ചപെട്ട ജീവിതത്തിനുമായി, മസ്തിഷ്കത്തിന്റെ ചെറിയ അളവ് മാത്രമാണ് നാം ഉപ യോഗിക്കുന്നത് എന്ന് നാം ഊറ്റം കൊള്ളുന്നു. നമ്മൾ അഹ ങ്കാരികൾ/വിഡ്ഢികളാണ്. കാരണം , നമ്മൾ എല്ലാം ന ശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ വൻകിട ജലസേചന പദ്ധതികളും പരാജയങ്ങളാണ്. ജലസേചനം എന്ന ആശയം തന്നെ ജലവിരുദ്ധമാണ്. ഉദാഹരണത്തിനായി, ചൈനയിലെ ഹുബൈ പ്രവിശ്യയിലെ യില്ലിംഗ് ജില്ലയിൽ സ്ഥിതി ചെയ്യുന്ന സാണ്ടോപ്പിൻ എന്നാ സ്ഥലത്ത് യാങ്ങ്ട്സ് നദിയിലെ ' ത്രീ ഗോർജസ്' എന്നാ ജല വൈദ്യുത പദ്ധതി , ലോകത്തിലെ ഏറ്റ വും വലിയ ജലസേചന പദ്ധതിയാണ്. ആ പദ്ധതി ഭൂമിയുടെ പരിക്രമണ വേഗത്തെ പോലും ബാധിക്കുനതായി പഠനങ്ങൾ കണ്ടെത്തി. ലോകം ഒന്നടങ്കം പാടി പുകഴ്ത്തിയ ചൈനീസ് വികസന മാതൃകയുടെ ഫലമാണ് ഈ വൻകിട ജലസേചന പദ്ധതി. ഇവിടെ ശാസ്ത്രീയമായി തന്നെ ആധുനിക വികസന മാതൃക തെറ്റാണെന്ന് തെളിയുന്നു. ആഗോളതാപനത്തിന്റെ ഫലമായി സമുദ്രനിരപ്പ് ഉയരുന്നതുമെല്ലാം ഈ അശാസ് ത്രീയതയുടെ തെളിവാണ്. ഇത് മാത്രമാണ് കരണീയമായ വികസന മാതൃക എന്ന് ശഠിക്കുന്നതാണ് വിഡ്ഢിത്തം.

4.ഇത്തരം വാദഗതികൾ ഉന്നയിക്കുന്നവരെ വികസന വിരോധികൾ എന്ന് മുദ്രചാർത്തുന്നത് കണ്ടിട്ടുണ്ട്.

സ്വന്തം വീട്ടിൽ ഒരു നരഭോജിക്കടുവയെ വളർത്തുകയും, അതിൽ ഊറ്റം കൊള്ളുകയും ചെയ്യുന്നത്പോലെയുള്ള അവസ്ഥയാണിത്. ഒരിക്കൽ ആ കടുവ ഉടമസ്ഥന്റെ കുട്ടികളെയും ഭക്ഷിക്കാം.വികസനത്തെ പാടിപ്പുക ഴ്ത്തുന്നവർ ' എന്റെ വീട്ടിൽ കടുവയുണ്ട് എന്ന് ഊറ്റം കൊള്ളുന്നവരാണ്. പക്ഷെ ഭാവിയിൽ വരാനിരിക്കുന്ന വിപത്തിനെ പറ്റി എനിക്ക് സംസാരിച്ചേ പറ്റൂ. അതുകൊണ്ട് തന്നെയാണ് ആധുനിക വികസനത്തിന്റെ അന്തിമ ഗു ണഭോക്താക്കൾ ആരാണെന്നു മനസ്സിലാക്കണമെന്ന് ഞാൻ ആവർത്തിച്ചു ആവശ്യപ്പെടുന്നത്. അതുപോലെതന്നെ, എന്താണ് യഥാർത്ഥത്തിൽ വികസനം? 24 മണിക്കൂർ വൈദ്യുതി നിങ്ങൾക്കെന്തിനാണ്? വൈദുതി നിർമ്മാണത്തിന് നിങ്ങൾ വലിയ ജലവൈദ്യുത പദ്ധതികൾ ഉണ്ടാക്കുന്നു. അണുവൈദ്യുത പദ്ധതികൾ നിർമിക്കുന്നു. മരങ്ങൾ മുറിക്കുന്നു. താപ വൈദ്യുത നിലയത്തിൽ ഉപയോഗിക്കാനുള്ള കൽക്കരിക്കായി വൻ ഖനനങ്ങൾ നടത്തുന്നു. എന്തിനു വേണ്ടിയാണു ഇത്രയും വൈദ്യുതി ഉത് പാദിപ്പിക്കുന്നത്? എന്തുകൊണ്ട് നിങ്ങൾക്ക് ലളിതജീവിതം നയിച്ചുകൂടാ? അതിലെന്താണ് തെറ്റ്?

നിങ്ങളുടെ നഗരത്തിലെ തന്നെ വീടുകളുടെ കാര്യമെടുക്കൂ... എല്ലാ വരും കൊട്ടരസാദൃശ്യമായ വീടുകൾ പണിതിട്ടുണ്ട്. AC , ഫ്രി ഡ്ജ് തുടങ്ങി എല്ലാ സൗകര്യങ്ങളുമുണ്ട്. ഈ സൗകര്യങ്ങളെല്ലാമുണ്ടാ യിട്ടും എന്തിനാണ് നിങ്ങൾ പുറത്തിറങ്ങുന്നത്? ഇത് മൂലം നഷ്ടപ്പെടുന്നത് സാമൂഹ്യവൽക്കരണമാണ്. എന്തൊക്കെ സൗകര്യങ്ങളുണ്ടെങ്കിലും നിങ്ങൾക്ക് അയൽക്കാരനെ കാണണം, മനുഷ്യരെ കാണണം, പക്ഷിമൃ ഗാദികളെ, മരങ്ങളെ ഒക്കെ കാണണം, നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് പുറത്തുപോയി കളിക്കണം. അതിനർത്ഥം, നമ്മുടെ വികസന മാതൃക, ജനങ്ങളുടെ സന്തോഷപ്രദവും, സമാധാനപൂർണ്ണവുമായ ജീവിതത്തിന്റെ ഒരു സൂചകം എന്ന നിലയിൽ പരാജയമാണെന്ന് കാണാം. പരിസ്ഥിതി യ്ക്ക് ഇത്തരം സുചകമാകാൻ സാധിക്കും. എല്ലാ സാമ്പത്തിക നയങ്ങളും, മാർക്സിസമാകട്ടെ, സോഷ്യലിസമാകട്ടെ ക്യാപിറ്റലിസം ഇതെല്ലാം വിഡ് ഢിത്തമാണ്. തെറ്റായ വീക്ഷണങ്ങളാണ്. നിങ്ങൾക്കൊരിക്കലും മനുഷ്യ കേന്ദ്രീകൃതമായി ചിന്തിക്കാൻ അധികാരമില്ല. കാരണം, മനുഷ്യൻ എന്നത് ഈ ലോകത്തിന്റെ ഏറ്റവും ചെറിയ ഘടകം മാത്രമാണ്. ഭൂമിയവട്ടെ, പ്രപഞ്ചത്തിന്റെ ഒരു ചെറു തരിയും.

പക്ഷെ നിങ്ങളുടെ ഏറ്റവും നല്ല കഴിവിനെ നിങ്ങൾ ദുരുപയോഗം ചെയ്യുന്നു. അതുകൊണ്ടാണ് വികസന മാതൃകകൾ തെറ്റാണന്നു ഞാൻ പ റയുന്നത്. വികസന മാതൃകകൾ ചതിക്കായി ഉപയോഗിക്കുന്നു.

5. കേരളത്തിൽ വലിയ പ്രക്ഷോഭങ്ങൾ നടന്ന ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ടിനെ കുറിച്ച് താങ്കൾക്ക് അറിവുള്ളതാണല്ലോ. എന്താണ് താങ്കളുടെ അഭിപ്രായം?

Environment ഒരു റൊമാന്റിക് ഐഡിയ എന്നതിൽനിന്ന് നാം ഒരുപാട് മുന്നോട്ടായിക്കഴിഞ്ഞു . ഇന്ന് environmental വാദം യഥാർത്ഥത്തിൽ കഷ്ടത അനുഭവിക്കുന്ന ജനങ്ങൾ അവരുടെ ജീവിത യാഥാർത്ഥ്യത്തിൽ നിന്നും ഉരുത്തിരിഞ്ഞ അറിവ് ഉപയോഗിച്ച് ഉള്ള പ്രക്ഷോഭങ്ങൾ ആണ്. environmental envronmentalism ത്തിനെ ഞാൻ പിന്താങ്ങുന്നില്ല. നമുക്ക് ഒരു മിഡിൽ പാത്ത് മധ്യപാത ആണ് അഭികാമ്യം. ഒരു ഭാഗത്ത് വികസനത്തിന്റെ പേര് പറഞ്ഞു കടുത്ത ചൂഷണം നടക്കുന്നു. മറുഭാഗത്ത് ജനങ്ങൾ ഈ ചൂഷണത്തിന്റെ ഫലമായി നരകിക്കുന്നു. . ചൂഷകർ വികസനം അനിവാര്യമെന്നും മറ്റും വാദിക്കുന്നു. ഈ വികസനത്തെ തള്ളികളഞ്ഞവർ നമുക്ക് മുന്നിലുണ്ട്. സാമൂഹികമായ ഒരു ചിലവ് ഗുണ അവലോകനം (lost- benefit) നടത്തേണ്ടത് അനിവാര്യമാണ് ഓരോ വികസന പ്രോജക്ട്കളിലും അനധികൃതമായ രീതിയിൽ ഇന്ന് നാം ഒരുപാട് മുന്നോട്ട് പോയിക്കഴിഞ്ഞിരിക്കുന്നു. പ്രകൃതി സംരക്ഷണത്തിന്റെ പേരിൽ ഇന്ന് നടകുന്നത് വലിയ കൊള്ളകലാണ്. ഉദാഹരണമായി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് തന്നെയാണ്. അതിനായി, ആ ഫോറസ്റ്റിൻറെ പരമ്പരാകതമായി സംരക്ഷിക്കുന്ന ഒരു വലിയ ജന വിഭാഗത്തെ അവരുടെ യുവതലയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

ആരാണ് യഥാർതത്തിൽ കാട് നശിപ്പിച്ചത് എങ്ങിനെയാണ് ഭരണകൂടത്തിനു വന്ന സംരക്ഷണത്തെക്കുറിച്ച് സംസാരിക്കനവുക ജനങ്ങളെ മാറ്റി നിർത്തുന്ന വന സംരക്ഷണത്തെക്കുറിച്ച് എങ്ങിനെ സംസാരിക്കാനാകും ഗവൺമെന്റാണ് വികസനത്തിന്റെ പേര് പറഞ്ഞു പ്രകൃതിയെ നശിപ്പിക്കുന്നത്. അവർക്ക് അതിൽനിന്നു ഒഴിവാക്കപെടാനാവില്ല. അതി വിദൂരമായ ഭാവിയിൽ വലിയ പ്രതിസന്ധിയാണ് നാം അഭിമുഖീകരിക്കാൻ പോകുന്നത്. വികസനത്തിന്റെ ഫലങ്ങൾ അനുഭവിക്കുന്നത് സമൂഹത്തിലെ ഒരു ചെറിയ വിഭാഗത്തിൽ ഒന്നിൽ മാത്രമാണ്. ബാക്കിയുള്ളവരെ ആ സൗകര്യത്തിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ടൈറ്റാനിക്ക് എന്ന ഷിപ്പിന്റെ കാര്യം പറഞ്ഞതു പോലെയാണ്. ടൈറ്റാനിക്കിൽ ചില നിലകളിൽ താമസിച്ചവരിൽ തമ്മിൽ വലിയ അന്തരം ഉണ്ടായിരുന്നു ധനികയാവർക്കു ചിലവാക്കാൻ പണമുള്ളവർക്ക് ആവശ്യത്തിലധികം സൗകര്യങ്ങളുണ്ടായിരുന്നു. എന്നാൽ ദരിദ്രരായ യാത്രക്കാർക്ക് ഒന്നും ലാഭമല്ലായിരുന്നു. അതുതന്നെയാണ് ഇന്ന് ലോകം പിന്തുടരുന്ന വികസന രീതിയുടെ പ്രശ്നം. 99 % ആളുകൾക്കും വികസനരീതിയുടെ ഫലങ്ങൾ ലഭ്യമല്ല 1 % മാത്രമാണ് ഗുണഭോക്താക്കൾ.

6.അങ്ങനെയെങ്കിൽ എന്തുകൊണ്ടാണ് ഈ 99 ശതമാനം ആളുകളും വികസന ത്തെ അംഗീകരിക്കുന്നത്? അതോ അവർ അംഗീകരിക്കുന്നില്ലന്നാണോ?

ഇത് വളരെ പ്രധാനപ്പെട്ട ചോദ്യമാണ് എനിക്ക് ഒരു വികസന ആശയം ഉണ്ടെന്നി രിക്കട്ടെ. താങ്കൾക്ക് മുകളിൽ ആശയത്തെ എനിക്ക് പ്രായോഗികമാക്കണം. എനിക്ക് സ്വായത്തമായ എല്ലാ മാർഗ്ഗങ്ങളും ഞാൻ അതിനായി സ്വീകരിക്കുകയില്ലേ. അങ്ങിനെ അതിനെ ഞാൻ നിങ്ങളെക്കൊണ്ട് സ്വീകരിപ്പിക്കും. അത് തന്നെയാണ് ഭരണകൂടം ചെയ്യുന്നതും. നിങ്ങളെ യഥാർതത്തിൽ ഞാൻ ട്രാപ്പ് ചെയ്യുക യാണ്. ഇതാണ് ഒരു കാര്യം. രണ്ടാമതായി ബഹുപൂരിപക്ഷം ജനങ്ങളും സ്വന്തം കാര്യം വിഘ്നമില്ലാതെ നടക്കണമെന്ന് ആഗ്രഹമുള്ളവരാണ്. അവർക്ക് വേണ്ടത് നടത്താൻ കഴിവുണ്ടെന്നു കരുതുന്നവരെ അവർ തിരഞ്ഞെടുക്കുന്നു ഉദാഹ രണമായി വെളുത്ത വംശജർ കറുത്ത വംശജരെ അടിച്ചമർത്തുന്നത് തങ്ങളുടെ അവകാശമാണെന്ന് വിശ്വസിക്കുന്നു. തങ്ങൾ ബാക്കിയുള്ളവരെക്കാൾ കഴിവുള്ളവ രാണെന്നു അവർ വിശ്വസിക്കുന്നു. അവർ കൂടുതൽ അധികാരമോഹികളാണ്. ഇത്തരത്തിൽ ഇനത്തെ വികസന രീതികളെ പിന്താങ്ങുന്നവരും പിന്താങ്ങുന്നവ രെ ഉണ്ടാക്കുകയും ചെയ്യുന്ന പ്രവർത്തനം മുന്നോട്ട് പോകുകയാണ്.

7.ഇന്ത്യയിൽ ഇത്തരത്തിലുള്ള കടുത്ത വിവേചനം നടക്കുന്നത് ജാതിയുടെ പേരിലാ ണല്ലോ? പുതിയ മുതലാളിത്ത വികസനം ഇത്തരത്തിലുള്ള ജാതീയ വിഭജനത്തെ ഇല്ലായ്മ ചെയ്യുന്നു എന്ന് പറയാനാകുമോ?

അത് ശരിയാണെന്ന് തോന്നുന്നില്ല. ഒന്നോ രണ്ടോ വർഷം എന്താണ് നടക്കുന തെന്ന് ജനങ്ങൾ മനസ്സിലാക്കി എന്ന് വരില്ല. പിന്നീടു നാകി എല്ലാ മേഖലകളിലെത് പോലെയും, വികസനത്തിൽനിന്നു അകറ്റിനിർത്തിയ ജാതിക്കാരെ, ഒഴിവാക്കാ നുള്ള ഗൂഢശ്രമങ്ങൾ ഉണ്ടാകും. ഈ മേഖലയിൽ പഠനങ്ങൾ കുറവാണ്. പക്ഷെ ഇന്ത്യയിലെ എന്ജിനീറിംഗ് വിദ്യാർത്ഥികൾക്കിടയിൽ ഒരു പഠനം നടന്നു. 60-70 % ആളുകൾ ഉന്നതകുല ജാതരാണ്. ബാക്കിയുള്ളവർ പലരും കൊഴിഞ്ഞു പോകുന്നു. അതായത് എൻജിനീറിംഗ് കോളെജിൽനിന്നു പുറത്തുവരുന്നത് ഉയർന്ന ജാതിക്കാരെന്നു സമൂഹം വിളിക്കുന്നവർ മാത്രമാണ്. അതായത് വിദ്യാഭ്യാ സത്തിനുള്ള അവകാശം ഉന്നത ജാതികൾക്ക് മാത്രമായി പരിമിതമാകുന്ന ഭീകര സാഹചര്യമാണ് സംജാതമാവുന്നത്. 70 % ബിരുദധാരികളും ഉയർന്ന ജാതിക്കാർ ആണ് ഇന്നും. സെൻസസ്സും മറ്റു ഗവൺമെന്റ് സ്ഥിതി വിവരകണക്കുകളും ഈ നിഗമനം ശരിവെക്കുന്നുണ്ട്. നിങ്ങൾ ഒരു ബുഫെ സംവിധാനം ഒരുക്കുമ്പോൾ , ആ ഹാളിൽ കയറാനുള്ള അവകാശം നൽകണം. നിയന്ത്രണങ്ങൾ വെച്ചാൽ ബുഫെ സിസ്റ്റം എല്ലാവർക്കും കൃത്യമായി വിതരണം ചെയ്യുന്നുവെന്ന് പറയാ നാകുമോ?

ലോകത്തിലെ ഏറ്റവും പുരോഗമനത്മകമായ സംവിധാനമെന്നു ഉത്ഘോഷിക്കുന്ന അമേരിക്കയിൽ, കറുത്ത വംശജർക്ക് കോളേജുകളിൽ പ്രവേശനം നേടാനാവാത്ത വിധത്തിലുള്ള ചില തടസ്സങ്ങൾ ഫലപ്രദമായി നിലവിലുണ്ട്. ഉദാ: സമ്പൂർണ്ണമായി സ്വകാര്യവത്കരിച്ച ഉന്നതവിദ്യാഭ്യാസ സംവിധാനമായ അമേരിക്കയിൽ ഉള്ളത്. ആ സംവിധാനത്തിൽ ഉന്നത വിദ്യാഭ്യാസം നേടണമെങ്കിൽ അവർക്ക് ഒരു ബാങ്ക് ലോൺ ലഭിക്കണം. അത് എളുപ്പമല്ല. ഇന്ത്യയിലും ഇത്തരത്തിൽ നടക്കുന്നുണ്ട്. ഗവൺമെന്റ് ഓഫ് ഇന്ത്യ ദളിത് വികസനത്തിന് എത്ര കോടി രൂപയാണ് ചില വാക്കുന്നത്. പക്ഷെ ഈ പണമൊന്നും സംസ്ഥാനതദ്ദേശഭരണസ്ഥാനങ്ങൾ വിത രണം ചെയ്യുന്നില്ല.

8. ഇത്തരത്തിലുള്ള കടുത്ത ജാതിവിവേചനങ്ങളും വികസന പ്രശ്നങ്ങളും പുറത്തുകൊണ്ടുവരുന്നതാണല്ലോ താങ്കളുടെ സിനിമകൾ. താങ്കളുടെ സിനിമകൾ ഭരണകൂടത്തിനെ വിമർശിക്കുന്നവയായി പരക്കെ ചിത്രീകരിക്കുന്നുണ്ട്. എന്തെല്ലാം ബുദ്ധിമുട്ടുകളാണ് താങ്കൾ സഹിക്കുന്നത്?

പ്രധാനമായും ഫിനാൻഷ്യൽ തടസ്സങ്ങളാണ് ഞാൻ അഭിമുഖീകരിക്കുന്നത്. ഡോക്യുമെന്ററി എടുക്കുക എന്നത് ഫൈനാൻഷ്യലി ഏറ്റവും ബുദ്ധിമുട്ടുള്ള പ്രവർത്തനമാണ്. ഫെഡ്രിക്ക് വൈസ്മാൻ എന്നാ, ലോകോത്തര സംവിധായകനെ ഞാൻ ഓർക്കുന്നു. 60 ൽ അധികം സിനിമകൾ അദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്. എല്ലാം 30 mm ആണ്. അമേരിക്കയിലെ CBS ആണ് അദ്ദേഹത്തിന്റെ സിനിമകൾ നിർമ്മിക്കുന്നത്. ഇതു പ്രപ്പോസൽ അദ്ദേഹം വച്ചാലും അവർ അത് സ്വീകരിക്കും. അദ്ദേഹം ഇപ്പോൾ ലോകം മുഴുവൻ സഞ്ചരിച്ചു സിനിമാ നിർമ്മാണത്തിന്റെ വിവിധ രീതികളെ സംബന്ധിച്ച് ക്ലാസ്സുകൾ എടുക്കാറുണ്ട്. അത്തരത്തിൽ ഒരു ക്ലാസ്സിൽ സമർത്ഥനായ ഒരു വിദ്യാർത്ഥി ചോദിച്ച ചോദ്യം,

'പുതിയ സിനിമാ സംവിധായകർക്ക് താങ്കൾ എന്ത് ഉപദേശം നൽകും എന്നാണ്" 'ഒരു ധനികയെ കല്യാണം കഴിക്കു' എന്നതായിരുന്നു ഉത്തരം. അതായത്,

നിങ്ങൾ എന്തെങ്കിലും ബദൽ ഉൽപ്പാദിപ്പിച്ചാൽ , അത് വിൽ ക്കുക എന്നത് സാമ്പത്തികമായി വലിയ

ബുദ്ധിമുട്ട് ഉണ്ടാകും. രണ്ടാമതായി നിങ്ങൾ ഇപ്പോഴും തിരക്കെതിരെ സഞ്ചരിക്കുക എന്നത് എളുപ്പമല്ല വലിയ മനസ്സാന്നിധ്യം ആവശ്യമാനത്. ഒഴുക്കിനെതിരെ നീന്തുക എന്നതിന് നല്ല ധൈര്യം ആവശ്യമാണ്. സുഹൃത്തുകളും കുടുംബാങ്ങങ്ങളും നിങ്ങൾക്ക് നഷ്ടപ്പെടാം. ഒരു ഭാഗത്ത് സ്വർണ്ണക്കിലുക്കമുള്ള പ്രലോഭനങ്ങൾ നിങ്ങളെ വഴിതെറ്റിക്കുന്ന. ജീവനുതന്നെ ഭീഷണിയാകുന്ന രീതിയിലുള്ള കടന്നുകയറ്റങ്ങൾ വരെ നേരിടേണ്ടി വന്നേക്കാം.

9.ഏതുതരത്തിലുള്ള ഇടപെടലുകളാണ് താങ്കളുടെ ഡോക്യുമെന്ററികൾക്കെതിരെ വന്നത്?

എന്റെ എല്ലാ സിനിമകളും ഏതെങ്കിലും തരത്തിലുള്ള ഭീഷണി ക്ഷണിച്ചുവരുത്താറുണ്ട്. ഞാൻ സെൻസർഷിപ്പുകൾക്ക് പോകാറില്ല. അതിനു പോകുന്ന അനേകം തമിഴ് സംവിധായകരുണ്ട്.
നിങ്ങൾക്ക് സെൻസർ സർട്ടിഫിക്കറ്റ് വേണ്ടത് നാഷണൽ അവാർഡുകൾക്ക് വേണ്ടിയാണ്. അതല്ലെങ്കിൽ നിങ്ങൾക്കത് ആവശ്യമില്ല. 86-87 % സംവിധായകർ സെൻസർ സർട്ടിഫിക്കറ്റിന് പോകാറുണ്ട്. സെൻസർ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചാൽ നിങ്ങൾക്ക് ഒരു സിനിമ ഉണ്ടാകില്ല അവർ എല്ലാം വെട്ടും.

ഞാൻ എന്റെ ഡോക്യുമെൻററി ഹേയ് മിസ്റ്റർ ഗാന്ധി പലതവണ എഡിറ്റ് ചെയ്തിട്ടുണ്ട് ഒരു ഡോക്യുമെൻററിയിൽ ഞാൻ 8 മാസം വരെ ജോലിചെയ്യാറുണ്ട്. ഡോക്യുമെൻററി ഉണ്ടാക്കിയാൽ അത് പ്രദർശിപ്പിച്ചാൽ ആ ഡോക്യുമെൻററിയെ സംബന്ധിച്ച കമന്റുകൾ ഞാൻ സ്വീകരിക്കും. അത് ഉപയോഗിക്കും. എനിക്ക് പരിപൂർണ്ണ തൃപ്തി വരുമ്പോൾ മാത്രമാണ് ഞാൻ അവസാനിപ്പിക്കുക. അപ്പോൾ മാത്രമാണ് ലോകത്തെ അഭിമിഖീകരിക്കാനുള്ള ആത്മവിശ്വാസം എനിക്ക് ഉണ്ടാകുക. എന്റെ ഒന്നാമത്തെ സിനിമ, മധുരയിൽ കൊല്ലപ്പെട്ട ഒരു സി പി എം പ്രവർത്തകനുമായി ബന്ധപെട്ടിരുന്നു. എനിക്ക സിനിമ പുറത്തിറക്കാനായില്ല. തമിഴ് നാട്ടിലെ ഒരു പ്രബല സംഘടനയുടെ ഇടപെടലായിരുന്നു കാരണം. യഥാർത്ഥത്തിൽ ആ സി പി എം പ്രവർത്തകനെ കൊല്ലാൻ ആളെവിട്ടത് ഈ സംഘടനയുടെ ഒരു പ്രവർത്തകനായിരുന്നു. അതിനാൽ ഡോക്യുമെൻററി അവർ തടസ്സപ്പെടുത്തി. ഒന്നാമത്തെ സിനിമ മുതൽ എനിക്ക് നേരിടേണ്ടി വന്നത് ചെറുതും വലുതുമായ അനേകം പ്രശ്നങ്ങൾ ആണ്. ഞാൻ കൽപ്പാക്കത്തെ ആണവ നിലയത്തെ ബന്ധപെടുത്തി ഒരു ഡോക്യുമെൻററി ചെയ്യുകയുണ്ടായി. ആ സമയത്ത് ഷൂട്ടിംഗ് തന്നെ തടസ്സപ്പെടുത്താനുള്ള ശ്രമമുണ്ടായി. പക്ഷെ അതിലൊന്നും നിരാശനല്ല.

10. താങ്കളുടെ സിനിമ പ്രധാനമായും കേന്ദ്രീകരിക്കുന്നത് ഒരു മേഖല വധശിക്ഷയുമായി ബന്ധപെട്ടതാണ്. എന്താണ് വധശിക്ഷയെ സംബന്ധിച്ച് താങ്കളുടെ അഭിപ്രായം?

മനുഷ്യാവകാശങ്ങളെ സംബന്ധിച്ച പ്രശ്നങ്ങൾ വധശിക്ഷയ്ക്ക് എതിരായി ഞാൻ ഡോക്യുമെൻററികൾ എടുത്തിട്ടുണ്ട്. വധശിക്ഷയ്ക്ക് വിധേയരായവരുടെ ചെയ്തികളിൽ ദോഷമനുഭവിച്ചവർക്കും മനുഷ്യാവകാശചെയ്തികളിൽ ദോഷമനുഭവിച്ചവർക്കും മനുഷ്യാവകാശങ്ങൾ ഉണ്ട്. അത് ഞാൻ മറക്കുന്നില്ല. ബഹുമാനിക്കുകയും ചെയ്യുന്നു. പക്ഷെ വധാശിക്ഷയിലൂടെ കുറ്റം ചാർത്തപ്പെട്ടവനെ കൊല്ലുന്നതിലൂടെ നിങ്ങൾക്കൊരിക്കലും നീതിമാനാകാൻ സാധിക്കില്ല. പ്രതികാരം മാത്രമാണ് നടപ്പിലാകുന്നത്. സംസ്കാര സമ്പന്നമായ ഒരു സമൂഹത്തിനും പ്രതികാരം നടപ്പിലാക്കാനാകില്ല. ഇന്ത്യയിലെ ജുഡിഷ്യറി , ഭരണരംഗം പോലെ അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുന്നു. പക്ഷെ ജനങ്ങളിൽ പലർക്കും ഇന്നും വിശ്വാസമുണ്ട്. ഇന്ത്യക്ക് ഒരു ഭരണഘടനയുണ്ട്. അതിനെ ജുഡിഷ്യറിയും നമ്മളും ബഹുമാനിക്കണം. ആ ഭരണഘടനയുടെ അന്തസത്ത നമ്മൾ ഉൾക്കൊള്ളണം. ജനങ്ങളോട് ക്ഷമിക്കാൻ നാം ശീലിക്കണം. അല്ലെങ്കിൽ വധശിക്ഷ നടപ്പിലാക്കുന്ന ഭരണകൂടവും, മറ്റൊരാളെ കൊലചെയ്യുന്ന കൊലയാളിയും തമ്മിൽ എന്ത് വ്യത്യാസം? ഒരാൾ മറ്റൊരാളെ കൊല്ലുന്നു. സാമൂഹിക സംവിധാനമായ ഭരണകൂടവും ജുഡിഷ്യറിയും അയാളെ കൊല്ലുന്നു. നീതി ഈ രീതിയിൽ നടപ്പിലാക്കാൻ പാടില്ല. നീതി സംവിധാനം എല്ലാത്തിനും മീതെ ആയിരിക്കണം.

11. പക്ഷെ ഇത് സംവിധാനത്തെ തടസ്സങ്ങളില്ലാതെ മുന്നോട്ട് കൊണ്ടുപോകുക എന്നാ ഉദ്ദേശത്തോടുകൂടി അല്ലെ?

അല്ല. ആരെയെങ്കിലും കൊല്ലുക എന്നത് സംവിധാനത്തെ നശിപ്പികുക മാത്രമേ ഉള്ളു. അതിന്റെ ഗുണനിലവാരത്തെ നിങ്ങൾ തകർക്കുകയാണ് ചെയ്യുക. നിയമ സംവിധാനത്തിൽ നീതി എല്ലാ മാനുഷിക വികാരങ്ങൾക്കും മുകളിലായിരിക്കണം. ആ സംവിധാനത്തിന് സഹിഷ്ണുത വേണം. ക്ഷമിക്കാനുള്ള കഴിവും ശീലവും വേണം. കുറ്റാരോപിതരെ മാനസന്തരപ്പെടുത്താനുള്ള ശേഷി വേണം. എല്ലാ സാഹചര്യങ്ങകെയും കണക്കിലെടുക്കനുള്ള കായശേഷി വേണം അതിനു മറ്റൊരു സംഘടന പോലെ ആകാനാകില്ല. കേസിലെ രണ്ടു കക്ഷികളെ പോലെയാകാൻ പാടില്ല. ഒരാൾ മറ്റൊരാളെ കൊന്നാൽ, ജുഡിഷ്യറി അവർക്കിടയിലായിരിക്കണം. അതിൽ അധികാരമുള്ളവരുടെ കൂടെ മാത്രമായിരിക്കരുത്. അങ്ങനെയാണെങ്കിൽ അത് നിയമപരമായിരിക്കില്ല. അരിസ്റ്റോട്ടിൽ മുതലുള്ള ചിന്തകൾ ന്യായം എന്താണെന്നു വിശദമായി വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടനാശിൽപ്പികൾക്ക് ഉന്നതമായ ചിന്തയും ദീർഘവീക്ഷണവും ഉണ്ടായിരുന്നു. അവരുടെ സ്വപ്നങ്ങൾ നമ്മൾ പ്രാവർത്തികമാക്കണം.

ഒരാളെ വധശിക്ഷയ്ക് വിധേയമാകുമ്പോൾ സംവിധാനം ആ ശിക്ഷ വിധിക്കുന്നത് നാം ഓരോർത്തർക്കും വേണ്ടിയാണ്. എന്തിനാണ് ഭരണകൂടം എന്നെക്കൂടി ഈ അക്രമത്തിൽ പങ്കാളി ആക്കുന്നത്? സമൂഹ ജീവിതം സംരക്ഷിക്കുന്ന പേരിൽ നമ്മുടെ സമ്മതമില്ലാതെ അവരെ കൊല്ലണം എന്ന് പറയുന്നത് ശരിയാണോ? എന്തിനാണ് എന്നെയടക്കം എല്ലാവരെയും ഈ കൊലപാതകത്തിന്റെ ഭാഗമാക്കുന്നത്. അതും ഏറെ ദീർഘ വീക്ഷണമുള്ള ഭരണഘടനയുടെ പേരിൽ. ഇതാണ് ഇന്ത്യൻ നീതിന്യായ സംവിധാനത്തിൽ നടക്കുന്നത്. വധശിക്ഷ ജനങ്ങളെ വിഭജിക്കാനും, വിഘടിച്ചു നിൽക്കുന്ന ജാതി, വർഗ്ഗ ശ്രേണികളിൽ പകയും പ്രതികാരവും മാത്രമേ ഇടയാകുകയുള്ളൂ. വധശിക്ഷ എല്ലാവരെയും പ്രതികാരികളാക്കി മാറ്റും. സംവാദങ്ങളെ ഇല്ലായ്മ ചെയ്യും. ഗുണനിലവാരം നശിപ്പിക്കും.

12. ജാതിയുമായി ബന്ധപെട്ടു താങ്കൾ ഡോക്യുമെന്ററികൾ ചെയ്തിട്ടുണ്ടല്ലോ? കേരളത്തിലെ ജാതി സംവിധാനത്തെ സംബന്ധിച്ച് താങ്കളുടെ നിരീക്ഷണങ്ങൾ എന്താണ്?

കേരളത്തിൻറെ പൊതുജീവിത നിലവാരം വളരെ ഉയർന്നതെന്ന് കൊട്ടിഘോഷിക്കുമ്പോൾ ആദിവാസികളും ദുഖിതരും ഇന്നും പാർശ്വവത്കൃതർ തന്നെയാണ്. ഇവിടെ കേരളത്തിലും ചേരികൾ ഇന്നും നിലനിൽക്കുന്നു. ആർക്കും അതറയില്ല. കേരളത്തിലെ എല്ലാ സിറ്റികളിലും കോളനികൾ ഇല്ലേ? തിരുവനന്തപുരം കൊല്ലം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ഇവിടെയെല്ലാം കോളനികൾ ഞാൻ കണ്ടിട്ടുണ്ട്. ദളിതരാണ് ഇവിടെ എല്ലാം ജീവിക്കുന്നത്. അവരെയെല്ലാം ന്യൂനപക്ഷമാണ്. ഗുണഫലങ്ങൾ അനുഭവിക്കുന്നവർ ഈ പാവങ്ങളെ കുറിച്ച് യാതൊരു പരിഗണനയും ഇല്ലാത്തവരാണ്.

കേരളത്തിലെ ജാതി സംവിധാനത്തെ കുറിച്ച് എനിക്ക് തോന്നിയത് ഇങ്ങനെയാണ്. കേരളത്തിൽ ജാതിശ്രേണിയിലെ ഉയർന്ന ജനവിഭാഗങ്ങളുടെ അപ്രമാദിത്വം കീഴാളജനവിഭാഗങ്ങൾ അംഗീകരിച്ചു. കടന്നുകയറ്റങ്ങളെ ഒരിക്കലും കീഴാളജനവിഭാഗം പ്രതിരോധിച്ചില്ല. അധികാരം മൂലമുണ്ടായ അനിശ്ചിതത്വത്തെ അംഗീകരിക്കുക മാത്രമല്ല അതിന്റ ജീവിതത്തിന്റെ ഭാഗമായി അവർ അംഗീകരിക്കുകയും ചെയ്തു. അതുകൊണ്ട് ഒരു പ്രശനവും ഇല്ലാതെ ഒരു compromise രീതിയിൽ മുന്നോട്ട് പോകാനായി. പക്ഷെ ഇത് തമിഴ്നാട്ടിൽ സംഭവിച്ചില്ല. തമിഴ് ജനത ഒരു തേനീച്ചക്കൂട്ടിൽ കയ്യിട്ടു. മലയാളി ആ ബുദ്ധിമുട്ട് സൗകര്യപൂർവ്വം ഒഴിവാക്കി. തമിഴ്നാട്ടിൽ ഇത് വലിയ സാമൂഹിക മുന്നേറ്റം ഉണ്ടാക്കി. 60 കളിൽ വലിയ ജാതീയ സംഘടനകൾ ഉണ്ടായി. പല തരത്തിലുള്ള പരീക്ഷണങ്ങൾ നടന്നു. വളരെ പ്രക്ഷുബ്ധമായ സാമൂഹിക സാഹചര്യത്തിലൂടെ സംവിധാനം കടന്നുപോയി. അത് വളരെ ആക്ടീവ് ആയിരുന്നു. മുന്നോട്ടുള്ള പ്രയാണത്തിനു ഒരു ഒത്തുതീർപ്പും ഇലത്ത കീഴാളജനവിഭാഗങ്ങളും ഉന്നത ജാതികളും തമ്മിൽ ഉള്ള ഒരു സംഘർഷം ചാലകശക്തിയായി. എന്നാൽ കേരളത്തിൽ ഈ സംഘർഷം ഉണ്ടായില്ല. ബ്രാഹ്മണിക്കൽ മേധാവിത്വമായി സന്ധിചെയ്യുന്ന സമീപനമാണ് കേരളത്തിൽ ഉണ്ടായത്. കീഴാളർ നയിച്ച സംഘർഷാത്മകമായ ഒരു സാമൂഹിക നവോർഥാനം കേരളത്തിൽ ഉണ്ടായിട്ടില്ല. ബ്രാഹ്മണിക്കൽ മേധാവിത്വം ചോദ്യം ചെയ്യപ്പെട്ടിട്ടില്ല. നല്ല ജീവിത നിലവാരം സാമൂഹിക സാഹചര്യങ്ങളെ ചോദ്യം ചെയ്യുന്നതിൽ നിന്ന് ജനങ്ങളെ വിലക്കി. ചെറിയ ചെറിയ പ്രശ്നങ്ങൾ ഇന്ന് ഉയർന്നു വരുന്നുണ്ട്. എകിലും അതൊന്നും ആശാവഹമാണെന്ന് കരുതാനാവില്ല. സത്യാധിഷ്ഠവാദത്തിന്റെ ഇന്ന് ഉയർന്നു വരുന്നുണ്ട്. അത് മറ്റൊരു ചോയ്സും ഇല്ലാത്തതിനാലാണ്. ആദിവാസികൾ അത്രയും കഷ്ടതകൾ അനുഭവിക്കുന്നതുകൊണ്ടാണ്.

ചെമ്മീൻ വീണ്ടും വായിക്കുമ്പോൾ

രവീന്ദ്രൻ, ഹെഡ് അക്കൗണ്ടന്റ്

ആദ്യത്തെ സാഹിത്യ അക്കാദമി അവാർഡുകിട്ടിയ മലയാളനോവൽ 'ചെമ്മീൻ' അരനൂറ്റാണ്ട് പിന്നിട്ട സാഹചര്യത്തിൽ തിരിഞ്ഞു നോക്കുമ്പോൾ എങ്ങനെയാണ് നമ്മളതിനെ വിലയിരുത്തുക?

തകഴി ശിവശങ്കരപിള്ളയുടെ കൂടുതൽ മെച്ചപ്പെട്ട പാലകൃതികളെയും അപേക്ഷിച്ച് ചെമ്മീൻ എന്ന കൃതിക്ക് പ്രശസ്തിയും പ്രചാരവും കൂടുതൽ ലഭിച്ചത് അതിൻറെ ചലച്ചിത്രരൂപാന്തരം കൊണ്ടാണ്.

തകഴിയുടെ രണ്ടിടങ്ങഴി, ഏണിപ്പടികൾ, ചുക്ക്, തോട്ടിയുടെ മകൻ തുടങ്ങിയ കൃതികൾ ച
രിത്രത്തോടും സാമൂഹിക യാഥാർഥ്യങ്ങളോടും നീതിപുലർത്തുന്ന റിയലിസ്റ്റ് രചനാശൈലിയാണ് അവലംബിച്ചതെങ്കിൽ ചെമ്മീൻ ഐതിഹ്യശൈലിയിൽ എഴുതപ്പെട്ട ഒരു കാൽപനിക ദുരന്ത കഥയാണ്.



ചെമ്മീൻ ഇറങ്ങിയ സമയത്ത് തന്നെ പലരാലും നിശിതമായി വിമർശിക്കപ്പെട്ടിട്ടുണ്ട്. ഒരു പ്രണയനൈരാശ്യതിൻറെ കഥയാണ് ചെമ്മീൻ. വിശ്വസാഹിത്യകാരന്മാരടക്കം എത്രയോ പേർ ആവർത്തിച്ചാവർത്തിച്ച് എഴുതിയിട്ടും അവസാനിക്കാത്ത പ്രനയനൈര്യാശ്യ തന്നെ വീണ്ടും സൃഷ്ടിച്ചാൽ പിന്നെയെന്തു നവീനത യാണ് കഥയ്ക്കുള്ളത് എന്ന് മുണ്ടശ്ശേരി ചോദിക്കുന്നു. മരയ്ക്കാൻറെയും മരയ്ക്കാത്തിയുടെയും പ്രണയത്തെ അതിൻറെതായ മാംസവും മജ്ജയും നൽകി ചിത്രീകരിച്ചാൽ എങ്ങനെയിരിക്കും അതാണ് ചെമ്മീനിൽ തകഴി കാട്ടിത്തരുന്നതു ഒരു പുരോഗമന സാഹിത്യക്കാരനായ തകഴിയുടെ ചെമ്മീൻ അരയന്മാരുടെ ഇടയിൽ ഉണ്ടെന്നു പറയുന്ന അന്ധവിശ്വാസവും ഐതിഹ്യവും യാതാർത്ഥീകരിക്കുകയും അതുവഴി അതിനെ ഇന്നത്തെ പുതുതലമുറയുടെ തലയിലും അടിച്ചേൽപ്പിക്കുക യുമാണ് ചെയ്യുന്നത്. അവരിൽ ഒരു കറുത്തമ്മ യും ചെമ്പൻകുഞ്ഞും ഉണ്ടാകാൻ പാടില്ലെണ്ണ്! സ്ഥാ പിക്കുകയാണിവിടെ. നിഷ്പ്രയോജകത്വം കൊണ്ട് ഏറ്റവും അധപതിച്ച ഈ നോവൽ തകഴിയുടെ വമ്പിച്ച പരാജയമാണ്.

കടലിനകത്ത് കടലമ്മയുണ്ടെന്നും അവർക്കെതിരായി അശുദ്ധം പാലിക്കുന മുക്കോത്തികളെയും മാമൂലിനെതിരായി വള്ളവും വലയും നടത്തുന്ന മുക്കുവന്മാരെയും ആ ദേവി നശിപ്പിക്കുമെന്നും തകഴി ഏറ്റുപരയുന്നതുവരെ ഈ നോവൽ അദ്ധേഹത്തിൻറെ പരാജയവൈജയന്തിയാണ്. (ഡോ:വേലുക്കുട്ടി) അരയൻ ചെമ്മീൻ ഒരു നിരൂപണംപ

'കടൽപുറത്തിൻറെ മണൽപ്പരപ്പിലെക്ക് പറിച്ചുനട്ട നല്ലൊരു പ്രേമകഥയാണ് ചെമ്മീൻ. തകഴി കടൽ കാണുന്നില. ഇവിടെ പടർത്തിവെച്ച പ്രേമകഥയെടുത്ത് കിഴക്കന്മലയിൽ കൊണ്ട് പോയി പടർത്തിവെച്ചാലും വിശേഷിച്ചെന്തെങ്കിലും അരോചകമായി വന്നുഭവിക്കാൻ വഴിയില്ല. തീവ്രമായ റൊമാന്റിക് കഥയുടെ പിന്നാമ്പുറത്ത് വെറുതെ കിടക്കുകയാണ് ഒരു മഹാസാഗരം'. ധജി.എൻ.പിള്ള.

'അരയന്മാരുടെ ഒരു ദുരന്തപ്രേമകഥ അവരുടെ സാമൂഹ്യജീവിത ത്തിന്നിറെയും ആചാര ക്രമങ്ങളുടെയും രൂഢമൂലമായ ചില അന്ധവ ിശ്വാസങ്ങളുടെ തന്നെയും പശ്ചാത്തലത്തിൽ തകഴി ആവിഷ്കര ിച്ചിട്ടുള്ളത് വളരെ ഉചിതമായിട്ടുണ്ട്. കാരണം അത്തരം ചുറ്റുപ ാടുകളിൽ മാത്രമേ ഇത്തരമൊരു കഥയും ഈ ദൃശ്യമായ ഒരു വികാ സവും പരിണാമവും ഉണ്ടാവുകയുള്ളൂ. പക്ഷെ അന്ധവിശ്വാസങ്ങളെ ചിത്രീകരിക്കുന്ന തിരക്കിൽ അവയെ കഥയുടെ ഗതിക്രമം കൊണ്ട് യുക്തിപൂർവ്വം സാധൂകരിക്കാൻ ഒരു പുരോഗമന സാഹിത്യകാരൻ യത്നിക്കനമോ? അതാണ് നിർഭാഗ്യവശാൽ തകഴി ഈ ഗ്രന്ഥത്തിൽ ചെയ്തിരിക്കുന്നത്. (എം.എസ്.ദേവദാസ്പ)

ഭാരതീയ സംസ്കാരത്തിൻറെ മൗലികഘടകങ്ങളിലൊന്നായ പ്ര ിമിറ്റീവിസതിന്റെ ആവിഷ്കാരം ചെമ്മീൻ അ

സാധാരണശക്തി പകരുന്നു.ചെമ്മീനെ ലോകപ്രശസ്തമാക്കാൻ സഹായിച്ച മുഖ്യഘടകങ്ങളിലൊന്നാണ് അതിൽ ആവിഷ്കരിക്കുന്ന പ തിവ്രതസങ്കൽപം' (കെ.എം.തരകൻപ)

'ഒരു അരയന്റെ പേനയാണ് തകഴിക്കുണ്ടായിരുന്നെങ്കിൽ ഉണ്ടാക ുമായിരുന്നത്ര യാഥാർഥ്യം കഥാപാത്രങ്ങളുടെ സംഭാഷണത്തിലും ജീവിതശൈലിയിലും കാണുന്നില്ലല്ലോ എന്നോർത്ത് ഞാൻ കുണ്ഠിത പ്പെടുന്നില്ല. പക്ഷെ തകഴിക്ക് സമാധാനിക്കാം, തനിക്കുള്ള അടുപ്പം പേ ാലുമില്ലാത്തവരാകും ഇന്നത്തെ ഭൂരിപക്ഷം വായനക്കാരുമെന്ന്'....

ഭാഷയുള്ളവർക്ക് അനുഭവമില്ലാതിരിക്കുന്നതിലെയും അന ുഭവമുള്ളവർക്ക് ഭാഷയില്ലാതിരിക്കുന്നതിലെയും വൈപരീത്യത്തെക്കു രിച്ച് എം.എൻ.വിജയൻ പറയുന്നു.

കരയിൽ കഴിയുന്ന അരയത്തിയുടെ ചാരിത്ര്യശുദ്ധികൊണ്ടാണ് കടലിൽ പോയ അരയൻ അപകടം കൂടാതെ കരയിൽ തിരിച്ചെത്തുന്നത്. എന്തൊരു മനോഹരമായ ആശയം! തകഴിയുടെ ആത്മകഥയിൽ അവകാശപ്പെടുന്ന ഈ ഒരാശയം ഇത്ര മനോഹരമായിരിക്കുന്നത് ആർക്കാണ്? എന്തായാലും അതൊരു സ്ത്രീയ്ക്കാവാൻ സാധ്യതയില്ല. കടലിൽപോയ പുരുഷൻ അപകടത്തിൽപ്പെടുന്നതിന്നെ ഉത്തരവാദിത്തം കരയിലിരിക്കുന്ന സ്ത്രീ ഏറ്റെടുത്തുകൊള്ളണമെന്ന ആശയം ആതമബോധമുള്ള മുഴുവൻ മനുഷ്യരുടെ യും അസ്ഥിത്വത്തെത്തന്നെയാണ് അപകടപ്പെടുത്തുന്നത്. അതിനെതിരെയുള്ള രൂക്ഷവിമർശനമാണ് 'ചെമ്മീൻ'നിരൂപണത്തിൽ ഡോക്ടർ പി.പി.വേലുക്കുട്ടി അരയൻ നിർവഹിച്ചത്. ചെമ്മീനിൽ ഒരല്പം ജാതിക്കാര്യ മുണ്ടെന്ന് സമ്മതിച്ചുക്കൊണ്ട് എസ്.ഗുപ ്തൻ നായർ എഴുതി. 'ചെമ്മീനെ സമുദായ വീക്ഷണത്തിലൂടെ മാത്രം കാണുന്ന ഒരു ലഘുലേഖ അരയസമുദായത്തിൽപ്പെട്ട ഒരാൾ എഴുതി അച്ചടിച്ചു. അവരുടെ ഭാഷയും ആചാരവിശേഷങ്ങളും തകഴി ശരിക്കും മനസ്സിലാക്കാതെ എന്തോ കാട്ടിക്കൂട്ടിക്കളഞ്ഞു എന്നായിരുന്നു മു ഖ്യമായ ആരോപണം. പക്ഷെ ആ ആരോപ ണങ്ങളൊക്കെ ആളുകൾ വിസ്മരിച്ചു. ചെമ്മീൻ ജീവിക്കുകയും ചെയ്തു'....

'ചെമ്മീൻ ജീവിക്കുന്നു' എന്ന ഗു
പ്തൻ നായരുടെ നിലപാട് ശരിയാണ്. എന്നാൽ ചെമ്മീനെക്കുറിച്ചുള്ള വിമർശനങ്ങളും കൊ
ടുക്കാണ്. മോ
നൊരു ഉമ്മാനെ കെട്ട് എന്ന ചക്കിക്ക് തീർപ്പുകൽപിക്കേണ്ടിവരുന്നത് അവർക്ക് സ്വന്തം മകളോട് സ്നേഹം ഇല്ലാഞ്ഞിട്ടല്ല മരിച്ച അവർ 'നാട്ടുനടപ്പി'ന്റെ ശാസനകൾക്ക് വിധേയപ്പെടാൻ നിർബ
ന്ധിതയാവുന്നതുകൊണ്ടാണ്.

കേരളത്തിലിന്നും മുതലാളിത്തമൂല്യങ്ങളുടെ 'സ്വാഭാവികവൽകരണം' എന്നാ അർത്ഥത്തിൽ ഒരു മുതലാളിത്ത 'നാട്ടുനടപ്പ് സമഗ്രമായ അർത്ഥത്തിൽ നിലവിൽ വന്നിട്ടില്ല. ഇന്നും
നാടുവാഴിത്തഫ്യൂടൽ മൂല്യവ്യവസ്ഥയാണ് നിലനിൽക്കുന്നത്. വിവാഹം,സൗഹൃദം തുടങ്ങിയ ബ
ന്ധങ്ങളിൽ മാത്രമല്ല ഭൂമിവിൽപ്പന വീട് വാടകയ്ക്ക് കൊടുക്കൽ തുടങ്ങിയ ക്രയവിക്രയങ്ങ
ളിൽ പോലും തറവാടിത്ത പരിഗണന പ്രധാനമാണ്. മനുഷ്യരുടെ ജോലിസംബന്ധിച്ച് ജാതിരൂപ
പ്പെടുത്തിയ സവർണമെൽക്കോ
യ്മാപ്രത്യയശാസ്ത്രം ചെമ്മീനിനെയും അടക്കിഭരിക്കുന്നു. അരയന്റെ പണം മീൻ
നാറുന്നത്താനെന്ന മറഞ്ഞുനിൽക്കുന്ന മേൽക്കോയ്മാബോധമാണ് കരുത്ത
നായ പളനിയെപ്പോലും നയിക്കുന്നത്. അയിത്തം അടിമത്തത്തേക്കാൾ ഭയാനകമാ
യിത്തീരുന്നതിന്റെ ബലതന്ത്രം തിരിച്ചറിയപ്പെടെണ്ട
തുണ്ട്.

ചെമ്മീനിലെ ചെമ്പൻകുഞ്ഞിനെ കടൽകാണാത്ത മത്സ്യം മാത്രം കാണുന്ന ഒരാർത്തിപ്പണ്ടാരമായും കറുത്തമ്മയെ സ്നേഹാർദ്രതയുടെ കടലായും വിവർത്തനം ചെയ്യുന്ന സൗന്ദര്യഭാഷകൾ ചൂഷിതർ, ചൂഷകർ എന്നാ വർഗ്ഗവിഭജനത്തെയും ആൺപെൺമൂന്നാംലിംഗം എന്നിങ്ങനെയുള്ള ലിഗവിഭജനത്തെയും സവർണത അവർണത എന്നാ സാംസ്കാരിക വേർതിരിവുകളെയും ആത്മനിഷ്ഠതയുടെ മാത്ര ചെലവിൽ എഴുതിത ള്ളുകയാണ്പതിവ്.

അരനൂറ്റാണ്ടുപിന്നിട്ട് ചെമ്മീൻ ഇന്ന നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ഈ ഘട്ടത്തിൽ ഈ കൃതിയെ സൗന്ദര്യശാസ്ത്രപരമായി മാത്രം വായിച്ചാൽ പോര, മരിച്ച അതിനെ സാമുഹ്യസാംസ്കാരികരാഷ്ട്രീയ പ
രിസരത്തിൽ നിർത്തികൊണ്ടുള്ള നി
രിതമായ പാരായണങ്ങൾകൂടി കാലഘട്ടം ആവ
ശ്യപ്പെടുന്നുണ്ട്.

പ്രണയം

അതുൽ രാജ്
ബി എ സോഷ്യോളജി

പ്രണയം
പൂക്കൾ... മഴ...രാത്രി.
ഇവയാവുന്ന പ്രണയത്തിൻറെ
ചില വസന്തവും
പേമാരിയും
നിലാരാത്രികലുമാണ്
നാം
അവിടെ സൂര്യൻ നിന്നിൽ
പൂർണമായലിഞ്ഞ നാൾ
ഇവിടെ എൻറെ പെണ്ണിൻറെ
ചുണ്ടിൽ പൌർണമിയായിരുന്നു
അവിടെ താരങ്ങളതു കണ്ട്
കണ്ണ് ചിമ്മിയപ്പോൾ
ഇവിടെ റാന്തലിൻ തിരിമെല്ലെ
താഴ്ന്നിരുന്നു

നിൻറെ സ്വപ്നത്തിലെ
അങ്കണത്തിൽ
എന്നും ഞാൻ ഒരു
മിന്നാമിനുങ്ങായിരിക്കട്ടെ
മിന്നാമിനുങ്ങുകൾ.....
അവ മോക്ഷം കിട്ടാത്താത്മാക്കളാണ്
പ്രണയിച്ച് പ്രണയിച്ച് മോക്ഷം
കിട്ടാത്തവരുടെ ആത്മാക്കൾ

അവൻ അവളെ ചുംബിച്ചു
തിരിച്ചവളും...
ഓടിയവനാദ്യമെത്തി അവളുടെ
അരികിൽ
അവർ ചേർന്നു ഭ്രൂണമായി
അടിവയറ്റിൽ കനമായി
നമ്മുടെ പ്രണയത്തിനുത്തരമായി...

വാനം പൊഴിക്കട്ടെ
അവൻറെ ചുംബനങ്ങൾ
ആയിരം മഴത്തുള്ളികളായി

Your love was my boon
My life is dead and gone
Burn my body along with my dreams
Melody in my cracking bones
Funeral pyres begin the storm
People may come and go as a norm
Let my ashes dance in your song
I know my memories remain for long
Chastity of my day-dream is lost
My soul is still dead and frost
Fragrance of my burning soul
Feel it as you own the whole
See my love – life fallen apart,
Come and see me if you have a heart.
Now all I need is a little space,
in the grave yard's lace.
Better dig and place there, my ashes
You can see my life's splashes.
Over, engrave a tomb….
"Long Lost Love Lyning in the grave yard's womb".

LONG LOST LOVE

Amrutha.P
B.A.English

നന്ദിത
നക്ഷത്രക്കണ്ണുള്ള രാജകുമാരി

റിഷി
ബി എ ഇംഗ്ലീഷ്

നന്ദിതയുടെ കവിതകൾ വായിച്ചിട്ടുണ്ടോ?

കുന്നുകയറിവരുന്ന എല്ലാ ഒന്നാംവർഷ വിദ്യാർഥികളും ഒരിക്കലെങ്കിലും നേരിടേണ്ടി വന്ന ചോദ്യമായിരിക്കുമിത്.

ഒറ്റ വാക്കിൽ പ്രണയം പറഞ്ഞ് രണ്ടുവാക്കിൽ തളിർക്കുന്ന വികാരങ്ങളാണ് ഇന്ന് ക്യാമ്പസ് പ്രണയം. മനസ്സിൽ നിറഞ്ഞ പ്രണയത്തെ വെള്ളക്കടലാസിലെ പ്രനയലെഖനമാക്കാൻ ഒരു രാത്രി മുഴുവൻ ഉറക്കമളച്ചിരിക്കാറുള്ള ഒരു തലമുറയുണ്ടായിരുന്നു നമുക്ക് മുൻപ്. എൺപതുകളിലും തൊണ്ണൂറുകളിലും ജ്വലിച്ചു നിന്ന ക്ലാസ്സിക് കാലഘട്ടത്തിലെ തലമുറ. പലപ്പോഴും നമുക്കത്ഭുതമാണ് ആ തലമുറയുടെ പ്രണയരഹസ്യങ്ങൾ.

മനോഹരമായ ഒരു ക്ലാസ്സിക് കാലഘട്ടത്തിൻറെ കലാലയതുടിപ്പുകൾ മനസ്സിൽ നിറച്ചാവണം, നന്ദിത, ഈ ക്യാമ്പസ്സിന്റെയും പടിയിറക്കിയത്. കലയും, സാഹിത്യവും, സൗഹൃദവുമെല്ലാം അതിൻറെ ഏറ്റവും സുന്ദരമായ കാലഘട്ടത്തിൽ പൂത്തുലഞ്ഞ ഈ കുന്നിൻപുറത്തെ നാളുകളിൽ, രണ്ടായിരത്തോളം വരുന്ന വിദ്യാർത്ഥിവിദ്യാർഥിനികളിൽ ഒരാളായി നന്ദിതയും, ഇവിടെ പഠിച്ചു. ജീവിച്ചു. പുറമേ ചിരിച്ചപ്പോഴും, ഉള്ളിലെവിടെയോ, ഒരു നീറ്റൽ അവൾ ഒളിച്ചുവെച്ചു. ഒരു കനൽ. ഐഹികജീവിതത്തിന്റെ അർത്ഥശൂന്യതയെ ബബബ ഭസ്മമാക്കി, അവളെ മരണത്തോളം കൊണ്ടെത്തിച്ച ആ കനൽപ്പൂട്, സൗഹൃദത്തിന്റെയോ, പ്രണയത്തിന്റെയോ? ആർക്കുമറിയില്ല. ഇന്ന്, ഈ കുന്നിൻപുറത്ത്, ഒരു നഷ്ടബോധത്തോടെ ഈ പുസ്തകച്ചട്ടയിലെ മനോഹരമായ മുഖത്ത് ഞാൻ നോക്കി നിൽക്കുമ്പോൾ, മൂന്ന് വർഷത്തെ അനുഭവങ്ങൾ സമ്മാനിച്ച കരുത്തിൽ, ഞാൻ ഇങ്ങനെ എഴുതും;

‘നല്ല സൗഹൃദങ്ങളുടെ ചുടലപ്പറമ്പിലെ
ഭസ്മമാണ് പ്രണയം‘.

നല്ല സൗഹൃദങ്ങളിൽ, അവളിലും അവനിലും തീ പടർത്തിയാണ്, പ്രണയമെന്ന പണ്ടാരം, ചങ്കിൽ ചാമ്പൽ നിറയ്ക്കുന്നത് 'നരച്ച കണ്ണുകളുള്ള പെൺകുട്ടി' എന്ന് ആത്മകഥാംശമുള്ള ഈ ഡയറിക്കുറിപ്പുകളിലൊന്നിൽ നന്ദിത എഴുതിയിരിക്കുന്നു.

'നരച്ച കണ്ണുകളുള്ള പെൺകുട്ടി.
സ്വപ്നം നട്ടുവിടർന്ന അരളിപ്പൂക്കൾ ഇറുത്തെടുത്ത്
അവൾ പൂപ്പാത്രമൊരുക്കി'

പക്ഷെ അതിങ്ങനെ മാറ്റിയെഴുതാനാണ് എനിക്കിഷ്ടം;

അവൾക്ക്, നക്ഷത്രക്കണ്ണുകളാണ്.അവൾ ഒരു രാജകുമാരിയാണ്. പൊഴിഞ്ഞുവീണ അരളിപ്പൂക്കൾ ഇറുത്തെടുത്താണ് അവൾ പൂപ്പാത്രമൊരുക്കിയത്. കൊഴിഞ്ഞുവീണ അവളുടെ സ്വപ്നങ്ങളുടെ പൂപാത്രം
; നക്ഷത്രക്കണ്ണുള്ള രാജകുമാരി
കൊഴിഞ്ഞുവീണ അരളിപ്പൂക്കൾ പെറുക്കിയെടുത്ത്
അവൾ പൂപ്പാത്രമൊരുക്കീ‘.

യാത്ര പറയാൻ നിൽക്കാതെ കുന്നിറങ്ങിപോയ അനിയൻകുട്ടൻ ഒരിക്കൽ ചോദിച്ചിട്ടുണ്ട്; പ്രണയിക്കുമ്പോൾ, അവൾ/അവൻ തിരിച്ചും പ്രണയിക്കണമെന്ന് നീ വാശി പിടിയ്ക്കുന്നതെന്തിനാണ്? എന്തിനാണ് നീ ഹൃദയത്തിൽ, അങ്ങനെയൊരു കണക്കുപുസ്തകം സൂക്ഷിക്കുന്നത്?

ദൂരെ നിന്ന് അവളെ നോക്കുമ്പോൾ, ബുദ്ധൻറെ സന്നിധിയിൽ കണ്ണുകളുടക്കുമ്പോൾ, കാന്റീനിലെ വിശപ്പിന്റെ വിളികൾക്കിടയിലും, ഇലക്ഷൻ ദിനത്തിലെ ഇൻക്വിലാബിനിടയിലും, ഒരു മിന്നായം പോലെ ചിരപരിചിതമായ മുഖം ഓടിയകലുമ്പോൾ ഒരു മറുചിരിയ്ക്കായി നമ്മളിൽ പലരും കാത്തുനിന്നിട്ടുണ്ട്. ആഗ്രഹിച്ചിട്ടുണ്ട്. നന്ദിതയുടെ കവിതകളിലെ ഓരോ താളിലൂടെയും കടന്നുപോകുമ്പോൾ, തിരികെ ലഭിക്കാതെ പോയ ഓരോ ചിരിയും, അപാരമായ ഒരു നഷ്ടമായി അനുഭവിച്ചു പോകുന്നു. അതെൻറെ മാത്രം നഷ്ടമാണ്. എൻറെ മാത്രം. സ്നേഹത്തിനുവേണ്ടി ഉഴവുകയും, അതു ലഭിക്കാതെ വന്നപ്പോൾ, തന്നോട് തന്നെ പ്രതികാരം ചെയ്യുകയും ചെയ്ത നന്ദിത യുടെ മനസ്സ്, ഈ ക്യാമ്പസ്സിലെ ഓരോ നിരാശാകാമുകന്റെയും കാമുകിയുടെയുമാണ്. ഞാൻ പോലുമറിയാതെ, എന്നോടനുവാദം വാങ്ങാതെ, എൻറെ ഉള്ളിൽ, എൻറെ സ്വപ്നങ്ങളിൽ നിറഞ്ഞതിനു, ഞാനൊരു ശിക്ഷ വിധിക്കുന്നുണ്ട്. ആജീവനാന്തം, എന്റെതുമാത്രമായി കഴിയുക. 'ചിരിച്ചുകൊണ്ട് നീ ഈ ശിക്ഷ എറ്റുവാങ്ങുമെന്ന്! കരുതുന്നു, കാരണം,

എൻറെ മുഖത്ത് തറച്ച നിൻറെ കണ്ണുകൾ,
അവ ആണ്ടിറങ്ങിയത്, എൻറെ ഹൃദയത്തിലാണ്.
ആഴമേറിയ രണ്ട് ഗർത്തങ്ങൾ സൃഷ്ടിച്ച്.



ഒരിക്കലും അടർത്തിമാറ്റാനാകാത്ത വിധം, നന്ദിത ഒരാളോട് ലയിച്ചു ചേർന്നു ഋതുഭേദങ്ങളിൽ കുഴഞ്ഞു മറിയുന്ന ഭൂമിയെപ്പോലെ, അവൻറെ വസന്തത്തിൽ, അവൾ പൂത്തുലഞ്ഞു അവൻറെ വേനലിൽ വരണ്ടുണങ്ങി. മാരിചൊരിയുന്ന അവൻറെ വർഷത്തിൽ, വാക്കുകളായി, കവിതയായി അവൾ പെയ്തിറങ്ങി. അവൻറെ ശിശിരത്തിൽ, മറ്റൊരു മഞ്ഞുകാലത്തിനു കാത്തു നിൽക്കാതെ, ഒരിലയായി അവൾ പൊഴിഞ്ഞുവീണു. ജീവകണങ്ങലാൽ ബന്ധിതമായ ഇടഭൂമിയിലെ ആത്മബന്ധങ്ങളെല്ലാം മറന്ന്, ജീവിതത്തിനും, മരണത്തിനും അപ്പുറം പ്രണയത്തെ തിരഞ്ഞു. നന്ദിതയുടെ കവിതകൾക്ക് ആമുഖമെഴുതിയ ബഷീർസർ, അദ്ദേഹം വിവരിച്ച ആ അവസാന ദിനം, ഇന്നും , ഈ പുസ്തകം വായിച്ചു തീർക്കുന്ന ഓരോരുത്തരെയും അലട്ടും. 'അന്ന്, കിടക്കാൻ പോകുന്നതിന് മുൻപ്, അമ്മയോട് നന്ദിത പറഞ്ഞു.'അമ്മേ ഒരു ഫോൺ വരും. ഞാൻ തന്നെ അറ്റന്റു ചെയ്തോളാം' ആ ഫോൺ കോൾ വന്നതായി അച്ഛനോ അമ്മയോ കേട്ടില്ല. അർദ്ധരാത്രി എന്തിനോ വേണ്ടി അമ്മ ഡ്രോയിംഗ് റൂമിലേക്ക് വന്നപ്പോൾ മുകളിലെ മുറിയോടു ചേർന്നുള്ള ടെറസ്സിൽ നിന്ന് താഴേക്ക് സാരിയിൽ കെട്ടി തൂങ്ങിക്കിടക്കുന്നു. ആൾക്കാർ എത്തുന്നതിന് എത്രയോ മുൻപ് അവൾ പോയി കഴിഞ്ഞിരുന്നു. നന്ദിതയെ പഠിപ്പിച്ച യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകൻ പറയുന്നു 'മിടുക്കിയായിരുന്നു. ബുദ്ധിപരമായ ചർച്ചകളിൽ അവൾക്കു പ്രത്യേക താല്പര്യമുണ്ടായിരുന്നു. ഹൃദ്യവും ആകർഷകവുമായ പെരുമാറ്റം. ജീവിതത്തോട് അഗാധമായ മമത. എങ്ങനെ സംഭവിച്ചു ഈ ദുരന്തം...?'

എൻറെ വർഷത്തിൽ മാരിചൊരിയുന്നവ
നിൻറെ വാക്കുകൾ.
കുളിച്ച്, ഈറൻ പുതച്ചു വരും
എൻറെ വസന്തത്തിൽ
പൂക്കുന്നത് നിൻറെ വിരൽത്തുമ്പ്.
എൻറെ വേനലിൽ തിളച്ചു മറഞ്ഞവ
നിൻറെ കണ്ണുകളെങ്കിൽ
എൻറെ ശരീരത്തിലുറഞ്ഞത്
നിൻറെ ചുണ്ടുകളോ?...

ഒരു ജനുവരിയുടെ നഷ്ടമായ ഈ ഭംഗിയുള്ള മുഖം ചില്ലുമൂടിക്കിടക്കുമ്പോൾ, അറിയാതെ പ്രണയം തോന്നുന്നു. മറ്റാർക്കും നൽകാതെ, ചുവരിൽ കോറിയിടാതെ, പ്രസിദ്ധീകരിക്കാതെ, തന്റെതുമാത്രമായ ഡയറികുറിപ്പുകളിൽ കവിതകളാക്കി മനസ്സിനെ എന്തിനാണിവൾ ഉരുക്കിയൊഴിച്ചത്..?

ഏതോ ഒരാൾക്കു മാത്രമായാണ്, അവളതു കാത്തുവെച്ചത്. ആരാണ് നന്ദിത തൻറെ പ്രാണനേക്കാൾ സ്നേഹിച്ച ആ കൂട്ടുകാരൻ? അസൂയയാണ് എനിക്കവനോട്. ദേഷ്യമാണ്. എന്തിനിവളെ മരണത്തിനു വിട്ടുകൊടുത്തു എന്ന് ചോദിക്കണമെന്നുണ്ട്. അവനും, ഇന്ന് ജീവനോടെയുണ്ടോ എന്നു പോലുമറിയില്ല. മരണത്തിനുമപ്പുറമുള്ളശാശ്വതസത്യമായി പ്രണയത്തെ കണ്ട ഒരു പെണ്ണിൻറെ മനസ്സ്, എനിക്ക് മനസിലാകുന്നില്ല. ശിഥിലപ്രണയങ്ങൾ മാത്രമുദിക്കുന്ന ഒരു തലമുറയിൽ വളർന്നതുകൊണ്ടായിരിക്കാം. ഈ കുന്നിൻപുറത്ത്, ലൈബ്രറിയിൽ, ഒറ്റമരത്തണലിൽ, ബോധിയുടെ മടിയിൽ, ഒക്കെയും, ഞാൻ നന്ദിതയെ വായിച്ചറിഞ്ഞു. ഈ കുന്നിൻപുറമാണ് നിനക്കാ പ്രണയം തന്നതെന്ന് വിശ്വസിക്കാനാണ് ഞങ്ങൾക്കിഷ്ടം, നന്ദിതാ... എൻറെ പ്രണയവും, ഇലമൂടിയ കൊന്നമരങ്ങളിൽ നിന്ന് തിരിച്ചുപോയിരിക്കുകയാണ് ഒന്നു തളിർക്കാൻ, മറ്റൊരു മീനമാസത്തിനായി കാത്തിരിക്കുകയാണ്.

കുന്നുകയറിത്തുടങ്ങിയിട്ട്, കൊല്ലം മൂന്നാകുന്നു. അന്നുമുതൽ, ഇടയ്ക്കിടെ എൻറെ ഇടം കയ്യിൽ ചുരുട്ടിപ്പിടിച്ച പുസ്തകത്തിൻറെ ചട്ടയിൽ, നിൻറെ മുഖമാണ്. അത് നിൻറെ കവിതകളാണ്. എം.ടി. യും, ആമിയും, മാർക്വസും, ചുള്ളിക്കാടുമെല്ലാം, വായനയിൽ നിറഞ്ഞെങ്കിലും, എന്നും കയ്യിൽ വിയർപ്പിനോടൊട്ടി നിന്നത്, നീയാണ് നന്ദിത ചെങ്കൊടിയേന്തി നടന്ന പകലുകളിലും, മദ്യം തലച്ചോറിനെ കബളിപ്പിച്ച രാത്രികളിലും, കെമിസ്ട്രിബ്ലോക്കിൻറെ രണ്ടറ്റവും കൂട്ടിമുട്ടിക്കുന്ന ഇടനാഴികളിൽ ഞാൻ നടക്കാനിറങ്ങുമ്പോൾ, കൂടെ മനസ്സിൽ മഷിയടയാളങ്ങളായി നീയുണ്ടായിരുന്നു. എനിക്കു പിറകെ വന്ന രണ്ടു തലമുറകൾക്ക്, ബുദ്ധൻ്റെയും സുഹറയുടെയും കഥകൾക്കൊപ്പം, നിൻറെ വരികളും പരിചിതമാക്കി നൽകി. മൂന്നരയുടെ തിരക്കിൽ, ആർത്തലച്ച് കുന്നിറങ്ങുന്നവർ, അവർക്ക് ശേഷം, പതിയെ കടന്നു വരുന്ന തണുപ്പ്, ചൈത്രത്തിൽ ക്യാമ്പസിനെ രുചിച്ച തലതെറിച്ചവന്മാർ മാത്രം സൗഹൃദമാഘോഷിക്കുമ്പോൾ, ഈ അവസാന വേളയിലും, നിന്നെക്കുറിച്ചാണ് എഴുതുന്നത്. ഈ മൂന്ന് വർഷം ഇവിടെ ജീവിച്ച്, പ്രണയം തോന്നിയ പെൺകണ്ണുകളുടെ ഓർമകളും, കൈകോർത്തു പിടിച്ച സൗഹൃദത്തിൻ്റെ കണ്ണികളും, ഇവിടത്തന്നെ ഉപേക്ഷിച്ച് കുന്നിറങ്ങാൻ തുനിയുമ്പോൾ, ഇനിയൊരിക്കലും, എൻറെ ജീവിതത്തിൽ ആവർത്തിക്കപ്പെടാൻ സാധ്യതയില്ലാത്ത ഒരേടായി, എൻറെ യൗവ്വനം ഇവിടെ ലയിച്ചു തീരുമ്പോൾ, എൻറെ കോളേജ് ദിനങ്ങൾ ഇവിടെ അസ്തമിക്കുമ്പോൾ, അവളുടെ ഓർമ പുസ്തകത്തിൻ്റെ അവസാനതാളിൽ, എൻറെ ഓർമ്മയ്ക്കായി കോറിയിടാൻ, ഞാൻ നിൻറെ വാക്കുകൾ, കടമെടുക്കുന്നു നന്ദിതാ.

'ഇപ്പോൾ ഞാൻ മനസ്സിലാക്കുകയാണ്.
നിന്നെ മറക്കുകയെന്നാൽ മൃതിയാണെന്ന്
ഞാൻ, നീ മാത്രമാണെന്ന്..

നന്ദിത

അഞ്ജന ഒ കെ
ബി എസ് സി കെമിസ്ട്രി

മൃത്യുവിൻ കരം പിടിച്ച്
നീ അണചൊരാ ജീവനാളതിനായ്
എൻ ആത്മ സുഹൃത്തേ
നീയിതാ പുനർജനിക്കുന്നു
എന്നിലൂടെ.......
നിന്നെ അറിയാതെ പോയ
നിൻറെ ലോകത്തിനോടോതുവാൻ
എന്നെ ഞാനാക്കിയ നിൻറെ ലോകമിതാ
ഒരു നുള്ള് അഗ്നികണവുമായി
കാത്തിരിപ്പിലാണ്.
പാതിവഴിയിലെന്തിനോ നീമറന്നിട്ടുപോയ
സ്വപ്നങ്ങളെ പെറുക്കി
നിനക്കായ് ഞാനിതാ ഒരു
ജീവിതസൗധം പണിഞ്ഞുകൊണ്ടിരിക്കുന്നു
നിന്നിലുണരാത്ത പ്രണയ പുഷ്പങ്ങളെ
പറിച്ചു ഞാനെൻറെ വലം കയ്യിൽ
സൂക്ഷിച്ചിട്ടുണ്ട്
നിൻറെ ആത്മ ബിന്ദുവിൽ നിന്നും
ദൂരെയ്ക്കെറിയുവാൻ
നീ മടുത്തെറിഞ്ഞിട്ട യാത്രായവനികയുടെ
തുമ്പിലെൻ കൈചേർത്ത്
ഞാനെൻറെ യാത്ര ആരംഭിക്കട്ടെ
നിന്നെ തേടിയുള്ള യാത്ര
നിൻറെ ജന്മഭാരം പേറിയുള്ള എൻറെ യാത്ര
എവിടെയെത്തുമെന്നെനിക്കറിയില്ല
എന്താകിലും ഒന്നറിയാം
'ഭൂതം നിന്നിൽ ജനനവും
വർത്തമാനം നിന്നിൽ
ഒരു നുള്ള് ജീവിതവും
ജീവിതത്തിൽ നിൻറെ ഭാവി
മരണവും മാത്രമായിരിക്കും'
നിൻറെ തൂലികാ ബീജം എൻറെ
ഹൃദ്ഗർഭപാത്രം നിറച്ചിരിക്കുന്നു
ഒരു നല്ല ഭാവി ജനിക്കുമെങ്കിൽ..

വിരഹവേനലിൽ കരിഞ്ഞുപോയ
നിൻറെ വേദനകളെ ഒരുക്കിവെയ്ക്കവേ
അവയെന്നോട് എന്തൊക്കെയോ
പറയാൻ ശ്രമിക്കുന്നുണ്ട്,
വേദനമാത്രം സമമാഹിച്ച്
അവ ഒരു പിടിചാരമാവുമ്പോൾ
ഞാനറിയുന്നുണ്ട്,
ആ വേദനകൾ നിനക്ക്
പ്രിയപ്പെട്ടവയായിരുന്നുവെന്ന്!
അവ നീയായിരുന്നുവെന്ന്!...
നിൻറെ മോഹങ്ങളിലാണ് നീ
അഗ്നിയുതിർത്തതെങ്കിലും
എരിഞ്ഞൊടുങ്ങിയത്   നിൻറെ
നിൻറെ ജീവിതമാണ്
വേണ്ടിയിരുന്നില്ല നന്ദിതാ
ഈ ക്രൂരത....
വിശാലത ഒഴുകാത്ത മനസ്സും
കണ്ണുകളുമായി,
ഒരു പുരുഷസത്ത്വക്കൂടി വരുന്നുണ്ട്
 പെൺകീടങ്ങളെ ശ്രദ്ധിച്ചുകൊൾക
അവനിൽ അടങ്ങാതെ എറിയുന്നത്
പ്രണയമല്ല മരണമാണ്
നിൻറെയും നിൻറെ മോഹങ്ങളുടെയും
മരണം.

സാമൂഹിക അസമത്വത്തിനെതിരെയുള്ള ഇന്ത്യൻ വിദ്യാർഥി മുന്നേറ്റങ്ങൾ

പ്രണവ് നൊച്ചാട്

സമത്വത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള പോരാട്ടങ്ങളെ ആവേശഭരിതമാക്കുന്ന വാർത്തകളാണ് വിവിധ ലോകരാജ്യങ്ങളിൽ നിന്നും കേട്ടുകൊണ്ടിരിക്കുന്നത്. മുതലാളിത്ത താൽപര്യങ്ങളുടെ പതാക വീശുന്ന വൻകിട മാധ്യമ കേസരികൾ കടുത്ത നിശബ്ദതയിൽ മുക്കിക്കൊല്ലാൻ ശ്രമിച്ചിട്ടും നവഉദാരനയങ്ങൾക്കും മുതലാളിത്ത ചൂഷണങ്ങൾക്കും എതിരായി മുദ്രാവാക്യങ്ങൾ രൂപപ്പെടുന്ന ഓരോ സമരത്തിന്റെയും വാർത്തകൾ ദേശാതിർത്തികൾ ലംഘിച്ച് കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. അവസരങ്ങളുടെയും ജീവിത സുരക്ഷയുടെയും സൗകര്യങ്ങളുടെയും മൂല്യങ്ങളുടെയും പറുദീസയെന്ന പരസ്യം ചെയ്യപ്പെട്ട മുതലാളിത്ത രാജ്യങ്ങൾ തന്നെയാണ് ദിനം പ്രതി വലിയ പ്രക്ഷോഭങ്ങളുടെ വേലിയേറ്റങ്ങളിൽ പെട്ട് ഉലയുന്നത്. നിലവിലെ വ്യവസ്തകൽക്കെതിരായി രാഷ്ട്രീയ മുദ്രാവാക്യങ്ങൾ ഉയർത്തി തെരുവിലേക്കിറങ്ങുന്ന വിദ്യാർഥികളുടെ എണ്ണം ചൂഷക വർഗ്ഗത്തെ ആശങ്കയിലാഴ്ത്തി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അറബ് രാജ്യങ്ങളിലും യൂറോപ്പിലും തങ്ങളാണ് 99% എന്ന് ആവർത്തിച്ച് അമെരിക്കയിലുമെല്ലാം നടന്ന ബഹു ജന സമരങ്ങളിലെ അത്ഭുതപൂർണമായ വ്യവസ്ഥയിലേക്ക് സമരപ്പെടുന്ന ഭൂരിപക്ഷത്തിന്റെ മുന്നേറ്റങ്ങൾക്കാകെ പ്രതീക്ഷ നൽകുന്നതായിരുന്നു. മനുഷ്യന്റെയും പ്രകൃതിയെയും ഭാവനയെയും വിറ്റും വില പേശിയും ആർത്തിയൊടുങ്ങാത്ത മുതലാളിത്ത ഇടപെടലുകൾക്കെതിരായി വിദ്യാർത്ഥികളും സമരമുഖത്താണെന്നീ തന്നെയാണ് ലോകമെമ്പാടുമുള്ള അനുഭവം.



ഭരണഘടനയുടെ ഹൃദയമാണ് സോഷ്യലിസവും മതനിരപേക്ഷതയും. ആ രണ്ട് വാക്കുകളും ചേർക്കാത്ത ഭരണഘടനയുടെ ആമുഖം പ്രസിദ്ധീകരിച്ച സർക്കാരാണ് നിലവിൽ ഇന്ത്യ ഭരിക്കുന്നത്. അവരുടെ വിദ്യാഭ്യാസ മേഖലയിലെ വാണിജ്യ വൽക്കരണത്തിനും വർഗ്ഗീയവൽക്കരണത്തിനുമെതിരായ മുദ്രാവാക്യവിളികളുമായി വിദ്യാർഥികൾ സമരമുഖത്താണ്. കേന്ദ്രഭരണത്തിൽ ഇന്നത്തെ സർക്കാർ വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കികൊണ്ടിരിക്കുന്ന നയങ്ങൾ എല്ലാം തന്നെ മതനിരപേക്ഷജനാധിപത്യറിപ്പബ്ലിക്കിലെ ജനതയ്ക്ക് സ്വീകരിക്കാനാവുന്നതല്ല. വ്യത്യസ്ഥ മേഖലകളിൽ ഇതിനോടകം അവർ നടപ്പാക്കിയിട്ടുള്ള പദ്ധതികളെല്ലാം തന്നെ അത്തരത്തിലുള്ളതാണ്. അതിനെതിരായി രാജ്യത്താകെ ഉയർന്നു വന്നു കൊണ്ടിരിക്കുന്ന പ്രക്ഷോഭങ്ങളുടെ ഭാഗമായാണ് വിദ്യാർഥികളും സമരമുഖത്തുള്ളത്.

ഈ അടുത്തകാലത്ത് ഇന്ത്യയിൽ നടന്നതിൽ വച്ച് ഏറ്റവും ശക്തമായ പ്രതിഷേധമായിരുന്നു പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചെയർമാൻ സ്ഥാന ത്തേക്കും പൊതുസഭയിലെക്കും യാതൊരു യോഗ്യത യും ഇല്ലാത്തവരെ നിയമിച്ചതിനെതിരായി നടന്ന വി ദ്യാർഥികളുടെ സമരം. രാഷ്ട്രീയസാംസ്കാ രിക മാനമുള്ള ഈ സമരം ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ മ തിലുകൾക്കുള്ളിൽ ജനിച്ച് അവിടെ തന്നെ അവസാ നിച്ചുപോയ ഒരു സാധാരണ സമരമല്ല വിദ്യാർഥികൾ മുന്നോട്ട് വച്ച ആവശ്യം പ്രതീക്ഷിച്ചത് പോലെ മോഡി സർക്കാർ അവഗണിക്കുകയും തള്ളിക്കളയുകയും ചെ യ്തു. ആവശ്യങ്ങൾ അംഗീകരിക്കാതെ അവ സാനിക്കുന്ന സമരങ്ങൾ പരാജയങ്ങളാണെന്ന സാമാന്യ ബോധത്തെ പിളർക്കുന്ന ചോദ്യങ്ങൾ കൊണ്ട് ഈ സമരം ഇന്ത്യൻ സാംസ്കാരിക പരിസരത്ത് ആക്രമിച്ച് കയറുന്ന ത്രിശൂലധാരികളുടെ നീക്കങ്ങളെ തുറന്ന് കാ ണിച്ചു. മന്ദബുദ്ധികളും ഫാസിസ്റ്റുകളും കോർപ്പറേറ്റ് മൂലധന പ്രത്യയശാസ്ത്രങ്ങളിൽ വ്യാമോഹിതരായവ രും ഈ സമരത്തെ ആക്രമിച്ചു കൊണ്ടിരുന്നപ്പോഴും ആ സമരം ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ക്യാമ്പസ്സിൽ നിന്ന് മുളച്ച് പൊന്തുന്ന പ്രതിരോധ ആശയങ്ങളുടെ ഭ താക്കുകളായി സമൂഹത്തിൻറെ ബൗദ്ധികതലങ്ങളിൽ ഇടപെടുന്നതായി അനുഭവപ്പെടും.

ഒരു ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് പുലർത്തേണ്ടതും സംരക്ഷിക്കപെടേണ്ടതുമായ ചലച്ചിത്ര സൗന്ദ ര്യശാസ്ത്ര സങ്കൽപ്പങ്ങളും, പാഠങ്ങളും അനുഭവങ്ങളും സ്വാതന്ത്ര്യത്തിന്റെ തുറന്ന ആകാശവും അക്കാദമികവും ഔന്നത്യവും എല്ലാം തെരുവിൻറെ അഴുക്ക് ചാലിൽ വലിച്ചെറിയപ്പെടുകയും പകരം വിദ്യാർഥികളുടെ മേൽ ഹിന്ദുത്വരാഷ്ട്രീയത്തിൻറെ ഹിം സാത്മകവും അശ്ലീലകരവുമായ കാവിക്കൊടികളെ അടിച്ചേൽപ്പിക്കുകയും ചെയ്യുമ്പോൾ നിശബ്ദരാവാതെ ചെറുത്ത് നിന്ന അവിടുത്തെ വിദ്യാർഥികൾ തീർച്ചയായും ചരിത്രത്തിൽ പ്രധാനധർമമാണ് നിർവഹിച്ചത്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും സാംസ്കാരിക സ്ഥാപനങ്ങളും ഇന്ത്യൻ ചരിത്ര കൗൺസിലും സെൻസർ ബോർഡും സംഘപരിവാറിന്റെ ഇരുണ്ടതും അടഞ്ഞതും ഹിംസാത്മകവും ആയ ആശയങ്ങൾ കൊണ്ട് വരിഞ്ഞു മു റുക്കി തങ്ങളുടെ ഇഷ്ടാനുസരണം പ്രവർത്തിക്കുന്ന യുക്തിബോധമില്ലാത്ത മാനവികത യില്ലാത്ത രക്തദാഹികളായ ഡ്രാക്കുളമാർക്ക് മേയാനുള്ള സ്ഥലമാക്കി മാറ്റുന്നതിന്റെ ഒരു ഭാഗം മാത്രമാണ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ.

നല്ല സിനിമ എന്തെന്നറിയാത്ത, സിനിമയുടെ സ്വതന്ത്രമായ സഞ്ചാരങ്ങളെ തിരിച്ചറിയാനുള്ള ചരിത്രബോധമില്ലാത്ത, സർഗാത്മകതയെക്കുറിച്ച് ഭാവനപോലും ചെയ്തിട്ടില്ലാത്ത ഗജേന്ദ്ര ചൗഹാനെ പോലുള്ളവരെ അവിടെ വാഴിക്കുകവഴി ഒരു വലിയ അട്ടിമറിയാണ് മോഡി സർക്കാർ നടത്തിയത്.

ആധുനിക കാലത്തിൻറെ കാഴ്ചയിലും അതിന്റെ സ്വാതന്ത്രവും ജനാധിപത്യപരവുമായ വ്യത്യാസങ്ങളിലും വിനിമയരൂപങ്ങളിലും പ്രത്യക്ഷവും പരോക്ഷവുമായ ഇടപെടലുകൾ നടത്തുന്ന സിനിമയുടെ അക്കാദമിക പഠനത്തിനാണ് ഇൻസ്റ്റിറ്റ്യൂട്ട് രൂപകൽപ്പന ചെയ്തത്. സ്വാതന്ത്രവും മാനവികവുമായ നിലപാടുകൾ സ്വന്തം രചനകളിലും സാങ്കേതിക ഉപയോഗങ്ങളിലും കടന്നുവരുന്നതിനെ തടഞ്ഞു കൊണ്ട് ഗജേന്ദ്ര ചൗഹാനെ പോലുള്ള കാവികുഴിയാനകളെ ഭാവിയിലേക്ക് സൃഷ്ടിച്ചാൽ മതിയാകും തങ്ങളുടെ തടസ്സമില്ലാതാകാൻ എന്ന് സംഘപരിവാർ മസ്തിഷ്കങ്ങൾ തീരുമാനിച്ചതിൻറെ ഫലമാണ് ആ സമരം.തങ്ങൾ നിശബ്ദരായിരിക്കില്ലെന്നും, ഈ രാജ്യത്തിൻറെ കലാകാരന്മാരും അക്കാദമിക് പണ്ഡിതരും എഴുത്തുകാരും, സാംസ്കാരിക പ്രവർത്തകരും, ചരിത്രകാരന്മാരും ശാസ്ത്രകാരന്മാരും നിശബ്ദരാകാതെ പ്രതിരോധത്തിൻറെ പ്രതികരണസമരങ്ങളിൽ അണിചേരുമെന്ന് തെളിയിച്ചു തരികയും ചെയ്തു. ആ സമരം കൊണ്ട് ഗജേന്ദ്ര ചൗഹാനെ മാറ്റാനായില്ലെങ്കിലും രാജ്യമൊട്ടാകെ ഫാസിസ്റ്റുവൽകരനത്തിനെതിരായ ചെറുത്തു നിൽപ്പുകൾക്ക് തിരികൊളുത്താൻ ആ സമരത്തിനായി.

പോണ്ടിച്ചേരി സർവകലാശാലയ്ക്ക് ചിലപ്പോൾ അത്രയും ജനകീയമായ ഒരു മുന്നേറ്റത്തിന്റെ അകമ്പടിയോടു കൂടി പ്രസ്ഥാനാധിഷ്ഠിധരാഷ്ട്രീയ പ്രവർത്തനങ്ങളിലേക്ക് നീങ്ങാൻ സാധിച്ചേക്കും. അത് തന്നെയാണ് ആ സമരത്തിൽ നിന്ന് ഉൾക്കൊള്ളാൻ കഴിയുന്ന ഏറ്റവും വലിയ പാഠവും.
ഇന്ത്യൻ വിദ്യാർഥി സമരചരിത്രത്തിൽ വേറിട്ട സമരമുഖം തുറന്നു കൊണ്ടാണ് Occupy Campus സമരം കാലിക്കറ്റ് സർവകലാശാല ഡിപ്പാർട്ട്മെന്റിനെതിരെ സ്റ്റുഡൻസ് യൂണിയന്റെയും എസ്.എഫ്.ഐ യുടെയും നേതൃത്വത്തിൽ നടന്നിട്ടുള്ളത്. എല്ലാ കാലവും സമരങ്ങളെ പുച്ഛിക്കുകയും എതിർക്കുകയും ചെയ്യുന്ന ഒരു വലിയ വിഭാഗത്തിൻറെ വായി അടപ്പിച്ചു കൊണ്ടാണ് ആ സമരം മുന്നോട്ടു പോയത്. അധികാരികൾ പഠനവകുപ്പുകൾ അടച്ചുപൂട്ടി അക്കാദമിക് അന്തരീക്ഷം തകർക്കുമ്പോൾ ലൈബ്രറി കേന്ദ്രീകരിച്ച് വായനയും പഠനവും ചർച്ചകളും കൊണ്ട് സക്രിയമാക്കുന്ന സമരവേദിയാണ് അവിടെ അരങ്ങേറിയത്.



കേരളത്തിൻറെ രാഷ്ട്രീയസാംസ്കാരിക രംഗത്തെ നിരവധിയാളുകൾ ആ സമരത്തിന് ഐക്യനദാർഢ്യം പ്രഖ്യാപിക്കാൻ സമര വേദിയിലെത്തിയത് ആ സമരത്തിൻറെ പ്രാധാന്യം വിളിച്ചോതുന്നതാണ്. അസമിലെ ഫരിം ഗോട്ടി സമരത്തെ ഓർമിപ്പിച്ചു കൊണ്ട് സർവകലാശാല ക്യാമ്പസ്സിലൊരുക്കിയ കനൽ കവിതകളും.

ഫെസ്റ്റിവൽ ഓഫ് റെസിസ്റ്റൻസ് എന്നിവ സമരത്തെ സാംസ്കാരിക ലോകം സ്വീകരിച്ചതിന്റെ അടയാളപ്പെടുത്തലുകലായിരുന്നു. അധികാരികളുടെ എച്ചിൽ പാത്രങ്ങൾക്ക് മുന്നിൽ മുട്ടുമടക്കി കൊണ്ടല്ല ഒരു സമരവും അതിൻറെ അതിർത്തികൾ നിർണയിക്കേണ്ടത് മറിച്ച് അക്ഷരങ്ങൾ തൂക്കി വിൽക്കുകയും സാമ്രാജ്യത്വ തീരുമാനങ്ങൾ നടപ്പാക്കുകയും ചെയ്യുന്ന കാലത്ത് എരിയുന്ന ആമാശയങ്ങളും വിശക്കുന്ന തലച്ചോറുകളും കൊണ്ട് സമരം ചെയ്ത് അവകാശം നേടിയെടുത്തതിന്റെ ചരിത്രമാണ് കാലിക്കറ്റ് സർവകലാശാലക്ക് കീഴിലെ സമരസഖാക്കൾക്ക് പറയാനുള്ളത്.

ഇതിൻറെ മാതൃക ഉൾക്കൊണ്ട് ഗുരുവായൂരപ്പൻ കോളേജിലെ ലൈബ്രറിയുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനായി ദിവസങ്ങളോളം നീണ്ടുനിന്ന റിലെ നിരാഹാര സമരവും പ്രതിഷേധാതമക പുസ്തക വിൽപ്പനയ്ക്ക് മുന്നിലും അധികാര വർഗത്തിന് മുട്ട് മടക്കേണ്ടി വന്നിട്ടുണ്ട്.

മഹാരാജാസിലെ വിദ്യാർഥികൾ സമൂഹത്തിനു നേരെ തൊടുത്തു വിട്ട ശരമാണ് ജെൻടെർ ജസ്റ്റിസ് എന്ന കാംപയിൻ. സംസ്ഥാനത്തിൻറെ കലാലയ ചരിത്രത്തിൽ ഇന്ന് വരെ കാണാത്ത ഒരു സമരത്തിനായിരുന്നു മഹാരാജാസ് സാക്ഷ്യം വഹിച്ചത്. ആർത്തവം അശുദ്ധിയെന്നു വിശ്വസിക്കുന്നവരെ സ്ത്രീ പുരുഷസമത്വത്തിനെതിരെ, മൂന്നാം ലിംഗക്കാരെ സമൂഹത്തിലെ മൂന്നാം കിട പൌരന്മാരാക്കുന്നവരെ ബോധവൽക്കരിക്കുന്നതിനായി വിദ്യാർഥികൾ നടത്തിയ ഏറെ കാലിക പ്രസക്തിയുള്ളതും ബോധപൂർവ്വമായ ഒരു ശ്രമം ജെൻടെർ ജസ്റ്റിസ് എന്ന പേരിൽ എസ്.എഫ്.ഐ പ്രവർത്തകരായ ഒരു കൂട്ടം വിദ്യാർഥികൾ ആരംഭിച്ച കാംപയിൻ പിന്നീട് കലാലയം മുഴുവനായും ഏറ്റെടുക്കുന്ന കാഴ്ചയാണ് പിന്നീടുണ്ടായത്.

കാക്കനാട്ടെ സെസിലെ ഒരു സ്വകാര്യ സ്ഥാപനത്തിൽ ആർത്തവത്തിന്റെ പേരിൽ ഉടുതുണി ഉരിഞ്ഞ് പരിശോധിച്ചപ്പോഴും ആർത്തവ അശുദ്ധിയുടെ പേരിൽ സ്ത്രീയെ അർദ്ധരാത്രി ബസ്സിൽ നിന്ന് ഇറക്കി വിട്ടപ്പോഴും ഈ സമൂഹം അപമാനിച്ചത് സ്ത്രീത്വത്തെയാണ്. അത്തരം അവിശുദ്ധ നടപടികൽക്കെതിരെയുള്ള പ്രതികരണം കൂടിയായിരുന്നു മഹാരാജാസിൽ നടന്ന ലിംഗ നീതി ബോധവൽക്കരണം. താൻ അശുദ്ധിയാണെന്ന തോന്നൽ അതു സ്ത്രീയെ എല്ലാ മേഖലകളിലും മുൻനിരയിൽ നിന്ന് പിൻവരിയിലേക്ക് ഉൾവലിയുന്നതിന് കാരണമാകുന്നു. ആദ്യം പെൺകുട്ടികൾ തന്നെ അംഗീകരിക്കണം ആർത്തവം അശുദ്ധിയല്ല. ആർത്തവദിനങ്ങളിൽ തങ്ങളിൽ അശുദ്ധരല്ല എന്ന്. ഈ ബോധം എല്ലാവരിലും ഉണ്ടാക്കിയെടുക്കുന്നതിനും വേണ്ടിയാണ് ജെൻടെർ ജസ്റ്റിസ് എന്ന പേരിൽ എസ്.എഫ്.ഐ ഈ കാംപയിൻ സംഘടിപ്പിച്ചത്.

ഞാൻ നേരത്തേ സൂചിപ്പിച്ചത് പോലെ ഒരേസമയം കച്ചവടവൽക്കരനത്തിന്റെയും വർഗ്ഗീയതയുടെയും സമത്വത്തിനെതിരെയുമുള്ള വെല്ലുവിളികളാണ് ഇന്ത്യൻ വിദ്യാർഥി സമൂഹം നേരിട്ട് കൊണ്ടിരിക്കുന്നത്. ഹിമാചൽ പ്രദേശിലും കേരളത്തിലും തമിഴ്നാട്ടിലും ഡൽഹിയിലും മഹാരാഷ്ട്രയിലുമുൾപ്പെടെ ഇത്തരം സമരങ്ങൾ ശക്തമാവുകയാണ്. ക്യൂബയിലും വെനസ്വേലയും ഉൾപ്പെടെയുള്ള രാജ്യങ്ങൾ സ്വീകരിച്ച സോഷ്യലിസ്റ്റ് പാതയുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ അവിടുത്തെ വിദ്യാർഥികളാണെന്നതാണ് വാസ്തവം. മുതലാളിത്വത്തിന്റെ കുടിലതകൾക്കെതിരെ ലോകമെമ്പാടും പോരടിക്കുന്ന വിദ്യാർഥികൾ പുതിയ സാമൂഹിക വ്യവസ്ഥിതിക്കായുള്ള മുന്നേറ്റത്തിൽ ആണിക്കല്ലാവുക തന്നെ ചെയ്യും.

ബാത്ത്റൂം ഗ്രാഫിറ്റി: നമ്മുടെ ലൈംഗികതയുടെ നിഗൂഡ ചരിത്രം

ജീവൻ ജോബ് തോമസ്

മനുഷ്യന്റെ കലയ്ക്ക് ഒരു നിഗൂഡ ചരിത്രം കൂടിയുണ്ട്. ഒളിച്ചു വച്ച് രതിയെ ചിത്രീകരിച്ചതിന്റെ ചരിത്രമാണ് അത്. ബാത്ത്റൂം ഗ്രാഫിറ്റി എന്ന തരത്തിൽ ഇന്ന് നമ്മൾ നമ്മുടെ പൊതു കക്കൂസുകളിലും മറ്റും കാണുന്ന ചിത്രണങ്ങളുടെ ആത്യന്തിക സ്വഭാവം ഒളിഞ്ഞു നിൽക്കുന്നത് സമ്മർദ്ദത്തിനു വിധേയമായി നിലനിൽക്കുന്ന മനുഷ്യന്റെ ലൈംഗിക ചോദന തന്നെയാണ്. സാമൂഹിക സമ്മർദ്ദം മനുഷ്യന്റെ അടിസ്ഥാന ചോദനയെ സ്വാഭാവികമായി ഒഴുകാൻ സമ്മതിക്കാതെ കെട്ടി നിർത്തുന്നു. കെട്ടിനിൽക്കുന്ന ജലം ചീഞ്ഞ് അലിയുമ്പോലെ തന്നെയാണ് കെട്ടി നിൽക്കുന്ന മാനസിക സമ്മർദ്ദങ്ങൾ വൈകൃത ഭാവന കളായി പുറത്തു വരുന്നത്.

എന്തുകൊണ്ടാണ് മനുഷ്യർ ഇങ്ങനെ മറ്റുള്ളവർക്ക് കാണാനായി രതിയുമായി ബന്ധപ്പെട്ട ചിത്രണങ്ങൾ പൊതു ടോയലറ്റുകളിൽ നടത്തുന്നത് എന്ന് ആദ്യമായി വസ്തുനിഷ്ഠമായി അന്വേഷിച്ചത് പ്രമുഖ അമേരിക്കൻ ശാസ്ത്രകാരൻ ആൽഫ്രെഡ് കിൻസേ ആയിരുന്നു. 1950 കളിൽ. ലൈംഗികതയെ ശരീരശാസ്ത്രത്തെയും മനശാസ്ത്രത്തെയും കൂട്ടിയിണക്കി ഏറ്റവും വ്യാപകമായ പഠനങ്ങൾ നടത്തിയ ആദ്യത്തെ പ്രമുഖ ശാസ്ത്രകാരൻ കിൻസേ ആയിരുന്നു. കിൻസേ തന്റെ സൂക്ഷ്മ വിശകലനത്തിലൂടെ ഗ്രാഫിറ്റിയുടെ പിന്നിലെ മനശാസ്ത്രത്തെ അവലോകനം ചെയ്തിട്ടുണ്ട്.

പുരുഷന്മാരും സ്ത്രീകളും കുളിമുറികളിൽ വരയ്ക്കുന്ന ചിത്രണങ്ങളുടെ വ്യത്യാസങ്ങൾ കിൻസേ അവലോകനം ചെയ്തിട്ടുണ്ട്. പുരുഷന്മാർ കൂടുതലും വൈകൃത ഭാവമുള്ള ചിത്രണങ്ങൾ നടത്തുമ്പോൾ സ്ത്രീകളുടെ ചിത്രണങ്ങളിൽ കൂടുതലായി കാല്പനിക പ്രണയ ഭാവങ്ങൾ കടന്നു വരുന്നതായുള്ള നിരീക്ഷണങ്ങൾ കിൻസേ പഠനങ്ങൾ പറഞ്ഞു തരുന്നു.എവിടെ നിന്നാണ് ഈ തരം കുളിമുറി ചിത്രണങ്ങൾ ആരംഭിക്കുന്നത് എന്ന് ചിന്തിക്കുന്നത് ഗ്രാഫിറ്റി എന്ന സംഗതിയുടെ യഥാർത്ഥ ഭാവം എന്താണ് എന്ന് മനസിലാക്കി തരുന്നതാണ്. അതിനായി നമുക്ക് പഴയ റോമൻ സംസ്കാരത്തിന്റെ ഭാഗമായിരുന്ന പോമ്പി നഗരത്തിന്റെ ചരിത്രത്തിലേക്ക് പോകാം. മനുഷ്യസംസ്കാരത്തിന്റെ തന്നെ നാഴിക കല്ലുകളിൽ ഒന്നായി പരിഗണിക്കപ്പെടുന്ന ഒരു നഗരമായിരുന്നു പഴയ റോമാ സാമ്രാജ്യത്തിൽ നിലനിന്നിരുന്ന പോമ്പി എന്ന എന്ന വലിയ നഗരം. മഹത്തായ സംസ്കാരത്തിന്റെ അനേകം രൂപങ്ങൾ നിറഞ്ഞ, കരുത്തുറ്റ ബൗദ്ധിക നിലവാരത്തിന്റെയും സാമൂഹിക ക്രമങ്ങളുടെയും വിളനിലം.

വെസൂവിയസ് അഗ്നിപർവതത്തിന്റെ താഴവരയിലായിരുന്നു ആ നഗരം നിലനിന്നു പോന്നത്. അഉ 79 ൽ, ഒരു ദിവസം ആ നഗരത്തിൽ ആരും നിനച്ചിരിക്കാതെ വെസൂവിയസ് പുകഞ്ഞു പുകഞ്ഞ് ഭൂമിക്കുള്ളിൽ തിളച്ചു മറിയുന്ന ലാവ തൂവി പുറത്തു വന്നു. നഗത്തിനു മീതെ കൂടെ ആ ലാവയുടെ വലിയ നദി ഒന്നും അറിയാത്ത മട്ടിൽ ഒഴുകി പോയി. ഒരു ജീവിത നിമിഷം കൊണ്ട് ഒരു സംസ്കാരമപ്പാടെ നിശ്ചലായി. ഉറഞ്ഞ ലാവയുടെ അടിയിൽ ഒരു സംസ്കാരം അപ്പാടെ, അവിടെ ജീവിച്ച മനുഷ്യരും മൃഗങ്ങളും വീടുകളും കൊട്ടാരങ്ങളും തെരുവുകളും ചിത്രത്തൂണുകളും ഒന്നാകെ, ഒരു പ്രത്യേക ജീവിത മുഹൂർത്തത്തിൽ നിശ്ചലമായി സംസ്കരിക്കപ്പെട്ടു.പതിനെട്ടാം നൂറ്റാണ്ടിലാണ് പിന്നീട് മനുഷ്യർ വെസൂവിയസ് പാർവത നിരകൾക്ക് കീഴിൽ ചാരം മൂടിക്കിടന്ന ആ ഭാഗത്തേക്ക് സൂക്ഷ്മമായി തിരിഞ്ഞു നോക്കുന്നത്. ചാരം സൂക്ഷിച്ചു മാറ്റിയാൽ എന്താവും കാണുക എന്ന ജിജ്ഞാസ ചരിത്രകാരന്മാരെ ചരിത്രത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട ഒരു പര്യവേഷണ പ്രക്രിയയിലേക്ക് നയിച്ചു. ഉറഞ്ഞു പോയ ജീവിതം ചാരം മാറി പതിയെ പതിയെ തെളിഞ്ഞു വന്നു. മനുഷ്യർ മരിച്ച നിമിഷത്തിൽ തന്നെ മമ്മിഫൈ ചെയ്യപ്പെട്ടിരിക്കുന്നു. നൂറ്റാണ്ടുകൾക്ക് മുൻപ് ജീവിച്ച മനുഷ്യർ, മൃഗങ്ങൾ, അവർ ജീവിച്ച കെട്ടിടങ്ങൾ, അവർ നടന്ന തെരുവുകൾ, അവർ കുളിച്ച കുളിപ്പുരകൾ, അവർ ഉറങ്ങിയ കിടപ്പുമുറികൾ, അവരുടെ അടുക്കളകൾ, അവരുടെ കാലത്തെ ഗ്ലാഡിയേറ്റർമാർ പോരാടിയ പടക്കളങ്ങൾ, അവരുടെ ആർഭാടം, അവരുടെ ദാരിദ്ര്യം.... ലാവ നൂറ്റാണ്ടുകളോളം എല്ലാം അതേ പോലെ സംരക്ഷിച്ചു പോന്നു. ലോകം മുഴുവനുമുള്ള മനുഷ്യരുടെ കൗതുകത്തെ ജ്വലിപ്പിച്ചു കൊണ്ട് അതെല്ലാം പുറത്തു വന്നു.പക്ഷെ പര്യവേഷകർ ആ നഗരത്തിന്റെ ശേഷിപ്പുകളിലൂടെ കൂടുതൽ കൂടുതൽ ആഴത്തിൽ സഞ്ചരിക്കുന്തോറും അവരുടെ നെറ്റി ചുളിഞ്ഞു ചുളിഞ്ഞു വന്നു. വളരെ കുലീനം എന്ന് അവർ കരുതിപ്പോന്നിരുന്ന ആ സംസ്കാരത്തിലെ വീടുകളുടെ ചുവരുകൾ അപ്പാടെ 'അശ്ലീല' ചിത്രങ്ങളാൽ 'അശുദ്ധ'മാക്കപ്പെട്ടിരിക്കുന്നു. ആണുങ്ങളും പെണ്ണുങ്ങളും രതിയിലെർപ്പെടുന്നതിന്റെ വിവിധ തരം ചിത്രങ്ങൾ ചുമരികളിലാകെ പതിച്ചു ജീവിച്ചവരായിരുന്നോ പഴയ മഹത്തായ റോമാക്കാർ എന്ന ചോദ്യം പര്യവേഷകരെ അസ്വസ്ഥരാക്കി.

bathroom graffiti

പോമ്പിയിൽ നിന്നും ആദ്യം കുഴിച്ചെടുത്ത വസ്തുക്കളിൽ പ്രധാനപ്പെട്ട ഒന്ന് വളരെ വിചിത്രമായ ഒരു മാർബിൾ ശിൽപ്പമായിരുന്നു. സ്റ്റയർ എന്നാ റോമൻ ദേവൻ ഒരു ആടുമായി സംഭോഗത്തിലെർപ്പെടുന്നതിന്റെ ശിൽപ്പം. അത് ആദ്യം കണ്ടവരെ മുഴുവനും സംഭ്രമിപ്പിക്കുകയും ഒപ്പം തന്നെ സംഭീതരാക്കുകയും ചെയ്യും. അസാധാരണമായ ഒരു കലാസൃഷ്ടിയാണ് ആ ശിൽപ്പം. നമ്മൾ ജീവിക്കുന്ന പ്രത്യേക ചരിത്ര മുഹൂർത്തത്തിൽ ഒരു മനുഷ്യന് ഒരിക്കലും പൊതുജീവിതത്തിൽ സമ്മതിക്കാൻ ആകാത്ത ഒരു പ്രക്രിയയെ വളരെ സൂക്ഷ്മമായ തലത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നു അത്. സ്റ്റയർ ആടിന്റെ യോനിയിലേക്ക് തന്റെ ലിംഗം കയറ്റിക്കൊണ്ടിരിക്കുകയാണ്. ശിൽപ്പത്തിന്റെ ഓരോ ചെറിയ ഭാഗവും അത്രയ്ക്ക് സൂക്ഷ്മതയോടെയാണ് കൈകാര്യം ചെയ്യപ്പെട്ടിരിക്കുന്നത്. സ്റ്റയറിന്റെ മുഖം രതി സുഖത്താൽ തന്റെ ഇണയായ ആടിന്റെ മുഖത്തോട് സാദൃശ്യം വരുന്നുണ്ട് എന്ന് തോന്നിപ്പോകും. മൂക്ക് പതിയെ ഉള്ളിലേക്ക് വലിയുന്നു എന്ന് തോന്നും. ചെവി ആടിൻറേത് പോലെ തന്നെ. സൂക്ഷ്മമായി നോക്കിയാൽ സറ്റയർ ഒരു രതി സുഖത്തിൽ പെട്ടു നിൽക്കുമ്പോൾ ഒരു പരിണാമ ദശയിലാണന്നു തോന്നിപ്പോകും. ആടിനെയും ഇതേപോലെ തന്നെ വളരെ സൂക്ഷമായി തന്നെ രൂപപ്പെടുത്തിയിരിക്കുന്നു. വളരെ കരുത്തുറ്റ ശിൽപ്പ വിദ്യയുടെ കരവിരുത് തെളിയിക്കുന്ന വിധം മുഖാമുഖം സംഭോഗത്തിലെർപ്പെടുന്ന ഇണകളുടെ ലിംഗവും യോനിയും നമുക്ക് കാണാനാകുന്നു. ഈ ശിൽപ്പം പോമ്പി നഗരത്തിൽ വച്ചിരുന്നത് പൂർണ്ണമായും പൊതുജനങ്ങൾക്ക് മുഴുവനും കാണാൻ കഴിയുന്ന തരത്തിലുമായിരുന്നു. അന്വേഷകർക്ക് മുന്നിൽ വന്ന ഒരു തുടക്കം മാത്രമായിരുന്നു സ്റ്റയറും ആടും എന്ന ശിൽപ്പം. പിന്നീടങ്ങോട് ഇതേ പോലെ രതിയുടെയും ലൈംഗിക അവയവങ്ങളുടെ നേരിട്ടുള്ള പ്രതിനിധാനങ്ങളുടെയും നൂറു നൂറു ശിപ്പങ്ങളും പൊതു സ്ഥലങ്ങളിൽ തന്നെ പ്രദർശിപ്പിക്കപെട്ടിട്ടുള്ള സംഭോഗ രംഗങ്ങളുടെ ചിത്രങ്ങളും അവർക്ക് മുന്നിൽ തെളിഞ്ഞു തെളിഞ്ഞു വന്നു. പതിനെട്ടാം നൂറ്റാണ്ടിലെ ശക്തമായ യൂറോപ്പ്യൻ ലൈംഗിക സദാചാരത്തിന്റെ ഭയാനകമായ തടവറകളിൽ കഴിഞ്ഞിരുന്ന ലോകം ഈ വലിയ ചരിത്ര സത്യത്തെ എങ്ങനെ നിഷേധിക്കും എന്നറിയാതെ കുഴങ്ങി നിന്നു. തങ്ങൾ മഹത്തരം എന്ന് സ്വയം ഉത്ഘോഷിച്ചിരുന്ന റോമൻ സംസ്കാരത്തെ പുതിയ കാലത്തിന്റെ സദാചാര നിയമങ്ങൾ കൊണ്ട് അളക്കാൻ ശ്രമിച്ചാൽ അമ്പേ പരാജയപ്പെട്ടു പോകും എന്ന് അവർ തിരിച്ചറിഞ്ഞു. ആ ശിൽപ്പങ്ങളെയും ചിത്രങ്ങളെയും പൊതു കാഴ്ചക്ക് മുന്നിൽ നിന്നും മറയ്ക്കാനുള്ള തീവ്രമായ ശ്രമങ്ങളുടെ ഒരു നീണ്ട പ്രക്രിയ തന്നെ പിന്നീടുണ്ടായി. ലൈംഗിക പ്രവർത്തികളുടെ പ്രതിനിധാനങ്ങളായ ചിത്രങ്ങളെ നിയമപരമായി നിരോധിക്കുന്ന വലിയ ഒരു പ്രക്രിയയായിരുന്നു അത്.

ലോകം എന്ന് അശ്ലീല ചിത്രങ്ങൾ അഥവാ pornography എന്ന് വിളിക്കുന്ന 'വിചിത്ര വസ്തുക്കളുടെ' ഉത്ഭവം ചരിത്രപരമായി ഇങ്ങനെയാണ് സംഭവിച്ചത്. അതിനു മുൻപ് അശ്ലീല ചിത്രങ്ങൾ ഉണ്ടായിരുന്നില്ല. പത്തൊൻപതാം നൂറ്റാണ്ടിന്റെ പകുതി വരെയുള്ള കാലത്ത് പോണോഗ്രഫിയെ സംബന്ധിക്കുന്ന ആധുനികമായ കാഴ്ചപ്പാടുകൾ ഒന്നും തന്നെ നിലനിന്നിരുന്നില്ല. ലൈംഗിക പ്രവർത്തികളെ വിശദമാക്കുന്ന ചിത്രങ്ങളെ പ്രത്യേകിച്ചു വിളിക്കാൻ ഒരു പേരുപോലും ഉണ്ടായിരുന്നില്ല. 1857 ഒരു ഇംഗ്ലീഷ് മെഡിക്കൽ ഡിക്ഷ്ണറിയിൽ ആണ് pornography എന്ന വാക്ക് ആദ്യമായി പ്രത്യക്ഷപ്പെട്ടത്. prostitution അഥവാ വേശ്യാവൃത്തിയുമായി ബന്ധപ്പെട്ട ഒന്നായിട്ടാണ് അത് അന്ന് നിഘണ്ടുവിൽ സ്ഥാനം പിടിച്ചത്. പിന്നീട് അത് Licentious painting or literature; especially, the painting anciently employed to decorate the walls of rooms devoted to bacchanalian orgies. എന്ന തരത്തിൽ വളരുകയായിരുന്നു. ഇന്ന് അത് the depiction of erotic behaviour (as in pictures or writing) intented to cause sexual excitment എന്ന് വെബ്സ്റ്റേഴ്സ് ഡിക്ഷ്ണറി അടയാളപ്പെടുത്തുന്നു.

പോണോഗ്രഫി എന്നത് ഒരു വാക്കായി രൂപപ്പെടുന്നത് വിക്റ്റോറിയൻ കാലഘട്ടത്തിലാണ്. ഒരു തരത്തിൽ സംസ്കാരം അതിനെ തന്നെ സംതൃപ്തി പെടുത്താൻ ശ്രമിക്കുന്നതിന്റെ ഫലമായി ഉണ്ടായി വന്ന ഒരു വാക്കാണ് അത്.

പോമ്പിയിൽ നിന്നും ലഭിച്ച രതിയുടെ ബിംബങ്ങൾ പേറുന്ന സകല വസ്തുക്കളെയും പൂർണ്ണമായ രഹസ്യ അറകളിലേക്കു തള്ളുകയായിരുന്നു ആദ്യം ഉണ്ടായത്.

വലിയ മഹത്വങ്ങൾ പേറുന്നത് എന്ന് തങ്ങൾ വിശ്വസിക്കുന്ന പഴയ റോമൻ സംസ്കാരം രതിയെ സംബന്ധിച്ച് കൂടുതൽ സ്വതന്ത്രവും നിഗൂഢതകൾ ഇല്ലാത്തതും ആയ കാഴപ്പാടുകൾ ആണ് വച്ച് പുലർത്തിയിരുന്നത് എന്ന കാര്യം പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിൽ നിലനിന്ന യൂറോപ്യൻ സദാചാരത്തിനു ഉൾക്കൊള്ളാൻ കഴിയുന്നതിലും അപ്പുറത്തായിരുന്നു. ഒരു സംസ്കാരം സ്വയമേവ തങ്ങൾ കൂടുതൽ സംസ്കൃതരാണ് എന്ന് കാണിക്കാൻ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായിരുന്നു ഇത്തരം രതിയെ സംബന്ധിക്കുന്ന ബിംബങ്ങളെ പൂർണ്ണമായ രഹസ്യ അറകളിലേക്ക് ഒതുക്കി മാറ്റിയതിന്റെ ചരിത്രം. പോണോഗ്രഫി എന്നത് സാധ്യമാകുന്നത് രഹസ്യാത്മകത വർധിക്കുന്തോറുമാണ്. പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിലെ മനുഷ്യർ അത്തരം ചിത്രങ്ങളെ കണ്ടത് അവ സ്വയംഭോഗത്തിനുള്ള ഉപാധികൾ മാത്രമാണ് എന്ന തരത്തിലാണ്. ലൈംഗികതയെ സംബന്ധിക്കുന്ന വിചിത്രങ്ങളായ അബദ്ധ ധാരണകളിലൂടെ നൂറ്റാണ്ടുകളായി സംസ്കാരത്തിൽ അടിഞ്ഞു കൂടിയ സമ്മർദം അതിന്റെ ഏറ്റവും മൂർദ്ധന്യത്തിൽ എത്തിയ കാലമായിരുന്നു അത്.

ലോകത്തിന്റെ മുഴുവൻ സംസ്കാരങ്ങളെയും അധികാരത്തിന്റെ വ്യാപനം കൊണ്ട് സ്വാധീനിച്ച ആ യൂറോപ്യൻ സംസ്കാരത്തിന്റെ സദാചാര കാഴ്ച്ചപ്പാടുകൾ കൂടിയും കുറഞ്ഞും ലോകം മുഴുവൻ പടരുകയായിരുന്നു. വിക്ടോറിയൻ കാലഘട്ടം എന്ന് നമ്മൾ ജീവിച്ചിരിക്കുന്ന ഈ രണ്ടു മൂന്നു നൂറ്റാണ്ടുകളെ നമുക്ക് നിർവചിക്കാം. ആ കാലത്തിന്റെ ലൈംഗിക ജീവിതത്തെ നിർണ്ണയിക്കുന്നത് വിക്ടോറിയൻ സദാചാരമാണ്.

പോണോഗ്രഫി എന്നത് സാധ്യമാകുന്നത് രഹസ്യാത്മകത വർധിക്കുന്തോറുമാണ്.

പുരാതന റോമൻ ജീവിതത്തിൽ ലൈംഗികത ജീവിതത്തിന്റെ വളരെ സ്വാഭാവികമായ ഭാഗമായിരുന്നു. അത് ജീവിതത്തിന്റെ ഭാഗമാണ് എന്ന് തുറന്നു സമ്മതിക്കാതിരിക്കാനുള്ള സമ്മർദങ്ങൾ അവിടെ ഉണ്ടായിരുന്നില്ല. അതിന്റെ ഫലമായിരുന്നു അവിടെ സൃഷ്ടികപ്പെട്ട രതി ബിംബങ്ങൾ പേറുന്ന ചിത്രങ്ങളും ശിൽപ്പങ്ങളും. മുന്നിൽ കാണുന്ന ശിൽപ്പത്തിൽ അല്ലെങ്കിൽ ചിത്രത്തിൽ ആണ് പ്രശ്നം ഒളിഞ്ഞിരിക്കുന്നത് അല്ലാതെ അതിനെ കാണുന്ന വ്യക്തിയുടെ മനസിലല്ല എന്ന് നിങ്ങൾ പറയാൻ തുടങ്ങുമ്പോഴാണ് യഥാർത്ഥത്തിൽ പ്രശ്നം ആരംഭിക്കുന്നത്. നിങ്ങൾക്ക് നിങ്ങളുടെ ഉള്ളിൽ നിറഞ്ഞു നിൽക്കുന്ന ആന്തരിക അനുഭവങ്ങളെ നിയമങ്ങൾ കൊണ്ട് നിയന്ത്രിക്കാൻ ആവില്ല എന്നതാണ് സത്യം. ലൈംഗികമായി ഉത്തേജിതമാകുന്ന മനുഷ്യ സ്വഭാവത്തെ അയ്യോ അതിനെതിരെ ഒരു നിയമം നിലവിലുണ്ടല്ലോ എന്ന ഭയം കൊണ്ട് നിങ്ങൾക്ക് ഒഴിവാക്കാനാകില്ല. വിക്ടോറിയൻ സദാചാരം മനുഷ്യന്റെ വികാരങ്ങളിൽ ദുഷിച്ചതെന്നും വൃത്തിഹീനമെന്നും പറഞ്ഞ് അതിനെ ഗുപ്തമാക്കുകയും അതിനെ നിയമങ്ങൾ കൊണ്ട് നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്തു. ഭരണകൂടം നിർമ്മിച്ച നിയമങ്ങളെ കൊണ്ട് മനുഷ്യവികാരങ്ങളെ നിയന്ത്രിക്കാൻ വിക്ടോറിയൻ സംസ്കാരവും അതിന്റെ ഉപദംശങ്ങളായി വളർന്ന വിവിധ സംസ്കാരങ്ങളും ശ്രമിച്ചപ്പോൾ പുരാതന റോമൻ സംസ്കാരം അത്തരം വൈകാരിക നിയന്ത്രണങ്ങൾ ഓരോ വ്യക്തിയും അവനവന്റെ ബോധത്തിൽ സ്വയം രൂപപ്പെടുത്തേണ്ടതാണ് എന്ന കാഴ്ചപ്പാട് വച്ച് പുലർത്തുന്നതായിരുന്നു.

റോമൻ സംസ്കാരം എന്നത് ഇത്തരത്തിൽ ലൈംഗികതയെ അടയാളപ്പെടുത്തിയത്തിന്റെ പേരിൽ നമുക്ക് ചർച്ച ചെയ്യാവുന്ന ഒരു സംസ്കാരം മാത്രമാണെന്നതാണ് ഏറ്റവും രസകരമായ കാര്യം. ലോകത്ത് ഇന്ന് വരെ നില വിലിരുന്ന ഏതൊരു പുരാതന സംസ്കാരത്തിൽ നിന്നും ഇതുപോലെ ആഴവും വൈവിധ്യവും നിറഞ്ഞ അനേ കം രതി ബിംബങ്ങളുടെ തെളിവുകൾ നമുക്ക് മുന്നിലുണ്ട്. ആ ശേഖരം ചരിത്രാതീത കാലത്തേക്ക് തന്നെ നീണ്ടു കിടക്കുന്നു. ചിത്രകലുടെയും ശിൽപ്പകലയുടെയും ആരംഭത്തോളം തന്നെ പഴക്കമുണ്ട് രതിയുടെ കലാപ രമായ അടയാളപ്പെടുത്തലുകൾക്ക്. പുരാതന ഇന്ത്യൻ കലയിലും രതിയുടെ അടയാളപ്പെടുത്തലുകൾക്ക് ഈ ആഴം നിലനിന്നിരുന്നു. ഇന്ത്യൻ ക്ഷേത്ര രൂപങ്ങളിൽ പ്രതിനിധാനം ചെയ്തിരുന്ന രതിയുടെ സമൃദ്ധത നമുക്ക് അത് പറഞ്ഞു തരുന്നുണ്ട്. ഖജുരാഹോ പോലുള്ള ശിൽപ്പ സമുച്ചയം അതിന്റെ വൈവിധ്യത്തിന്റെയും വൈ പുല്ല്യത്തിന്റെയും കരുത്ത് നമുക്ക് കാണിച്ചു തരുന്നു. പക്ഷെ ആധുനിക ഇന്ത്യൻ സംസ്കാരത്തെയും അതിന്റെ സദാചാരത്തെയും ഏറ്റവും ആഴത്തിൽ സ്വാധീനിച്ചത് വിക്ടോറിയൻ സംസ്കാരം തന്നെയാണ്. നിങ്ങളുടെ ദൈവങ്ങൾക്ക് യാതൊരു സദാചാരവും ഇല്ലെന്ന് ഇന്ത്യക്കാരന് പറഞ്ഞു 'മനസിലാക്കി' കൊടുത്തത് ഇംഗ്ലീ ഷുകാരാണ്. അവർ പഠിപ്പിച്ച സദാചാരബോധത്തിനകത്തേക്ക് സ്വന്തം മനസുകളെ സ്വയം പിടിച്ചു ബന്ധനസ്ഥ നാക്കിയ ഇന്ത്യൻ മനസ് ആധുനിക കാലത്ത് നഗ്ന ദൈവത്തെ വരച്ചതിന്റെ പേരിൽ എം എഫ് ഹുസൈനെ അവമതിച്ച് രാജ്യത്തിൽ നിന്ന് പുറത്താക്കിയപ്പോൾ യഥാർത്ഥത്തിൽ ചെയ്തത് സ്വന്തം സ്വതന്ത്രമായ ചിന്താ പാരമ്പര്യത്തെ നിഷേധിക്കുകയാണ്.

രതി മനുഷ്യന്റെ ഏറ്റവും വലിയ രഹസ്യമായതിന്റെ ചരിത്രം വള[illegible] വ[illegible]താണ്. [illegible]ം മനുഷ്യനെ കൊണ്ട് അവനു വയ്യാത്ത ഒരു വലിയ ഭാരത്തെ എടുത്തു തലയിൽ കയറ്റി വയ്പ്പിക്കുകയായിരുന്നു. ആ ഭാരം ലോകം കണ്ട ഏറ്റവും വലിയ സ്വാതന്ത്ര്യവാദിയായിരുന്ന മഹാത്മാ ഗാന്ധിയെ പോലും എത്തിച്ചത് തന്റെ കൊച്ചുമകളുടെ പ്രായമുള്ള യുവതിയോടൊപ്പം കിടന്നു സ്വന്തം ലൈംഗികത എത്രമാത്രം മെരുങ്ങി എന്ന് പ രീക്ഷിക്കുന്നതിലായിരുന്നു. നഗ്നയായി ഒരു യുവതി തന്റെ അരികിൽ കിടന്നാലും തന്റെ ലിംഗം ഉദ്ധരിക്കരുത് എന്ന് സ്വയം ഉള്ളിൽ ഉൾക്കൊണ്ട സമ്മർദം ആധുനിക ഇന്ത്യയുടെ ബോധത്തിലേക്ക് കടത്തി വിട്ടത് കൂടുതൽ ദുരിതപൂർണ്ണമായ വിത്തുകളെയാണ്. ലൈംഗികത മനുഷ്യന്റെ സർഗാത്മകതയെ തടയുന്നു എന്ന് ഗാന്ധിജി സ്വയം തന്റെ പരീക്ഷണങ്ങളിലൂടെ ഉൾക്കൊണ്ടു. ലൈംഗികതയെ എത്രമാത്രം അമർത്തി വയ്ക്കുന്നു, അത്രമാ ത്രം ഒരാൾക്ക് സർഗാത്മകമാകാനാകും എന്ന് ഗാന്ധിജി പറഞ്ഞു. അതിനായി അദ്ദേഹം തീവ്രമായ മാനസിക നിയന്ത്രണ തന്ത്രങ്ങൾ പയറ്റി. പക്ഷെ എന്നിട്ടും തന്റെ എഴുപതുകളിൽ രാത്രി ഉറക്കത്തിൽ സ്വയം ശുക്ലസ്കലനം ഉണ്ടായി. അതിന്റെ പശ്ചാത്താപത്തിൽ നീറിപ്പുകഞ്ഞു. തന്റെ യൗവനത്തിൽ അച്ഛൻ മരിക്കുമ്പോൾ ഭാര്യയെ സംഭോഗിക്കുകയായിരുന്നു എന്നതിന്റെ മാനസിക ബാധ്യതയിൽ ഇന്നും ഒരു ജീവിതകാലം മുഴുവനെടുത്തിട്ടും ഗാന്ധിജിക്ക് മുക്തനാവാനായില്ല.

രതി മനുഷ്യന്റെ സർഗാത്മകതയെ ഇല്ലായ്മ ചെയ്യും എന്ന ഗാന്ധിജിയുടെ ചിന്ത തന്നെ ശുദ്ധ അസംബന്ധമായിരുന്നു. സർഗാത്മകത എന്നത് തന്നെ മനുഷ്യൻ എങ്ങനെയാണ് ആർജിച്ചടുത്തത് എന്ന് ആഴത്തിൽ അന്വേഷിച്ച വ്യത്യസ്തങ്ങളായ ശാസ്ത്ര ശാഖകൾ മുഴുവൻ നമുക്ക് അതിന്റെ രതിയുമായുള്ള ആഴത്തിലുള്ള ബന്ധം പറഞ്ഞു തരുന്നുണ്ട്. മനുഷ്യ പരിണാമത്തിൽ രതിയെ പിന്താങ്ങുന്നതിന്റെ ഏറ്റവും വലിയ ഘടകം എന്ന നിലയിലാണ് സർഗാത്മകതയെ നിർമ്മിക്കുന്ന പല തരം മനുഷ്യ സ്വഭാവങ്ങളും മനുഷ്യനിൽ മുളച്ചു വന്നത്. മനുഷ്യന്റെ ഭാഷ തന്നെ ഏറ്റവും ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നത് മനുഷ്യ ലൈംഗികതയുടെ സങ്കീർണ്ണതയുമായാണ്. രതിയെ ബോധപൂർവം തടയുക എന്നത് മനുഷ്യന്റെ സർഗാത്മകതയെ തടഞ്ഞു നിർത്തുക എന്നാണ്. തടഞ്ഞു വച്ച സർഗാത്മകതയും രതിയും മനുഷ്യനെ സമാനതകളിലാത്ത ക്രൂരതയുടെ തടവിലേക്ക് എത്തിക്കും.പക്ഷെ ഈ തിരിച്ചറിവ് നടത്താൻ ഇന്ത്യ കണ്ട ഏറ്റവും വലിയ സത്യാന്വേഷക പരീക്ഷകനായിരുന്ന ഗാന്ധിജിക്ക് കഴിഞ്ഞില്ല. പിന്നെ സാധാരണക്കാരന്റെ കാര്യം പറയണോ? രതി മനുഷ്യന് ഏറ്റവും കുറവ് ആവശ്യമുള്ള, ഏറ്റവും ഒഴിവാക്കേണ്ട സംഗതിയാണെന്ന നുണ നിരന്തരം പഠിപ്പിക്കുന്ന ഒരു സംസ്കാരത്തിലാണ് നാം ജീവിക്കുന്നത്. അത് കൊണ്ടാണ് മനുഷ്യ സംസ്കാരത്തിന് രതിയുടെ ഒരു നിഗൂഢ ചരിത്രം ഉണ്ടായി വന്നത്. വലിയ നുണയുടെ മേലെ കെട്ടിപ്പടുത്ത ഒരു സംസ്കാരത്തിലാണ് നമ്മൾ ജീവിച്ചു പോരുന്നത്. ആ നുണയെ തകർക്കുക എന്നത് ഓരോ വ്യക്തിയും ബന്ധനസ്ഥനായിരിക്കുന്ന അസ്വാതന്ത്ര്യത്തിന്റെ ചങ്ങലകളെ തകർക്കുക എന്നതാണ്.

രതിയുടെ ആ നിഗൂഢ ചരിത്രം ആണ് ഇന്നത്തെ മനുഷ്യനെ കുളിമുറികളിലും കക്കൂസുകളിലും വൈകൃത ഭാവനകൾ എഴുതിക്കുന്നത്. ആ എഴുത്തുകളെ ആഴത്തിൽ പഠിക്കുമ്പോൾ നമ്മൾ ചെന്നെത്തുന്നത് നമ്മുടെ മാനസിക ലോകത്തിന്റെ ഏറ്റവും നിഗൂഢമായ ഭാവങ്ങളിലാണ്.

ആരുടെയൊക്കെയോ

'തുണ്ട്' കവിതകൾ....

നിനക്ക് പകരമാകാൻ
ഈ കണ്ണുനീരിനായിരുന്നെങ്കിൽ
ഇന്ന്
ഒരു കടലോളം നീ എന്നിൽ
പുനർജ്ജനിച്ചേനേ...

പ്രണയം ഒരിക്കൽ പെയ്താൽ മതി
ജീവിതം മുഴുവനും ചോർന്നൊലിക്കാൻ...

എനിക്കൊരു കവിതയാകണം,
നിന്നിൽ തുടങ്ങി നിന്നിൽ അവസാനിക്കുന്ന
ഒരു ഒറ്റ വരിക്കവിത...

നീ രണ്ടു പെറ്റിട്ടും
ഇന്നും പെറാതെ കിടപ്പുണ്ട്..
അന്ന്
നീ തന്ന
മയിൽപ്പീലിത്തുണ്ട്...

കുന്നിറങ്ങിപ്പിരിയുമ്പോൾ
ഞാൻ
നിനക്കൊരു പൂ തരും,
ചുമന്ന നിറമുള്ള പൂവ്...
നാം ഒരുമിച്ചു കയറിയ സ്വപ്നത്തിന്റെ
ഓർമ്മയ്ക്ക്...

